# അധികാര വികേന്ദ്രീകരണവും വികസനവും

## കൈപുസ്തകം

കില
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ–680581

| | |
|---|---|
| **അധികാര വികേന്ദ്രീകരണവും** | **Democratic Decentralisation** |
| **വികസനവും** | **and Development** |
| കൈപുസ്തകം | Handbook |
| ചീഫ് എഡിറ്റർ | Chief Editor |
| **ഡോ.പി.പി.ബാലൻ** | **Dr.P.P.Balan** |
| ഡയറക്ടർ-കില | Director-KILA |
| എഡിറ്റർ: | Editor: |
| **ഡോ. സണ്ണിജോർജ്ജ്** | **Dr.Sunny George** |
| ഡയറക്ടർ, | Director, |
| സ്കൂൾ ഓഫ് ലോക്കൽഗവേണൻസ്-കില | School of Local Governance –KILA |
| എഡിറ്റോറിയൽ സഹായം: | Editorial Assistance |
| **പി.എം.ദേവരാജൻ** | P.**M. Devarajan** |
| **കെ.വി.ഗോവിന്ദൻ** | **K.V. Govindan** |
| **തയ്യാറാക്കിയവർ:** | **Prepared by:** |
| **അഡ്വ.ടി.ഒ.മോഹനൻ** | **Adv. T.O. Mohanan** |
| **ജെ.ഷരീഫ്** | **J. Sherief** |
| **ആർ.ബാലഗംഗാധരൻ** | **R.Balagangadharan** |
| **രഘുരാമൻ** | **Reghuraman** |
| **ഡി.സാങ്കി** | **D. Sanky** |
| **പി.വി.പത്മനാഭൻ** | **P.V.Padmanabhan** |
| **ടി.എസ്. സെയ്ഫുദ്ദീൻ** | **T.S. Saiffudeen** |
| **കെ.വി.ഗോവിന്ദൻ** | **K.V.Govindan** |
| **പി.എം.ദേവരാജൻ** | **P.M Devarajan** |
| പ്രസാധനം | Published by: |
| **സെന്റർ ഫോർ അർബൻ ഗവേണൻസ്** | **Centre for Urban Governance** |
| **(സി.യു.ജി)** | **(C.U.G)** |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ (കില) | Administration (KILA) |
| മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581, കേരളം | Mulamkunnathukavu, Thrissur–680581, Kerala |
| ഇ-മെയിൽ: kilaurban@gmail.com | E-mail: kilaurban@gmail.com |
| mail@kilaonline.org | mail@kilaonline.org |
| ഫോൺ - 0487-2220312, 2200244 | Ph. 0487-2220312,2200244 |
| ഫെബ്രുവരി - 2013 | February – 2013 |
| **ഡി.ടി.പി** | **D.T.P** |
| നഫല.കെ.എം | Nafala. K.M |
| **അച്ചടി** | Printed at |
| കോ-ഓപ്പറേറ്റീവ് പ്രസ്സ് മുളങ്കുന്നത്തുകാവ് | Co-operative Press, Mulamkunanthukavu |
| ഫോൺ : 0487-2200391 | Ph : 0487-2200391 |

# അവതാരിക

ഒരു കേന്ദ്രീകൃത ഭരണ സംവിധാനത്തിൽ ദുർബല ജനസമൂഹങ്ങളും അവികസിത പ്രദേശങ്ങളും വികസന മുന്നേറ്റത്തിൽ പിന്തള്ളപ്പെട്ടു പോവുക എന്നത് സാർവ്വ ലൗകീകമായി കാണുന്ന ഒരു പ്രതിഭാസമാണ്. ഈ അവസ്ഥയ്ക്കെതിരായി ഉയർന്നു വന്ന പ്രതിഷേധങ്ങളുടേയും ഉയർച്ചകളുടേയും ഒരു ഘട്ടത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം ഉയർന്നു വന്നു. ഇന്നു ലോകമെങ്ങും സന്തുലിതമായ പ്രാദേശിക വികസനത്തിന് അധികാരവികേന്ദ്രീകരണം അനിവാര്യമാണെന്ന കാഴ്ച്ചപ്പാടിൽ എത്തുകയും അതനുസരിച്ചുള്ള നടപടികൾ മുന്നോട്ടു നീക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. പ്രാചീന ഇന്ത്യയിൽ നാട്ടുകൂട്ടങ്ങളുടേയും ഗ്രാമസഭകളുടേയും മറ്റും രൂപത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രാദേശിക സർക്കാർ സംവിധാനങ്ങൾ നിലനിന്നിരുന്നു. എന്നാൽ അവയ്ക്കെല്ലാം പരിമിതമായ അധികാരങ്ങളും പ്രവർത്തന സ്വാതന്ത്ര്യവും മാത്രമെ ഉണ്ടായിരുന്നുള്ളു. സ്വതന്ത്രാനന്തരം ആദ്യവർഷങ്ങളിൽ തന്നെ മാറ്റങ്ങൾ ഉണ്ടായി എങ്കിലും അവ ഒന്നും സമഗ്രമായിരുന്നില്ല. എന്നാൽ 1993 ലെ 74-ാം ഭരണഘടനാ ഭേദഗതിയോടെ നഗരസഭകൾക്ക് കൂടുതൽ അധികാരങ്ങളും ഫണ്ടുകളും ലഭ്യമായി. നഗര വികസന പ്രവർത്തനങ്ങളും ക്ഷേമ നടപടികളും അവയുടെ അനിവാര്യ ചുമതലകളായി മാറുകയും ചെയ്തു.

നഗരസഭകൾ കൂടുതൽ ശക്തിയാർജ്ജിക്കുമ്പോൾ കൗൺസിലർമാരുടെ ഉത്തരവാദിത്വങ്ങളും വർദ്ധിക്കുന്നു. പൊതുജനങ്ങൾ നഗരസഭയിൽ നിന്ന് സമഗ്രവും സമയബന്ധിതവുമായ സേവനങ്ങൾ പ്രതീക്ഷിയ്ക്കുന്നു. ഇതിനനുസരണമായി കൗൺസിലർമാരുടെ പ്രവർത്തന ഗുണനിലവാരവും ഉയരേണ്ടതുണ്ട്. ഈ വെല്ലുവിളി നേരിടുന്നതിന് നഗരഭരണകൂടങ്ങൾക്ക് സാധ്യമാവാതെ വന്നാൽ അധികാര വികേന്ദ്രീകരണം ഫലപ്രാപ്തിയിൽ എത്താൻ പ്രയാസമാണ്. ഇതിന് ഏറ്റവും ആവശ്യം നിരന്തരവും ഇടമുറിയാത്തതുമായ വിദഗ്ദ്ധ പരിശീലനമാണ്.

നഗരസഭകളുടെ ഭരണ നിർവ്വഹണത്തിൽ വളരെ ഉയർന്ന പങ്കാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും അതിലെ അംഗങ്ങൾക്കും വഹിക്കാനുള്ളത്. നഗരഭരണ നിർവ്വഹണം യഥാർത്ഥത്തിൽ നടക്കുന്നത് സ്റ്റാന്റിംഗ് കമ്മിറ്റികൾ വഴിയാണ്. വികസന പ്രവർത്തന

ങ്ങളുടെയും പദ്ധതി രൂപീകരണ നടത്തിപ്പിന്റേയും പൂർണ്ണ ചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി പ്രവർത്തിച്ചില്ലെങ്കിൽ ആ നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളും വികസന സംരംഭങ്ങളും അപകടത്തിൽ ആവുമെന്നത് നിസ്തർക്കമാണ്. അതേസമയം വികസനത്തേയും കാലത്തിനുചേരുന്ന വികസന സമ്പ്രദായങ്ങളേയും പറ്റി കൃത്യമായ കാഴ്ചപ്പാടും ഭാവനയുമുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൗൺസിലിനേയും ആ പാതയിലൂടെ നയിക്കാൻ കഴിയും. സ്ഥിരം സമിതികൾക്ക് ഈ രീതി സ്വായത്തമാക്കണമെങ്കിൽ നിരന്തര പരിശീലനവും പങ്കാളിത്ത ചർച്ചകളും അനിവാര്യമാണ്. ശാസ്ത്രീയമായ പരിശീലനം ലഭിക്കാതെ ആധുനിക ഭരണ നിർവ്വഹണം സാധ്യമേ അല്ല. ഇതു കണക്കിലെടുത്ത് നഗരസഭാ വികസന സ്ഥിരം സമിതി അംഗങ്ങൾക്ക് ഒരു പരിശീലന പദ്ധതിയ്ക്ക് കില രൂപം നൽകിയിരിക്കുന്നു. മൂന്ന് ദിവസം കിലയിൽ താമസിച്ചുകൊണ്ട് പൂർത്തിയാക്കേണ്ട പരിശീലനത്തിൽ മുതിർന്നവരുടെ പഠനത്തിന് സഹായകരമായ നൂതന പഠനരീതിയാണ് അവലംബിക്കുന്നത്. ഈ പരിശീലന പരിപാടി രൂപകല്പന ചെയ്യുന്നതിനും അതിനു സഹായകരമായ രീതിയിൽ ഈ കൈപുസ്തകം തയ്യാറാക്കുന്നതിനും നേതൃത്വം നൽകിയ ഡോ.സണ്ണിജോർജ്ജിനേയും അദ്ദേഹത്തോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ മറ്റ് പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ധനസഹായം നൽകിയ (HUDCO-HSMI) യ്ക്ക് കിലയുടെ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

തൃശൂർ
28-2-2013

ഡോ. പി.പി. ബാലൻ
ഡയറക്ടർ, കില

# ആമുഖം

കേരളത്തിൽ നടപ്പിൽ വന്ന അധികാര വികേന്ദ്രീകരണ ഭരണ സംവിധാനങ്ങൾ വിജയകരമാവുകയും മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും മാതൃകയാവുകയും ചെയ്തതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ അത് പ്രാദേശിക ഭരണവുമായി ബന്ധപ്പെടുന്ന എല്ലാവർക്കും ലഭിക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിനുതകുന്ന രീതിയിൽ ഭരണ സമിതികളിലേയ്ക്കുള്ള ഓരോ തെരെഞ്ഞെടുപ്പിനും ശേഷം പുതിയ ജനപ്രതിനിധികളുടെ പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിയ്ക്കും വരെ തുടർ പരിശീലനം നൽകികൊണ്ടിരിക്കുകയും ചെയ്യുക എന്നത് കിലയുടെ സുപ്രധാനമായൊരു നടപടി ക്രമമാണ്.

നഗരഭരണത്തിൽ ഇന്ന് സ്ഥിരം സമിതികളുടെ സ്ഥാനം ഭരണ നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. നഗരവികസനത്തിനുകുന്ന പദ്ധതികൾക്ക് രൂപം നൽകുകയും വിവിധ വികസന മാതൃകകളിൽ അനുയോജ്യമായത് തെരെഞ്ഞെടുക്കുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിൽ ഏറ്റവും പ്രധാന പങ്കാണ് വികസന സ്ഥിരം സമിതിക്കുള്ളത്. ഈ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കണമെങ്കിൽ സ്ഥിരം സമിതി അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം അനിവാര്യമാണ്. അത് കണക്കിലെടുത്താണ് വികസന സ്ഥിരം സമിതി അംഗങ്ങൾക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയ്ക്ക് കില രൂപം കൊടുത്തിട്ടുള്ളത്.

മാറിയ കാലത്തിനും സാങ്കേതിക വികസനത്തിനും അനുയോജ്യമായ പഠന രീതിയാണ് പരിശീലനത്തിന് സ്വീകരിക്കാൻ കില ശ്രമിക്കുന്നത്. നീണ്ട അവതരണ ക്ലാസ്സുകൾക്ക് പകരം പങ്കാളിത്ത പഠനരീതിയ്ക്ക് അനുയോജ്യമായ ദൃശ്യ-ശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ്, റോൾപ്ലേ തുടങ്ങിയ രീതികൾ ഉപയോഗിച്ചുകൊണ്ട് പരിശീലനം കൂടുതൽ ഫലപ്രദമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പരിശീലനം രൂപകല്പന ചെയ്യാനും മൊഡ്യൂളുകളും കൈപുസ്തകങ്ങളും തയ്യാറാക്കാനും കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളും ജീവനക്കാരും മറ്റ് വിദഗ്ദ്ധരും പൂർണ്ണമനസ്സോടെ പ്രവർത്തിച്ചിട്ടുണ്ട്. എല്ലാവർക്കും നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കട്ടെ.

തൃശൂർ
28-2-2013

ഡോ. സണ്ണി ജോർജ്ജ്
ഡയറക്ടർ
സ്കൂൾ ഓഫ് ലോക്കൽ ഗവേണൻസ്
കില

# ഉള്ളടക്കം


| | പേജ് നം |
|---|---|
| അവതാരിക | 3 |
| ആമുഖം | 5 |
| അധികാര വികേന്ദ്രീകരണവും വികസനവും | 9 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാരങ്ങൾ, ചുമതലകൾ, കർത്തവ്യങ്ങൾ | 15 |
| സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടി ക്രമങ്ങൾ | 19 |
| കൃഷി | 24 |
| ജല വിഭവ പരിപാലന ധർമ്മങ്ങളും അനിവാര്യമാകുന്ന നടപടികളും | 72 |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 86 |
| വ്യവസായ - സഹകരണ മേഖല | 104 |
| സാമൂഹ്യ വനവൽക്കരണം | 112 |
| സ്ഥാപന മാനേജ്മെന്റ് | 116 |
| ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് | 124 |

# I

# അധികാര വികേന്ദ്രീകരണവും വികസനവും

## ആമുഖം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യക്ക് ആ പദവി കൈവരുന്നതിന് മുമ്പ് തന്നെ ഇന്ത്യയുടെ ആത്മാവ് തൊട്ടറിഞ്ഞ മഹാത്മഗാന്ധി പ്രഖ്യാപിച്ചത് ഇന്ത്യ ജീവിക്കുന്നത് ഇന്ത്യയിലെ 5 ലക്ഷത്തോളം വരുന്ന ഗ്രാമങ്ങളിലാണ് എന്നാണ്. ഇന്ത്യ പോലെ വിസ്തൃതമായതും ജനപ്പെരുപ്പമേറിയതുമായ ഒരു രാജ്യത്ത് അധികാരം കേന്ദ്രീകരിക്കപ്പെടുന്ന പക്ഷം ഉള്ളവൻ കൂടുതൽ ധനികനാവുകയും ഇല്ലാത്തവൻ കൂടുതൽ ദരിദ്രനാകുകയും മാത്രമെ ചെയ്യൂ എന്ന് മഹാത്മജി മുൻകൂട്ടി കണ്ടു. ഗ്രാമസ്വരാജിനു വേണ്ടിയുള്ള മഹാത്മാവിന്റെ ആഹ്വാനം നടപ്പിലാക്കുന്നതിന് വേണ്ടി സ്വാതന്ത്ര്യത്തിന് ശേഷം 45 വർഷം നമ്മൾ കാത്തിരിക്കേണ്ടി വന്നു. അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനുള്ള ആദ്യ ചുവട് വെച്ചത് യശ:ശരീരനായ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയാണ്. പ്രധാനമന്ത്രി എന്ന നിലയിൽ രാജീവ് ഗാന്ധി കൈകൊണ്ട ധീരമായ നടപടികളാണ് പഞ്ചായത്തീരാജ് നഗരപാലികാ നിയമത്തിന്റെ ഹേതു. ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേദഗതിയോട് കൂടി ഇന്ത്യയിലെ നഗരഭരണം ഭരണഘടനയുടെ ഭാഗമായി കൂട്ടിച്ചേർക്കപ്പെട്ടു. 1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് നിലവിൽ വന്നതോടുകൂടി പ്രാദേശിക വികസനത്തിന് പ്രാദേശിക സർക്കാരുകൾ എന്ന സ്വപ്നം നഗരപ്രദേശങ്ങളിൽ സാക്ഷാത്ക്കരിക്കപ്പെട്ടു.

ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തീരാജ് നഗരപാലികാ നിയമം സംസ്ഥാന സർക്കാരുകൾ പാസാക്കിയെടുത്തപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പോലെ പഞ്ചായത്തുകളും നഗരസഭകളും സ്വയംഭരണ സ്ഥാപനങ്ങളായി മാറുകയും പ്രാദേശിക വികസനത്തിന് പുതിയ ചട്ടക്കൂട്ടുകൾ രൂപപ്പെടുത്തുകയുമുണ്ടായി.

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് നിലവിൽ വരുന്നതിന് മുമ്പ് കേരളത്തിലെ മുനിസിപ്പാലിറ്റികൾക്ക് ഇന്ന് കാണുന്ന തരത്തിലുള്ളതും ഗൗരവതരവുമായ അധികാരങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മാത്രവുമല്ല അധികാരത്തിലിരിക്കുന്ന സർക്കാരിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തിരഞ്ഞെടുപ്പുകൾ നടന്നിരുന്നത്. എന്നാൽ 73-74 ഭരണഘടന ഭേദഗതിയോടുകൂടി മുമ്പ് ചൂണ്ടികാണിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനയുടെ ഭാഗമായിത്തീരുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിനു മാത്രമായി വ്യക്തമായ ചട്ടകൂടുകളോടെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ രൂപീകരിക്കുകയും ചെയ്തു. ഭരണ ഘടനാ ഭേദഗതിയിൽ തന്നെ

സ്ത്രീകൾക്കും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും സംവരണമുൾപ്പെടെ സുപ്രധാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആവിഷ്ക്കരിക്കുന്നതിനും സാമ്പത്തിക വികസനത്തിനുതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള അധികാരങ്ങളും നൽകപ്പെട്ടു.

## നഗരഭരണ സംവിധാനങ്ങൾ

അധികാരം കൈമാറികിട്ടി എന്നത് കൊണ്ട് മാത്രം നഗരഭരണം നല്ല നിലയിൽ ആകണമെന്നില്ല. ഭരണനിർവ്വഹണത്തിനായി മുനിസിപ്പാലിറ്റീസ് ആക്ടും ചട്ടങ്ങളും അനുസരിച്ചുള്ള ഭരണ സംവിധാനവും ഭരണ നിർവ്വഹണവും അനിവാര്യമാണ്. അതിനുതകുന്ന തരത്തിലുള്ള ശക്തവും ഫലപ്രദവുമായ സംഘടനാ സംവിധാനങ്ങളാണ് ഇന്ന് നിലവിലുള്ളത്.

## സംഘടനാ സംവിധാനം

ഭരണസമിതി

സ്റ്റിയറിംഗ് കമ്മറ്റി

സ്റ്റാന്റിംഗ് കമ്മറ്റികൾ

വാർഡ് സഭകൾ

## I. ഭരണസമിതി

നഗരഭരണത്തിന്റെ പരിപൂർണ്ണമായ ചുമതലകൾ നിർവ്വഹിക്കുന്നത് നഗരഭരണ സമിതികളാണ്. നഗരഭരണത്തിനുവേണ്ടി തയ്യാറാക്കുന്ന വികസന പദ്ധതികളുടെ ഉത്തരവാദിത്തവും അതിനുവേണ്ടി ചിലവഴിക്കുന്ന പണത്തിന് കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്തവും ഭരണസമിതികൾക്കാണ്. വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഭരണസമിതികളുടെ പൊതുവായ ചുമതലകൾ താഴെ പറയുന്നവയാണ്.

1. പദ്ധതി ആസൂത്രണത്തിന്റെ നേതൃത്വവും, സുതാര്യമായ നിർവ്വഹണവും.
2. പ്രാദേശിക വികസന സ്രോതസ്സുകൾ കണ്ടെത്തലും സമാഹരണവും.
3. പ്രാദേശിക വികസന സ്രോതസ്സുകളുടെ ഫലപ്രദമായ വിനിയോഗം
4. പ്രാദേശിക വൈദഗ്ധ്യം ഉറപ്പാക്കൽ
5. ജനപങ്കാളിത്തം ഉറപ്പാക്കാൻ വികസനതന്ത്രം രൂപീകരിക്കൽ
6. സംഘടനാ സംവിധാനങ്ങളെ സജ്ജമാക്കലും പ്രയോജനപ്പെടുത്തലും

## II. സ്റ്റിയറിംഗ് കമ്മറ്റി

നഗരസഭാ ചെയർമാനും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്മാരും ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മറ്റി. നഗരഭരണത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി സുപ്രധാനമാണ്. നഗരഭരണത്തിനായി

തയ്യാറാക്കുന്ന ആസൂത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്, അത് ആരൊക്കെ നിർവ്വഹിക്കണം എന്നതൊക്കെ തന്നെ സ്റ്റിയറിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. ആസൂത്രണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതു വരെയുള്ള കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ സംഘടനാ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക തുടങ്ങിയ കാര്യങ്ങളും സ്റ്റിയറിംഗ് കമ്മറ്റിയുടെ പരിധിയിലുള്ളവയാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മറ്റികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ഏതെങ്കിലും സാഹചര്യത്തിൽ പ്രവർത്തനരഹിതമാകുമ്പോൾ അവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും സ്റ്റിയറിംഗ് കമ്മറ്റിയാണ്.

## III. സ്റ്റാന്റിംഗ് കമ്മറ്റികൾ

നഗരസഭകൾക്ക് ആറ് സ്റ്റാന്റിംഗ് കമ്മറ്റികളാണുള്ളത്. കോർപ്പറേഷന് എട്ടും.

1. ധനകാര്യം
2. വികസനം
3. ക്ഷേമകാര്യം
4. ആരോഗ്യം
5. വിദ്യാഭ്യാസ കല കായിക കാര്യം
6. പൊതുമരാമത്ത്
7. നഗരാസൂത്രണം (കോർപ്പറേഷനിൽ മാത്രം)
8. നികുതി അപ്പീൽ (കോർപ്പറേഷനിൽ മാത്രം)

നഗരഭരണ സംവിധാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മറ്റികൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്.

### വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പദ്ധതി ആസൂത്രണവും

നഗരസഭകളുടെ പദ്ധതി ആസൂത്രണവും നടത്തിപ്പും വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. ആ നിലയിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റേയും വികസന പദ്ധതി രൂപീകരണത്തിന്റേയും നടത്തിപ്പിന്റേയും തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാ പ്രവർത്തനങ്ങളുടേയും വിജയം വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു.

### വികേന്ദ്രീകൃതാസൂത്രണം

വികേന്ദ്രീകൃതാസൂത്രണത്തിലൂടെ കേരളം ഇന്ത്യയ്ക്കും ലോകത്തിനും മുന്നിൽ പുതിയൊരു വികസന മാതൃക സൃഷ്ടിക്കുകയായിരുന്നു. ഏത് ഭരണ വ്യവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിലും പൊതുവെ നിലനിന്നിരുന്ന മാതൃക കേന്ദ്രീകൃത വികസനത്തിന്റേതായിരു

ന്നു. മേൽതല മുൻഗണനാ രീതിയിൽ നിർവ്വഹിക്കപ്പെട്ടിരുന്ന ആസൂത്രണ പ്രക്രിയ മിക്കപ്പോഴും രൂപം കൊണ്ടിരുന്നത് ടെക്നോക്രസിയുടേയും ബ്യൂറോക്രസിയുടേയും അകത്തളങ്ങളിലായിരുന്നു. ജനകീയ പങ്കാളിത്തം അതിന് തീർത്തും അന്യവും. ഈ രീതിയോട് കണക്കു തീർക്കലായിരുന്നു കേരളം മുന്നോട്ട് വച്ച വികേന്ദ്രീകൃതാസൂത്രണം. 1996 ൽ 9–ാം പഞ്ചവൽസര പദ്ധതിയോടു കൂടിയാണ് ജനകീയാസൂത്രണം എന്ന പേരിൽ വികേന്ദ്രീകൃതാസൂത്രണത്തിന് കേരളം തുടക്കം കുറിക്കുന്നത്. ഉദ്യോഗസ്ഥ കേന്ദ്രീകരണത്തിനും പകരം അത് ജനപങ്കാളിത്തം മുന്നോട്ട് വച്ചു. മേൽതല മുൻഗണനയുടെ സ്ഥാനത്ത് കീഴ്ത്തല മുൻഗണന ഉൾകൊണ്ട് സുതാര്യതയും കാര്യക്ഷമതയുമായിരുന്നു അതിന്റെ മുഖമുദ്രകൾ. ഇതിനിടയിൽ ഭരണകൂടങ്ങൾ മാറി വന്നെങ്കിലും വിശാലാർത്ഥത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ വഴിയിലൂടെ തന്നെയാണ് കേരളം നീങ്ങുന്നത്.

## വികേന്ദ്രീകൃതാസൂത്രണം ഭരണഘടനയിൽ

ഇന്ത്യൻ ഭരണഘടനയിൽ 243 ZD എന്ന വകുപ്പിലാണ് പ്രാദേശികാസൂത്രണത്തെക്കുറിച്ച് പരാമർശിക്കുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയും ദീർഘകാല പദ്ധതിയും തയ്യാറാക്കണമെന്ന് ഭരണഘടന നിർദ്ദേശിക്കുന്നു. ഓരോ ജില്ലയിലും ജില്ലാ ആസൂത്രണസമിതി രൂപീകരിയ്ക്കാനും വ്യവസ്ഥയുണ്ട്

ഭരണഘടനയിലെ ഈ നിർദ്ദേശം കേരള മുനിസിപ്പൽ നിയമത്തിലും പ്രതിഫലിക്കുന്നുണ്ട്. നിയമത്തിലെ 30–ാം വകുപ്പ് ഓരോ നഗരസഭയും സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിയ്ക്കുമുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു. വാർഷിക പദ്ധതിയ്ക്കും പഞ്ചവൽസര പദ്ധതിയ്ക്കും പുറമെ ഓരോ നഗരസഭയും അതിന്റ വിഭവശേഷി കണക്കിലെടുത്തും ധനനിക്ഷേപസാധ്യതയുടെ അടിസ്ഥാനത്തിലും ശാസ്ത്രീയമായ സ്ഥലീയ ആസൂത്രണത്തിന് (special planning) പ്രാധാന്യം നൽകി കൊണ്ടും ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ സാംശീകരിച്ചു കൊണ്ടാണ് കേരളം 1996 ൽ വികേന്ദ്രീകൃതാസൂത്രണത്തിന് ആരംഭം കുറിച്ചത്.

## പദ്ധതി ആസൂത്രണം - വിവിധ ഘട്ടങ്ങൾ

**വർക്കിംഗ് ഗ്രൂപ്പ്:-** വികസനം നടക്കേണ്ട ഓരോ വിഷയമേഖലയ്ക്കും വർക്കിംഗ് ഗ്രൂപ്പ് ഉണ്ടാവണം. നഗരസഭ തീരുമാനിക്കുന്ന കൗൺസിലർ ചെയർമാനും വിഷയമേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ കൺവീനറും ആയ 7 മുതൽ 17 വരെയുള്ള കമ്മറ്റിയാണ് ഉണ്ടാവേണ്ടത്. പട്ടികജാതി വികസനത്തിനും സ്ത്രീ വികസനത്തിനുമുള്ള വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ നിർബന്ധമായും യഥാക്രമം പട്ടികജാതി വിഭാഗത്തിൽ നിന്നും സ്ത്രീകളിൽ നിന്നുമുള്ളവരായിരിക്കണം. ഓരോ വിഷയമേഖലയ്ക്കുവേണ്ടി രൂപീകരിക്കപ്പെടുന്ന ഗ്രൂപ്പിൽ അതാതു വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധർ ഉണ്ടാവും. സാധാരണഗതിയിൽ പൊതു പ്രവർത്തനങ്ങളിൽ നിന്നകന്നു നിൽക്കുന്ന നാനാമേഖലയിലുള്ള വിദഗ്ധരെ ജനകീയ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയാണ് വർക്കിംഗ് ഗ്രൂപ്പ് ചെയ്യുന്നത്.

ഇവർ തയ്യാറാക്കുന്ന വികസന പ്രോജക്ടുകളിൽ വൈദഗ്ധ്യവും ജനഹിതവും ഒരുപോലെ പ്രതിഫലിക്കും എന്നത് നിസ്തർക്കമാണ്.

**വാർഡ് സഭ:-** പദ്ധതി പ്രവർത്തനത്തിന്റേയും വികസനത്തിന്റേയും ഏറ്റവും പ്രധാനപ്പെട്ട ജനകീയ മുഖമാണ് ഗ്രാമസഭ അല്ലെങ്കിൽ വാർഡുസഭ. വാർഡുസഭയിലൂടെ ജനങ്ങൾ അവരുടെ വികസന നയങ്ങൾ സ്വയം തീരുമാനിക്കുന്നു. തങ്ങളുടെ പ്രദേശത്ത് ഏത് വികസന പ്രവർത്തനം ഏത് രീതിയിൽ നടക്കണമെന്ന് തീരുമാനിക്കുന്നത് വാർഡു സഭയാണ്. പദ്ധതിരേഖയിൽ വരുന്ന ഓരോ പ്രോജക്ടും വാർഡ് സഭയിൽ വിശകലനം ചെയ്യപ്പെടുകയും ഭേദഗതികൾ നിർദ്ദേശിക്കപ്പെടുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പിലെ വിദഗ്ധർ തയ്യാറാക്കിയ കരട് പ്രോജക്ടുകൾ ജനങ്ങളും ടി വിദഗ്ധരും നിർവ്വഹണ ഉദ്യോഗസ്ഥരും ചേർന്ന് വിലയിരുത്തുന്നു. ഈ വിലയിരുത്തൽ മുന്നോട്ട് വയ്ക്കുന്ന പുതിയ നിർദ്ദേശങ്ങൾ ഉൾകൊള്ളാൻ നഗരസഭയും മറ്റ് അധികാരകേന്ദ്രങ്ങളും ബാദ്ധ്യസ്ഥരാവുന്നു. അതിലൂടെ അടിസ്ഥാന ജനാധിപത്യവും അത് മുന്നോട്ട് വയ്ക്കുന്ന വികസനമാർഗ്ഗവും സാർത്ഥകമാവുന്നു.

**വികസന സെമിനാർ:-** വികസന സെമിനാറും വിവിധ തലങ്ങളിലെ ജനകീയ സംവിധാനങ്ങളുടെ കൂട്ടായ്മയാണ്. വിദഗ്ധരും ഉദ്യോഗസ്ഥരും ജനങ്ങളുടെ പ്രതിനിധികളും ചേർന്ന് കുറെക്കൂടി ഉയർന്നതലത്തിൽ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് വാർഡ് സഭയിലൂടെ രൂപപ്പെട്ട പ്രോജക്ടുകൾ സംയോജിപ്പിച്ച് നഗരസഭാതലത്തിൽ രൂപപ്പെടുത്തിയ പദ്ധതിരേഖ വികസന സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്നു. അതിൽ നിന്ന് പുതിയ നിർദ്ദേശങ്ങൾ ഉയർന്നു വരുന്നു.

കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണമാണ് ആസൂത്രണപ്രക്രിയയ്ക്ക് ഈ രീതിയിൽ വലിയതോതിൽ ജനകീയ പങ്കാളിത്തം ഉളവാക്കിയത്. അതു വഴി കേരളം ലോകത്തിനു മുന്നിൽ വികസനത്തിന്റെ മറ്റൊരു മാതൃക കൂടി സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

# II

# വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അധികാരങ്ങൾ, ചുമതലകൾ, കർത്തവ്യങ്ങൾ

## ആമുഖം

ഏതൊരു ഭരണവ്യവസ്ഥയ്ക്കും നിർണ്ണയിക്കപ്പെട്ട ചുമതലകളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കും. 74-ാം ഭരണഘടനാ ഭേദഗതി പ്രകാരം നഗരസഭകളുടെ രൂപീകരണവും ഭരണകാര്യങ്ങളും നമ്മുടെ ഭരണഘടനയുടെ ഭാഗമായി മാറി. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിന് പര്യാപ്ത മായ വിധത്തിലാണ് കേരള നിയമസഭ 1994 ൽ കേരളാ മുനിസിപ്പാലിറ്റി ആക്ടിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത ആക്ടിലെ 30-ാം വകുപ്പ് പ്രകാരവും ഒന്നാം പട്ടിക പ്രകാരവും നഗരസഭകളുടെ അധികാരവും ചുമതലയും ഉത്തരവാദിത്തങ്ങളും നിർവചിക്കപ്പെട്ടിരിക്കുന്നു.

ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും നഗരസഭകൾക്ക് അധികാരവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഈ ചുമതലകളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1. അനിവാര്യ ചുമതലകൾ
2. പൊതുവായ ചുമതലകൾ
3. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

ഇതിൽ പ്രധാനമായും മേഖലാ ചുമതലകളാണു വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലയായി വിഭജിച്ചിരിക്കുന്നത്. ഒന്നാം പട്ടികയിൽ പറയുന്നതായ ചുമതലകൾ നിർവഹിക്കുന്നതിന് ഭരണസമിതിയെ (കൗൺസിലുകളെ) സഹായിക്കുന്നതിനുള്ള സംവിധാനമാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ.

കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പു 20 പ്രകാരം മുനിസിപ്പാലിറ്റികളിൽ ആറും, കോർപ്പറേഷനുകളിൽ എട്ടും സ്റ്റാന്റിംഗ് കമ്മറ്റികളാണ് ഉള്ളത്. പ്രസ്തുത വകുപ്പിൽ പറഞ്ഞിട്ടുള്ള ക്രമമനുസരിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് രണ്ടാം സ്ഥാനമാണ് നൽകിയിരിക്കുന്നത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരങ്ങളും ചുമതലകളും 22-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി താഴെ പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്.

1. കൃഷി
2. മണ്ണുസംരക്ഷണം
3. സാമൂഹ്യവനവൽക്കരണം
4. മൃഗസംരക്ഷണം
5. ക്ഷീരവികസനം
6. ചെറുകിട ജലസേചനം
7. മത്സ്യബന്ധനം
8. ചെറുകിട വ്യവസായം
9. സഹകരണം
10. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്
11. മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ/കോർപ്പറേഷൻ കൗൺസിലിന്റെ വികസന പദ്ധതികൾ തയ്യാറാക്കുക.

മേൽപറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിനായി അതത് മേഖലകളിലെ സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരെയും സർക്കാർ നഗരസഭകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

## പദ്ധതി ആസൂത്രണത്തിലെ ചുമതല

മുനിസിപ്പൽ നിയമത്തിലെ ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള മുഖ്യ ചുമതല വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്കാണ്. പദ്ധതികളെപ്പറ്റിയുള്ള നയസമീപനം, മുൻഗണനകൾ, വികസനതന്ത്രം എന്നിവ സംബന്ധിച്ച് ഭരണസമിതിക്ക് ശുപാർശകൾ സമർപ്പിക്കുക എന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കലും പ്രവർത്തനവും:

പദ്ധതി ആസൂത്രണത്തിനായി വിവിധ മേഖലകൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിൽ ഭരണസമിതിയെ സഹായിക്കുക, അവ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുക എന്നിവ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണസമിതിയെക്കൊണ്ടു എടുപ്പി

ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കി കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുക, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട എല്ലാ രേഖകളും കൃത്യമായും ചിട്ടയായും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ മുഴുവൻ രേഖകൾ സഹിതം പദ്ധതി യഥാസമയം പരിശോധനയ്ക്കായി സമർപ്പിക്കുക, പദ്ധതി പ്രോജക്ട് പരിശോധനാ ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ചു നൽകുന്നതിന് ഇടപെട്ടു പ്രവർത്തിക്കുക എന്നിവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

കൂടാതെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുനിസിപ്പൽ ആക്ട് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ, (മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളെപ്പോലെ തന്നെ) മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക, വിഷയ ചുമതലയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഇടപെട്ട് പ്രവർത്തിക്കുക, പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക എന്നീ ചുമതലകളും ഉണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നിയന്ത്രണത്തിൽ പ്രധാനമായും നാലു വർക്കിംഗ് ഗ്രൂപ്പുകളാണു വരുന്നത്.

1. കൃഷിയും അനുബന്ധമേഖലകളും (മണ്ണ്-ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവൽക്കരണം ഉൾപ്പെടെ)
2. മൃഗസംരക്ഷണവും ക്ഷീരവികസനവും
3. ചെറുകിട വ്യവസായം
4. മത്സ്യബന്ധനം

വികസന സ്റ്റാന്റിംഗ് കമ്മറ്റിയിലെ ചെയർപേഴ്സനല്ലാത്ത ഒരംഗമായിരിക്കണം ഓരോ വർക്കിംഗ് ഗ്രൂപ്പിന്റേയും ചെയർമാൻ. ബന്ധപ്പെട്ട മേഖലയിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും സീനിയർ ആയ ഉദ്യോഗസ്ഥരായിരിക്കും പ്രസ്തുത മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ.

ചുരുക്കത്തിൽ പദ്ധതി ആസൂത്രണ പ്രക്രിയയിൽ പ്രവർത്തന കമ്മിറ്റി രൂപീകരിക്കൽ, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വായ്പാ സാധ്യതകൾ സംബന്ധിച്ച് ബാങ്കുകളുമായുള്ള ചർച്ച, സ്റ്റാറ്റസ് റിപ്പോർട്ടും പ്രോജക്ട് നിർദ്ദേശങ്ങളും അന്തിമമാക്കൽ, പഞ്ചവൽസര പദ്ധതിരേഖ തയ്യാറാക്കൽ, സമഗ്ര പരിപാടികൾ തയ്യാറാക്കൽ, വികസന സെമിനാർ നടത്തിപ്പ്, പദ്ധതി അടങ്കൽ തീരുമാനിക്കൽ, പ്രോജക്ടുകളുടെ അംഗീകാരം തുടങ്ങിയ എല്ലാ പ്രക്രിയകളിലും വികസന സ്റ്റാന്റിംഗ് കമ്മറ്റിക്ക് നിർണ്ണായക പങ്കു വഹിക്കേണ്ടതുണ്ട്. ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നത്.

## പദ്ധതി നിർവഹണം - കമ്മറ്റിയുടെ ചുമതല

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് പ്രവർത്തന കമ്മറ്റികളുടെ (വർക്കിംഗ് ഗ്രൂപ്പ്) പങ്കാളിത്തത്തോടെ ഒരു നിർവഹണ കലണ്ടർ തയ്യാറാക്കുകയും കലണ്ടർ പ്രകാരം നിർവഹണം ആരംഭിക്കേണ്ടതും അത് പ്രകാരം പ്രവർത്തികൾ പൂർത്തീകരിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതും കമ്മറ്റിയുടെ ഉത്തരവാദിത്വമാണ്.

## മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും

പദ്ധതി മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ ഇത് ഫലപ്രദമായി നടത്തുന്നുവെന്ന് അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മൊത്തത്തിലുള്ള പദ്ധതി പ്രവർത്തനങ്ങളെ കാലാകാലങ്ങളിൽ അവലോകനം ചെയ്യേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്. വീഴ്ചകൾ കാണുന്നത് ബന്ധപ്പെട്ടവരെ താമസം വിന അറിയിക്കുകയും വേണം.

നഗരസഭകൾ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതിനുവേണ്ടി വളരെ ശക്തമായ സോഷ്യൽ ഓഡിറ്റ് സംവിധാനം നിയമപരമായി വിഭാവനം ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള സംവിധാനം രൂപീകരിക്കേണ്ടതും ഓഡിറ്റിനാവശ്യമായ സൗകര്യങ്ങൾ ചെയ്യേണ്ടതുമായ കർത്തവ്യവും വികസനകാര്യ സ്ഥിരം സമിതിയ്ക്കാണ്.

## കൈമാറികിട്ടിയ വകുപ്പുകളുടെ പ്രവർത്തനം

1994 ലെ കേരള മുനിസിപ്പൽ നിയമപ്രകാരം 10 വകുപ്പുകളിലെ പ്രവർത്തനങ്ങളും അവയുടെ ഉത്തരവാദിത്തവുമാണ് വികസനകാര്യ സ്ഥിരം സമിതിയ്ക്ക് ലഭ്യമായിട്ടുള്ളതെന്ന് നേരത്തെ ചൂണ്ടി കാണിച്ചിരുന്നു. ഈ വകുപ്പുകളിൽ നടക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ നഗരസഭാ പദ്ധതിരേഖയുടെ ഭാഗമായി സംയോജിപ്പിക്കണം. എന്നാൽ ഇതു കൂടാതെ മറ്റ് വകുപ്പ്തല പ്രവർത്തനങ്ങളും ഈ എല്ലാ മേഖലകളിലും നടക്കുന്നുണ്ട്. ഇവയുടെ എല്ലാം പ്രവർത്തനമേഖല മുനിസിപ്പാലിറ്റിയും ഗുണഭോക്താക്കൾ മുനിസിപ്പാലിറ്റിയിലെ ജനങ്ങളുമാണ്. ആയതിനാൽ ഈ പദ്ധതികൾ ഫലപ്രദമായി നടക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളും വിവരങ്ങളും സഹായങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാനും വികസന സ്ഥിരം സമിതി അംഗങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ ഈ മേഖലകളുമായി ബന്ധപ്പെട്ട ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതും വികസനകാര്യ സ്ഥിരം സമിതിയാണ്.

## വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ചുമതലകൾ

1. പ്രാദേശിക പദ്ധതി രൂപീകരണത്തിൽ നയപരമായ നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകുക.
2. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനവും ഏകോപനവും മേൽനോട്ടവും നടത്തുക.

3. സ്റ്റാറ്റസ് റിപ്പോർട്ട് വിശകലനം ചെയ്തു പ്രോജക്ട് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുക.
4. നഗരസഭയുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ നേതൃത്വം വഹിക്കുക
5. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സ്റ്റാന്റിംഗ് കമ്മറ്റി യോഗം വിളിച്ചു ചേർക്കുക
6. സെക്രട്ടറിയോ, കമ്മറ്റിയിലെ മൂന്നിൽ കുറയാത്ത അംഗങ്ങളോ ചർച്ച ചെയ്യേണ്ട വിഷയം അറിയിച്ചുകൊണ്ട് രേഖാമൂലം ആവശ്യപ്പെട്ടാൽ 48 മണിക്കൂറിനകം സ്റ്റാന്റിംഗ് കമ്മിറ്റി യോഗം വിളിച്ചു ചേർക്കുക.
7. യോഗ നോട്ടീസിന്റേയും അജണ്ടയുടെയും പകർപ്പ് ചെയർപേഴ്സനെ/മേയറെ അറിയിക്കേണ്ടതും ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
8. ചെയർപേഴ്സൺ രേഖാമൂലമുള്ള ഉത്തരവനുസരിച്ച് വാർഡ് സഭയുടെ അദ്ധ്യക്ഷത വഹിക്കുക.
9. ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർപേഴ്സണും തുടർച്ചയായി 15 ദിവസത്തിലധികം അധികാരാതിർത്തിയിൽ ഇല്ലാതിരിക്കുകയോ അഥവാ അവശത സംഭവിക്കുകയോ അല്ലെങ്കിൽ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം ഒഴിവായിരിക്കുകയോ ചെയ്യുന്നിടത്ത് 20-ാം വകുപ്പിൽ പറയുന്ന ക്രമത്തിൽ ചെയർപേഴ്സന്റെ രേഖാമൂലമായ ഉത്തരവിനാൽ ചെയർപേഴ്സന്റെ ചുമതല നിർവഹിക്കേണ്ടതാണ്. (വകുപ്പ് 18)

# III

# സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടിക്രമങ്ങൾ

## ആമുഖം

നഗരസഭ ഭരണത്തെ സംബന്ധിച്ചിടത്തോളം രണ്ട് സുപ്രധാന യോഗങ്ങളാണ് കൗൺസിൽ യോഗവും, സ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളും. ഈ രണ്ട് യോഗങ്ങളിലും ഉരുത്തിരിയുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളുമാണ് നഗരസഭാ ഭരണത്തെ മുന്നോട്ടു നയിക്കുന്നത്. നഗരസഭാ ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ക്രിയാത്മകമായ തീരുമാനങ്ങൾ കൈക്കൊളുന്നതിന് കൗൺസിലിനെ പ്രാപ്തമാക്കുന്നതിനുള്ള ചാലകശക്തിയായി മാറുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് കഴിയും. നഗരസഭാ കൗൺസിലിന്റെ ചുമതലയിൽപ്പെടുന്ന എല്ലാ വിഷയങ്ങളും സ്റ്റാൻഡിംഗ് കമ്മിറ്റി കൂടി പരിഗണിക്കണമെന്നുള്ള നിയമവ്യവസ്ഥ ഇക്കാര്യം അടിവരയിടുന്നു. കൗൺസിലിലേക്ക് വരുന്ന വിഷയങ്ങൾ പ്രാരംഭഘട്ടത്തിൽ അതാത് കമ്മിറ്റികളിൽ സമഗ്രമായി ചർച്ചചെയ്യപ്പെടുകയും യുക്തമായ നിർദ്ദേശങ്ങൾ കൈക്കൊളുകയും ആയത് കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ ശരിയായ തീരുമാനങ്ങളിലെത്തിചേരാൻ കൗൺസിലിന് വേഗത്തിൽ കഴിയുന്ന സ്ഥിതിയുണ്ടാകും. ഭരണരംഗം കൂടുതൽ ചടുലവും, ശക്തവുമാകുന്നതിന് ഇത് വഴിയൊരുക്കുകയും ചെയ്യും.

## ചട്ടങ്ങൾ

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 36 പ്രകാരം കൗൺസിലിന്റേയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും നടപടികൾ നിയന്ത്രിക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അതാത് സർക്കാരുകൾക്ക് അധികാരം സിദ്ധിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികളെക്കുറിച്ച് കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ SRO നമ്പർ/950/2000 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസകളിൽ 6 സ്റ്റാന്റിംഗ് കമ്മിറ്റികളും കോർപ്പറേഷനുകളിൽ 8 സ്റ്റാൻഡിംഗ് കമ്മിറ്റികളും നിലവിലുണ്ടെങ്കിലും ഈ കമ്മിറ്റികൾക്കെല്ലാമായി പൊതുവായ ചട്ടങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ കൗൺസിൽ അംഗങ്ങളും ഈ ചട്ടങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്.

## യോഗം ചേരുന്നതിനുള്ള കാലാവധി

കൗൺസിൽ യോഗം മാസത്തിൽ ഒന്നെങ്കിലും ചേരണമെന്നുള്ളപോലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളും മാസത്തിൽ ഒരു പ്രാവശ്യം നിർബന്ധമായും ചേർന്നിരിക്കണമെന്ന് സ്റ്റാന്റിംഗ്

കമ്മിറ്റി ചട്ടങ്ങൾ അനുശാസിക്കുന്നു. എന്നാൽ ആവശ്യാനുസരണം എത്ര പ്രാവശ്യം വേണമെങ്കിലും കമ്മിറ്റിയോഗം വിളിച്ചു ചേർക്കാൻ കമ്മിറ്റി ചെയർമാന് അധികാരമുണ്ടായിരിക്കും. നിയമാനുസൃതം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാസത്തിൽ ഒരു പ്രാവശ്യം കമ്മിറ്റി വിളിച്ചു ചേർക്കുക എന്ന രീതിയാണ് പൊതുവെ അവലംബിച്ച് കാണുന്നത്. ഇതിന് പകരം കമ്മിറ്റികളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് ഫലപ്രദമായ ചർച്ചകളും, അവലോകനങ്ങളും നടത്താനും, യുക്തമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്താനും ആയത് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും കമ്മിറ്റികൾ തയ്യാറാകുമ്പോഴാണ് പ്രാദേശികഭരണം അതിന്റെ ലക്ഷ്യം കൈവരിക്കുകയെന്നുള്ള യാഥാർത്ഥ്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## യോഗ സമയം, തിയതി, സ്ഥലം

കൗൺസിൽ യോഗത്തിന് നിശ്ചയിച്ചിരിക്കുന്നതുപോലെ രാവിലെ 9 മണിയ്ക്ക് മുമ്പും വൈകുന്നേരം 6 മണിയ്ക്ക് ശേഷവും സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങൾ നടത്താൻ പാടുള്ളതല്ല. പൊതു ഒഴിവ് ദിവസം ഒഴികെയുള്ള ഏതു ദിവസങ്ങളിലും യോഗം ചേരാം. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ യോഗം ചേരുകയാണെങ്കിൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. മുനിസിപ്പൽ ഓഫീസിൽ മാത്രമെ യോഗം ചേരാൻപാടുള്ളു. തിയതിയും സമയവും നിശ്ചിയിക്കുന്നത് അതാത് കമ്മിറ്റി ചെയർമാൻ ആയിരിക്കും.

സെക്രട്ടറിയോ, മൂന്നിൽ കുറയാത്ത കമ്മിറ്റി അംഗങ്ങളോ രേഖാമൂലം ആവശ്യപ്പെട്ടാൽ 48 മണിക്കൂറിനുള്ളിൽ കമ്മിറ്റി യോഗം വിളിച്ചു കൂട്ടാൻ ചെയർമാൻ ബാദ്ധ്യസ്ഥനാണ്. ഇപ്രകാരം കമ്മിറ്റി വിളിച്ചു ചേർക്കാൻ ആവശ്യപ്പെടുമ്പോൾ ചർച്ച ചെയ്യേണ്ട വിഷയം പ്രത്യേകം കാണിച്ചിരിക്കാൻ യോഗം വിളിച്ചു ചേർക്കാൻ ആവശ്യപ്പെടുന്നവർ ശദ്ധിക്കേണ്ടതാണ്.

## യോഗ നോട്ടീസ്

കമ്മിറ്റിയോഗം ചേരുന്ന വിവരം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് അതാത് കമ്മിറ്റി ചെയർമാൻമാരാണ് പുറപ്പെടുവിക്കുന്നത്.

കമ്മിറ്റി കൂടുന്നതിന് നിശ്ചയിച്ചിട്ടുള്ള തിയതിയ്ക്ക് 3 പൂർണ്ണ ദിവസം മുമ്പെങ്കിലും അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരിക്കണം. കൈപ്പറ്റുന്ന തിയ്യതിയും, യോഗതിയ്യതിയും ഇതിൽ ഉൾപ്പെടുന്നതല്ല. ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് കമ്മിറ്റി ചെയർമാൻമാർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ കുറഞ്ഞ സമയത്തെ നോട്ടീസ് നൽകിയും യോഗം വിളിച്ചു ചേർക്കാൻ ചെയർമാന് അധികാരമുണ്ടായിരിക്കും. കമ്മിറ്റി ചെയർമാന്റെ അഭാവത്തിൽ യോഗം വിളിച്ചു ചേർക്കേണ്ട ചുമതല ചെയർപേഴ്സണിൽ നിക്ഷിപ്തമാണ്.

ചെയർപേഴ്സൻ എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും വോട്ടവകാശമില്ലാത്ത എക്സ് ഒഫീഷ്യോ അംഗമായിരിക്കുമെന്ന് നിയമം അനുശാസിക്കുന്നു. വോട്ടവകാശമില്ലെങ്കിലും ചെയർപേഴ്സന് ചർച്ചയിൽ പങ്കെടുക്കാൻ കഴിയുന്നതാണ്.

### അജണ്ട

യോഗങ്ങളുടെ അജണ്ട തയ്യാറാക്കേണ്ട ചുമതല സെക്രട്ടറിക്കാണ്. അതാത് കമ്മിറ്റി ചെയർമാനുമായി ആലോചിച്ചാണ് സെക്രട്ടറി അജണ്ട തയ്യാറാക്കേണ്ടത്. കമ്മിറ്റിയുടെ അംഗീകാരം ആവശ്യമുണ്ടെന്ന് സെക്രട്ടറിയ്ക്ക് ബോദ്ധ്യമുള്ള വിഷയങ്ങളും, ചെയർമാൻ നിർദ്ദേശിക്കുന്ന വിഷയങ്ങളും കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് സെക്രട്ടറിയ്ക്ക് ചുമതലയുണ്ട്. എന്നാൽ കെ.എം ആക്ട് വകുപ്പ് 22 പ്രകാരം ചുമതലപ്പെടുത്തപ്പെട്ട കാര്യങ്ങൾ ഒഴികെയുള്ള യാതൊന്നിലും കമ്മിറ്റി തീരുമാനം എടുക്കാൻ പാടില്ലാത്തതാണ്.

അജണ്ടയിൽ പരാമർശിക്കുന്ന വിഷയത്തിന്മേൽ ചെയർമാനും, സെക്രട്ടറിയ്ക്കും തങ്ങളുടെ അഭിപ്രായം കുറിപ്പായി രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കും.

### ക്വാറം

സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ക്വാറം മൂന്നായിരിക്കും. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗസംഖ്യ നാലോ അതിൽ കുറവോ വരുന്ന സംഗതികളിൽ കമ്മിറ്റിയുടെ ക്വാറം രണ്ടായിരിക്കുന്നതാണ്. യോഗം തുടങ്ങിയതിനുശേഷവും യോഗത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ അംഗങ്ങളുടെ അസാന്നിദ്ധ്യം മൂലം ക്വാറം ഇല്ലാതായാൽ അപ്പോൾതന്നെ യോഗം നിർത്തിവയ്ക്കേണ്ടതാണ്. ക്വാറം ഇല്ലാതെ ഒരു ഘട്ടത്തിലും യോഗം നടത്താനോ തീരുമാനങ്ങൾ എടുക്കാനോ പാടില്ലാത്താതാണ്.

### അദ്ധ്യക്ഷൻ

സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാണ് അദ്ധ്യക്ഷം വഹിക്കേണ്ടത്. അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന് അദ്ധ്യക്ഷനായിരിക്കാൻ ചട്ടം വ്യവസ്ഥ ചെയ്തിരിക്കുന്നു. ചെയർമാന്റെ എല്ലാ അധികാരങ്ങളും ബാദ്ധ്യതകളും അദ്ധ്യക്ഷത വഹിക്കുന്ന അംഗത്തിന് ഉണ്ടായിരിക്കുന്നതാണ്.

യോഗനിയന്ത്രണവും ക്രമപ്രശ്നങ്ങൾ തീർപ്പാക്കലും അദ്ധ്യക്ഷന്റെ ചുമതലയിൽപ്പെട്ടതാണ്.

## കമ്മിറ്റി തീരുമാനങ്ങൾ

കൗൺസിൽ യോഗത്തിലെന്നതുപോലെ കമ്മിറ്റികളുടേയും തീരുമാനം ഭൂരിപക്ഷപ്രകാരമായിരിക്കും കൈകൊള്ളുക. വോട്ടിങ് ഉണ്ടാവുകയും വോട്ടിങ് നില തുല്യമാവുകയും ചെയ്യുന്ന സംഗതിയിൽ കമ്മിറ്റി ചെയർമാന് കാസ്റ്റിംഗ് വോട്ട് വിനിയോഗിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഒരു നഗരസഭയിൽ 6 കമ്മിറ്റികൾ വരെ ഉള്ളതിനാൽ ചില വിഷയങ്ങളിന്മേൽ ചില കമ്മിറ്റികൾ പരസ്പര വിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് സാദ്ധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ ഇക്കാര്യം സെക്രട്ടറി കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും അന്തിമ തീരുമാനം കൗൺസിൽ എടുക്കേണ്ടതുമാണ്. ഇപ്രകാരം

കൗൺസിൽ തീരുമാനം ഉണ്ടാകുന്നതുവരെ കമ്മിറ്റികളെടുത്ത പരസ്പര വിരുദ്ധ തീരുമാനങ്ങൾ സെക്രട്ടറി നടപ്പിലാക്കാൻ പാടില്ലാത്തതാണ്.

### പ്രമേയവും ചോദ്യവും

കൗൺസിൽ യോഗത്തിൽ പ്രമേയങ്ങൾ അവതരിപ്പിക്കാനും, ചോദ്യങ്ങൾ ഉന്നയിക്കാനും കൗൺസിൽ അംഗങ്ങൾക്ക് അവകാശമുണ്ട്? എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഇവ രണ്ടും ചട്ടപ്രകാരം അനുവദിക്കപ്പെട്ടിട്ടില്ല.

## കമ്മിറ്റി തീരുമാനങ്ങൾ റദ്ദു ചെയ്യുമ്പോൾ

ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി കൈകൊണ്ടിട്ടുള്ള തീരുമാനങ്ങൾ പാസ്സാക്കിയ തിയതി മുതൽ 3 മാസത്തിനുള്ളിൽ റദ്ദുചെയ്യുന്നതിനോ, ഭേദഗതി വരുത്തുന്നതിനോ ഉദ്ദേശിക്കുന്നെങ്കിൽ അതിന് വേണ്ടി പ്രത്യേക കമ്മിറ്റിയോഗം വിളിച്ചു ചേർക്കേണ്ടതുണ്ട്. അനുവദിക്കപ്പെട്ട അംഗ സംഖ്യയുടെ പകുതിയിലധികം അംഗങ്ങളുടെ പിന്തുണയും ഇതിനുണ്ടായിരിക്കണം.

## മിനിറ്റ്സ്

സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടികൾ രേഖപ്പെടുത്തുന്നതിനായി ഒരു മിനിറ്റ്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും, കമ്മിറ്റിയുടെ എല്ലാ നടപടിക്രമങ്ങളും ഈ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി അടിയിൽ സെക്രട്ടറി, യോഗ അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങിയിരിക്കേണ്ടതുമാണ്.

കമ്മിറ്റി പാസ്സാക്കുന്ന പ്രമേയങ്ങൾ തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ സമർപ്പിക്കേണ്ട ചുമതലയും സെക്രട്ടറി നിർവ്വഹിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉള്ളതും കമ്മിറ്റി ആവശ്യപ്പെടുന്നതുമായ ഏതു രേഖകളും കമ്മിറ്റി യോഗത്തിൽ വയ്ക്കുന്നതിന് കൈമാറി വന്നവരടക്കം എല്ലാ നഗര സഭാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരാണ്.

## കൗൺസിൽ പ്രമേയങ്ങൾ നടപ്പാക്കൽ

കൗൺസിൽ അംഗീകരിക്കുന്ന എല്ലാ പ്രമേയങ്ങളും നടപ്പാക്കാൻ അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബാദ്ധ്യസ്ഥരാണ്.

## സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിളിച്ചു ചേർക്കേണ്ട മറ്റ് യോഗങ്ങൾ

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ഏതു യോഗവും വിളിച്ചു ചേർക്കാനും, അവലോകനം നടത്താനും, ചർച്ച ചെയ്ത് കൗൺസിലിലേക്ക് ശുപാർശ സമർപ്പിക്കാനും സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ചുമതലയുണ്ട്. ഈ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിൽ പല നഗരസഭകളിലേയും കമ്മിറ്റികൾ വീഴ്ച വരുത്തുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. നഗരസഭാ ഭരണം കൂടുതൽ മെച്ചപ്പെടുത്താൻ ഇത്തരം യോഗങ്ങളിലൂടെ സാദ്ധ്യമാകും എന്നതിനാൽ ഇക്കാര്യത്തിൽ അതാത് ചെയർമാൻമാർ പ്രത്യേകം താത്പര്യമെടുക്കേണ്ടതാണ്. ഇപ്രകാരം വിളിച്ചു ചേർക്കാവുന്നതും, പ്രവർത്തന പുരോഗതി വിലയിരുത്താൻ കഴിയുന്നതുമായ ചില യോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ
2. പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായി അതാത് മോണിറ്ററിംഗ് കമ്മിറ്റികളുടേയും, നിർവ്വഹണ ഉദ്യോഗസ്ഥരുടേയും യോഗം.
3. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള യോഗം
4. വാർഡ് സഭകളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനുള്ള യോഗം
5. അതാത് മേഖലകളിലെ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുള്ള യോഗം
6. ബന്ധപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥരുടെ യോഗം
7. കൗൺസിൽ വിളിച്ചു ചേർക്കാൻ ആവശ്യപ്പെടുന്ന യോഗങ്ങൾ
8. മേൽ വിവരിച്ച തരത്തിലുള്ള യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിലൂടെ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം കൂടുതൽ സജീവമാകും.

## യോഗങ്ങൾ കാര്യക്ഷമമാകണമെങ്കിൽ

സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങൾക്ക് നഗരഭരണത്തിലുള്ള പ്രാധാന്യത്തെപ്പറ്റി ആമുഖത്തിൽ സൂചിപ്പിക്കുകയുണ്ടായി. അതനുസരിച്ചുള്ള കാര്യക്ഷമത യോഗനടത്തിപ്പിലും തീരുമാനങ്ങൾ എടുക്കുന്നതിലും ഉണ്ടാവണമെങ്കിൽ അംഗങ്ങൾ വളരെ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. അംഗങ്ങളുടെ ശ്രദ്ധാപൂർവ്വമായ ചർച്ചകളിൽ നിന്നേ കാര്യക്ഷമമായ തീരുമാനങ്ങളുണ്ടാവു. ഇത്തരം ചർച്ചകൾ ഉരുത്തിരിയണമെങ്കിൽ ആദ്യം വേണ്ടത് അജണ്ടയിലെ വിഷയങ്ങൾ ഓരോന്നും മുൻകൂട്ടി പഠിച്ചു മനസ്സിലാക്കുകയാണ്. ഇങ്ങനെ പഠിക്കുന്നതിലേക്കാണ് അജണ്ട നേരത്തെ തയ്യാറാക്കി നൽകുന്നത്. വേണ്ടത്ര ശുഷ്കാന്തിയോടെ ഭൂരിപക്ഷം പേരും ഈ കാര്യം ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. അജണ്ട പഠിച്ചു കഴിയുമ്പോൾ വിഷയത്തെപ്പറ്റി കൂടുതൽ വ്യക്തത വേണമെന്ന് തോന്നുന്നുണ്ടെങ്കിൽ നഗരസഭാ കാര്യാലയത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് കാര്യങ്ങൾ മനസ്സിലാക്കണം. ഇത്രയും ചെയ്താൽ ഏതൊരംഗത്തിനും കമ്മിറ്റിയോഗങ്ങളിൽ ശ്രദ്ധാർഹമായ ചർച്ച കാഴ്ച വെക്കാൻ കഴിയും.

നിയമാനുസൃതം നിക്ഷിപ്തമായ വിഷയങ്ങളിൽ ഗുണപരമായ രീതിയിൽ ഇടപെടാനും, കൗൺസിലിന് സഹായകമായ വിധത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് കഴിയുമ്പോൾ നഗരസഭാ ഭരണം കൂടുതൽ മെച്ചപ്പെടുകയും കൂട്ടുത്തരവാദിത്വം യാഥാർത്ഥ്യമാവുകയും ചെയ്യും.

# IV
# കൃഷി

നമ്മുടെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി തുകയുടെ ഗണ്യമായ ഒരു ഭാഗം തദ്ദേശ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച് അധികാര വികേന്ദ്രീകരണത്തിലൂന്നിയുള്ള സാമൂഹിക വികസനത്തിന് ഉത്തമ മാതൃക കേരളം ഇതിനോടകം സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉൽപാദനമേഖലയിൽ, പ്രത്യേകിച്ച് കാർഷികരംഗത്ത് നിലനിൽക്കുന്ന പിന്നോക്കാവസ്ഥ നമ്മുടെ നേട്ടങ്ങളുടെ തിളക്കത്തിന് മങ്ങലേൽപ്പിക്കുന്നു. വികസനകാര്യ സ്ഥിരം സമിതിയുടെ പരിധിയിൽ വരുന്ന സുപ്രധാന മേഖലയാണ് കൃഷിയും അനുബന്ധ കാര്യങ്ങളും. മാനവരാശിയുടെ നിലനിൽപ്പ് തന്നെ കൃഷിയെ ആശ്രയിച്ചാണ്. ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം ജനങ്ങൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഇന്ത്യപോലെ ഒരു രാജ്യത്ത് കാർഷിക മേഖലയ്ക്ക് നിർണ്ണായക പ്രാധാന്യമുണ്ട്. കാർഷിക പുരോഗതിയെ ആശ്രയിച്ചാണ് നമ്മുടെ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും ഉപജീവനം നടത്തുന്നത്. ഭക്ഷ്യസുരക്ഷ, തൊഴിൽ സൃഷ്ടി, മണ്ണ്-ജല-പരിസ്ഥിതി സംരക്ഷണം തുടങ്ങി ബഹുമൂല്യങ്ങളായ സംഭാവനകളാണ് കൃഷിയിലൂടെ പ്രധാനം ചെയ്യപ്പെടുന്നത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)യുടെ മാർഗ്ഗരേഖയിൽ ഉൽപാദനമേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കായിരിക്കണം മുൻഗണന നൽകേണ്ടത് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യവിളകളുടെ ഉൽപാദനം മെച്ചപ്പെടുത്തുന്നതിലും ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണം എന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു.

## കൃഷിയും ഭക്ഷ്യസുരക്ഷയും

ഒരു രാജ്യത്തെ അല്ലെങ്കിൽ പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമുള്ള ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യത ഉറപ്പുള്ള അവസ്ഥയെ ആണ് ഭക്ഷ്യസുരക്ഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭക്ഷ്യോൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ രണ്ട് മാർഗ്ഗങ്ങളുണ്ട്. ഒന്ന് ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ സ്വന്തമായി ഉൽപ്പാദിപ്പിക്കുക, രണ്ട് ഇവ പുറമെ നിന്ന് ഇറക്കുമതി ചെയ്യുക. രണ്ടാമത്തെ മാർഗ്ഗം സ്വീകരിച്ച് ഇറക്കുമതിയിലൂടെയും ഭക്ഷ്യലഭ്യത ഉറപ്പു വരുത്താൻ സാധിക്കും, എന്നാൽ ഈ മാർഗ്ഗം ഒരിക്കലും 100 ശതമാനം സുരക്ഷിതമല്ല. ഉൽപ്പാദിപ്പിക്കുന്ന പ്രദേശത്തെ സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് ഇറക്കുമതിയുടെ സാധ്യതയും തോതും വ്യത്യാസം വരും. മാത്രമല്ല ഭക്ഷ്യോൽപന്നങ്ങളുടെ വിലയിൽ ചില

പ്പോൾ ക്രമാതീതമായ വർദ്ധനയ്ക്കും ഇടനൽകും. ഉൽപാദനം നടക്കുന്ന പ്രദേശത്ത് വരൾച്ച യോ, വെള്ളപൊക്കമോ മൂലം കൃഷിനാശം സംഭവിച്ച് ഉൽപാദനം കുറയുകയാണെങ്കിൽ, സ്വാഭാവികമായും അവിടെ നിന്നുള്ള ഇറക്കുമതി നിലയ്ക്കുകയോ ഗണ്യമായ രീതിയിൽ കുറയുകയോ ചെയ്യും. അയൽ സംസ്ഥാനങ്ങളിൽ കൃഷിനാശമോ, മോട്ടോർ പണിമുടക്കോ ഉണ്ടാകുമ്പോൾ കേരളത്തിൽ ഭക്ഷ്യോൽപ്പന്നങ്ങളുടെ ലഭ്യതക്കുറവും വിലക്കയറ്റവും അനുഭവപ്പെടുന്നത് ഇറക്കുമതിയെ അമിതമായി ആശ്രയിക്കുന്ന അവസ്ഥയുടെ ഫലമാണ്. ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യത എല്ലാ കാലവും ഒരുപോലെ ഉറപ്പ് വരുത്തുവാൻ ഏറ്റവും സുരക്ഷിതമായ മാർഗ്ഗം അവയുടെ ഉൽപാദനം അതാത് സ്ഥലങ്ങളിൽ തന്നെ പ്രോത്സാഹിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നത് തന്നെയാണ്. ഇപ്രകാരം ഒരു പ്രദേശത്തിന് ആവശ്യമുള്ള ഭക്ഷ്യോൽപന്നങ്ങൾ ആ പ്രദേശത്ത് തന്നെ കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുമ്പോൾ ആ പ്രദേശം ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തത കൈവരിച്ചു എന്ന് പറയുവാൻ സാധിക്കും. ചുരുക്കി പറഞ്ഞാൽ, കാർഷിക പുരോഗതിയിലൂടെ മാത്രമെ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുവാൻ നമുക്ക് സാധിക്കുകയുള്ളു.

അടുത്തകാലത്ത് ആവർത്തിച്ച് ഉണ്ടായ ചില സംഭവ വികാസങ്ങൾ ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യത്തെകുറിച്ച് കേരള ജനതയെ ഒന്നാകെ ബോധവൽക്കരിക്കുന്നതിന് ഉതകുന്നതായി. റേഷനരി ലഭിക്കാതാവുകയും അരിവില കുതിച്ചുയരുകയും ചെയ്തു. പഴങ്ങൾക്കും പച്ചക്കറികൾക്കും കടുത്തക്ഷാമം നേരിട്ടു. കുടുംബ ബജറ്റുകളുടെ താളം തെറ്റിയതോടൊപ്പം ഭക്ഷ്യരംഗത്ത് പെട്ടെന്നൊരു അരക്ഷിതാവസ്ഥ സംജാതമായി. സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം സ്ഥിതി അൽപം മെച്ചപ്പെട്ടെങ്കിലും ഈ രംഗത്തെ ഭീഷണി നിലനിൽക്കുക തന്നെയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ കാണിക്കുന്നത്, ലോകമാകെ ഭക്ഷ്യക്ഷാമത്തിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണെന്നാണ്. അങ്ങിനെ സംഭവിച്ചാൽ അത് ഏറ്റവും അധികം ബാധിക്കുകയും ദുരിതമനുഭവിക്കുകയും ചെയ്യേണ്ടി വരുന്ന ഒരു സംസ്ഥാനമായിരിക്കും കേരളം. കാരണം, ഭക്ഷ്യോൽപാദനത്തിന്റെ കുറവ് മൂലം ഭക്ഷ്യലഭ്യതയുടെ കാര്യത്തിൽ ഏറ്റവും അരക്ഷിതമായ സംസ്ഥാനമാണ് നമ്മുടേത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നാം കാർഷികമേഖലയിൽ ശക്തമായ ഇടപെടൽ നടത്തിയേ കഴിയു എന്നാണ് ഈ വിവരങ്ങളെല്ലാം സൂചിപ്പിക്കുന്നത്.

കൃഷിരംഗത്ത് ആദ്യം ഇടപെടേണ്ടത് നെൽകൃഷിയിൽ തന്നെയാണ്. ശേഷം മറ്റു ഭക്ഷ്യവിളകളുടെ കൃഷിയിലും, പരമ്പരാഗതമായി നമ്മുടെ മുഖ്യ ആഹാരം അരിയാണല്ലോ. അരിയില്ലാത്ത ഒരു ഭക്ഷണരീതിയെക്കുറിച്ച് നമുക്ക് ചിന്തിക്കുവാൻ കഴിയില്ല. നമ്മുടെ മുഖ്യധാന്യം എന്ന നിലയിൽ നെൽകൃഷിക്ക് നാം പരമപ്രാധാന്യം നൽകേണ്ടതല്ലേ? എന്നാൽ ഇന്ന് എന്താണ് നമ്മുടെ നെൽകൃഷിയുടെ അവസ്ഥ? പാടങ്ങൾ കുറഞ്ഞു കുറഞ്ഞു വരുന്നു. ആദ്യം തരിശിടുന്നു, കാലക്രമേണ നികത്തുന്നു. ഉൽപാദനവും കുറഞ്ഞു വരുന്നു. ഉൽപാദനക്ഷമത അൽപം കൂടുന്നുണ്ടെങ്കിലും, അത് ഉൽപാദനത്തിലെ മൊത്തം കുറവ് നികത്താൻ പര്യാപ്തമാകുന്നതേ ഇല്ല. മുപ്പത് വർഷം മുമ്പ്, കേരളത്തിലെ ആകെ നെൽപാ

ടങ്ങളുടെ വിസ്തൃതി എട്ടരലക്ഷം ഹെക്ടറുമായിരുന്നു. എന്നാലിപ്പോഴോ? കൃഷി നടന്നു വരുന്ന പാടങ്ങളുടെ അസ്സൽ വിസ്തൃതി ഒന്നരലക്ഷം ഹെക്ടറും ആകെ വിള വിസ്തൃതി രണ്ടരലക്ഷം ഹെക്ടറുമായി കുറഞ്ഞിരിക്കുന്നു. ഇവിടെ വിളയുന്ന ആകെ നെല്ല് നമ്മുടെ ഭക്ഷണാവശ്യത്തിന്റെ ആറിലൊന്നു പോലും ആകുന്നില്ല. പ്രതിവർഷം 40 ലക്ഷം ടൺ നെല്ല് ആവശ്യമുള്ള കേരളത്തിൽ ഉൽപാദനം കേവലം 5.8 ലക്ഷം ടൺ ആണ്. അതായത് നെല്ലിന്റെ കാര്യത്തിൽ നമ്മുടെ ഭക്ഷ്യധാന്യകമ്മി 85 ശതമാനത്തിൽ അധികമാണ്. ഇപ്പോൾ ആകെ ഒന്നരലക്ഷം ഹെക്ടർ പാടങ്ങളിൽ നെൽകൃഷി ചെയ്യുമ്പോൾ 1,20,000 ഹെക്ടർ പാടങ്ങൾ തരിശായി കിടക്കുകയാണ്. തരിശ് പാടങ്ങളുടെ അളവ് ഓരോ വർഷവും ഉൽകണ്ഠാജനകമാം വിധം വർദ്ധിച്ചു വരുകയാണ്. ഇങ്ങനെ പോയാൽ, കേരളത്തിൽ നെൽകൃഷി അന്യം നിന്നുപോകുന്ന കാലം അധികം താമസിയാതെ വന്നുചേരും.

## മറ്റു ഭക്ഷ്യവിളകൾ

നെല്ലിനു പുറമെയുള്ള മറ്റു ഭക്ഷ്യവിളകളുടെ അവസ്ഥയും ഒട്ടും ശോഭനമല്ല. അരി കഴിഞ്ഞാൽ മരച്ചീനിയായിരുന്നു നമ്മുടെ പ്രധാന ഭക്ഷ്യവിള. പയറുവർഗ്ഗങ്ങളിൽ ഉഴുന്ന്, മുതിര, വൻപയർ ഇവയുടെ കൃഷിയും വ്യപകമായിരുന്നു. മരച്ചീനിക്കു പുറമെ, ചേമ്പ്, ചേന, മധുരകിഴങ്ങ്, കാച്ചിൽ, കൂവ, കൂർക്ക, ചെറുകിഴങ്ങ് തുടങ്ങി വിവിധ ഭൂകാണ്ഡങ്ങളും ചേർന്നതായിരുന്നു നമ്മുടെ പരമ്പരാഗത ഭക്ഷ്യവിളകൃഷി. എന്നാൽ 2009-10 മുതൽ നെല്ല്, കപ്പ എന്നിവയുടെ ഉൽപ്പാദനത്തിൽ നേരിയ പുരോഗതിയുണ്ടായിട്ടുണ്ട്. അതേസമയം തെങ്ങ്കൃഷിയുടെ വിസ്തൃതിയിൽ 38,000 ഹെക്ടറിന്റെ ഗണ്യമായ കുറവ് വന്നിരിക്കുന്നു. ഈ കുറവ് മറ്റേതെങ്കിലും വിളയിൽ കൂടിയതായും കാണുന്നില്ല. നമുക്കിന്ന് ആവശ്യമുള്ള ഭക്ഷ്യവസ്തുക്കളുടെ 85 ശതമാനത്തിനും അന്യസംസ്ഥാനങ്ങളേയോ അന്യരാജ്യങ്ങളേയോ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിൽ ഉള്ളത്. ഭക്ഷ്യസുരക്ഷയില്ലാത്ത ഒരു സമൂഹത്തിൽ എങ്ങിനെയാണ് സ്ഥായിയായ ജീവിത സുരക്ഷ ഉണ്ടാവുക? നിലനിൽപ്പിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഭക്ഷണത്തിന്റെ കാര്യത്തിൽ നാം സമ്പൂർണ്ണ പരാശ്രയത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്നത് അത്യന്തം ആശങ്കാജനകമാണ്. ഈ അവസ്ഥ തുടരുകയും ഒരു ഭക്ഷ്യപ്രതിസന്ധി ഉണ്ടാവുകയുമാണെങ്കിൽ അതിന്റെ ഏറ്റവും വലിയ ഇരയായിരിക്കും കേരളം എന്ന് പ്രത്യേകം പറയേണ്ടതില്ല. അതുകൊണ്ട്, ഈ അവസ്ഥക്കെതിരെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിച്ചേ മതിയാകൂ.

## കൃഷിയും പരിസ്ഥിതിയും

നെൽവയലുകൾ വൻതോതിൽ നികത്തപ്പെട്ടത് നെല്ലുൽപാദനത്തെ മാത്രമല്ല ജലലഭ്യതയെയും പ്രതികൂലമായി ബാധിച്ചു. നമ്മുടെ നെൽപ്പാടങ്ങൾ അക്ഷരാർത്ഥത്തിൽ ജലസംഭരണികളായിരുന്നു. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുകയും അതിന്റെ ഫലമായി ഭൂഗർഭ ജലസ്രോതസ്സുകൾ സമ്പുഷ്ടമാവുകയും ചെയ്തിരുന്നു. ഒരു ഹെക്ടർ നെൽവയലിൽ ഒരു വർഷം കൊണ്ട് ഏതാണ്ട് ഒന്നേക്കാൽ കോടി ലിറ്റർ ജലമാണ് മണ്ണിൽ താഴുക. നെൽകൃഷി വ്യാപകമായിരുന്ന കാലത്ത് നമ്മുടെ കിണറുകളും കുളങ്ങളും കടുത്ത വേനലിൽ പോലും

വറ്റുമായിരുന്നില്ല. നെൽവയലുകൾ ഭക്ഷ്യസുരക്ഷ മാത്രമല്ല അതിനേക്കാൾ പ്രധാനമായ ജലസുരക്ഷ കൂടി നമുക്ക് പ്രധാനം ചെയ്യുന്നു. പണവും മറ്റ് അനുകൂല സാഹചര്യങ്ങളുമുണ്ടെങ്കിൽ ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്ത് ഭക്ഷ്യസുരക്ഷ കൈവരിക്കുവാൻ ഒരു പരിധിവരെയെങ്കിലും സാധിക്കുമായിരിക്കും. നാം ഇപ്പോൾ ചെയ്ത് വരുന്നതും അത് തന്നെയാണ്. എന്നാൽ ജലസുരക്ഷയ്ക്ക് നാം എന്തു ചെയ്യും? ജലസുരക്ഷ ഉറപ്പാക്കുന്നതിന് പാടങ്ങൾക്കുള്ള പങ്ക് അംഗീകരിക്കപ്പെടണം.

നെൽപാടങ്ങളുടെ പാരിസ്ഥിതിക പ്രസക്തി അംഗീകരിച്ചാൽ ഇവയെ സംരക്ഷിക്കുന്നതിന് എളുപ്പമാണ്. ലോകമെമ്പാടുമുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് 1971 ലെ രാംഡെർ ഉടമ്പടി അംഗീകരിച്ച നിർവ്വചനപ്രകാരം കേരളത്തിലെ താഴ്ന്ന പ്രദേശങ്ങളിലെ നെൽപ്പാടങ്ങളെല്ലാം തണ്ണീർത്തടങ്ങൾ ആണ്. കുട്ടനാടും, കോൾനിലങ്ങളും, പൊക്കാളിയും ഉൾപ്പെടെ സ്ഥിരമായി ജലനിബിഡമായ പ്രദേശങ്ങളും, ഇടനാട്ടിൽ കണ്ടുവരുന്ന ഏലാകളും തണ്ണീർ നിലങ്ങളുടെ പരിധിയിൽ വരും. കുന്നുകളും അവയ്ക്കിടയിലെ പാടങ്ങളും ചേർന്നുള്ള ഒരു ശൃംഖലയാണ് നമ്മുടെ ഇടനാട് പ്രദേശങ്ങൾ. കുന്നുകളിൽ വീഴുന്ന വെള്ളം പാടങ്ങളിൽ സംഭരിക്കപ്പെടുന്നു. കൈത്തോടുകൾ ഇരുപുറവുമുള്ള കിണറുകളും കുളങ്ങളും സമൃദ്ധമാക്കികൊണ്ട് ഒഴുകുന്നു. നെൽപ്പാടങ്ങൾ നികത്തുമ്പോൾ ആ പ്രദേശത്തെ സ്വാഭാവിക കാർഷിക വ്യവസ്ഥ നശിക്കുകയും കൈത്തോടുകൾ വറ്റിവരണ്ടുപോകുകയും ചെയ്യുന്നു. ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ പോലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ഒരളവ് വരെ ഇതിന്റെ പരിണതഫലമാണ്. നെൽപാടങ്ങൾ വ്യാപകമായി നികത്തപ്പെട്ടതോടെ കേരളം രൂക്ഷമായ ജലക്ഷാമത്തിന്റേയും വരൾച്ചയുടേയും പിടിയിൽ അമർന്നിരിക്കുന്നു.

നെൽപ്പാടങ്ങൾ ഒരുപാട് ജീവജാലങ്ങളുടെയും സൂക്ഷ്മജീവികളുടേയും ആവാസകേന്ദ്രങ്ങൾ കൂടിയാണ്. ആ ജൈവ വൈവിധ്യവും നെൽപാടങ്ങൾ നികത്തുന്നതിലൂടെ നമുക്ക് നഷ്ടപ്പെടുകയാണ്. അത് കൊണ്ട് നെൽപാടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് വനഭൂമി സംരക്ഷിക്കുന്നത് പോലെ നെൽവയലുകളും സംരക്ഷിക്കേണ്ടതാണ്. ഈ ബോധം ഉൾകൊണ്ടാണ് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. കേരളത്തിലെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, പാരിസ്ഥിതിക വ്യവസ്ഥിതിയുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് പ്രസ്തുത നിയമം. ഈ നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം നെൽവയലിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ഈ ആക്ടിന്റെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടുള്ളതല്ല എന്ന് വിലക്കുന്നു. അത് പോലെ തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും സെക്ഷൻ 11 പൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നു. ഇത്തരത്തിൽ നെൽവയലോ തണ്ണീർത്തടമോ നികത്തുകയാണെങ്കിൽ ആ വ്യക്തിക്ക് സെക്ഷൻ 23

പ്രകാരം ചുരുങ്ങിയത് ആറ് മാസം മുതൽ രണ്ട് വർഷം വരെ ജയിൽ ശിക്ഷയും 50000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തുയോ പരിവർത്തനം ചെയ്തതോ ആയ നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും തദ്ദേശസ്ഥാപനങ്ങൾ നൽകി പോകരുതെന്ന് സെക്ഷൻ 14 വിലക്കുന്നു. ഇതൊക്കെയാണെങ്കിലും നെൽവയൽ സംരക്ഷണം നിയമനിർമ്മാണത്തിലൂടെ മാത്രം സഫലീകരിക്കുകയില്ല. നെൽകൃഷി സംരക്ഷണം കർഷകന്റെ മാത്രം ഉത്തരവാദിത്തം എന്ന കാഴ്ചപ്പാട് മാറി സമൂഹത്തിന്റേയും നാടിന്റേയും ആവശ്യമാണ് എന്ന സ്ഥിതി വരണം. അതിന് നെൽവയൽ സംരക്ഷണവും നെൽകൃഷി വ്യാപനവും ഒരു ജനകീയ പ്രസ്ഥാനമായി മാറണം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുഴുവൻ ജനവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടുകൂടി പദ്ധതികൾ തയ്യാറാക്കുകയും നിലവിലുള്ള നെൽകൃഷി സംരക്ഷിക്കുന്നതിനും തരിശായ മുഴുവൻ പാടങ്ങളിലും കൃഷിയിറക്കാനുമുള്ള സംഘടിത പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. ഇതിൽ വിജയിച്ചാൽ അത് നമ്മുടെ സംസ്ഥാനത്തിന്റെ അധികാര വികേന്ദ്രീകരണ ചരിത്രത്തിൽ ഒരു നൂതന അധ്യായമായിരിക്കും. മാത്രമല്ല, ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, പരിസ്ഥിതി സംരക്ഷിക്കുന്നതിനും വേണ്ടുന്ന ഏറ്റവും ശ്രദ്ധേയമായ മാതൃകാ പ്രവർത്തനവുമായിരിക്കും.

## നെൽകൃഷി വികസനം

മുകളിൽ സൂചിപ്പിച്ചത് പോലെ, ആദ്യം നെൽകൃഷിയിൽ തന്നെയാണ് നാം ഇടപെടേണ്ടത്. ഒപ്പം പച്ചക്കറി, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, നാളികേരം തുടങ്ങിയ മറ്റ് ഭക്ഷ്യവിളകളിലുമാകാം. അങ്ങനെ, പടിപടിയായി ചെയ്യുമ്പോൾ നീർത്തടാധിഷ്ഠിത കാർഷിക വികസനരീതി തന്നെയാണ് നാം അവലംബിക്കേണ്ടത്. നമ്മുടെ സംസ്ഥാനത്ത് നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും ഒരു ദ്വിമുഖ സമീപനം (Two-pronged strategy) ആണ് സ്വീകരിക്കേണ്ടത്. ഒന്നാമതായി, നിലവിലുള്ള നെൽകൃഷി മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക, രണ്ടാമതായി തരിശു നിലങ്ങൾ കണ്ടെത്തി കൃഷിയിറക്കുക.

## നിലവിലുള്ള നെൽകൃഷി മെച്ചപ്പെടുത്തുക

ഇതിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളും നിലവിൽ സമഗ്ര നെൽകൃഷി വികസന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. നെൽകർഷകർക്ക് നെൽവിത്ത് സൗജന്യമായും വളവും കീടനാശിനികളും സബ്സിഡി നിരക്കിലും നൽകുക, ഇൻഷുറൻസ് സഹായം ലക്ഷ്യമാക്കുക, ഹെക്ടർ അടിസ്ഥാനത്തിൽ കൂലിചെലവ് സബ്സിഡി (നിലവിൽ ഹെക്ടറിന് 4500 രൂപ) നൽകുക എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ആനുകൂല്യങ്ങൾ. എല്ലാ തദ്ദേശ സ്ഥാപനങ്ങളും സമഗ്ര നെൽകൃഷി വികസന പദ്ധതിക്ക് ഏറ്റവും മുന്തിയ പ്രാധാന്യം നൽകികൊണ്ട്, നിലവിലുള്ള ഒരു നെൽകർഷകൻ പോലും കൃഷിയിൽ നിന്ന് പിൻവാങ്ങുവാ

നുള്ള സാഹചര്യം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തണം. മുന്തിയ പ്രത്യുൽപാദനശേഷിയുള്ളതും, രോഗപ്രതിരോധശേഷിയുള്ളതുമായ നെൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കണം. അതോടൊപ്പം ഗുണമേന്മയുള്ള ജൈവവളം, രാസവളം, സുരക്ഷിതവും ഫലപ്രദവുമായ കീടനാശിനികൾ എന്നിവയുടെ ലഭ്യതയും ഉറപ്പ് വരുത്തണം. സാധിക്കുന്ന സ്ഥലങ്ങളിൽ കർഷകർക്ക് നെൽവിത്തിന് പകരം ഞാർ ലഭ്യമാക്കുവാൻ ശ്രമിക്കണം. ഇത് വഴി വിത്തിന്റെ ദുരുപയോഗവും അതോടൊപ്പം ഉൽപാദനചെലവും കുറയ്ക്കുവാൻ സാധിക്കും. ഇത് ഫലത്തിൽ അധിക സബ്സിഡിക്ക് തുല്യമാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒരു പാടശേഖരമാകെ ഒരിനം ഞാർ തന്നെ നടുക വഴി കൂട്ടുകൃഷിയുടെ (Group Farming) നല്ലൊരു തുടക്കം കുറിക്കുവാനും സാധിക്കും.

കാർഷികോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം മുതലായവ 75 ശതമാനം സബ്സിഡിയോടെ നെൽകൃഷിക്കായി ലഭ്യമാക്കാവുന്നതാണ്. മേൽപറഞ്ഞ ഉപകരണങ്ങൾ രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾ, കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മ സേനകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകാവുന്നതാണ്.

സസ്യസംരക്ഷണത്തിന് സ്പ്രേയറുകളും, ജലസേചനത്തിന് പമ്പ്സെറ്റുകളും, കൃഷിഭൂമി ഒരുക്കുന്നതിന് കളനീക്കൽ ഉപകരണങ്ങളും കാട് വെട്ട് യന്ത്രങ്ങളും 75 ശതമാനം സബ്സിഡിയോടെ ചെറുകിട-നാമമാത്ര കർഷകർക്കും സമിതികൾക്കും നൽകാവുന്നതാണ്.

ഊർജ്ജിത നെൽകൃഷി പദ്ധതി നടപ്പാക്കാൻ സാങ്കേതികവും ഭരണപരവുമായ ഉറച്ച പിന്തുണ ആവശ്യമാണ്. ഇതിന് നേതൃത്വം വഹിക്കേണ്ടത് കൃഷിവകുപ്പും അതാത് കൃഷിഭവനുകളുമാണ്. ആവശ്യത്തിനനുസരിച്ച് മുന്തിയ ഗുണമേന്മയുള്ള കാർഷികോപാധികൾ എത്തിക്കുക, ഓരോ പാടശേഖരകമ്മിറ്റിയുടേയും കൈയിലുള്ള ഉപകരണങ്ങളെല്ലാം കേടുതീർത്ത് പ്രവർത്തനയോഗ്യമാക്കുക, അവ പ്രവർത്തിപ്പിക്കാനാവശ്യമായ വിദഗ്ധ തൊഴിലാളികളെ കണ്ടെത്തുക. കൃഷിക്കാർക്ക് ഉപകാരപ്രദമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ സേവനങ്ങൾ കൃഷിവകുപ്പും കൃഷിഭവനുകളും ലഭ്യമാക്കണം. ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ പുതിയ കൃഷി രീതികൾ പരിചയപ്പെടുത്തുകയും വേണം.

## തരിശു നിലങ്ങളിൽ കൃഷിയിറക്കുക

നെൽവയലുകൾ ദീർഘകാലമായി കൃഷി ചെയ്യാതെ തരിശിടുകയും പിന്നീട് നികത്തുകയും ചെയ്യുന്ന പ്രവണത ഇന്ന് നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി കണ്ടു വരുന്നു. ഇന്ന് തരിശായി കിടക്കുന്ന മുഴുവൻ പാടങ്ങളിലും കൃഷി ചെയ്യണം എന്നതാവണം നമ്മുടെ ലക്ഷ്യം. ഇതിനുള്ള പ്രവർത്തന പരിപാടി, ഓരോ തദ്ദേശ സ്ഥാപനത്തിലേയും പാടശേഖരതലത്തിൽ നിന്നായിരിക്കണം ആരംഭിക്കേണ്ടത്. ആദ്യമായി ഓരോ തദ്ദേശസ്ഥാപനത്തിലും

അടിയന്തിര നെൽകൃഷി വികസന കർമ്മപരിപാടി രൂപീകരണ" യോഗം ചേരണം. യോഗത്തിൽ തദ്ദേശസ്ഥാപനത്തിലെ ഭരണസമിതി അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കൃഷി-നീർത്തട വികസന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, പാടശേഖരസമിതി ഭാരവാഹികൾ, കർഷകർ, കർഷക, യുവജനസംഘടനാ പ്രതിനിധികൾ തുടങ്ങിയവരെ പങ്കെടുപ്പിക്കണം. തദ്ദേശസ്ഥാപനത്തിലെ മുഴുവൻ പാടശേഖരങ്ങളിലും നെൽകൃഷി നടത്താനുള്ള പരിപാടിയുടെ രൂപരേഖ തയ്യാറാക്കണം. ഇതിനായി, ഓരോ പാടശേഖരത്തിലും നിലവിൽ കൃഷി ചെയ്യുന്നതും തരിശിട്ടിരിക്കുന്നതുമായ പാടങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തണം. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾ ഇതിനോടകം ഒട്ടുമിക്ക തദ്ദേശസ്ഥാപനങ്ങളിലും കൃഷിയോഗ്യമായ നെൽവയലിന്റേയും തരിശു ഭൂമിയുടേയും ഡേറ്റബാങ്ക് തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതിനാൽ വിവര ശേഖരണത്തിന് ഈ വിവരസമൂഹത്തെ ആശ്രയിക്കാവുന്നതുമാണ്. ഇനി, തരിശായിട്ടിരിക്കുന്ന ഭൂമിയുടെ ഓരോ ഉടമയെയും കണ്ട്, സ്ഥലത്തില്ലെങ്കിൽ ബന്ധപ്പെട്ട്, നെൽകൃഷി പുനരുദ്ധാരണത്തിന്റെ ആവശ്യകതയും, അതിനായി തദ്ദേശസ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുകയും, കൂട്ടായ്മയുടെ ഭാഗമാകാൻ പ്രേരിപ്പിക്കുകയും വേണം. ഇതിന്റെ ഫലമായി സ്ഥലമുടമ സ്വയം കൃഷിചെയ്യാൻ സന്നദ്ധനാവുകയോ, അതല്ലെങ്കിൽ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടി പൊതുവായുള്ള സംവിധാനത്തിൻ കീഴിൽ കൃഷിയിറക്കാനുള്ള തീരുമാനമുണ്ടാക്കുകയോ ചെയ്യണം. നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ 16(5) വകുപ്പ് പ്രകാരം ഉടമസ്ഥർ കൃഷിയിറക്കാത്ത കൃഷിഭൂമികൾ പാട്ടവ്യവസ്ഥയിൽ തദ്ദേശസ്ഥാപനത്തിന് ഏറ്റെടുത്ത് പാടശേഖരസമിതികൾ, കർഷകസംഘങ്ങൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് കൃഷി ചെയ്യാൻ എൽപ്പിച്ചു കൊടുക്കാവുന്നതാണ്. തരിശുനിലങ്ങൾ ഉഴുത് കൃഷിക്ക് ഉപയോഗ്യമാക്കുന്നതിന് മുമ്പ് വിവരിച്ചിട്ടുള്ള പ്രകാരം കാർഷികോപകരണങ്ങളും തുടർന്ന് കൃഷിക്കാവശ്യമായ മറ്റ് ഉപാധികളും സബ്സിഡിയോടെ തദ്ദേശസ്ഥാപനത്തിനും, കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ കൃഷിഭവനും ലഭ്യമാക്കാവുന്നതാണ്. ഇപ്രകാരം തരിശുഭൂമിയിൽ കൃഷിചെയ്തു കഴിഞ്ഞാൽ, നിലവിലുള്ള എല്ലാ സബ്സിഡികൾക്കും പുറമെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അധിക / പ്രത്യേക ധനസഹായം (ഹെക്ടറിന് 5000 രൂപ) കൂടി അനുവദിക്കാവുന്നതാണ്.

## സംഭരണവും വിതരണവും

കാർഷികമേഖല നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും കർഷകർക്ക് മതിയായ ലാഭവും ലഭിക്കുന്നില്ല എന്നത്. കാർഷികോൽപന്നങ്ങളുടെ വിലയിടിവിനേക്കാളുപരി ഇടനിലക്കാരുടെ ചൂഷണമാണ് പലപ്പോഴും ഇതിന് കാരണമാവുന്നത്. ഉപഭോക്താവ് നൽകുന്ന വിലയുടെ ചെറിയൊരു ശതമാനം മാത്രമെ കർഷകന് ലഭ്യമാവുന്നുള്ളു. സിംഹഭാഗവും പല ശ്രേണികളിലുള്ള ഇടനിലക്കാർ അപഹരിക്കുന്നു. നെൽകർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് ന്യായവില നൽകി സംഭരിക്കുവാൻ സർക്കാർ സംവിധാനം ഒരുക്കണം. സർക്കാർ നിശ്ചയിക്കുന്ന താങ്ങു വിലയ്ക്ക് അതാത്

പ്രദേശത്ത് ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾ കൂടി ബദൽ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത്തരത്തിൽ സംഭരിക്കപ്പെടുന്ന നെല്ലിന്റെ വിപണനത്തിൽ നമ്മുടെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയും. തറവില നൽകികൊണ്ട് ഉൽപന്നങ്ങൾ ശേഖരിക്കുകയും മൊത്തമായി വിപണിയിൽ എത്തിക്കുകയും ചെയ്ത് കൊണ്ട് സഹകരണ സംഘങ്ങൾ മുമ്പും മാതൃക കാണിച്ചിട്ടുണ്ട്.

## കർഷകതൊഴിലാളികളുടെ ലഭ്യത

നമ്മുടെ നാട്ടിൽ നെൽകൃഷി ചെയ്യുന്നതിന് പ്രധാനതടസ്സമായി പറയുന്ന കാരണങ്ങളിലൊന്നാണ് കർഷക തൊഴിലാളികളുടെ ദൗർലഭ്യം. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമത്തിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. കാർഷികമേഖലയിൽ മറ്റു മേഖലകളിലുള്ളതിനേക്കാൾ കൂലി കുറവാണ്.
2. സ്ഥിരജോലി ലഭിക്കുന്നതിനുള്ള സാധ്യത മറ്റുമേഖലകളെക്കാൾ കുറവാണ്.
3. ബോണസ്, പ്രോവിഡന്റ് ഫണ്ട്, ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഒന്നും ലഭ്യമല്ല.
4. ആയാസകരവും ഉത്തരവാദിത്തം കൂടുതലുള്ളതുമായ ജോലിയാണ്.
5. കർഷകത്തൊഴിലാളികളുടെ സാമൂഹികപദവി കുറവാണ്.

ഈ കാരണങ്ങളാൽ ഭൂരിഭാഗം കർഷകതൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് കൂട്ടമായി കഴിഞ്ഞ കുറെ വർഷങ്ങൾ കൊണ്ട് കുടിയേറി കഴിഞ്ഞു. കാർഷിക തൊഴിൽ മേഖല മറ്റ് തൊഴിൽ മേഖലകളെപോലെ ആകർഷകമാക്കാതെ കൃഷിക്ക് തൊഴിലാളികളെ ലഭിക്കുക എളുപ്പമാവില്ല. കർഷകതൊഴിലാളികൾക്ക് സ്ഥിരംജോലിയും ന്യായമായ വരുമാനവും ബോണസ്, ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ സർക്കാർ തലത്തിൽ നടപടിയുണ്ടാവണം.

2008 മുതൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാർഷിക മേഖലയിലേക്ക് കൂടി വ്യാപിപ്പിച്ചതോടെ നെൽകൃഷിക്ക് അത്യാവശ്യമെങ്കിലും തൊഴിലാളികളെ ലഭിക്കുന്ന സ്ഥിതി ഒരളവ് വരെ സംജാതമായിട്ടുണ്ട്. കൃഷിക്കും കാർഷിക മേഖലയ്ക്കും ഏറ്റവും മുന്തിയ പ്രാമുഖ്യം നൽകികൊണ്ട് ഈ മേഖലയിലെ ആവശ്യങ്ങൾ കഴിഞ്ഞു മാത്രമെ മറ്റ് പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥാനം നൽകൂ എന്ന സ്ഥിതി വരണം. ഇതിന് ആവശ്യമെങ്കിൽ തൊഴിലുറപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്ക്കരിക്കാൻ സംസ്ഥാന സർക്കാർ മുൻകൈയെടുക്കണം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം തന്നെ ഭക്ഷ്യോൽപ്പാദന മേഖലയിലെ വെല്ലുവിളികളെ തരണം ചെയ്യുകയും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുകയുമാണ്. നഗരപ്രദേശങ്ങളിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ ഒരു ' നഗര കാർഷിക തൊഴിലുറപ്പ് പദ്ധതി' സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു

നടപ്പാക്കുന്നത് നഗരപ്രദേശങ്ങളിൽ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വളരെയധികം സഹായകരമാകും. പ്രാദേശിക തലങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓരോ പ്രദേശത്തുമുള്ള കൃഷിഭൂമികളിൽ കൃഷി ചെയ്യുവാൻ ഒരു കർഷക ലേബർ ബാങ്ക് അഥവാ തൊഴിൽ സേന സൃഷ്ടിക്കണം. നെൽകൃഷിക്ക് ആവശ്യമായ തൊഴിലാളികളെ നൽകുകയെന്നതാണ് ലേബർ ബാങ്കിന്റെ ദൗത്യം. ഞാറു നടീൽ മുതൽ കൊയ്ത്ത് വരെയുള്ള വ്യത്യസ്ത കാർഷിക പ്രവർത്തികൾക്ക് ലേബർ ബാങ്കിൽ പണമടയ്ക്കുന്ന കർഷകർക്ക് തൊഴിലാളികളെ ലഭ്യമാക്കുകയും അല്ലെങ്കിൽ നെൽകൃഷിയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തികളും ഒരു പാക്കേജായി ഏറ്റെടുത്ത് ചെയ്ത് കൊടുക്കുന്ന രീതിയും അവലംബിക്കാവുന്നതാണ്.

## പച്ചക്കറി കൃഷി വികസനം

നമ്മുടെ സംസ്ഥാനത്തെ ഒട്ടുമിക്ക നഗരങ്ങളിലും പ്രതിവർഷം 10 കോടി രൂപയിലധികം വിലവരുന്ന പച്ചക്കറികളും പഴങ്ങളും ഇറക്കുമതി ചെയ്യുന്നുണ്ട്. പുറമെ നിന്ന് ഉൽപാദിപ്പിച്ചെത്തിക്കുന്ന ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങളിൽ വലിയ തോതിൽ കീടനാശിനികളുടെ അളവ് ശാസ്ത്രീയ പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ, ഓരോ പ്രദേശത്തും ആവശ്യമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും അവിടെതന്നെ ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ വലിയതോതിലുള്ള സാമ്പത്തിക പുരോഗതിക്കൊപ്പം ആരോഗ്യ സുരക്ഷയും നമുക്ക് കൈവരിച്ചുകൂടെ? ഇത്തരത്തിൽ ഓരോ പ്രദേശത്തും പച്ചക്കറി-പഴവർഗ്ഗ സ്വയംപര്യപ്തത കൈവരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് മാർഗ്ഗദർശ്ശികളാവാൻ സാധിക്കും. ഇതിനായി വേണ്ടത് ഇച്ഛാശക്തിയും പരിശ്രമവും മാത്രമാണ്. സാമ്പത്തിക സഹായങ്ങൾ കേന്ദ്ര-സംസ്ഥാന പദ്ധതികൾ മുഖേന ആവശ്യത്തിന് ലഭിക്കും. തദ്ദേശസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ 100 ശതമാനം സബ്സിഡിയോടെ കഴിവതും എല്ലാ കുടുംബങ്ങൾക്കും നൽകാവുന്നതാണ്. മേന്മയുള്ള ജൈവവളം 75 ശതമാനം സബ്സിഡിയോടെയും ജൈവകീടനാശിനി 50 ശതമാനം സബ്സിഡിയോടെയും കിണർ ആവശ്യമുള്ള കർഷകർക്ക് അതും അനുവദിക്കാവുന്നതാണ്. നാമമാത്ര-ചെറുകിട കർഷകർക്ക് പച്ചക്കറി കൃഷിക്ക് ഹെക്ടറിന് 10000 രൂപ കൂലിചെലവ് സബ്സിഡിയും നൽകുവാൻ സാധിക്കും. നഗരജീവിതത്തിന്റെ സാഹചര്യങ്ങൾക്കിണങ്ങും വിധം മുറ്റത്തും ടെറസ്സിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുവാൻ നഗരസഭകൾക്ക് സാധിക്കും. ഇതിനായി പച്ചക്കറി വിത്തുകൾ സൗജന്യമായി നൽകുന്നതിന് പുറമെ, ഒരു കുടുംബത്തിന് 50 ശതമാനം സബ്സിഡിയോടെ 25 മൺചട്ടികൾ വരെ നൽകാം. തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിലുള്ള തരിശായി കിടക്കുന്നതും എന്നാൽ നെൽകൃഷിക്ക് ഉപയോഗയോഗ്യമല്ലാത്തതുമായ കൃഷിയിടങ്ങളിൽ പഴ-പച്ചക്കറി കൃഷികൾ വ്യാപിപ്പിക്കുന്നതാണ്. ഇത്തരം സ്ഥലങ്ങളിൽ ഉടമസ്ഥരെ കൊണ്ടു തന്നെ കൃഷിയിറക്കുവാനും, അല്ലെങ്കിൽ പാട്ടവ്യവസ്ഥയിൽ കർഷകസംഘങ്ങളോ കുടുംബശ്രീ ഗ്രൂപ്പുകളോ മുഖേന കൃഷിയിറക്കുവാനും തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. അത്പോലെ കൈമാറികിട്ടിയിട്ടുള്ള സ്ഥാപനങ്ങളിൽ

പ്രത്യേകിച്ച് സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. ഇത്തരം പച്ചക്കറികൾ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് കറിക്കായി വിനിയോഗിക്കാം. ഇളം തലമുറയിൽ ഒരു കാർഷിക അവബോധവും സംസ്ക്കാരവും വളർത്തിയെടുക്കുവാനും ഇതിലൂടെ സാധിക്കും.

## വിപണനം

പച്ചക്കറി-പഴ ഉൽപന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കാർഷികോൽപ്പന്ന വിപണന സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിലിന്റെ ഉൽപന്നവിലയെ ആദാരമാക്കി കാർഷിക ഉൽപന്നങ്ങൾക്ക് വില നിശ്ചയിച്ച് ആവശ്യക്കാർക്ക് ഇടനിലക്കാരില്ലാതെ നൽകാം. കർഷകർക്ക് ആകർഷകമായ വിലയും ഉപഭോക്താക്കൾക്ക് മേൻമയുള്ള പച്ചക്കറി പഴ വർഗ്ഗങ്ങളും ലഭ്യമാക്കുവാൻ ഇതിലൂടെ സാധിക്കും.

## നാളികേര കൃഷി

കേരം എന്ന വാക്കിൽ നിന്നാണ് കേരളം ഉണ്ടായത് തന്നെ. നാളികേരത്തിന്റെ നാടായ കേരളത്തിൽ പക്ഷെ നാളികേര കൃഷിയുടെ സ്ഥിതി അത്ര ശോഭനമല്ല. ലോകത്ത് തെങ്ങിന് ഏറ്റവും അനുയോജ്യമായ മണ്ണും വെള്ളവും സൗരോർജ്ജവും ഉള്ള നമ്മുടെ സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞ് വരുന്നത് ഗൗരവമായി കാണേണ്ടതുണ്ട്. തെങ്ങ് കൃഷിയുടെ വിസ്തൃതിയും നാൾക്ക് നാൾ കുറഞ്ഞ് വരുന്നതും ആശങ്കയ്ക്ക് വക നൽകുന്നതാണ്. നിലവിലുള്ള തെങ്ങുകൾ സംരക്ഷിച്ച് ഉൽപാദനം വർദ്ധിപ്പിക്കുവാൻ നാം ഊന്നൽ നൽകണം. നീർത്തടാധിഷ്ഠിത വികസനത്തിന്റെ അടിസ്ഥാനത്തിൽ സംയോജിത തെങ്ങ് കൃഷി വികസന പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. ഇതിലൂടെ നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും കേരകർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിക്കും. നാമമാത്ര കർഷകർക്കും, ചെറുകിട കർഷകർക്കും 75 ശതമാനം സബ്സിഡിയോടെ ജൈവവളം, കുമ്മായം എന്നിവയും 50 ശതമാനം സബ്സിഡിയോടെ രാസവളവും കീടനാശിനികളും തദ്ദേശസ്ഥാപങ്ങൾക്ക് നൽകുവാൻ കഴിയും. തെങ്ങുകൾക്ക് രോഗബാധ ഉണ്ടാകാതിരിക്കാൻ വേണ്ടുന്ന ഉപാധികളും പരിഹാരങ്ങളും കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷി വകുപ്പധികൃതർ കർഷകർക്ക് നൽകണം.

അതുപോലെ, നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ (Value added Products) നിർമ്മാണത്തിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. നാളികേരത്തിന്റെ കാമ്പ് (kernel) ഉപയോഗിച്ച് കൊപ്ര, വെളിച്ചണ്ണ, വെന്തവെളിച്ചണ്ണ (ഉരുക്കെണ്ണ), വെർജിൻ കോക്കനട്ട് ഓയിൽ, ഹെയർ ഓയിൽ, സോപ്പ്, മസാജ് ഓയിൽ എന്നിവയും ചിരട്ട ഉപയോഗിച്ച് ഷെൽ ചാർക്കോൾ, ആക്ടിവേറ്റഡ് കാർബൺ, കരകൗശല വസ്തുക്കൾ എന്നിവയും ഉണ്ടാക്കാവുന്നതാണ്. SJSRY/SGSY തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഇതിനാവശ്യമായ വിദഗ്ധ പരിശീലനം കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകി ചെറുകിട

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. ഇതിലൂടെ നിർധനരായ വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനൊപ്പം, കേരകർഷകർക്ക് വർദ്ധിച്ച വരുമാനം ലഭ്യമാക്കുവാനും സാധിക്കും.

### മണ്ണ്, ജല സംരക്ഷണം

നീർത്തടാടിസ്ഥാനത്തിലുള്ള കാർഷിക വികസനം ലക്ഷ്യം വയ്ക്കുന്നത് കൃഷിഭൂമിയെ മാത്രമല്ല. നീർത്തടത്തിനകത്തെ ഓരോ പ്രദേശവും സംരക്ഷിച്ച് പരിപോഷിപ്പിക്കുക എന്ന താണ് ഈ സമീപനത്തിന്റെ രീതി. തോടുകൾ, ചാലുകൾ, കുളങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവ സംരക്ഷിക്കുന്നത് പരിസ്ഥിതിയുടെ പരിപാലനത്തിനും, മണ്ണ്-ജല സംരക്ഷ ണത്തിനും സഹായകരമാവുന്നു. ഇതിലൂടെ വരൾച്ച തടയാനും ജലലഭ്യത ഉറപ്പ് വരുത്തി ഉൽപാദനം വർദ്ധിപ്പിക്കാനും കഴിയുന്നു. മഴക്കുഴികൾ നിർമ്മിക്കുക, വരമ്പുകളിടുക, കയ്യാ ലകൾ, തടയണകൾ എന്നിവ നിർമ്മിക്കുക, ഓവുചാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തു ക, കുളങ്ങളും തോടുകളും വൃത്തിയാക്കി ഉപയോഗ്യമാക്കുക, കൃഷിയിടങ്ങൾക്കു ചുറ്റും പൊതു സ്ഥലങ്ങളിലും വൃക്ഷവൽക്കരണം നടത്തുക തുടങ്ങിയ പ്രവൃത്തികൾ മണ്ണിനെയും ജലസ്രോതസ്സുകളേയും സമ്പുഷ്ടമാക്കുകയും കാർഷിക പുരോഗതി സാധ്യമാക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

മേൽപറഞ്ഞ പ്രവർത്തനങ്ങളെല്ലാം തന്നെ തദ്ദേശസ്ഥാപനങ്ങൾക്ക് ഉൽപാദനമേഖല യിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

# കൃഷിയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളും സംവിധാനങ്ങളും

## I. സംസ്ഥാന ഹോട്ടികൾച്ചർ മിഷൻ (State Horticulture Mission (SHM)

#### ആമുഖം

2005-06 വർഷത്തിൽ ആണ് ദേശീയ ഹോട്ടികൾച്ചർ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്, തോട്ടവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ദേശീയതലത്തിൽ കേന്ദ്രകൃഷിമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിൽ, കൃഷി -സഹകരണവകുപ്പ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുമാണ് പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത്.സംസ്ഥാനതലത്തിൽ കാർഷികഉല്പാദന കമ്മീഷണ റുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി (SLEC) യ്ക്കാണ് പദ്ധതി യുടെ ചുമതല. സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഹോട്ടികൾച്ചർ മിഷനുകൾ രൂപീകരിച്ചുകൊ ണ്ടാണ് പ്രവർത്തിക്കുന്നത്.

**ഫണ്ട്**

പദ്ധതി തുകയുടെ 85% കേന്ദ്രസർക്കാരും ബാക്കി 15% സംസ്ഥാന സർക്കാരും വഹിക്കുന്നു. ജില്ലാതലങ്ങളിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്കാണ് തുക ലഭ്യമാകുന്നത്. ഇത് ബ്ലോക്ക്തലത്തിലുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന പഞ്ചായത്ത്/നഗരസഭാ തല കൃഷിഭവനുകളിലെ കൃഷി ഓഫീസർമാർ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

**നിർവ്വഹണസ്ഥാപനം**

ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ കൃഷിഭവനുകൾക്കാണ് പദ്ധതിനിർവ്വഹണ ചുമതല.

**ലക്ഷ്യങ്ങൾ**

1. ഹോട്ടികൾച്ചർ വിളകളുടെ സമഗ്രവികസനം ഉറപ്പുവരുത്തുക.
2. ഹോട്ടികൾച്ചർ വിളകളുടെ ഉല്പാദനവർദ്ധനവിലൂടെ ഭക്ഷ്യസുരക്ഷയും കർഷകക്ഷേമവും ഉറപ്പുവരുത്തുക
3. ഹോട്ടികൾച്ചർ വിളകളുടെ വികസനത്തിനുള്ള വിവിധ പദ്ധതികൾ സംയോജിപ്പിക്കുക.
4. ഹോട്ടികൾച്ചർ വിളകളുടെ കൃഷിരീതികളിലെ പരമ്പരാഗത അനുഭവസമ്പത്തും ആധുനികശാസ്ത്രീയ അറിവുകളും സമന്വയിപ്പിക്കുക.
5. ഹോട്ടികൾച്ചർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

**ഗുണഭോക്താക്കൾ**

പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഘടകത്തിനനുസരിച്ച് വ്യക്തിഗത കർഷകർക്ക്, കർഷകസംഘങ്ങൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും സർക്കാർപൊതുമേഖലാസ്ഥാപനങ്ങൾക്കും എൻ.ജി.ഒ. കൾക്കും ഗുണഭോക്താക്കളാകാം. പരമാവധി വിളപരിധി വരുമാനത്തിന് യാതൊരു മാനദണ്ഡവുമില്ല.

**ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

പച്ചക്കറികൾ, വാഴ, ജാതി, കുരുമുളക്, കശുമാവ്, കൊക്കോ,പുഷ്പവിളകൾ,കൂൺകൃഷി തുടങ്ങിയവയുടെ സമഗ്രവികസനത്തിന് ഉതകുന്ന പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്.വിത്ത്/നടീൽ വസ്തുക്കളുടെ ഉല്പാദനം മുതൽ സംസ്കരണവും വിപണനവും വരെയുള്ള ഘടകങ്ങൾ ഇതിൽപ്പെടും.

**പ്രവർത്തനങ്ങൾ**

a. ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനം

2 മുതൽ 4 ഹെക്ടർവരെയുള്ള വലിയ നഴ്സറികൾ സ്ഥാപിക്കുന്നതിന് പൊതുമേഖ ലാസ്ഥാപനങ്ങൾക്ക് 100% ഉം സ്വകാര്യമേഖലയ്ക്ക് 50% ഉം ആണ് സബ്സിഡി. ഹെക്ടറിന് 6.25 ലക്ഷം രൂപയാണ് ഏകദേശം ചെലവ് കണക്കാക്കിയിരിക്കുന്നത്.ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള ചെറുകിട നഴ്സറികൾക്കും ഇതേ നിരക്കിൽ ധനസഹായം ലഭിക്കും. പുതിയ ടിഷ്യുകൾച്ചർ ലാബുകൾ സ്ഥാപിക്കുന്നതിന് 1 കോടി രൂപവരെയും നിലവിലുള്ളവ നവീകരിക്കുന്നതിന് 15 ലക്ഷം രൂപയും ധനസഹായം ലഭിക്കുന്നു. പച്ചക്കറി വിത്ത് ഉല്പാ ദനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഫാമുകൾക്കും ധനസഹായം ലഭ്യമാണ്.

b. പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ

വാഴപോലുള്ള പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന് ഹെക്ടറിന് 35,000 രൂപ വരെ ധനസ ഹായം ലഭിക്കും. ഇത് 75:25 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായാണ് നൽകുക. (I$^{st}$ instalment 26250/ha, II$^{nd}$ instalment 8750/ha)

മാവ്, പേര തുടങ്ങിയവയുടെ തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ചെലവിന്റെ പകുതി (പ രമാവധി ഹെക്ടറിന് 40,000 രൂപ) ധനസഹായമായി ലഭിക്കും. ഇത് 60:20:20 എന്ന അനുപാ തത്തിൽ 3 വർഷങ്ങളിലായാണ് നൽകുക. പപ്പായ പോലുള്ള വിളകൾക്ക് ഇതേ രീതിയിൽ ഹെക്ടറിന് 30,000 രൂപ ധനസഹായം ലഭിക്കും. കൃഷിഭവനുകളിൽ സ്റ്റേറ്റ് ഹോട്ടികൾച്ചർ മിഷന്റെ നിർദ്ദിഷ്ട അപേക്ഷകളിൽ അപേക്ഷിക്കാവുന്നതാണ്. ഭൂപരിധി 4 ha സബ്സിഡി തുക കർഷകന് നേരിട്ട് നൽകുന്നു.

c. കൂൺകൃഷി

കൂൺകൃഷിയും ഒപ്പം കൂൺവിത്ത് ഉല്പാദനവും കമ്പോസ്റ്റ് നിർമ്മാണവും നടത്തുന്ന യൂണിറ്റുകൾക്ക് 50 ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നു, പൊതുമേഖല/ സർക്കാർ സ്ഥാപനങ്ങൾക്ക് 100% വും സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങൾക്ക് 50 ശതമാനവുമാണ് ധനസഹായം.

d. പുഷ്പകൃഷി

ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് ചെറുകിട നാമമാത്രകർഷ കർക്ക് 50ശതമാനവും മറ്റ് കർഷകർക്ക് 33ശതമാനവും ധനസഹായം ലഭിക്കും. ചെടിയൊ ന്നിന് 35 രൂപയാണ് പരമാവധി സബ്സിഡി.

ഗ്ലാഡിയോലസ് പോലുള്ള വിളകൾക്ക് 45,000 രൂപവരെയും റോസ് ചെണ്ടുമല്ലി പോലുള്ള വിളകൾക്ക് 12,000 രൂപവരെയും ധനസഹായം ലഭ്യമാണ്.

e. സുഗന്ധവ്യഞ്ജനങ്ങൾ

ഇഞ്ചി, മഞ്ഞൾ മുതലായവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 12,500 രൂപയും കുരുമുളക്, ഗ്രാമ്പൂ, ജാതി മുതലായവയ്ക്ക് 20,000 രൂപയും (ചെലവിന്റെ പകുതി) ധനസഹായം ലഭിക്കും.

f. പ്ലാന്റേഷൻ വിളകൾ

കശുമാവ്, കൊക്കോ മുതലായ വിളകൾക്ക് ചെലവിന്റെ പകുതി (പരമാവധി ഹെക്ടറിന് 20,000 രൂപ) മൂന്ന് വർഷങ്ങളിലായി നൽകുന്നു. നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 15,000 രൂപവരെ ധനസഹായം ലഭിക്കും.

g. ജലസേചനസൗകര്യങ്ങൾ ലഭ്യമാക്കൽ

പൊതുകുളങ്ങൾ, ജലസംഭരണികൾ എന്നിവ നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. 100% സബ്സിഡി മിനിമം 10 ha നനയ്ക്കുന്നതിനുള്ള കൃഷിസ്ഥലം, 100മീ x 100മീ x 3മീ സൈസിനാണ് 15 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നത്. ഇതിലും കുറഞ്ഞ സൈസിൽ കുളം കുഴിക്കുകയാണെങ്കിൽ അതനുസരിച്ച് സബ്സിഡി ലഭിക്കും.

മഴവെള്ളം സംഭരിക്കുന്നതിന് വ്യക്തിഗത ഗുണഭോക്താക്കൾക്കും സബ്സിഡി നൽകുന്നു. 1 ക്യുബിക്ക് മീറ്ററിന് 100 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. ഇതിനാവശ്യമായ Estimate LSGD എൻജിനീയറോ /ചാർട്ടേർഡ് എൻജിനീയറോ തയ്യാറാക്കി മൂല്യനിർണ്ണയം നടത്താവുന്നതാണ്. സബ്സിഡി തുക നേരിട്ട് കർഷകന് നൽകുന്നു. 2 ha വരെയുള്ള കർഷകർ ഗുണഭോക്താക്കളായിരിക്കും. സബ്സിഡി തുകയും ചിലവിന്റെ 50% പരമാവധി 1.20 ലക്ഷം രൂപ/1 യൂണിറ്റിന് മലമ്പ്രദേശങ്ങളിൽ പരമാവധി 1.38 ലക്ഷം രൂപ.

h. സംരക്ഷിത കൃഷി

ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിന് നിർമ്മാണസാമഗ്രികളുടെ അടിസ്ഥാനത്തിൽ ചതുരശ്ര മീറ്ററിന് 375 രൂപ മുതൽ 1465 രൂപ വരെ ധനസഹായമായി ലഭിക്കും. ചെലവിന്റെ 50% ആണ് സബ്സിഡി.

i. സംയോജിത കീടരോഗ നിയന്ത്രണം

ചെലവിന്റെ പകുതി പരമാവധി ഹെക്ടറിന് 1000 രൂപ കർഷകർക്ക് ധനസഹായം ലഭിക്കും. ബയോ കൺട്രോൾ ലബോറട്ടറികൾ സ്ഥാപിക്കുന്നത് സർക്കാർ സ്ഥപനങ്ങൾക്ക് 80 ലക്ഷം രൂപവരെയും സ്വകാര്യസ്ഥാപനങ്ങൾക്ക് 40 ലക്ഷം രൂപവരെയും ധനസഹായംലഭിക്കും. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ഇല പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും ഇത്തരത്തിൽ സഹായം ലഭ്യമാണ്.

j. ജൈവകൃഷി

കൃഷിയിടങ്ങളിൽ ജൈവകൃഷി രീതികൾ അവലംബിക്കുന്നതിന് ഹെക്ടറിന് 10000 രൂപ വരെ ധനസഹായമായി ലഭിക്കും. ക്ലസ്റ്റർ രീതിയിലാണ് ജൈവസർട്ടിഫിക്കേഷൻ നൽകുന്നത്. ചെലവിന്റെ പകുതി തുക മൂന്ന് വർഷങ്ങളിലായാണ് നൽകുക. ഓർഗാനിക്ക് സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം ലഭ്യമാണ്. മണ്ണിരകമ്പോസ്റ്റുകൾക്ക് പരമാവധി 30,000 രൂപ സബ്സിഡി ലഭ്യമാണ്

k. തേനീച്ച വളർത്തൽ

തേനീച്ചയുള്ള കോളനികൾക്ക് മൊത്തമായും പെട്ടികൾ സ്ഥാപിക്കുന്നതിനും തേനെടുക്കുന്നതിനും സൂക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾക്കും സബ്സിഡികൾ ലഭ്യമാണ്. Honey Bee colony Rs.1400/colony of 4 frames, Hives Rs.1600/hive. 50% സബ്സിഡി ഹോർട്ടികോർപ്പ് മുഖേന നൽകുന്നു.

l. യന്ത്രവൽക്കരണം

മരുന്ന് തളിക്കുന്നതിനുള്ള ഉപകരണങ്ങൾ, പവ്വർ മുതലായവയ്ക്ക് ചെലവിന്റെ പകുതി തുകവരെ ധനസഹായം ലഭ്യമാണ്. ഏതെങ്കിലും ഒരു മെഷിനറി മാത്രമെ ഒരു ഗുണഭോക്താവിന് ലഭ്യമാകുകയുള്ളു. Rs.17500 മുതൽ 1.5 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

പരിശീലനപരിപാടികൾ

1. ഗാർഡനേഴ്സ് ട്രെയിനിംഗ് -VHSE (Agri) കഴിഞ്ഞിട്ടുള്ള വിദ്യാർത്ഥികൾക്കായി സർക്കാർ ഫാമുകളിൽ ഗാർഡനേഴ്സ് ട്രെയിനിംഗ് നൽകുന്നു. ഇതിനാവശ്യമായ പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കി നൽകണം. നിശ്ചിത സ്റ്റൈപ്പെന്റും ട്രെനേഴ്സിന് നൽകുന്നു

കർഷകർക്കുള്ള പരിശീലനം

| | |
|---|---|
| 1. ജില്ലയിൽ പരിശീലനത്തിന് | Rs. 400 ഒരു ദിവസം |
| 2. സംസ്ഥാനത്തിനകത്ത് സ്റ്റൈപ്പെന്റ് | Rs. 750 ഒരു ദിവസം |
| 3 . സംസ്ഥാനത്തിന് പുറത്ത് പഠനപര്യടനയാത്രകൾ | Rs.1000 ഒരു ദിവസം |
| 1. ജില്ലയ്ക്കകത്ത് | Rs. 200 ഒരു ദിവസം |
| 2. സംസ്ഥാനത്തിനകത്ത് | Rs. 300 ഒരു ദിവസം |
| 3. സംസ്ഥാനത്തിന് പുറത്ത് | Rs. 600 ഒരു ദിവസം |

മേൽപ്പറഞ്ഞ പരിശീലനപരിപാടികൾക്ക് വിശദമായ പ്രോജക്റ്റ് (പോകുന്ന സ്ഥലം, പഠിക്കേണ്ടുന്ന കാര്യങ്ങൾ, എത്രമാത്രം പ്രയോഗത്തിൽ വരുത്താം, ഉല്പാദനം എത്ര കൂട്ടാം, മാർക്കറ്റിംഗ് സംവിധാനം എത്രമാത്രം വിപുലപ്പെടുത്താം, ആധുനിക സാങ്കേതികവിദ്യകൾ, വിവരസാങ്കേതിക വിദ്യ എന്നിവ എങ്ങിനെ ഉപയോഗപ്പെടുത്താം)എന്നിയെല്ലാം പ്രോജക്റ്റിൽ കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്.

പൊതുമേഖല സ്ഥാപനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ നിന്ന് പുതിയതരം യന്ത്രങ്ങൾ ഇറക്കുമതി ചെയ്ത് കർഷകരെ പഠിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും.

m. പരിശീലന പരിപാടികൾ

കർഷകർക്ക് പരിശീലനങ്ങൾ നൽകുന്നതിനും പഠനപര്യടനങ്ങൾ സംഘടിപ്പിക്കുന്നതിനും ധനസഹായം ലഭ്യമാണ്.

n. ഉല്പന്നങ്ങളുടെ സ്റ്റോറേജ് വൈവിധ്യവൽക്കരണം

പാക്ക് ഹൗസുകളും സ്റ്റോറേജ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നു. കോൾഡ് സ്റ്റോറേജുകൾക്കും സഞ്ചരിക്കുന്ന കോൾഡ് സ്റ്റോറേജുകൾക്കും 10 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നു. വ്യക്തികൾക്കും, എൻജിഒ മാർക്കും പഞ്ചായത്തീരാജ് /നഗരപാലികാ സംവിധാനങ്ങൾക്കും പ്രയോജനപ്പെടുത്താം.

o. വിപണന സൗകര്യങ്ങൾ

പൊതുസ്വകാര്യസംരംഭങ്ങൾ മുഖേന കാർഷിക വിപണികൾ സ്ഥാപിക്കുന്നതിന് 25% മുതൽ 40% വരെ ധനസഹായം ലഭിക്കുന്നു. പരമാവധി 50 കോടി രൂപ മൊത്ത വ്യാപാരമാർക്കറ്റുകൾക്കും ചെറുകിട മാർക്കറ്റുകൾക്കും ധനസഹായം ലഭ്യമാണ്.

**നിർവ്വഹണസംവിധാനം**

വ്യക്തിഗത ഗുണഭോക്താക്കളെ കൃഷിഭവൻ മുഖേന തെരഞ്ഞെടുക്കുന്നു.വലിയ പദ്ധതികൾക്ക് പ്രോജക്റ്റ് തയ്യാറാക്കി SLMC യുടെ അനുമതി ലഭിച്ചതിനു ശേഷം നടപ്പിലാക്കുന്നു.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്**

ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/നഗരസഭാ ചെയർപേഴ്സൺ, വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ അംഗങ്ങളായ കാർഷിക വികസന സമിതികളുടെ അംഗീകാരത്തോടെ പദ്ധതി നിർവ്വഹിക്കുന്നു. നഗരസഭാ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ തന്നെയാണ് പദ്ധതിയുടെ ചുമതലക്കാരൻ. ഗ്രാമസഭകൾ/വാർഡ്സഭകൾ മുഖേന പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതികളെ പറ്റിയുള്ള വിവരം നല്കുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാം.

**സംയോജനസാധ്യതകൾ**

ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രോജക്റ്റുകളുമായി സംയോജിച്ച് സമഗ്ര പദ്ധതികൾ തയ്യാറാക്കാം. ഗ്രാമസഭകൾ/വാർഡ്സഭകൾ മുഖേന പദ്ധതികളെപ്പറ്റിയുള്ള അറിവ് കൂടുതൽ കർഷകരിലേക്ക് എത്തിക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും സാധിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികൾ മുൻക്കൂട്ടി മനസ്സിലാക്കി അതേ ഘടകങ്ങൾക്ക് പദ്ധതിവിഹിതം നീക്കി വെയ്ക്കുന്നത് ഒഴിവാക്കാം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തനങ്ങൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാവുന്നതാണ്.

അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ (വികസനം) പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാവുന്നതാണ്. കൂടാതെ ഗ്രാമസഭയിൽ/വാർഡ് സഭയിൽ കൃഷി ഓഫീസർ യഥാസമയം നിർവ്വഹണ റിപ്പോർട്ടുകൾ വെച്ച് ജനാഭിപ്രായം നേടാവുന്നതാണ്.

| | |
|---|---|
| പാക്ക് ഹൗസ് | പരമാവധി സബ്സിഡി 1.5 ലക്ഷം 9 മീ X 6മീ |
| Pre cooling unit | പരമാവധി സബ്സിഡി 6 ലക്ഷം, കപ്പാസിറ്റി 6 MT |
| Mobile Precooling unit | പരമാവധി സബ്സിഡി 12 ലക്ഷം, കപ്പാസിറ്റി 5 MT |
| Refrigerators Van | പരമാവധി സബ്സിഡി 12 ലക്ഷം, കപ്പാസിറ്റി 6 MT |
| Ripening Chamber | പരമാവധി സബ്സിഡി Rs.2400/ MT |
| Preservation Unit | പുതിയത് തുടങ്ങുന്നതിന് 1 ലക്ഷം രൂപ സബ്സിഡി<br>പഴയത് upgrade ചെയ്യുന്നതിന് 50000 രൂപ സബ്സിഡി |

മേൽപ്പറഞ്ഞ എല്ലാ പ്രോജക്റ്റുകൾക്കും ബാങ്ക് വായ്പ നിർബന്ധമാണ്. പ്രോജക്ട് പ്രത്യേകമായി തയ്യാർ ചെയ്യണം സബ്സിഡി തുക ബാങ്ക് വായ്പ ക്രെഡിറ്റ് ചെയ്യുന്നു.

## II. കാർഷിക മാക്രോ മാനേജ്മെന്റ് (Macro Management in Agriculture)

**ആമുഖം**

2000-01 വർഷത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും പ്രവർത്തനമാരംഭിച്ച പദ്ധതിയാണിത്. കേന്ദ്രപദ്ധതികളുടെ തെരഞ്ഞെടുപ്പിലും നടത്തിപ്പിലും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന പദ്ധതിയാണ്.

**ഫണ്ട്**

തുകയുടെ 90 ശതമാനം കേന്ദ്രസർക്കാരും 10 ശതമാനം സംസ്ഥാനസർക്കാരുമാണ് വഹിക്കുന്നത്. കൃഷിവകുപ്പ് ഡയറക്ടർമാർക്കാണ് കേന്ദ്രസർക്കാരിന്റെ ഫണ്ട് ലഭിക്കുന്നത്. ഇത് ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമുഖേന ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നല്കുന്നു. കൃഷി ഭവനുകളിൽ നിന്ന് ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ഡയറക്ടർ തുക വിതരണം ചെയ്യുന്നു.

**നിർവ്വഹണസ്ഥാപനം**

ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ കൃഷിഭവനുകൾക്കാണ് പദ്ധതിനിർവ്വഹണ ചുമതല.

**ലക്ഷ്യങ്ങൾ**

1. നെല്ല് തുടങ്ങിയ വിളകളുടെ സമഗ്രവികസനം സാധ്യമാക്കുക.
2. കാർഷികയന്ത്രവത്കരണത്തിലൂടെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക.

3. നീർത്തടവികസനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

**ഗുണഭോക്താക്കൾ**

നെൽകർഷകരാണ് പദ്ധതിയിലെ മുഖ്യ ഉപഭോക്താക്കൾ. രജിസ്റ്റർ ചെയ്യപ്പെട്ട പാഠശേഖരസമിതികൾ മുഖേനയാണ് നെൽകർഷകർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്.

**ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

പ്രധാനമായും 3 തരം പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാൻ സാധിക്കുന്നത്. നെൽകൃഷി വികസനം, കാർഷികയന്ത്രവത്കരണം, നീർത്തടവികസനം എന്നിവയാണവ.

**നെൽകൃഷിവികസനം**

നെൽകൃഷിവികസനത്തിനായി താഴെ പറയുന്ന ഘടകങ്ങളാണ് നടപ്പിലാക്കുന്നത്.

1. കാർഷിക സർവ്വകലാശാല നല്കുന്ന കാർഷിക നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കൃഷിചെയ്യുന്ന പ്രദർശനകൃഷിയിടങ്ങൾ സ്ഥാപിക്കുക. ഹെക്ടർറിന് 5000 രൂപയാണ് പാഠശേഖരസമിതികൾ മുഖേന ധനസഹായമായി നല്കുന്നത്.
2. ഒറ്റഞാർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരേക്കർ വിസ്തൃതിയുള്ള പ്രദർശന പ്ലോട്ടുകൾ സ്ഥാപിക്കുന്നു. 4000 രൂപയാണ് ധനസഹായം.
3. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ സംഭരിക്കുന്നതിന് കിലോഗ്രാമിന് 5 രൂപയെന്ന കണക്കിൽ ധനസഹായം നല്കുന്നു.
4. സൂക്ഷ്മ മൂലകവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇവയ്ക്ക് ഹെക്ടറിന് 500 രൂപ എന്ന കണക്കിൽ ധനസഹായം നല്കുന്നു.
5. അമ്ലസ്വഭാവമുള്ള മണ്ണിലെ അമ്ലത്വം കുറയ്ക്കുന്നതിനായി ഹെക്ടർറിന് 500 രൂപ ധനസഹായമായി ലഭ്യമാക്കുന്നു.
6. സസ്യസംരക്ഷണമരുന്നുകൾ ഉപയോഗിക്കേണ്ടി വരുമ്പോഴും ജൈവകീടനാശിനികൾ ഉപയോഗിക്കുമ്പോഴും അവയുടെ വിലയുടെ 50% (പരമാവധി ഹെക്ടറിന് 500 രൂപ) ധനസഹായമായി ലഭ്യമാക്കുന്നു.
7. നെൽപ്പാടശേഖരങ്ങളിൽ കർഷകരും കൃഷിവിദ്ഗദരും കൂട്ടായി നടത്തുന്ന വയൽ വിദ്യാലയം സംഘടിപ്പിക്കുന്നതിന് 17,000 രൂപ ധനസഹായം നൽക്കുന്നു.
8. കാർഷിക യന്ത്രവൽക്കരണം

തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമായികൊണ്ടിരിക്കുന്ന കേരളത്തിൽ യന്ത്രങ്ങളെ ആശ്രയിക്കാതെ നെൽകൃഷി ലാഭമായി മുന്നോട്ട് കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് തന്നെ കാർഷിക യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്.

ട്രാക്കുകൾ, പവ്വർടില്ലുകൾ എന്നിവ സ്വന്തമാക്കുന്നതിന് കർഷകർക്കും കർഷകസംഘ ങ്ങൾക്കും 25,000 മുതൽ 45,000 രൂപ വരെ സബ്സിഡി നൽകുന്നു. നടീൽയന്ത്രങ്ങൾ, കൊയ്ത്തുയന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനും കർഷകർക്ക് സബ്സിഡി ലഭ്യമാണ്. മെതി യന്ത്രങ്ങൾക്ക് 12,000 രൂപ വരെയും ജലസേചനപമ്പുസെറ്റുകൾക്ക് 19,000 രൂപ വരെയയും ധനസഹായം ലഭ്യമാണ്. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറുകൾക്ക് 800 രൂപ മുതൽ 2000 രൂപ വരെ സബ്സിഡി ലഭിക്കും. കൊയ്ത്തുമെതി യന്ത്രങ്ങൾക്ക് 1,50,000 രൂപ ധനസ ഹായമായി ലഭിക്കുന്നു.

**നീർത്തടവികസനം**

പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും കാർഷികഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ധനസഹായം ലഭ്യമാണ്.

**നിർവ്വഹണസംവിധാനം**

കൃഷിഭവനുകളിലൂടെ നെൽകൃഷിക്കുള്ള പദ്ധതികൾക്ക് പാടശേഖരസമിതികൾ മുഖേന അപേക്ഷ സ്വീകരിക്കുന്നു. വളം, കളനാശിനികൾ മുതലായവ സഹകരണസംഘങ്ങളിൽ നിന്നും പെർമിറ്റ് മുഖേന വിതരണം ചെയ്യുന്നു.

**തദ്ദേശസ്ഥാപനങ്ങളുടെ പങ്ക്**

ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ കാർഷിക വികസന സമിതിയുടെ അംഗീകാര ത്തോടെ പദ്ധതി നിർവ്വഹിക്കുന്നു. പദ്ധതി വിശദാംശങ്ങൾ ഗ്രാമസഭകളിൽ/വാർഡ്സഭക ളിൽ അവതരിപ്പിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാം. കൂടാതെ നിർവ്വ ഹണവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമസഭയുടെയും/വാർഡ് സഭയുടേയും /നഗരസഭയു ടേയും പഞ്ചായത്തിന്റെയും ചർച്ചയ്ക്ക് വിധേയമാക്കണം. ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിൽ നിന്ന് തെരഞ്ഞെടുക്കാവുന്നതാണ്.

**സംയോജനസാധ്യതകൾ**

നഗരസഭാ പ്രോജക്റ്റുകളുമായി സംയോജിപ്പിച്ച് സമഗ്രപദ്ധതികൾ തയ്യാറാക്കാം. ആയത് പദ്ധതിരേഖയുടെ ഭാഗമാക്കാം. വാർഡ്സഭകൾ മുഖേന പദ്ധതികളെ പറ്റിയുള്ള അറിവ് കൂടുതൽ കർഷകരിലേക്ക് എത്തിക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കാനും സാധിക്കും. തന്നെയുമല്ല പദ്ധതിയുടെ മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാവും. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഘടകങ്ങൾ മുൻകൂട്ടി മനസ്സിലാക്കിയാൽ അതേ ഘടക ത്തിന് പദ്ധതി വിഹിതം നീക്കിവെയ്ക്കുന്നത് ഒഴിവാക്കാൻ സാധിക്കും. നെൽപ്പാടങ്ങളിൽ നിലമൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കാവുന്നതാണ്.

# III. അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (Agricultural Technology Management Agency (ATMA)

**ആമുഖം**

പത്താം പഞ്ചവത്സരപദ്ധതിക്കാലത്ത് വിവിധ സംസ്ഥാനങ്ങളിലെ കാർഷിക വിജ്ഞ്യാനവ്യാപനപ്രവർത്തനങ്ങളിൽ ക്രിയാത്മക പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായാണ് ജില്ലാതലത്തിൽ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മേന്റ് ഏജൻസികൾ രൂപീകരിക്കാൻ തീരുമാനിച്ചത്. കാർഷിക അനുബന്ധമേഖലകളായ കൃഷി , മൃഗസംരക്ഷണം, ക്ഷീരോല്പാദനം, മത്സ്യോൽപ്പാദനം, മണ്ണുസംരക്ഷണം തുടങ്ങിയവയിലെ കാർഷിക വിജ്ഞാനവ്യാപന പരിപാടികൾ ആത്മാ മുഖേന ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.

**ഫണ്ട്**

100% കേന്ദ്രസർക്കാർ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് ഡയറക്ടറാണ് സ്റ്റേറ്റ് നോഡൽ ഓഫീസർ അദ്ദേഹമാണ് ആത്മ പ്രോജക്റ്റ് ഡയറക്ടർമാർക്ക് തുക കൈമാറുന്നത്. പ്രോജക്റ്റ് ഡയറക്ടർ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് തുക കൈമാറുന്നു.

**നിർവ്വഹണസ്ഥാപനം**

ജില്ലാകളക്ടറാണ് അതാത് ജില്ലയിലെ ആത്മാ ചെയർമാൻ. ജില്ലാതലത്തിൽ ആത്മാ ഗവേണിംഗ് ബോർഡും ആത്മ മാനേജ്മെന്റ് കമ്മിറ്റിയും പ്രവൃത്തികളുടെ ചുക്കാൻ പിടിക്കുന്നു.ബ്ലോക്ക്തലത്തിൽ അഡ്വൈസറി സെന്റർ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുന്നു. ബ്ലോക്ക് പ്രദേശത്തെ കർഷകരും ഉദ്യോഗസ്ഥരും ഇതിന്റെ ഭാഗമാണ്. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കാണ് ഇതിന്റെ ചുമതല.

**ലക്ഷ്യങ്ങൾ**

1. കൃഷി അനുബന്ധ മേഖലയിലെ വിജ്ഞാന/പരിശീലന ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ നിറവേറ്റുക.
2. കാർഷിക മേഖലയിലെ വിവിധ ഏജൻസികളുടെ പ്രവർത്തനം സംയോജിപ്പിച്ച് വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
3. കാർഷികവികസനത്തിൽ സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തുക.

**ഗുണഭോക്താക്കൾ**

കർഷകർക്കും കർഷകസംഘങ്ങൾക്കും വനിതാ കർഷകർക്കും പദ്ധതികളുടെ പ്രയോജനം ലഭിക്കും.

**ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

രാജ്യത്താകമാനമുള്ള വിവിധ കാർഷികഗവേഷണസ്ഥാപനങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും മറ്റുമുള്ള പഠനപര്യടനങ്ങൾ, വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമഗ്ര പരിശീലന പരിപാടികൾ, പ്രദർശനതോട്ടങ്ങൾ (Demonstration plots), വയൽവിദ്യാലയങ്ങൾ (Farmers Field school) മുതലായവ ആത്മയുടെ പ്രവർത്തനങ്ങളിൽ പെടുന്നു.

**പ്രവർത്തനങ്ങൾ**

1. ദേശീയ പരിശീലനസ്ഥാപനങ്ങളും IGNOU പോലുള്ള സ്ഥാപനങ്ങളും നടത്തുന്ന പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്നതിന് സർക്കാർ, സർക്കാരിത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, സംരംഭകർ തുടങ്ങിയവരെ സഹായിക്കുക.
2. കാർഷിക രംഗത്ത് മികച്ച നേട്ടം കൈവരിച്ച അന്യസംസ്ഥാനങ്ങളിലേയ്ക്കുള്ള പഠന പര്യടനങ്ങൾ.
3. സംസ്ഥാനതല കാർഷികപ്രദർശനങ്ങൾ, മേളകൾ, ഫലവർഗ്ഗ പച്ചക്കറി പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക.
4. മികച്ച കർഷകർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും അവാർഡുകൾ നല്കുക.
5. ജില്ലതലത്തിൽ പഠന/പരിശീലന ആവശ്യങ്ങൾ കണ്ടെറിഞ്ഞ് Strategic Research Extension Plan(SREP) തയ്യാറാക്കൽ .
6. കർഷകർക്കുള്ള പരിശീലനപരിപാടികൾ -സംസ്ഥാനത്തിനകത്തും പുറത്തും നടത്താവുന്നതാണ്.
7. പ്രദർശനകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ.
8. ഒരേ തരം കൃഷികളിൽ /സംരംഭങ്ങളിൽ ഏർപ്പെടുന്ന കർഷകരെ സംയോജിപ്പിച്ച് കർഷക കൂട്ടായ്മകൾ രൂപീകരിച്ച് കൃഷി കൂടുതൽ ലാഭകരമാക്കുക.

**നിർവ്വഹണസംവിധാനം**

ഓരോ വർഷവും കാർഷിക വിജ്ഞാനവ്യാപനപ്രവർത്തനങ്ങളുടെ വിശദമായ ചാർട്ട് (Cafetena) തയ്യാറാക്കി ആത്മ ഗവേണിംഗ് ബോർഡിന്റെ അംഗീകാരം നേടുന്നു. ഇത് ബ്ലോക്ക് തലത്തിൽ ഫാർമേഴ്സ് ഇൻഫർമേഷൻ ആന്റ് അഡ്വൈസറി സെന്ററിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്**

ആത്മയുടെ ജില്ലാതലത്തിൽ ബ്ലോക്ക്തലത്തിലുള്ള സമിതികളോട് അംഗീകാരത്തോടെയാണ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇപ്പോൾ

നേരിട്ട് ഇടപെടുന്നില്ല. എന്നാൽ ഗ്രാമസഭകൾ /വാർഡ് സഭകൾ മുഖേന കൂടുതൽ ജനങ്ങളിലേക്ക് ആത്മാപ്രവർത്തനങ്ങൾ എത്തിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാൻ കഴിയും. കൂടാതെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെയും ഗ്രാമസഭകളുടെയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുക.

**സംയോജനസാധ്യതകൾ**

ജില്ല/ബ്ലോക്ക്/പഞ്ചായത്തുകൾ/നഗരസഭകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ വികസനപ്രവർത്തനങ്ങൾ ഗുണപ്രദമാക്കുന്നതിന് വേണ്ടിവരുന്ന പരിശീലനപരിപാടികൾ, പഠനപര്യടനങ്ങൾ മുതലായവ ആത്മാ മുഖേന നിർവ്വഹിക്കാവുന്നതാണ്. ആയത് പദ്ധതിരേഖയിൽ ഉൾപ്പെടുത്താവുന്നതുമാണ്. സംയോജിത പദ്ധതികൾ തയ്യാറാക്കുന്നതിലൂടെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും സാധിക്കും. കൃഷിയിൽ യന്ത്രവൽക്കരണം സാധ്യമാക്കുന്ന തരത്തിൽ കർഷകർക്കും , കാർഷികതൊഴിലാളികൾക്കും വിദഗ്ദ്ധപരിശീലനം നല്കി വിദഗ്ദ്ധ കാർഷികതൊഴിലാളികളുടെ ലേബർ ബാങ്ക് (വടക്കാഞ്ചേരി മോഡൽ ഗ്രീൻ ആർമി) രൂപീകരിക്കാവുന്നതാണ്.

## IV. ദേശീയ ബയോഗ്യാസ് വികസനപദ്ധതി

**ആമുഖം**

പരമ്പരാഗത ഉർജ്ജസ്രോതസ്സുകളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് പരമ്പരാഗതമല്ലാത്ത ഉർജ്ജസ്രോതസ്സുകളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1981 – 82 കാലഘട്ടം മുതൽ നേരിയ ഭേദഗതികളോടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. പാഴ്വസ്തുക്കളിൽ നിന്നും ഊർജ്ജോല്പാദനം എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.

**ഫണ്ട്**

പദ്ധതിതുകയുടെ 50 ശതമാനം കേന്ദ്രസർക്കാരും 50 ശതമാനം സംസ്ഥാനസർക്കാരുമാണ് വഹിക്കുന്നത്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിൽനിന്നും കൃഷി ഡയറക്ടർക്ക് ലഭിക്കുന്ന തുക ടാർജറ്റ് അനുസരിച്ച് ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും അവർ ബോക്ക് തലകൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൈമാറുന്നു.

**നിർവ്വഹണസ്ഥാപനം**

ഗ്രാമപഞ്ചായത്ത്/നഗരസഭ തലത്തിൽ കൃഷിഭവനുകൾക്കാണ് പദ്ധതി നിർവ്വഹണ ചുമതല. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പ്ലാന്റ് പണി പൂർത്തിയാക്കി കൃഷി ഓഫീസറിൽ നിന്ന് ക്ലയിം കിട്ടുന്ന മുറയ്ക്ക് ട്രഷറിയിൽ നിന്നും തുക മാറിയെടുത്ത് ഗുണഭോക്താവിന് നൽകുന്നു.

**ലക്ഷ്യങ്ങൾ**

1. മാലിന്യങ്ങളിൽ നിന്നും പാചകവാതകം നിർമ്മിച്ച് ഗാർഹിക ഊർജ്ജഉപയോഗം ചെലവു കണക്കാക്കുക.
2. മാലിന്യസംസ്ക്കരണ പരിസ്ഥിതി സൗഹൃദപരമായി നിർവ്വഹിക്കുക.
3. ഗുണമേന്മയുള്ള ജൈവവളം ലഭ്യമാക്കുക വഴി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

**ഗുണഭോക്താക്കൾ**

ചെറുകിടനാമമാത്ര കർഷകരും കർഷകകുടുംബങ്ങൾക്കും പദ്ധതിയുടെ ഗുണഭോക്താക്കളാകാം (1 ഹെക്ടർ താഴെ നാമമാത്രകർഷകർ, 12 ഹെക്ടർ-ചെറുകിട കർഷകർ)

**ഏറ്റെടുക്കുന്ന പ്രവൃത്തികൾ**

ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുക എന്നതാണ് പ്രധാന പ്രവർത്തനം

**പ്രവർത്തനങ്ങൾ**

ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു 2 ഘന മീറ്റർ മുതൽ 10 ഘനമീറ്റർ വരെ ശേഷിയുള്ള ' ദീനബന്ധു' മോഡൽ പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. വിദഗ്ദ്ധരായ അംഗീകൃത ഏജൻസികൾ മുഖേനയാണ് പ്ലാന്റുകൾ നിർമ്മിക്കുന്നത്. 3 വർഷത്തേക്ക് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന ഉറപ്പു വരുത്തുന്നതിനായി ഈ ഏജൻസികൾക്ക് 700രൂപ ടേൺ കീ ജോബ് ഫീസ് (Turn Key Job Fees) ആയി നൽകുന്നുണ്ട്. (ഇപ്പോൾ 25000 ക മൊത്തം ചെലവ്, 8000 സബ്സിഡി ബാക്കി ഗുണഭോക്തൃവിഹിതം

**നിർവ്വഹണരീതി**

കൃഷിഭവൻ തലത്തിൽ കർഷകരിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നു. വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കുന്ന പ്ലാന്റുകൾക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സബ്സിഡി നൽകുന്നു.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്.**

കൃഷിഭവൻ തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/നഗരസഭാ ചെയർപേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായ കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമസഭകൾ/വാർഡ്സഭകൾ മുഖേന പദ്ധതികൾ കൂടുതൽ ജനകീയമാക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാം

**സംയോജനസാധ്യതകൾ**

ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് /നഗരസഭാ തലങ്ങളിൽ മാലിന്യനിർമ്മാജ്ജന പദ്ധതികൾ ബയോഗ്യാസ് ഉല്പാദനവുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാം. പശു വളർത്തലും

ബയോഗ്യാസ് നിർമ്മാണവും സംയോജിപ്പിക്കാൻ സാധിക്കും. ബയോഗ്യാസ് പ്ലാന്റിൽ നിന്നും ഉപോല്പന്നമായി ലഭിക്കുന്ന സ്ലറി (ചാണകവെള്ളം) ജൈവകൃഷിക്ക് ഗുണകരമായി ഉപയോഗിക്കാം. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടേയും പദ്ധതിയിലും സബ്സിഡി മാർഗരേഖയിലും ഇതേയാവശ്യം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അതേ ഗുണഭോക്തൃലിസ്റ്റ് തന്നെ ഇതിനകം ഉപയോഗപ്പെടുത്താവുന്നതും പദ്ധതിരേഖയിൽ ആയത് ഉൾപ്പെടുത്താവുന്നതാണ്.

## V. കണിക ജലസേചനവും സ്പ്രിംഗ്ളർ ജലസേചനവും (Micro Irrigation)

**ആമുഖം**

1987 മുതലാണ് കണികജലസേചനവും സ്പ്രിംഗ്ളർ ജലസേചനവും നടത്തുന്നതിന് സബ്സിഡി ആരംഭിച്ചത്. ചെടികളുടെ വേരുപടത്തിലേക്ക് നേരിട്ട് വെള്ളം എത്തിക്കുകയും തദ്വാരാജലോപയോഗം പരമാവധി കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യുന്ന ജലസേചനരീതിയാണ് കണിക ജലസേചനം (Drip Irrigation). കൂടുതൽ വെള്ളം ലഭ്യമാവുന്ന സാഹചര്യങ്ങൾ നടപ്പിലാക്കുന്ന സ്പ്രിംഗ്ളർ ജലസേചന രീതിയും വ്യാപകമായി നടപ്പിലാക്കി വരുന്നുണ്ട്.

**ഫണ്ട്**

90 ശതമാനം കേന്ദ്രസർക്കാർ വിഹിതവും 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതവുമാണ്. സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടർ ലഭ്യമാവുന്ന ഫണ്ട് ജില്ലാതലങ്ങളിൽ പ്രൻസിപ്പൽ കൃഷി ഓഫീസർമാർക്ക് കൈമാറുന്നു. ഇവർ ബ്ലോക്ക്തലങ്ങളിലുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് തുക നൽകുന്നു. അസിസ്റ്റന്റ് ഡയറക്ടർ കൃഷിഭവനുകളിൽ ക്ലയിം കിട്ടുന്ന മുറയ്ക്ക് കർഷകർക്ക് സബ്സിഡി വിതരണം ചെയ്യുന്നു.

**നിർവ്വഹണസ്ഥാപനം**

ഗ്രാമപഞ്ചായത്തു/നഗരസഭാ തലത്തിൽ കൃഷിഭവനാണ് നിർവ്വഹണചുമതല.

**ലക്ഷ്യങ്ങൾ**

1. ലഭ്യമായ ജലത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തിക്കൊണ്ട് കൂടുതൽ കൃഷിയിടങ്ങൾ ജലസേചന യോഗ്യമാക്കുക
2. ജലോപയോഗം കുറയ്ക്കുക
3. ശാസ്ത്രീയമായ ജലപരിപാലനത്തിലൂടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുക

**ഗുണഭോക്താക്കൾ**

5 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കർഷകകുടുംബങ്ങൾക്ക് പദ്ധതിയുടെ ഗുണഭോക്താക്കളാകാം.

**പ്രവർത്തനങ്ങൾ**

കണികജലസേചനവും സ്പ്രിംഗ്ളർ ജലസേചനവുമാണ് പദ്ധതിയിൽ നടപ്പിലാക്കുന്നത്. യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം വരെ സബ്സിഡി ലഭ്യമാണ്. ഇതിന്റെ വിശദാംശങ്ങൾ പട്ടികയിൽ നൽകിയിട്ടുണ്ട്.

**നിർവ്വഹണസംവിധാനം**

കൃഷിഭവൻ തലത്തിൽ അപേക്ഷകൾ സ്വീകരിച്ച് അംഗീകാരത്തിനായി ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. അംഗീകാരം ലഭിച്ച കർഷകർക്ക് ജലസേചന സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു. സംസ്ഥാനതലത്തിൽ അംഗീകൃത ഏജൻസികൾ മുഖേനയാണ് ഇത് ചെയ്യുന്നത്. കൃഷി ഓഫീസറുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കുന്ന വാലുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /നഗരസഭാ ചെയർപേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായ കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമസഭകളിലൂടെ മൈക്രോഇറിഗേഷൻ പദ്ധതികളെക്കുറിച്ച് കൂടുതൽ കർഷകരെ ബോധവൽക്കരിക്കാനും ഗുണഭോക്താക്കളെ കണ്ടെത്താനും സാധിക്കും.

**സംയോജന സാധ്യതകൾ**

ഗ്രാമസഭകൾ/വാർഡ് സഭകൾ മുഖേന പദ്ധതിക്ക് കൂടുതൽ പബ്ലിസിറ്റി നൽകുന്നതിനും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും സാധിക്കും. പ്രിഡിക്ഷൻ ഫാമിംഗ് പോലുള്ള പ്രവർത്തനങ്ങൾ മൈക്രോഇറിഗേഷൻ പദ്ധതികളുമായി ബന്ധിപ്പിക്കാവുന്നതാണ്. കൂടാതെ ജലസേചനവുമായി ബന്ധപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ / നഗരസഭകൾ തയ്യാറാക്കുന്ന പദ്ധതിയിൽ ഈ സ്കീമിന്റെ സാദ്ധ്യതയും പറയുകയും പദ്ധതിരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

## VI. രാഷ്ട്രീയ കൃഷി വികാസ് യോജന (Rashtriya Krishi Vikas Yojana-RKVY)

**ആമുഖം**

2007-08 മുതലാണ് രാഷ്ട്രീയ കൃഷി വികാസ് യോജന ആരംഭിക്കുന്നത്. സംസ്ഥാനങ്ങൾക്ക് അതാതിടത്തെ കാർഷികപരിസ്ഥിതിക കാലാവസ്ഥാ സാഹചര്യങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ രൂപീകരിക്കുന്നതിന് കേന്ദ്രം സഹായം നൽകുന്ന പദ്ധതിയാണിത്.

**ഫണ്ട്**

സംസ്ഥാന കൃഷി ഡയറക്ടർക്ക് ലഭിക്കുന്ന തുക പദ്ധതി തുകയുടെ ഭാഗമാക്കി ജില്ലാതലങ്ങളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് കൈമാറുന്നു. ഇവരിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കൃഷിഭവനുകൾക്ക് തുക നൽകുന്നു.

**നിർവ്വഹണസ്ഥാപനങ്ങൾ**

ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ കൃഷിഭവനാണ് നിർവ്വഹണചുമതല.

**ലക്ഷ്യങ്ങൾ**

1. സംസ്ഥാനങ്ങൾ കാർഷികമേഖലയിൽ കൂടുതൽ തുക വകയിരുത്താൻ സഹായിക്കുക.
2. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുക.
3. ജില്ലാതലങ്ങളിൽ കാർഷിക കാലാവസ്ഥാ സാഹചര്യങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ സാധ്യമാക്കുക.
4. കാർഷികമേഖലയിൽ പ്രാദേശിക പരിഗണനകൾക്ക് മുൻഗണന നൽകുക.
5. പ്രധാന വിളകൾക്ക് പ്രത്യേകം ശ്രദ്ധ നൽകി വിളവ് വർദ്ധിപ്പിക്കുക.
6. കർഷകർക്ക് പരമാവധി വരുമാനം ഉറപ്പു വരുത്തുക.

**ഗുണഭോക്താക്കൾ**

സാധാരണയായി കർഷകരും കർഷകകുടുംബങ്ങളും കർഷകസമിതികളും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ആവശ്യമായ പദ്ധതികൾ നിർദ്ദേശിക്കുന്നതിന് അംഗീകാരം നേടിയെടുക്കുന്നതിന് സാധിക്കും. പാടശേഖരസമിതി മുഖേന നെൽകൃഷി, വാഴകൃഷി മുതലായവക്ക് വ്യക്തികൾക്ക് നേരിട്ട് അപേക്ഷിക്കാവുന്നതാണ്.

**പ്രവർത്തനങ്ങൾ**

ഓരോ വർഷവും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പദ്ധതികൾ തീരുമാനിക്കുന്നത്. അടിസ്ഥാനസൗകര്യത്തിനുള്ള പദ്ധതികൾ, വളം, കീടനാശിനി വിതരണം, സംസ്കരണം, യന്ത്രവൽക്കരണം തുടങ്ങി അനേകം പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കും.

**നിർവ്വഹണസംവിധാനം**

താഴെ തട്ടിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. അംഗീകാരം ലഭിച്ചവ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു.

**മോണിറ്ററിംഗ് സംവിധാനം**

കാർഷികവികസനസമിതി മോണിറ്ററിംഗ് നിർഹിക്കുന്നു.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പങ്ക്**

കൃഷിഭവൻ തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതും കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെയാണ്. ഗ്രാമസഭകൾ/ വാർഡ് സഭകൾ മുഖേന പദ്ധതികൾ കൂടുതൽ ജനകീയമാക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാൻ സാധിക്കും. കൃഷി ഓഫീസർ മുഖേന സ്കീമിനെ പറ്റിയുള്ള അറിവും പ്രവർത്തന റിപ്പോർട്ടും ഗ്രാമസഭയിൽ /വാർഡ് സഭയിൽ അവതരിപ്പിക്കുന്നതും മോണിറ്ററിംഗ് നടത്താവുന്നതുമാണ്.

**സംയോജന സാധ്യതകൾ**

ഗ്രാമ /ബ്ലോക്ക്/ ജില്ലാപഞ്ചായത്ത് /നഗരസഭാ പദ്ധതികളിലെ ഫണ്ടിന്റെ കുറവ് ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് സമഗ്രപദ്ധതികൾ രൂപീകരിക്കുക വഴി പരിഹരിക്കാം. അതാത് വർഷങ്ങളിൽ ആർ.കെ.വി.വൈ. പദ്ധതികൾ വ്യക്തമായി മനസ്സിലാക്കിയാൽ അതേ ഘടകങ്ങൾക്ക് വികസനത്തിന് നീക്കിവെയ്ക്കുന്നത് ഒഴിവാക്കാം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിരേഖയിൽ ആർ.കെ.വി.വൈ പ്രവർത്തനങ്ങളും വിവരിക്കാവുന്നതാണ്.

## VII. ദേശീയ ഭക്ഷ്യസുരക്ഷാപദ്ധതി

**ആമുഖം**

ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 2007-08 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നെല്ലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ പാലക്കാട് ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

**ഫണ്ട്**

കേന്ദ്രസർക്കാർ സംസ്ഥാന കൃഷി വകുപ്പിനും അവിടെ നിന്നും ജില്ലാതലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും അദ്ദേഹം ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഫണ്ടുകൾ കൈമാറുന്നു.

**ലക്ഷ്യങ്ങൾ**

1. നെല്ലിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തികൊണ്ട് നെല്ലുൽപാദനം വർദ്ധിപ്പിക്കുക
2. കൃഷിയിടങ്ങളുടെ ഫലഭൂയിഷ്ഠിതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക

3. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
4. കർഷക ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് കർഷകന് ആത്മവിശ്വാസം നൽകുക.

**ഗുണഭോക്താക്കൾ**

ചെറുകിട, നാമമാത്ര നെൽകർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പാടശേഖര സമിതികൾ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**പ്രവർത്തനങ്ങൾ**

പ്രദർശന കൃഷിയിടങ്ങൾ സ്ഥാപിക്കൽ ആണ് പ്രാധാന പ്രവർത്തനം. ശാസ്ത്രീയ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്ന പ്രദർശനതോട്ടങ്ങൾക്ക് 2500 രൂപ ധനസഹായം നൽകുന്നു. ഒറ്റഞാർ കൃഷി രീതിക്ക് 3000 രൂപയാണ് ധനസഹായം. അത്യുൽപാദനശേഷിയുള്ള നെൽവിത്തിനങ്ങളുടെ പ്രദർശന കൃഷിയിടങ്ങൾക്ക് 3000 രൂപ നൽകുന്നു.

-വിത്തുൽപാദനത്തിനും വിതരണത്തിനുമുള്ള വിവിധ പദ്ധതികൾ

-സംയോജിത വളപ്രയോഗം

-നെൽപ്പാടങ്ങളിലെ യന്ത്രവത്കരണം

-സംയോജിത കീടരോഗനിയന്ത്രണം

-കർഷകർക്കുള്ള പരിശീലനങ്ങൾ

**നിർവ്വഹണ സംവിധാനങ്ങൾ**

സംസ്ഥാനതലത്തിൽ ഭക്ഷ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയും ജില്ലാതലത്തിൽ ആത്മ (ATMA) യും മുഖേനയാണ് പദ്ധതി നിർവ്വഹിക്കുന്നത്.

**തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്ക്**

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിലും പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിലും പഞ്ചായത്തുകളുടെ / നഗരസഭകളുടെ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകൽ, പ്രചാരണം നൽകൽ എന്നിവയും ചെയ്യാവുന്നതാണ്.

**സംയോജനസാധ്യതകൾ**

ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് /നഗരസഭാ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ സാധിക്കും. നെൽകൃഷിക്കുള്ള സമഗ്ര പദ്ധതിയും ഇത്തരത്തിൽ തയ്യാറാക്കാം. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ടി വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

## [1]2008 -ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008 ലെ 28-ാം ആക്റ്റ്)

**കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനും ഉള്ള ഒരു ആക്റ്റ്.**

**പീഠിക. –** സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻതോതിൽ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും;

നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള യാതൊരു നിയമങ്ങളും നിലവിൽ ഇല്ലാത്തതിനാലും;

സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും പാരിസ്ഥിതികവ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി, നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത്, പൊതുതാൽപര്യാർത്ഥം, യുക്തമായിരിക്കുമെന്ന് സർക്കാരിന് ബോധ്യം വന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയൊമ്പതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു;-

**1. ചുരുക്കപ്പേരും പ്രാരംഭവും.-**

(1) ഈ ആക്റ്റിന്, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് എന്ന് പേരു പറയാം.

1. ഇതിന് കേരളസംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.
2. ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്

**2. നിർവചനങ്ങൾ. –** ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, –

i. 'കളക്ടർ' എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നതും അതിൽ കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;

ii. 'സമിതി' എന്നാൽ 5-ാം വകുപ്പുപ്രകാരം രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണസമിതി എന്നർത്ഥമാകുന്നു;

[1] Received the assent of the Governor on 11/08/2008. Published under Notification No. 19661/Leg.A1/2007/law dt. 12/08/2008, in K.G.Ext. No. 1790 dt. 12/08/2008 (w.e.f. 12/08/2008)

iii. 'പരിവർത്തനപ്പെടുത്തൽ' എന്നാൽ നെൽകൃഷി ചെയ്തുകൊണ്ടിരുന്ന ഒരു സ്ഥലം അതിന്റെ അനുബന്ധനിർമ്മിതികളായ ജലനിർഗ്ഗമന ചാലുകളും, കുളങ്ങളും, കൈത്തോടുകളും, ചിറകളും വരമ്പുകളും, മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്ന അവസ്ഥ എന്നർത്ഥമാകുന്നു;

iv. 'ജില്ല' എന്നാൽ ഒരു റവന്യു ജില്ല എന്നർത്ഥമാകുന്നു;

v. 'ജില്ലാതല അധികൃതസമിതി' എന്നാൽ 9-ാം വകുപ്പുപ്രകാരം രൂപീകരിക്കുന്ന ജില്ലാതല അധികൃതസമിതി എന്നർത്ഥമാകുന്നു;

vi. 'ജലനിർഗ്ഗമന ചാല് ' എന്നാൽ നെൽവയലിലേക്കും അതിൽ നിന്ന് പുറത്തേക്കും ജലം ഒഴുക്കി വിടുന്നതിനുള്ള ചാല് എന്നർത്ഥമാകുന്നു;

vii. 'സർക്കാർ' എന്നാൽ കേരളസർക്കാർ എന്നർത്ഥമാകുന്നു;

viii. 'നെൽവയലിന്റെ അനുഭവക്കാരൻ' എന്നാൽ ഉടമസ്ഥനായോ നിയമാനുസൃത അവകാശിയായോ നെൽവയൽ കൈവശം വച്ചിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

ix. 'ഇടക്കാലവിള' എന്നാൽ നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവം അനുസരിച്ച്, രണ്ട് നെൽകൃഷിക്കിടയിലുള്ള കാലയളവിൽ, പരിവർത്തനാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, വാഴ, മത്സ്യം എന്നിവപോലെയുള്ള, ഹ്രസ്വകാലവിള എന്നർത്ഥമാകുന്നു;

x. 'കുടുംബശ്രീ യൂണിറ്റുകൾ' എന്നാൽ സർക്കാരിന്റെ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ എന്നർത്ഥമാകുന്നതും അതിൽ സ്വയംസഹായസംഘങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

xi. 'തദ്ദേശസ്ഥാപനം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിർവചിച്ച പ്രകാരമുള്ള ഒരു പഞ്ചായത്ത് എന്നോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിർവചിച്ച പ്രകാരമുള്ള ഒരു മുനിസിപ്പാലിറ്റി എന്നോ അർത്ഥമാകുന്നു;

xii. 'നെൽവയൽ' എന്നാൽ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നതും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിക്കനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്നതോ ആയ എല്ലാത്തരം നിലവും എന്നർത്ഥമാകുന്നതും അതിൽ അതിന്റെ അനുബന്ധനിർമ്മിതികളായ ചിറകളും ജലനിർഗ്ഗമന ചാലുകളും കുളങ്ങളും കൈത്തോടുകളും ഉൾപ്പെടുന്നതുമാകുന്നു.

xiii. 'പാടശേഖര സമിതി' എന്നാൽ നെല്ലിന്റെയും അനുബന്ധവിളകളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കർഷക സംഘടന എന്നർത്ഥമാകുന്നു;

xiv. 'പൊതു ആവശ്യം' എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തികസഹായം നൽകുന്നതോ ആയ പദ്ധതികളുടേയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടേയും ആവശ്യം എന്നർത്ഥമാകുന്നു.

xv. 'രൂപാന്തരപ്പെടുത്തൽ' എന്നാൽ ഈ ആക്റ്റിൽ നിർവചിച്ചപ്രകാരമുള്ള നെൽവയലോ തണ്ണീർത്തടമോ ഏതെങ്കിലും പ്രവൃത്തിയോ തുടർപ്രവൃത്തികളോ മൂലം, സ്ഥിരമായും സാധാരണമാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാദ്ധ്യമല്ലാത്തതുമായ വിധത്തിൽ രൂപാന്തരപ്പെടുത്തുക എന്നർത്ഥമാകുന്നു;

xvi. 'സംസ്ഥാനം' എന്നാൽ കേരളസംസ്ഥാനം എന്നർത്ഥമാകുന്നു;

xvii. 'സംസ്ഥാനതല സമിതി' എന്നാൽ 8-ാം വകുപ്പുപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല സമിതി എന്നർത്ഥമാകുന്നു;

xviii. 'തണ്ണീർത്തടം' എന്നാൽ മണ്ണ് ജലപൂരിതമാക്കിക്കൊണ്ട്, കരപ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതിചെയ്യുന്നതും, ജലനിരപ്പ് സാധാരണഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴംകുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ അഥവാ മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യം കൊണ്ട് സവിശേഷമാകുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, അഴിമുഖങ്ങൾ, ചേറ്റുപ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പുനിലങ്ങൾ, ഓരുള്ള ചതുപ്പ് നിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവ ഉൾപ്പെടുന്നതും, നെൽവയലുകളും നദികളും ഉൾപ്പെടാത്തതുമാകുന്നു.

xix. 'വർഷം' എന്നാൽ ഒരു മലയാളവർഷം എന്നർത്ഥമാകുന്നു.

**3. നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്ക്-** (1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തിയതിയിലും അന്നുമുതൽക്കും ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, പ്രസ്തുത നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം വരുത്താതെ കൃഷി ചെയ്യുന്ന ഏതെങ്കിലും ഇടക്കാലവിളയുടെ കൃഷിക്കോ കൃഷി സംരക്ഷിക്കുന്നതിനായി പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിനോ ബാധകമാകുന്നതല്ല.

**4. നെൽകൃഷിക്ക് പ്രോത്സാഹനം നൽകൽ –** സംസ്ഥാനത്തെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനുവേണ്ടി, സർക്കാർ, കാലാകാലങ്ങളിൽ, ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5. പ്രാദേശികതല നിരീക്ഷണ സമിതിയുടെ രൂപീകരണം –** (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേക്കായി, ഓരോ ഗ്രാമപഞ്ചായത്തിലും അഥവാ മുനിസിപ്പാലിറ്റിയിലും, (2)-ാം ഉപവകുപ്പിൽ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രാദേശികതല നിരീക്ഷണസമിതി ഉണ്ടായിരിക്കുന്നതാണ്.

(2) സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്:-

i. അതതു സംഗതിപോലെ, ഗ്രാമപഞ്ചായത്തിന്റെ അഥവാ മുനിസിപ്പാലിറ്റിയുടെ അഥവാ കോർപ്പറേഷന്റെ പ്രസിഡണ്ട് അഥവാ ചെയർപേഴ്സൺ/മേയർ-ചെയർമാൻ;

ii. ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള കൃഷി ആഫീസർ/ആഫീസർമാർ - അംഗം/അംഗങ്ങൾ;

iii. പ്രസ്തുത പ്രദേശത്ത് അധികാരിതയുള്ള വില്ലേജ് ആഫീസർ/ആഫീസർമാർ - അംഗം/അംഗങ്ങൾ;

iv. പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ നെൽകൃഷിക്കാരുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് പ്രതിനിധികൾ;

കൃഷി ആഫീസർ പ്രാദേശികതല നിരീക്ഷണസമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(3) സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്;

i. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പൊതു ആവശ്യങ്ങൾക്കോ, നെൽവയലിന്റെ ഉടമസ്ഥർക്ക് വീടു വയ്ക്കുന്നതിനോ വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്, അതതു സംഗതിപോലെ, സംസ്ഥാനതല സമിതിക്കോ ജില്ലാതല അധികൃതസമിതിക്കോ ശുപാർശ നൽകുക;

   എന്നാൽ, നെൽവയലിന്റെ ഉടമസ്ഥന് വീടു വയ്ക്കുന്നതിനുവേണ്ടി, അതതു സംഗതിപോലെ, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല;

ii. ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി, സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ സന്ദർശിക്കുകയും, ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം, ഏതെങ്കിലും ഉണ്ടെങ്കിൽ, റവന്യു ഡിവിഷണൽ ആഫീസർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക;

iii. ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും അപ്രകാര മുള്ള ലംഘനം തടയുന്നതിനായി ആ പ്രശ്നത്തിൽ ഇടപെടുകയും ചെയ്യുക;

iv. നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തു കയും നെൽവയലിന്റെ അനുഭവക്കാരന് നെല്ലോ ഏതെങ്കിലും ഇടക്കാലവിളയോ കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്ന രീതിയിൽ ഉചിതമായ പരിഹാര നടപടി കൾ നിർദ്ദേശിക്കുകയും ചെയ്യുക.

(4) സമിതി താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കേണ്ടതാണ്, അതായത്:-

i. സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗബോർഡോ കേന്ദ്ര-സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപ നങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായ ത്തോടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുകയും സർവ്വേ നമ്പരും വിസ്തൃതിയും രേഖപ്പെ ടുത്തിയിട്ടുള്ള ഡേറ്റാ ബാങ്ക് അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ചശേഷം അത് പൊതു ജനങ്ങളുടെ അറിവിലേക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആഫീസിലും, വില്ലേജ് ആഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക;

ii. (3)-ാം ഉപവകുപ്പ് (iv)-ാം ഇനം അനുസരിച്ച് സമിതി നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം നടപടിയുണ്ടാകാതെ ഏതെങ്കിലും വയൽ തരിശിട്ടിരിക്കുന്നുവെങ്കിൽ 16-ാം വകുപ്പ് പ്രകാരം പകരം സംവിധാനം ഏർപ്പെടുത്തുക;

iii. സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ/തണ്ണീർത്തടങ്ങൾ സംര ക്ഷിക്കുന്നതിലേക്ക്, വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക;

iv. സമിതിക്ക് അധികാരിതയുള്ള പ്രദേശത്ത്, ഈ ആക്റ്റ് നിലവിൽ വന്ന തിയതിക്കു മുമ്പ്, തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രൂപാന്തരപ്പെടുത്തിയിട്ടുള്ള നെൽവയലുകളെ സംബന്ധിച്ച് വിവരങ്ങൾ സമാഹരിച്ച് റവന്യു ഡിവിഷണൽ ആഫീസർക്ക് റിപ്പോർട്ട് നൽകുക;

v. കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റു ചുമതലകൾ നിർവഹിക്കുക

(5) സമിതിയുടെ യോഗത്തിനുള്ള ക്വാറം മൂന്ന് ആയിരിക്കുന്നതും അത് ആവശ്യമുള്ളപ്പോ ഴൊക്കെ യോഗം ചേരേണ്ടതും യോഗത്തിനുള്ള സ്ഥലം അതതു സ്ഥലത്തെ പഞ്ചായത്ത് ഓഫീസ് ആയിരിക്കേണ്ടതും സമയം ചെയർമാൻ തീരുമാനിക്കേണ്ടതുമാണ്.

(6) സമിതിയോഗത്തിനുള്ള നടപടിക്രമം അതിനുതന്നെ തീരുമാനിക്കാവുന്നതും പങ്കെടുക്കുന്ന ഓരോ ആളും ഒപ്പിട്ട ശരിയായ മിനിട്ട്സ് അതതു കൃഷി ഓഫീസർ സൂക്ഷിക്കേണ്ടതുമാണ്.

**6. പ്രാദേശികതല നിരീക്ഷണസമിതിയുടെ കാലാവധിയും ബന്ധപ്പെട്ട മറ്റുകാര്യങ്ങളും:-** (1) പ്രാദേശികതല നിരീക്ഷണ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അതിന്റെ രൂപീകരണ തിയതി മുതൽ മൂന്നു വർഷമായിരിക്കുന്നതാണ്. എന്നാൽ ഒരു സമിതിയുടെ കാലാവധി അവസാനിച്ചശേഷം അടുത്ത സമിതി രൂപീകരിക്കുന്നതുവരെ അതിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

(2) ഒരു അനൗദ്യോഗിക അംഗത്തിന് എപ്പോൾ വേണമെങ്കിലും സ്വന്തം കൈയ്യക്ഷരത്തിൽ രേഖാമൂലം എഴുതിക്കൊടുത്തുകൊണ്ട് സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

**7. റിപ്പോർട്ടിംഗ് ഓഫീസർമാർ:-** (1) തങ്ങളുടെ അധികാരിതയ്ക്കുള്ളിൽപ്പെട്ട പ്രദേശത്തെ നെൽവയലിനെ സംബന്ധിച്ച് കൃഷി ആഫീസർമാർ, റിപ്പോർട്ടിംഗ് ആഫീസർമാർ ആയിരിക്കുന്നതും, ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും സംബന്ധിച്ച് റവന്യു ഡിവിഷണൽ ആഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടത് അവരുടെ ഉത്തരവാദിത്തം ആയിരിക്കുന്നതുമാണ്. ഏതെങ്കിലും കാർഷികവേളയിൽ ഏതെങ്കിലും നെൽവയൽ തരിശിട്ടിരുക്കുന്നുവെങ്കിൽ ആ വിവരം കൂടി കൃഷി ആഫീസർ സമിതിയെ അറിയിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിൽ മന:പൂർവ്വമായി വരുത്തുന്ന വീഴ്ച്ച 23-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റമായി കണക്കാക്കപ്പെടുന്നതാണ്.

**8. സംസ്ഥാനതല സമിതിയുടെ രൂപീകരണം.-** (1) സർക്കാർ, പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന്, സമിതി ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകൾ വിശദപരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുന്നതിലേക്കായി, ഒരു സംസ്ഥാനതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) കാർഷികോൽപ്പാദന കമ്മീഷണർ, ലാന്റ് റവന്യു കമ്മീഷണർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതിമേഖലയിലെ ഒരു വിദഗ്ധൻ, നെൽകൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ സംസ്ഥാനതല സമിതിയിലെ അംഗങ്ങൾ ആയിരിക്കുന്നതും, കാർഷികോൽപ്പാദന കമ്മീഷണർ അതിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.

(3) പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതി ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും, സംസ്ഥാനതല സമിതി പരിശോധിച്ച്, ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായി പരിശോധന നടത്തി, സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

**9. ജില്ലാതല അധികൃതസമിതിയുടെ രൂപീകരണം.-** (1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈകൊള്ളുന്നതിനും വേണ്ടി കളക്ടർ ഓരോ ജില്ലയിലും, ജില്ലാതല അധികൃതസമിതി രൂപീകരിക്കേണ്ടതാണ്.

എന്നാൽ, വീട് വയ്ക്കുന്നതിന്, അതതു സംഗതിപോലെ, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് അനുവാദം നൽകികൊണ്ടുള്ള യാതൊരു തീരുമാനവും ജില്ലാതല അധികൃത സമിതി എടുക്കുവാൻ പാടുള്ളതല്ല.

(2) ജില്ലാതല അധികൃതസമിതി റവന്യു ഡിവിഷണൽ ആഫീസർ, പ്രിൻസിപ്പൽ കൃഷി ആഫീസർ, കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നെൽകർഷകർ എന്നിവർ അടങ്ങിയതായിരിക്കുന്നതും റവന്യു ഡിവിഷണൽ ആഫീസർ അതിന്റെ അദ്ധ്യക്ഷനും പ്രിൻസിപ്പൽ കൃഷി ആഫീസർ കൺവീനറും ആയിരിക്കുന്നതുമാണ്.

എന്നാൽ, ഏതെങ്കിലും ജില്ലയിൽ ഒന്നിൽ കൂടുതൽ റവന്യൂ ഡിവിഷണൽ ആഫീസർമാരുള്ള പക്ഷം അവരിൽ ഒരാളെ ജില്ലാതല അധികൃതസമിതിയിലേക്ക് കളക്ടർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തിയതി മുതൽ മൂന്നു വർഷമായിരിക്കുന്നതാണ്. എന്നാൽ, കാലാവധി തീർന്ന ശേഷവും അടുത്തുവരേണ്ട അംഗങ്ങളെ നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെ അവർക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

(4) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സ്വന്തം കൈപ്പടയിലെഴുതിയ കത്ത് ജില്ലാ കളക്ടർക്ക് നൽകികൊണ്ട് എപ്പോൾ വേണമെങ്കിലും സമിതിയിൽ നിന്ന് രാജിവെക്കാവുന്നതാണ്.

(5) ജില്ലാതല അധികൃതസമിതി, ലഭ്യമാകുന്ന ശുപാർശകളിൻമേൽ, ഒരു മാസത്തിനകം തീരുമാനം എടുക്കേണ്ടതാണ്.

(6) ജില്ലാതല അധികൃതസമിതിയുടെ തീരുമാനം മൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പതു ദിവസത്തിനകം കളക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്.

(7) അപ്പീൽ ലഭിച്ച് ഒരു മാസത്തിനകം കളക്ടർ അതിൻമേൽ തീരുമാനം കൈക്കൊള്ളേണ്ടതും കളക്ടരുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(8) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാദേശികതല നിരീക്ഷണ സമിതി,-

i. അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലെന്നും;

ii. നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിനു പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും;

iii. കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടയാണെന്നും;

iv. പ്രസ്തുത നെൽവയൽ, മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ലെന്നും;

ശുപാർശ ചെയ്താൽ അല്ലാതെ അപ്രകാരമുള്ള യാതൊരു അപേക്ഷയും ജില്ലാ തല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളതല്ല.

**10. ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.-** (1) 3-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്.

(2) പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്യുകയും, സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്ന് കിടക്കുന്ന നെൽവയലിലെ നെൽകൃഷിയേയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയേയോ ദോഷകരമായി ബാധിക്കുകയില്ലെന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ, (1)-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല.

**11. തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനുള്ള വിലക്ക്.-** ഈ ആക്റ്റിന്റെ പ്രാരംഭ തിയതിയിലും അന്നുമുതൽക്കും സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തു സൂക്ഷിക്കേണ്ടതും അപ്രകാരമുള്ള തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണനിരോധനം ഉണ്ടായിരിക്കുന്നതുമാണ്;

എന്നാൽ, ഈ വകുപ്പിൽ പറയുന്ന യാതൊന്നുംതന്നെ പ്രസ്തുത തണ്ണീർത്തടത്തിന്റെ പരിസ്ഥിതിഘടന നിലനിർത്തുന്നതിനുവേണ്ടി എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ബാധകമാകുന്നതല്ല.

**12. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നിയമനവും അവരുടെ അധികാരങ്ങളും.-** (1) സർക്കാരിന് ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി റവന്യു ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ, റവന്യു വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരായി നിയമിക്കാവുന്നതും ഈ ആക്റ്റുപ്രകാരം അവരുടെ അധികാരങ്ങൾ വിനിയോഗിക്കാവുന്ന പ്രദേശം നിശ്ചയിച്ച് നൽകേണ്ടതുമാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനോ അല്ലെങ്കിൽ ആക്റ്റു പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത് തടയുന്നതിനോ വേണ്ടി,-

a. ഈ ആക്റ്റുപ്രകാരം ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റത്തിൻമേൽ പരിശോധനയോ അന്വേഷണമോ നടത്തുന്നതിന് ആവശ്യമെന്ന് അദ്ദേഹം കരുതുന്ന പ്രകാരമുള്ള സന്നാഹത്തോടെ, അതുമായി ബന്ധപ്പെട്ട ഏതു പരിസരത്തും അല്ലെങ്കിൽ ഏതു സ്ഥലത്തും പ്രവേശിക്കാവുന്നതും;

b. ഈ ആക്റ്റിലെ 3-ാം വകുപ്പിനോ 11-ാം വകുപ്പിനോ വിരുദ്ധമായ ഏതൊരു പ്രവർത്തനവും നിർത്തിവയ്ക്കാൻ ഏതൊരു വ്യക്തിയോടും ആവശ്യപെടാവുന്നതും;

c. ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും യാനമോ അല്ലെങ്കിൽ വാഹനമോ മറ്റു വാഹനസൗകര്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനായി, കളക്ടർക്ക് ഒരു റിപ്പോർട്ട് അയക്കേണ്ടതും;

d. അദ്ദേഹം ആവശ്യമാണെന്ന് കരുതുന്ന പ്രകാരമുള്ള വിവരം നൽകാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാവുന്നതും;

e. ഫോട്ടോഗ്രാഫുകൾ എടുക്കുകയോ വസ്തുവിവരപ്പട്ടിക തയ്യാറാക്കുകയോ, കുറ്റം ചെയ്തു എന്നത് സംബന്ധിച്ച തെളിവ് ശേഖരണാർത്ഥം, ആവശ്യമായ മറ്റു കാര്യങ്ങളോ ചെയ്യാവുന്നതും പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി അധികാരതയുള്ള കോടതിക്ക് ഒരു റിപ്പോർട്ട് നൽകേണ്ടതുമാണ്.

(3) ഈ വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഏതൊരു വ്യക്തിയോടും ഏതെങ്കിലും രേഖയോ സാധനമോ ഏതെങ്കിലും വിവരമോ ആവശ്യപ്പെട്ടാൽ അത്തരം ആൾ, 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 175-ഉം 176-ഉം വകുപ്പുകളുടെ അർത്ഥവ്യപ്തിക്കുള്ളിൽ അങ്ങനെ ചെയ്യാൻ നിയമപരമായി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക്ക് സർവന്റ് ആയി കണക്കാക്കപ്പെടുന്നതാണ്.

(5) (1)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, ഈ ആക്റ്റിലെ ലംഘനം സംബന്ധിച്ച് 7-ാം വകുപ്പുപ്രകാരം റിപ്പോർട്ടിംഗ് ആഫീസർ നൽകുന്ന റിപ്പോർട്ടിൻമേൽ മേൽനടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ചവരുത്തിയാൽ അയാൾ 23-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്.

**(13). ജില്ലാ കളക്ടറുടെ അധികാരം.-** ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്ക്, ആക്റ്റുപ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടിക്ക് ഭംഗംവരാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയൽ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിലേക്കായി ചെലവഴിക്കേണ്ടിവന്ന തുക, അതതു സംഗതിപോലെ, പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം, ഈടാക്കാവുന്നതാണ്.

(14) തദ്ദേശസ്ഥാപനം ലൈസൻസ് നിഷേധിക്കണമെന്ന് - 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും (1994 - ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും (1994-ലെ 20) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശസ്ഥാപനവും നൽകാൻ പാടുള്ളതല്ല.

**15. തരിശു നെൽവയൽ കൃഷി ചെയ്യാനുള്ള നിർദ്ദേശം.-** സമിതിക്ക്, കൃഷിയിറക്കാതെ തരിശിട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾമുഖേനയോ, ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാലവിളയോ, കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്.

**16. തരിശു നെൽവയൽ കൃഷി ചെയ്യിക്കൽ.-** (1) 15-ാം വകുപ്പുപ്രകാരം നൽകിയ നിർദ്ദേശം നടപ്പാക്കാൻ നെൽവയലിന്റെ അനുഭവക്കാരന് കഴിയാത്തത്, പ്രായോഗിക ബുദ്ധിമുട്ടുകൾ കൊണ്ടാണെന്ന്, അയാൾ നൽകിയ മറുപടിയിൽ നിന്നും സമിതിക്ക് ബോദ്ധ്യമാകുന്നപക്ഷം, സമിതിക്ക് അയാളോട് പ്രസ്തുത നെൽവയൽ പഞ്ചായത്തു മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള അനുമതി രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സമിതിയുടെ കത്തു ലഭിച്ചാൽ, മറുപടിയായി, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകികൊണ്ടോ അത് നിഷേധിച്ചുകൊണ്ടോ കഴിയുന്നത്രവേഗം രേഖാമൂലം മറുപടി നൽകേണ്ടതാണ്.

(3) നെൽവയലിന്റെ അനുഭവക്കാരൻ പ്രസ്തുത നെൽവയൽ കൃഷി ചെയ്യിക്കുന്നതിന് അനുമതി നൽകുന്നപക്ഷം, സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കു വിധേയമായി, അപ്രകാരമുള്ള ഫാറത്തിൽ പഞ്ചായത്തും നെൽവയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിടുവിച്ചശേഷം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യിപ്പിക്കുന്നതിനോവേണ്ടി ഒരു നിശ്ചിതകാലയളവിലേക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള നെൽവയൽ, അത് നേരിട്ട് കൃഷി ചെയ്യുന്നില്ലെങ്കിൽ അതിന്, (3)-ാം ഉപവകുപ്പിൻ കീഴിൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തവിധം പ്രസ്തുത നെൽവ

യൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, പരമാവധി രണ്ടു വർഷക്കാലയളവിലേക്ക് ലേലം ചെയ്തോ മറ്റുവിധത്തിലോ ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിന് ഏൽപ്പിച്ചുകൊടുക്കുമ്പോൾ താഴെപ്പറയുന്ന പ്രകാരം മുൻഗണനാക്രമം പാലിക്കേണ്ടതാണ്. അതായത്;-

i. പാടശേഖരസമിതികൾക്ക് അഥവാ സംയുക്ത കർഷകസംഘങ്ങൾക്ക്;

ii. സ്വയംസഹായസംഘങ്ങൾക്ക്;

iii. നെൽവയൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്.

(6) (4)-ഉം (5)-ഉം ഉപവകുപ്പുകൾപ്രകാരം പ്രസ്തുത നെൽവയൽ കൃഷി ചെയ്യാൻ അവകാശം ലഭിക്കുന്ന ആൾ പ്രസ്തുത നെൽവയൽ തിരിച്ചേൽപ്പിക്കുമ്പോൾ, കൃഷിയോഗ്യമല്ലാത്ത രീതിയിൽ അതിന്റെ ഘടനയിൽ മാറ്റം വരുത്താൻ പാടില്ലാത്തതും അത് പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

(7) (4)-ാം ഉപവകുപ്പ് പ്രകാരം, നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം സിദ്ധിച്ച ആൾ, പ്രസ്തുത നെൽവയലിന് കരാർപ്രകാരമുള്ള പ്രതിഫലം നെൽവയലിന്റെ അനുഭവക്കാരന് മുൻകൂറായി നൽകേണ്ടതും, ആ തുക കൃഷി ചെയ്യുന്നതിനുവേണ്ടിവന്ന ചെലവിന്റെ ഭാഗമായിരിക്കുന്നതുമാണ്.

(8) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പു പ്രകാരമുള്ള നോട്ടീസ് ലഭിക്കാതെ തന്നെ, നെൽവയലിന്റെ ഒരു ഉടമസ്ഥന്, തന്റെ നെൽവയൽ സ്വന്തമായി കൃഷി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ആഗ്രഹിക്കുന്ന പക്ഷം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്തിനെ ഏൽപ്പിച്ചുകൊടുക്കാൻ സമിതിയോട് ആവശ്യപ്പെടാവുന്നതാണ്.

**(17). ചില സംഗതികളിൽ അവകാശം ഏൽപ്പിച്ചു കൊടുത്ത ആളിനെ ഒഴിപ്പിക്കൽ.-** ഒരു നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുത്ത ആളിനെ, അതിൽ നെൽകൃഷിയോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള മറ്റു വിളകളോ കൃഷി ചെയ്യുന്നതിനും അതിന്റെ വിളവെടുക്കുന്നതിനുമുള്ള, അവകാശമൊഴികെ, മറ്റു യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ലാത്തതും, അതതു സംഗതിപോലെ അപ്രകാരമുള്ള അവകാശം അവസാനിപ്പിച്ചശേഷമോ അയാൾ പ്രസ്തുത നെൽവയൽ കൈവശം വയ്ക്കുന്നത് തുടരുന്നപക്ഷം, അപ്രകാരം കാലാവധി തീരുമ്പോഴോ അല്ലെങ്കിൽ അവസാനിപ്പിക്കുമ്പോഴോ സത്വരമായി ഒഴിപ്പിക്കേണ്ടതുമാണ്.

**18. കളക്ടറുടെ പ്രത്യേക അധികാരം.-** ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ടി, കളക്ടർക്ക്, അദ്ദേഹത്തിന്റെ അധി

പ്രായത്തിൽ ന്യായമെന്ന് തോന്നുന്ന നടപടികൾ എടുക്കുകയോ എടുപ്പിക്കുകയോ ചെയ്യാവുന്നതാണ്.

**19. പ്രവേശിക്കുന്നതിനും പിടിച്ചെടുക്കുന്നതിനുമുള്ള അധികാരം.-** (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി, റവന്യു വകുപ്പിലെ റവന്യു ഡിവിഷണൽ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ വാഹനമോ മറ്റു വാഹന സൗകര്യമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അത്തരം പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട്, അപ്രകാരം പിടിച്ചെടുത്ത് നാൽപത്തിയെട്ട് മണിക്കൂറിനുള്ളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചാലും ഇല്ലെങ്കിലും, ആ പ്രദേശത്ത് അധികാരിതയുള്ള കളക്ടർക്ക് നൽകേണ്ടതുമാണ്.

(2) ഈ ആക്റ്റുപ്രകാരമുള്ള പരിശോധന നടത്തലിനും പിടിച്ചെടുക്കലിനും, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്), പരിശോധന നടത്തലും പിടിച്ചെടുക്കലും സംബന്ധിച്ച വ്യവസ്ഥകൾ, കഴിയാവുന്നിടത്തോളം, ബാധകമാകുന്നതാണ്.

**20. യാനങ്ങൾ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.-** (1) 12-ാം വകുപ്പു പ്രകാരമോ 19-ാം വകുപ്പ് പ്രകാരമോ ഉള്ള പിടിച്ചെടുക്കൽ സംബന്ധിച്ച ഒരു റിപ്പോർട്ട് കളക്ടർക്ക് ലഭിച്ചാൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്നപക്ഷം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാൻ ഉത്തരവിടാവുന്നതാണ്.

എന്നാൽ, അത് കണ്ടുകെട്ടുന്നതിനുപകരം, അപ്രകാരം പിടിച്ചെടുത്ത സാമഗ്രികളുടെ, ജില്ലാകളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയുടെ ഒന്നരമടങ്ങിന് തുല്യമായ തുക കെട്ടിവയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം അതിന്റെ ഉടമസ്ഥനോ അഥവാ സൂക്ഷിപ്പുകാരനോ നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു ഉത്തരവും, ജില്ലാകളക്ടർ, അതിന്റെ ഉടമസ്ഥന് പറയാനുള്ള ഒരവസരം നൽകിയിട്ടല്ലാതെ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു ഉത്തരവും, (2)-ാം ഉപവകുപ്പുപ്രകാരമുള്ള നോട്ടീസ് നൽകിയതിൽ ഏതെങ്കിലും അപാകതയോ പിഴവോ സംഭവിച്ചു എന്ന കാരണത്താൽ മാത്രം, അതിലെ വ്യവസ്ഥകൾ തത്വത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അസാധുവാകുന്നതല്ല.

**21. കണ്ടുകെട്ടലിനെതിരെയുള്ള അപ്പീൽ.-** 20-ാം വകുപ്പുപ്രകാരം കണ്ടുകെട്ടികൊണ്ടുള്ള ഒരു ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും, പ്രസ്തുത ഉത്തരവ് സംബന്ധിച്ച് അയാൾക്ക് അറിയിപ്പ് നൽകിയ തിയതി മുതൽ മുപ്പതു ദിവസത്തിനകം, സാമഗ്രികൾ പിടിച്ചെടുത്ത പ്രദേശത്ത് അധികാരിതയുള്ള ജില്ലാകോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, ജില്ലാജഡ്ജി, കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയശേഷം, അപ്പീലിന് വിധേയമായ ഉത്തരവ് സ്വീകരിച്ചുകൊണ്ടോ ഭേദഗതി ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

**22. കണ്ടുകെട്ടൽ നടപടി മറ്റു ശിക്ഷകളെ ബാധിക്കില്ലെന്ന്.-** ഈ ആക്റ്റിലെ വ്യവസ്ഥ പ്രകാരം കണ്ടുകെട്ടികൊണ്ട് കളക്ടർ എടുത്ത നടപടി, അത് ബാധകമായ ആൾക്ക് ഈ ആക്റ്റിന് വിധേയമായി ശിക്ഷ നൽകുന്നതിന് ബാധിക്കുന്നതല്ല.

**23. ശിക്ഷ.-** ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി, 5-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും നെൽവയലോ അല്ലെങ്കിൽ തണ്ണീർത്തടമോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ രണ്ട് വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപവരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

**24. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.-** (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തി ഒരു കമ്പനിയാണെങ്കിൽ, ആ ലംഘനം നടത്തിയ സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും, കമ്പനിയുടെ ബിസിനസ്സ് നടത്തുന്നതിൽ കമ്പനിയോട് ഉത്തരവാദിത്തമുണ്ടായിരുന്നതുമായ ഓരോ വ്യക്തിയും, ആ കമ്പനിയും ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടുന്നതും, അതനുസരിച്ച് നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്.

എന്നാൽ, ലംഘനം നടന്നത് ഒരു ആളുടെ അറിവോടെയല്ലെന്നും, അല്ലെങ്കിൽ അയാൾ പ്രസ്തുത ലംഘനം തടയാൻ വേണ്ടത്ര ജാഗ്രത പുലർത്തിയിരുന്നുവെന്നും തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ അങ്ങനെയുള്ള ആളെ യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ഒരു കമ്പനി ഒരു കുറ്റം ചെയ്തിരിക്കുകയും, കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ കമ്പനിയിലെ മറ്റു ഉദ്യോഗസ്ഥന്റേയോ ഭാഗത്ത് ഏതെങ്കിലും ഉപേക്ഷ ആരോപിക്കപ്പെടാവുന്നതായ സമ്മതത്തോടോ മൗനാനുവാദത്തോടോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളത് എന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത് പ്രസ്തുത ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥനോടുകൂടി ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിക്ക് വിധേയനാക്കേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

**വിശദീകരണം.–** ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,–

a) കമ്പനി' എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫോമോ, വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

b) ഒരു ഫേമിനെ സംബന്ധിച്ച ഡയറക്ടർ എന്നാൽ ആ ഫേമിന്റെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

**25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.–** ഈ ആക്റ്റുപ്രകാരം ശിക്ഷിക്കപ്പെടേണ്ടതായ യാതൊരു കുറ്റവും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ പദവിയിൽ താഴെയുള്ള യാതൊരു കോടതിയും അപ്രകാരമുള്ള കുറ്റത്തിന് ഹേതുവായ വസ്തുക്കൾ സംബന്ധിച്ച്, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഒരു ആഫീസറുടെ രേഖാമൂലമുള്ള റിപ്പോർട്ടിൻമേലല്ലാതെയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

**26. സിവിൽ കോടതികൾ നിരോധന ഉത്തരവ് മുതലായവ നൽകുന്നത്.–** ഈ ആക്റ്റോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ, വിജ്ഞാപനങ്ങളോ പ്രകാരം സർക്കാരോ അല്ലെങ്കിൽ ഈ ആക്റ്റുപ്രകാരം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഒരു പ്രവൃത്തിയെ സംബന്ധിച്ച്, സർക്കാരിനോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി, അതതു സംഗതിപോലെ, ഒരു സനിരോധന ഉത്തരവോ അല്ലെങ്കിൽ മറ്റേതെങ്കിലും പരിഹാരത്തിനുള്ള ഉത്തരവോ, അപ്രകാരമുള്ള നിരോധന ഉത്തരവോ മറ്റു പരിഹാരമോ സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടില്ലാത്തപക്ഷം, യാതൊരു സിവിൽ കോടതിയും നൽകുവാൻ പാടുള്ളതല്ല.

**27.3 സർക്കാരിന് കിട്ടേണ്ടതായ തുകകൾ ഭൂമിയിൽ നിന്നുള്ള കരക്കുടിശ്ശികപോലെ വസൂലാക്കാവുന്നതാണെന്ന്.–** ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം സർക്കാരിന് കിട്ടേണ്ടതായ ഏതു തുകയും ഭൂമിയിൻമേലുള്ള നികുതി കുടിശ്ശികയായി കണക്കാക്കേണ്ടതും മറ്റേതെങ്കിലും മാർഗ്ഗത്തിലുള്ള വസൂലാക്കലിന് ഭംഗം വരാതെ കാലാകാലങ്ങളിൽ നിലവിലിരിക്കുന്ന നികുതി കുടിശ്ശിക വസൂലാക്കൽ ആക്റ്റിൻ കീഴിൽ തിരിച്ചുപിടിക്കേണ്ടതുമാണ്.

**28. റിവിഷൻ.–** സർക്കാരിന് സ്വമേധയായോ സങ്കടമനുഭവിക്കുന്ന ആളിന്റെ അപേക്ഷയിൻമേലോ ആക്റ്റുപ്രകാരം ഏതൊരു സംഗതിയിൻമോലുള്ള കളക്ടറുടെ ഏതൊരു പ്രവൃത്തിയുടെയോ നടപടിയുടേയോ രേഖകൾ ആവശ്യപ്പെടാവുന്നതും അതിന് ഉചിതമെന്നു തോന്നുന്ന അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

**29. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.–** (1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾപ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യത്തെ സംബന്ധിച്ച് ഏതൊരാൾക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾപ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും മുഖേന എന്തെങ്കിലും നഷ്ടം ഉണ്ടാകുകയോ ഉണ്ടാകാൻ ഇടയാകുകയോ ചെയ്താൽ സർക്കാരിനെതിരെ യാതൊരു വ്യവഹാരമോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

**30. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.-** (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും;

അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ഈ ആക്റ്റുപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

# പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി - കൃഷിയുമായി ബന്ധപ്പെട്ട സബ്സിഡി മാനദണ്ഡങ്ങൾ

## 3.1. കൃഷി

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | a) ജൈവ വളം, കുമ്മായം* (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളങ്ങൾ ഉൾപ്പെടെ) | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 75% | • നാമമാത്ര കർഷകർക്കും (ഒരു ഹെക്ടറോ അതിൽ കുറവോ ഭൂമി സ്വന്തമായുള്ളവർ) ചെറുകിട കർഷകർക്കും (ഒന്നു മുതൽ രണ്ടു ഹെക്ടർ വരെ ഭൂമി സ്വന്തമായുള്ളവർ) മാത്രം. 2 ഹെക്ടർവരെ ഭൂമയിൽ പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ<br>• പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണ്.<br>• പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യസംസ്കരണ പ്ലാന്റിൽ നിന്ന് നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം |
| | b) രാസവളം | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50% | |
| 2 | ജൈവകീടനാശിനി ഉൾപ്പെടെയുള്ള കീടനാശിനികൾ* | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ് |
| 3 | നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ* എല്ലാ നടീൽ വസ്തുക്കളും ഉൾപ്പെടെ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ് |
| 4 | മറ്റ് ഫല-പുഷ്പ-കിഴങ്ങ് കൃഷിക്കുള്ള വിത്തുകളും തൈകളും* എല്ലാ നടീൽ വസ്തുക്കളും ഉൾപ്പെടെ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 75% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ് |

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 5 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി* | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ഒരു ഹെക്ടറിനു 4500/- രൂപ | • നാമമാത്ര -ചെറുകിട കർഷകർക്ക് മാത്രം<br>• കൃഷി ചെയ്തിട്ടണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഉറപ്പുവരുത്തണം<br>• നെൽകൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം<br>• നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ എം.ജി. എൻ ആർ.ഇ.ജി.എസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.<br>• ഉൽപ്പാദനോപാധികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റേതെങ്കിലും സ്കീംപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല.<br>• വിള ഇൻഷൂറൻസ് തുക മുൻകൂറായി കർഷകൻ അടയ്ക്കണം<br>• ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായും ഒറ്റയ്ക്കും നടപ്പിലാക്കാം. എന്നാൽ നിർവഹണം ഗ്രാമപഞ്ചായത്തായിരിക്കണം |
| 6 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി* | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ഒരു ഹെക്ടറിനു 10000/- രൂപ | • നാമമാത്ര കർഷകർക്ക് മാത്രം, ചെറുകിട കർഷകർക്കും<br>• കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം<br>• ഉൽപ്പാദനോപാധികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റേതെങ്കിലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല.<br>• നടീലും വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് എം.ജി.എൻ.ആർ.ഇ.ജി. എസിന്റെ സാധ്യത ഉപയോഗപ്പെടുത്തണം. ആവർത്തന കൃഷിക്ക് സബ്സിഡി നൽകാം.<br>• കൃഷി ചെയ്തിട്ടണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തണം<br>• കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കൃഷിചെയ്യണം. |

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 7 | പമ്പ് സെറ്റ്, കുറ്റിപ്പമ്പ്, പവർ സ്പ്രേയർ, കളനീക്കൽ ഉപകരണം, കാടുവെട്ട് യന്ത്രം, മെതിയന്ത്രം* (വ്യക്തിഗതം) റോക്കർ സ്പെയർ, തെങ്ങിൽ കയറാനുള്ള യന്ത്രം | പൊതുവിഭാഗം | 50% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം ഓരോ ഇനത്തിന്റെയും യൂണിറ്റ് കോസ്റ്റ് കൃഷിവകുപ്പ് ജില്ലാതല ഓഫീസർ നിശ്ചയിക്കണം<br>• ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ സബ്സിഡി അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ്<br>• കൃഷി മുഖ്യ തൊഴിലായിട്ടുള്ള കുറഞ്ഞത് ഒരു ഏക്കർ കരഭൂമിയുള്ളവർക്ക് മാത്രമേ കാടുവെട്ട് യന്ത്രം നൽകാവൂ<br>• കൃഷി മുഖ്യ തൊഴിലായിട്ടുള്ള കുറഞ്ഞത് 50 സെന്റ് നെൽവയൽ (നിലം) ഉള്ളവർക്ക് പവർ സ്പ്രേയറും, ഒരു ഏക്കർ ഉള്ളവർക്ക് മെതിയന്ത്രവും നൽകാം |
| | | പട്ടികജാതി/ പട്ടികവർഗ്ഗം | 75% (ഒരു കുടുംബത്തിന് പരമാവധി നൽകാവുന്ന സബ്സിഡി തുക രൂപ 7500 രൂപ) | |
| 8 | സ്പ്രേയർ, കളനീക്കൽ ഉപകരണം, കാടുവെട്ട് യന്ത്രം, മെതിയന്ത്രം, ട്രാക്ടർ, ടില്ലർ, നടീൽ യന്ത്രം,കൊയ്ത്ത്യന്ത്രം, മെതിയന്ത്രം, വിന്നോവർ (സമിതികൾക്ക്/ സംഘങ്ങൾക്ക്) റോക്കർ സ്പെയർ, തെങ്ങിൽ കയറാനുള്ള യന്ത്രം | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100% | • കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകാം.<br>• ഇവയുടെ ഉടമസ്ഥത പഞ്ചായത്തിനായിരിക്കുന്നതും വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാകുന്നു<br>• യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും അവ നൽകപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. കൂടാതെ സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 25% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ വേണം |

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 9 | പുതിയ ജലസേചനകിണർ (തുറന്ന കിണർ | പൊതുവിഭാഗം | 75% (പരമാവധി തീരദേശം 10000/-രൂപ ഇടനാട് 15000 രൂപ, മലനാട് 20,000 രൂപ) | • മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ<br>• നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• വാലുവേഷൻ ഓവർസിയർ/എൻജിനീയർ ആണ് എടുക്കേണ്ടത്.<br>• യൂണിറ്റ് കോസ്റ്റ് തദ്ദേശശ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജില്ലാ തലത്തിൽ നിശ്ചയിക്കണം |
| | | പട്ടികജാതി/ പട്ടികവർഗ്ഗം | 90% (പരമാവധി 17500 രൂപ, മലനാട് 20,000 രൂപ)) | |
| 10 | പച്ചക്കറികൃഷി ടെറസ്സിലും മുറ്റത്തും | പൊതുവിഭാഗം പട്ടികജാതി/ പട്ടികവർഗ്ഗം | 50% (മൺ ചട്ടി ഒന്നിന് പരമാവ ധി 75 രൂപ) | • വിത്തുകൾ സൗജന്യമായി നൽകാം<br>• പണമായും നൽകാം<br>• സ്ഥലവിസ്തൃതി കണക്കിലെടുത്ത് ഒരു കുടും—ത്തിന് പരമാവധി 25 മൺചട്ടി വരെ നൽകാം |

**കുറിപ്പ് 1.** ക്രമ നമ്പർ (1) മുതൽ (6) വരെ ഇനങ്ങളിലെ സബ്സിഡി പാട്ടഭൂമിയിൽ കൃഷി നടത്തുന്ന വ്യക്തികൾക്കും പാട്ടകൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും നൽകാവുന്നതാണ്. എന്നാൽ പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം ഹാജരാക്കിയിരിക്കണം.

**2.** ക്രമ നമ്പർ 8 ൽ പറഞ്ഞ ഉപകരണങ്ങളും യന്ത്രങ്ങളും കൂടാതെ കമ്പൈൻഡ് കൊയ്ത്ത് - മെതിയന്ത്രം, സ്ട്രോബേലർ എന്നിവയും ഗ്രാമ/ ബ്ലോക്ക് പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഇങ്ങനെ വാങ്ങുന്നവയുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക്

പഞ്ചായത്ത്/നഗരസഭാതലത്തിൽ ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയിൽ ക്രമനമ്പർ 8 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളുടെ പ്രതിനിധികൾ അംഗങ്ങളായിരിക്കണം. ഈ സമിതിയുടെ ചെയർപേഴ്സൺ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ/നഗരസഭയുടെ അദ്ധ്യക്ഷനും കൺവീനർ കൃഷി ഓഫീസറും ആയിരിക്കേണ്ടതാണ്. യന്ത്രങ്ങൾ/ഉപകരണങ്ങൾ കരാർ ഉടമ്പടി വെച്ച് നടത്തിപ്പിനായി ഇനം 8 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളെ ഏല്പിക്കാവുന്നതാണ്. വേണമെങ്കിൽ സ്വന്തം ആവശ്യത്തിനുവേണ്ടി കർഷകർക്ക് നേരിട്ടും ഈ യന്ത്രോപകരണങ്ങൾ വാടകക്ക് നൽകാവുന്നതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത്തല/നഗരസഭാതല സമിതി സൂക്ഷിക്കേണ്ടതാണ്.

3. ക്രമനമ്പർ 8 ൽ പറഞ്ഞതും സമിതികൾ മുഖേനയോ നേരിട്ടോ കർഷകർക്ക് ലഭ്യമാക്കുന്നതുമായ എല്ലാ യന്ത്രോപകരണങ്ങളുടെയും വാടക നിരക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്തല/നഗരസഭാതല സമിതി തീരുമാനിക്കണം. ഇത് മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞത് 25% മെങ്കിലും കുറവായിരിക്കണം. ഈ സമിതി നിശ്ചയിച്ച വാടകനിരക്കിൽ യന്ത്രോപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ ഏറ്റെടുക്കുന്ന സമിതികൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.
4. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും മുടക്കി വാങ്ങിക്കുന്ന യന്ത്രോപകരണങ്ങളുടെ ' കസ്റ്റോഡിയൻ' കൃഷി ഓഫീസർ ആയിരിക്കുന്നതും അവ കൃഷി ഭവനിൽ സൂക്ഷിക്കേണ്ടതുമാണ്.
5. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി വേണ്ട ഫണ്ട് സ്വരൂപിക്കണം. ഇങ്ങനെ സ്വരൂപിക്കുന്ന ഫണ്ട് മതിയാകാതെ വരുമ്പോൾ മാത്രമേ മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ പാടുള്ളൂ.
6. വ്യക്തികൾ/ഗ്രൂപ്പുകൾ/സ്ഥാപനങ്ങൾ/ഗുണഭോക്തൃ സമിതികൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉല്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിനുമുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം.
7. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നതോടൊപ്പം സംഘകൃഷി ഗ്രൂപ്പുകൾ കൂടി ഉൾപ്പെടുന്നതാണ്.
8. സബ്സിഡി നിരക്കിന് വിധേയമായി ക്രമനമ്പർ ഒന്നുമുതൽ നാല് വരെയുള്ള ഇനങ്ങളിൽ പരമാവധി നൽകാവുന്ന സബ്സിഡി സംഖ്യ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം

# V

# ജലവിഭവപരിപാലന ധർമ്മങ്ങളും അനിവാര്യമാകുന്ന നടപടികളും

## ആമുഖം

മണ്ണ്-ജലം, ജൈവസമ്പത്ത് എന്നിവയെ പ്രകൃതി വിഭവങ്ങൾ എന്ന് പൊതുവായി കണക്കാക്കി വരുന്നു. ഇവ പരസ്പര പൂരകങ്ങളും സമഗ്രമായ സമീപനം ആവശ്യമാകുന്നവയുമാണ്. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിലെ 8-ാം ഇനമായി നിർദ്ദേശിക്കപ്പെട്ടതാണ്, നഗരവനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും ജൈവ പരിസ്ഥിതി സംബന്ധിച്ച കാര്യങ്ങളുടെ അഭിവൃദ്ധിയും. ഈ വിഷയത്തിൽ വിപുലമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും ആണ് നമ്മുടെ മുനിസിപ്പൽ നിയമം 1994 വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒന്നാം പട്ടികയിലെമേഖലാതല ചുമതലകളിൽ ' മണ്ണ്സംരക്ഷണം' (കൃഷിയിൽ 3-ാം ഇനം) ' ജലസംരക്ഷണം (ചെറുകിട ജലസേചനത്തിൽ 3-ാം ഇനം) ' സാമൂഹ്യവനവൽക്കരണം' എന്നിവ നഗരസഭാ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഉത്തരവാദിത്തങ്ങളിലുൾപ്പെടുന്നു എന്നതാണ് ജലവിഭവ പരിപാലനത്തിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പങ്കിനെ നിർണ്ണായകമാക്കുന്നത്.

മേൽപറഞ്ഞവിധം പ്രകൃതി വിഭവ പരിപാലനം - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിലാക്കിയ നിയമങ്ങൾ ഉണ്ടായി രണ്ട് ദശാബ്ദം കഴിയുമ്പോഴും, ഈ രംഗത്ത് ഏകോപിത ലക്ഷ്യങ്ങളോടെ മുന്നേറാൻ പര്യാപ്തമായ ഇടപെടലുകൾ നഗരസഭകൾക്ക് സാധ്യമായോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. 10-ാം പദ്ധതി മുതൽ നീർത്തടാധിഷ്ഠിത വികസനത്തിന് മുൻതൂക്കം നൽകുന്ന സമീപനം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സ്വീകരിച്ചത് ഈ ദിശയിലുള്ള ഒരു പ്രവർത്തനമായിരുന്നു. നഗരപാലികാസ്ഥാപനങ്ങൾക്ക് സമാനമായ പ്രവർത്തനങ്ങൾ നിർബന്ധിതമാക്കിയിരുന്നില്ല. ത്വരിതഗതിയിലുള്ള നഗരവൽക്കരണവും ജനസംഖ്യാ വർദ്ധനവും നഗരങ്ങളിലെ അടിസ്ഥാന വികസന മുൻഗണനകൾ വ്യത്യസ്തങ്ങളാക്കുന്നു എന്നതാവാം ഈ വ്യത്യാസത്തിന് പ്രധാനകാരണം.

പ്രബുദ്ധരായ കേരള ജനതക്ക് പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം അറിയാം എന്നതിൽ രണ്ട് പക്ഷമില്ല. പക്ഷെ അത് തന്റെ കൂടിയുത്തരവാദിത്വമാണ് എന്നു തിരിച്ചറിവ് ഉള്ളവർ ആയി തീരുന്നില്ല നമ്മൾ എന്നതാണ് നഗരസഭകളുടെ മുന്നിലുള്ള വെല്ലുവിളി. വയലുകളും കൃഷിയിടങ്ങളും തുടങ്ങി എല്ലാ പച്ചതുരുത്തുകളും കേവലം ' പ്ലോട്ടുകളായി' വിൽപ്പനക്ക് വെച്ചിരിക്കുന്ന നഗരങ്ങളിൽ ഇനിയെന്ത് പ്രകൃതി വിഭവം എന്ന ചോദ്യമാണ്

നിലവിലെ യാഥാർത്ഥ്യം. അതിനാൽ ബാക്കിയുള്ളത് എന്ത് എന്ന് കൃത്യമായി അടയാള പ്പെടുത്തികൊണ്ട് മാത്രമെ നമുക്ക് ഈ വിഷയത്തിൽ ഇനിയെന്ത് ചെയ്യാനാകും എന്ന ആലോചനതന്നെ സാധ്യമാകുകയുള്ളു. തീരുമാനമെടുക്കാൻ എന്തെല്ലാം വിവരങ്ങൾ ആവ ശ്യമാകും എന്നു ചിന്തിക്കുന്നത് ഉചിതമാണ്. അതോടൊപ്പം നിലവിലെ സ്ഥിതിയും പ്രകൃതി വിഭവ പരിപാലന നയരൂപീകരണത്തിന്റെ ആവശ്യകതയും പരിശോധിച്ചുകൊണ്ട് അനി വാര്യമായ ഇടപെടലുകൾ എന്തെല്ലാം എന്നു വിശദമാക്കാനാണ് ഈ അദ്ധ്യായത്തിൽ ഉദ്ദേ ശിക്കുന്നത്.

## നിലവിലെ സ്ഥിതിയും സമഗ്രമായ പ്രകൃതിവിഭവപരിപാലന നയത്തിന്റെ ആവശ്യകതയും

### മണ്ണ്

ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്നതും സസ്യലതാതികളുടെ വളർച്ചക്കും നില നിൽപ്പിനും സഹായകവുമാകുന്ന ജൈവധാതുലവണ മിശ്രിതമാണ് മണ്ണ് എന്ന് നിർവചി ക്കാം. വായു, വെള്ളം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഇന്ധനം എന്നിങ്ങനെ ജീവന്റെ നില നിൽപ്പിനാവശ്യമായവക്കൊക്കെ അനിവാര്യമായ പ്രകൃതി വിഭവമാണ് മണ്ണ്. സൂര്യതാപത്തെ പ്രാണവായുവാക്കി മാറ്റുന്ന ജൈവസമ്പത്തിനെ ഭൂമിയിൽ നിലനിർത്തുന്നത് മണ്ണാണ്. പ്രകൃ തിയുടെ ജലസംഭരണിയും മണ്ണുതന്നെ. മണ്ണില്ലാതായാൽ ജലം പ്രളയമാകും. ജലമില്ലാതാ യാൽ മണ്ണ് മരുഭൂമിയും. മഴ ഭൂമിയിൽ ജലം വിതക്കുന്നു. മണ്ണ് ജലം കൊയ്യുന്നു. മേൽമണ്ണിന് മാത്രമാണ് ഈ ശേഷിയുള്ളത്. നൂറ്റാണ്ടുകൾകൊണ്ട് ഉണ്ടാകുന്നതാണ് ഒരിഞ്ച് മേൽമണ്ണ്. പക്ഷെ സംരക്ഷണമില്ലെങ്കിൽ മഴയും കാറ്റുംകൊണ്ട് മാത്രം ഒരു ഹെക്ടർ സ്ഥലത്തുനിന്നും 35 ടൺ മണ്ണ് വരെ നഷ്ടമാകും. കുറഞ്ഞത് 16 ടണ്ണും. ഇന്ത്യയിൽ വർഷം പ്രതി ഏകദേശം 600 കോടി ടൺ മേൽമണ്ണ് ഒലിച്ചിറങ്ങി 700 കോടി രൂപ വരുന്ന 57 ലക്ഷം ടൺ പോഷകവ സ്തുക്കൾ മണ്ണിൽ നിന്നും നഷ്ടപ്പെടുന്നു. (ഡോ. കെ. ബാലചന്ദ്രകുറുപ്പ് - ജലം, ജനപങ്കാ ളിത്തം, വികസനം-കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് പേജ്.18)

45% ധാതുക്കളും 25% ഈർപ്പവും 25% വായുവും അവശേഷിക്കുന്ന 5% ജൈവഘടകങ്ങളും ചേർന്നതാണ് മണ്ണ്. ജൈവഘടകങ്ങൾ എന്നാൽ സൂക്ഷ്മജീവികളും, പോഷക ഘടകങ്ങ ളും, അമ്ലതയും ക്ഷാരവും, ഊഷ്മാവും എല്ലാം അടങ്ങുന്നതാണ്. നമ്മുടെ കൈരേഖകൾ പോലെ മണ്ണിന്റെ ഘടനയും സ്വഭാവവും ഓരോ സ്ഥലത്തും ഓരോ വിധമാണ്. അതിലട ങ്ങിയിരിക്കുന്ന ഘടകങ്ങളുടെ നിരക്കുവ്യത്യാസവും വിന്യാസ രീതിയിലെ വ്യത്യാസവും ആണ് അതത് സ്ഥലങ്ങളിലെ മണ്ണിനെ വ്യത്യസ്തമാക്കുന്നത്. ജൈവസമ്പത്തിനെയും ജല സംഭരണശേഷിയേയും ഈ വ്യത്യാസങ്ങൾ സ്വാധീനിക്കുന്നു.

### മണ്ണിന്റെ ജലസംഭരണശേഷിയും സസ്യാവരണവും.

വനങ്ങളിൽ വളരുന്ന ഓരോ വൃക്ഷത്തിന്റേയും വിശാലമായ വേരുപടലങ്ങൾ മണ്ണിനെ ഉറപ്പിച്ചു നിറുത്തുകയും മണ്ണിൽ പതിക്കുന്ന ജലാംശം ആഗിരണം ചെയ്യുകയും ചെയ്യുന്നു.

കൂടാതെ വൃക്ഷങ്ങളിൽ നിന്നും കൊഴിയുന്ന ഇലകളും കൊമ്പുകളും അഴുകി മണ്ണിന്റെ ഘട നക്കുതന്നെ മാറ്റം വ രുത്തുന്നു. ഇങ്ങനെയുണ്ടാകുന്ന മേൽമണ്ണ് (ഹ്യൂമസ്) ജലം ശേഖരിച്ച് വെക്കുന്നു. മലഞ്ചെരുവികളിലും പുഴയോരങ്ങളിലും വളരുന്ന വൃക്ഷങ്ങളാണ് അവിടത്തെ മണ്ണിനെ പിടിച്ച് നിർത്തി മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കുന്നത്.


വനത്തിലെ വളമണ്ണും വേരുപടലവും ജലം സംഭരിക്കുന്നതിൽ നിർണ്ണായകമാണ്. ഈ ജലം ഊറിയെത്തി ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കുന്നു. ഒരു ഹെക്ടർ വനത്തിന് 30000 ഘനമീറ്റർ മഴവെള്ളം സംഭരിച്ചുവെക്കാനാകും. ഒരു ഹെക്ടർ സ്ഥലം കൃഷി ചെയ്യാൻ വേണ്ടത് 3000 ഘനമീറ്റർ വെള്ളമാണ്. അപ്പോൾ ഒരു ഹെക്ടർ കാട്ടിൽ സംഭരിക്കപ്പെടുന്ന വെള്ളം കൊണ്ട് 10 ഹെക്ടർ സ്ഥലത്ത് കൃഷി നടത്താനാകും; (പോൾൺ താം - പ്രകൃതിയുടെ നിത്യ ഹരിത വിപ്ലവം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - പുറം 16)

## ജലസമ്പത്ത്

ലോകത്ത് അവശേഷിക്കുന്ന ജലത്തിന്റെ അളവ് 1460 മില്ല്യൻ ക്യുബിക് കി.മീറ്ററാണ് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 94% വും കടലിലാണുള്ളത്. മൺപാളികളിൽ 2% ഭൂഗർഭജലവും മണ്ണിലെ ഈർപ്പവും ചേർന്ന് 4% അവശേഷിക്കുന്നു. ഈ അല്പജലമാണ് നദികളിലും തടാകങ്ങളിലും ഉള്ളത്. ലോകത്താകെയുള്ള ജലത്തിൽ 2.7% മാത്രമാണ് ശുദ്ധ ജലം. ശുദ്ധജലം ഉപയോഗിക്കാൻ കഴിയുന്നതാകട്ടെ കേവലം 0.5% മാത്രമാണ്. (www.CWC.IC.in - Internation for kids - Kids corner - FAQ.Z ‘ How much water is on earth?)

ചാർട്ട് 1

**ഭൂലോകത്തിൽ ജലലഭ്യത**



ഭൗമോപരിതലത്തിന്റെ 2.5% മാത്രം കൈവശമുള്ള ഇന്ത്യ ലോകജനസംഖ്യയുടെ 16 ശതമാനം വസിക്കുന്ന രാജ്യമാണ്. കൂടാതെ ലോകത്തെ കാലിസമ്പത്തിന്റെ 20% ഇന്ത്യയിലാണുള്ളത്. എന്നാൽ പുനരുപയോഗിക്കാവുന്ന ജലസമ്പത്തിന്റെ 4% മാത്രമാണ് നമ്മുടെ ജലസമ്പത്ത്. ആയതിപ്രകാരമാണ്.

ശരാശരി വാർഷിക വർഷപാതം - 4000 ബി.സി.എം

ശരാശരി വാർഷിക ജലലഭ്യത - 1869 ബി.സി.എം

ഉപയോഗയോഗ്യമായ ജലം - 1123 ബി.സി.എം

(ഉപരിതലം - 690 ബി.സി.എം

ഭൂഗർഭജലം - 433 ബി.സി.എം)<br>(അവലംബം കേന്ദ്രജലവിഭവവകുപ്പ്)

## ജലസമ്പത്ത് കേരളത്തിൽ

തെക്ക് വടക്ക് 580 കിലോമീറ്റർ നീളത്തിലും കിഴക്കു പടിഞ്ഞാറ് ശരാശരി 30 മുതൽ 120 കിലോമീറ്റർ വരെ വീതിയിലും കിടക്കുന്ന കൊച്ചു സംസ്ഥാനമായ കേരളം 44 നദികളും ഒട്ടേറെ കായലുകളും, തോടുകളും കൊണ്ട് സമ്പന്നമാണ്. കേന്ദ്രജലവിഭവവകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളത്തിന്റെ **ഭൂഗർഭജലസമ്പത്ത് 6.03 ബി.സി.എം.** ഉള്ളതിൽ 2.81 ബി.സി.എം ഉപയോഗിക്കുന്നുണ്ട് എന്നും കണക്കാക്കുന്നു. മിച്ചമുള്ളതിൽ ഭാവിയിലെ ജലവികസനാവശ്യത്തിന് ലഭ്യമായത് 3.02 ബി.സി.എം എന്നാണ് കണക്ക്. സമ്പുഷ്ടമായ തോതിൽ ജലമുണ്ട് എന്നു തോന്നലുളവാക്കുന്നതാണ് കണക്കുകൾ. പക്ഷെ പ്രകൃതിദത്തമായ ജലസമ്പത്ത് യഥാവിധി സംരക്ഷിക്കുന്നതിലും വിനിയോഗിക്കുന്നതിലും നാം പരാജയമായിരുന്നു എന്നതാണ് നിലവിലെ അവസ്ഥ തെളിയിക്കുന്നത്.

നമുക്ക് പ്രതിവർഷം 3085 മില്ലിമീറ്റർ മഴ ലഭിക്കുന്നു. എന്നാൽ ഭൂപ്രകൃതിയുടെ പ്രത്യേകത, ഉയർന്ന നീരൊഴുക്ക്, ഭൂമിയുടെ കുറഞ്ഞ വീതി, സമുദ്ര സാമീപ്യം എന്നീ കാരണങ്ങളാൽ ലഭ്യമാകുന്നതിൽ ഭൂരിഭാഗം ജലവും നേരെ അറബിക്കടലിൽ പതിക്കുന്നു. ലഭ്യമായ 116850 ദശലക്ഷം ഘനമീറ്റർ ജലത്തിൽ 70333 ദശലക്ഷം ഘനമീറ്റർ (ഏകദേശം 60%) ജലമാണ് ഇങ്ങനെ നഷ്ടമാകുന്നത്. ഇതിൽ 42720 ദശലക്ഷം ഘനമീറ്റർ മാത്രമാണ് മിച്ചമുള്ളത്. നമുക്കാവശ്യമുള്ളതാകട്ടെ 48550 ദശലക്ഷം ഘനമീറ്ററും 50.30 ദശലക്ഷം ഘനമീറ്റർ ജലത്തിന്റെ ദൗർലഭ്യം വർഷം തോറും ഉണ്ടാകുന്നുണ്ട്. (ഡോ. കെ. ബാലചന്ദ്രക്കുറുപ്പ്, - ജലം, ജനപങ്കാളിത്തം വികസനം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - പേജ് 16)

## സമഗ്രമായ നടപടികളുടെ ആവശ്യകത - ജലചക്രവും ജലത്തിന്റെ സാമൂഹ്യ ഉടമസ്ഥതയും

മണ്ണ്-ജലം-ജൈവസമ്പത്ത് - എന്നീ പ്രകൃതി വിഭവങ്ങൾ പരസ്പരാശ്രിതങ്ങളാണ് എന്നതിനാൽ പ്രകൃതി വിഭവ സംരക്ഷണത്തിൽ സമഗ്രതയുണ്ടായാൽ മാത്രമെ ഫലപ്രാപ്തിയു

ണ്ടാകയുള്ളു എന്നു നാം മനസ്സിലാക്കണം. സമഗ്ര സമീപനം അനിവാര്യമാകുന്ന ഒരു പ്രകൃതി നിയമമാണ് ജലചംക്രമണം.

ജലത്തിന് ഖര, ദ്രാവക, വാതക അവസ്ഥകൾ - ഹിമം, വെള്ളം, നീരാവി എന്നിവ മഞ്ഞുകട്ടയും, ജലാശയങ്ങളിലെ വെള്ളവും കാർമേഘങ്ങളിൽ ഒളിഞ്ഞു നിൽക്കുന്ന ജലബാഷ്പവും ആയി നമുക്ക് സുപരിചിതങ്ങളാണ്. മഞ്ഞുകട്ടകൾ ഉരുകി ജലമായി ഒഴുകും. ജലം ബാഷ്പീകരിച്ച് അന്തരീക്ഷ വായുവിൽ ചേരും. അവിടെ നിന്നും അത് ഘനീഭവിച്ച് മഴയായി താഴെ വരും. തണുത്തുറഞ്ഞ് മഞ്ഞ് കട്ടയാകും. ഈ വിധത്തിൽ ജലത്തിന്റെ രണ്ടോ മൂന്നോ അവസ്ഥകളിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടുള്ള ജലചംക്രമണം ഭൂമിയിൽ സ്ഥിരമായി നടന്നുവരുന്നതാണ്. ഓരോ അവസ്ഥയിലും ഓരോ സ്ഥലങ്ങളിലായി ജലം ഏതെല്ലാം അളവിലാണ് ഉള്ളത് എന്നു കൃത്യമായി പറയാൻ കഴിയില്ലെങ്കിലും സന്തുലിതമായ ഒരു വ്യവസ്ഥിതി അവ തമ്മിൽ നിലനിൽക്കുന്നു. മനുഷ്യന്റെ ഇടപെടലുകളും കാലാവസ്ഥ വ്യതിയാനവും ഇതിന് വിഘാതമായി തീർന്നു കൊണ്ടിരിക്കുന്നു.

### എത്ര ജലം?

| പ്രതിവർഷം | |
|---|---|
| ലോകജലഉപയോഗം | 3802.3 ട്രില്യൻ ലിറ്റർ |
| ഒരു വ്യക്തി | 633000 ലിറ്റർ |
| ഒരു ദിവസം ഒരാൾ | 1734 ലിറ്റർ |
| **ഒരു ദിവസം** | |
| ഗാർഹികം | 156 ലിറ്റർ - 9% |
| വ്യവസായം | 347 ലിറ്റർ - 20% |
| കൃഷി | 1231 ലിറ്റർ - 71% |
| ഒരാൾ ഒരു ദിവസം ആകെ | 1734 ലിറ്റർ - 100% |

നമുക്ക് ഉപയോഗയോഗ്യമായ ജലത്തിന്റെ ഉറവിടങ്ങളും സ്വാഭാവിക ജലചക്രത്തിന്റെ ഭാഗം തന്നെയാണ്. മണ്ണിൽ കിനിയുന്ന മഴവെള്ളം ഒരു ഭാഗം കിണറുകൾ, കുളങ്ങൾ തുടങ്ങിയ ഭൂജലസംഭരണികളിലും ഒരു ഭാഗം ഭൂഗർഭ ജലസംഭരണികളിലും സംഭരിക്കപ്പെടുന്നു. നല്ലൊരു ഭാഗം ബാഷ്പീകരിച്ച് തിരികെ അന്തരീക്ഷത്തിൽ ലയിക്കുന്നു. സ്ഥലത്തിൻമേലുള്ള സ്വകാര്യ അവകാശമുന്നയിച്ച് ഭൂതല/ഭൂഗർഭതല സംഭരണികളിൽ നിന്നും ഉപയോഗപ്പെടുത്തുന്ന ജലം, അതേവിധം തിരികെ നൽകാൻ, സംഭരിക്കാൻ ആർക്കും കഴിയില്ല എന്നതും വസ്തുതയാണ്. വീണ്ടും മഴയും നീരൊഴുക്കും മണ്ണും സസ്യജാലങ്ങളും പ്രകൃതിയിലുണ്ടായാൽ മാത്രമെ ഭൂതല-ഭൂഗർഭജല സംഭരണികളിൽ ജലമുണ്ടാകുകയുള്ളു.

### വിവിധ രാജ്യങ്ങളിലെ വാർഷിക നിരക്ക്

| രാജ്യം | പ്രതിശീർഷ ഉപഭോഗം | ആകെ ഉപഭോഗം |
|---|---|---|
| ഇന്ത്യ | 635400 | 6458 ട്രില്യാൻ ലിറ്റർ |
| ചൈന | 494000 | 6303 ട്രില്യാൻ ലിറ്റർ |
| യു.എസ്.എ | 1663000 | 5253 ട്രില്യാൻ ലിറ്റർ |
| പാക്കിസ്ഥാൻ | 1187000 | 1694 ട്രില്യാൻ ലിറ്റർ |

ഇപ്രകാരം ഭൂമിയിലെ ജലസമ്പത്ത് ആകെ ജലത്തിന്റെ അളവിൽ കൂടുകയോ കുറയുകയോ ചെയ്യാത്ത വിധം പ്രകൃതിയിൽ

**ഗാർഹിക ജല ഉപയോഗം (ലോകനിലവാരം)**

| | |
|---|---|
| പൈപ്പടച്ചു വെച്ചു പല്ലുതേക്കൽ - 2.5 ലിറ്റർ | |
| പൈപ്പു തുറന്നു വെച്ചു പല്ലുതേക്കൽ | - 5 ലിറ്റർ |
| ടോയ്‌ലറ്റ് ഫ്ളഷ് | - 5 മുതൽ 20 ലിറ്റർ വരെ |
| ഷവർബാത്ത് മിനിറ്റിൽ | - 22 ലിറ്റർ |
| വാഷിംഗ് മെഷീൻ | - 120 ലിറ്റർ |
| പൂർണ്ണ സ്നാനം | - 170 ലിറ്റർ |
| കാർ കഴുകാൻ | - 200 ലിറ്റർ |
| ഗാർഡനിംഗ് - ഒരു മണിക്കൂർ | - 600 മുതൽ 1500 ലിറ്റർ വരെ |

ചംക്രമണം ചെയ്യപ്പെടുന്നതും അതതിടങ്ങളിൽ സംഭരിക്കപ്പെടുന്നതുമായ പൊതുവിഭവമാണ് എന്നു നാം മനസ്സിലാക്കുന്നു. അതിനാൽ തന്നെ അത് ഭൂമിയിലെ സർവ്വ ജീവജാലങ്ങൾക്കും അവകാശപ്പെട്ട പൊതു വിഭവമാണ്. അമിതമായ ജലചൂഷണം സ്ഥലകാല പരിമിതികൾക്കപ്പുറത്തേക്കു ജലസമ്പത്തിനെ പൊതുവായി ബാധിക്കും. അതുപോലെതന്നെ ജലമലിനീകരണവും. അതിനാൽ അമിത ജലചൂഷണവും ജലമലിനീകരണവും തടയപ്പെടേണ്ടതും കുറ്റക്കാർ ശിക്ഷിക്കപ്പെടേണ്ടതുമായ സാമൂഹ്യ വിപത്തുകളാണ്. പ്രകൃതിവിഭവ സംരക്ഷണ നിയമവ്യവസ്ഥകൾ അതിന്റെ അന്തസത്തയുൾക്കൊണ്ട് പ്രാവർത്തികമാക്കാൻ - നഗരസഭതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ഉറപ്പാക്കപ്പെടേണ്ടതിന്റെ പ്രാധാന്യമാണ് ഇത് തെളിയിക്കുന്നത്. ആയതിലേക്ക് നഗരസഭകളുടെ നിയന്ത്രണാധികാര വിനിയോഗത്തിലും സമഗ്രത ഉണ്ടാവണം. ഈ വിധത്തിൽ സമഗ്രതയോടെയുള്ള ജലവിഭവ പരിപാലനത്തിന് വലിയൊരു മുന്നൊരുക്കം ആവശ്യമാണ്. ഗ്രാമപ്രദേശങ്ങളിലെ പഞ്ചായത്തുതല നീർത്തട പരിപാലന പദ്ധതി തയ്യാറാക്കൽ ഈ ദിശയിലുള്ള ഒരു പ്രവർത്തനമാണ്. നഗരസഭാ പ്രദേശത്ത് പക്ഷെ നീർത്തട പരിപാലന നടപടികൾ മതിയാകുന്നതല്ല. കാരണം പ്രകൃത്യ ഉള്ള സ്വാഭാവിക നീരൊഴുക്കിന്റെ ഗതിവിഗതികളേക്കാളു പരി മനുഷ്യ നിർമ്മിത ജലപ്രവാഹങ്ങളും സംവിധാനങ്ങളും ആണ് നഗരസഭാ പ്രദേശത്തെ ജലവിഭവ പരിപാലനത്തിൽ നിർണ്ണായകമാകുക. ആയതിലേക്ക് നഗരസഭാ പ്രദേശത്തെ വിവിധ ഹൈഡ്രോണമിക് സോൺ (Hydro-ജലം Nomus - പരിപാലനം) അഥവാ ജല പരിപാലന മേഖലകളായി തരം

**ഇന്ത്യൻ നിലവാരം (135/ലിറ്റർ - പ്രതിശീർഷം/പ്രതിദിനം)**

| | |
|---|---|
| കുടിക്കാൻ | - 5 ലിറ്റർ |
| പാചകം | - 5 ലിറ്റർ - 7% |
| ശുചിത്വാവശ്യം | - 55 ലിറ്റർ - 41% |
| തുണികഴുകൽ | - 20 ലിറ്റർ |
| പാത്രം കഴുകൽ | - 10 ലിറ്റർ - 30% |
| വീടു തുടക്കൽ | - 10 ലിറ്റർ |
| ടോയ്‌ലറ്റ് ഫ്ളഷിംഗ് | 30 ലിറ്റർ - 22% |
| മേൽപ്പറഞ്ഞവയിൽ നിന്ന് ആകെ പ്രതിദിന പാഴ്ജലം | - 108 ലിറ്റർ |


തിരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യപ്പെടുന്ന ഒരു നഗരജലപരിപാലന പദ്ധതിയാണ് അനുയോജ്യമാവുക.

## നഗര ജലവിഭവ പരിപാലന പദ്ധതി – (Municipal Hydronomic Plan)

ജലവിഭവ പരിപാലനമേഖലകൾ പ്രാഥമികമായും നഗരസഭാ പ്രദേശത്തെ വിവിധ ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെ (മലിനജലത്തിന്റെയും പെയ്ത്തു വെള്ളത്തിന്റെയും) ലക്ഷ്യസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയുള്ള മേഖലാ വിഭജനമാണ്. ഇങ്ങനെ ലക്ഷ്യസ്ഥാനം പരിഗണിക്കുമ്പോൾ ചില സ്ഥലങ്ങളിൽ വെള്ളം നമുക്ക് പുനരുപയോഗിക്കാനോ (Re-use) പുനരുജ്ജീവിപ്പിക്കാനോ (Recharge) കഴിയുന്ന ഇടങ്ങളുണ്ടാകും. അപ്രകാരം കഴിയാത്ത സ്ഥലങ്ങളും ഉണ്ടാകും. ഇപ്രകാരം നഗരസഭാപ്രദേശത്തെ മുഴുവനായും പരിഗണിച്ചാൽ താഴെ പറയുന്ന 6 വിഭാഗങ്ങളിൽ എല്ലാമോ ചിലതെങ്കിലുമോ കണ്ടെത്താൻ കഴിയുന്നതാണ്.

ചാർട്ട് 2

**നഗരസഭാ പ്രദേശത്തെ ജലപരിപാലന മേഖലകൾ**



**1. പാരമ്പര്യ ജലസംഭരണ മേഖലകൾ:-**

നഗരസഭാ പ്രദേശത്തെ സ്വാഭാവിക നീർത്തടത്തിന്റെ ഭാഗമായുള്ള ജലസംഭരണികളായ തണ്ണീർതടങ്ങൾ, കുളങ്ങൾ, അരുവികൾ മുതലായവ കേന്ദ്രീകരിച്ചുള്ള മേഖലകൾ. ഭൂഗർഭജലസംഭരണികളുടേയും ഉപരിതല ജലസംഭരണികളുടെയും പുനരുജ്ജീവനത്തിനായുള്ള പ്രകൃതിയുടെ കരുതിവെപ്പുകളാണിവ. ഇതിനെ മലിനപ്പെടുത്തുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ നിർമ്മിത ജല നിർഗ്ഗമന സംവിധാനങ്ങൾ വലിയൊരളവിൽ ദോഷം ചെയ്യും.അതേസമയംപാരമ്പര്യ ജലസ്രോതസ്സുകളെ മലിനമാക്കില്ലെന്നുറപ്പാക്കികൊണ്ട് നിർമ്മിക്കുന്ന പരിപോഷണ മഴവെള്ള നിർഗ്ഗമനചാലുകൾ പാരമ്പര്യ ജലസംഭരണികൾ ലക്ഷ്യമാക്കുന്നത് ഏറ്റവും പ്രയോജനപ്രദവുമാണ്.

**2. കൃത്രിമജലസംഭരണമേഖലകൾ**

ഗാർഹികസ്ഥാപനതല മഴവെള്ളസംഭരണികളുടെ ശേഷിയിൽ കവിഞ്ഞ മഴവെള്ളവും അഴുക്കു കലരില്ലെന്നുറപ്പുള്ള മഴവെള്ളചാലുകളും സംയോജിപ്പിച്ച് കൃത്രിമ ശുദ്ധജല തടാകങ്ങളുടെയും കുളങ്ങളുടെയും നിർമ്മാണത്തിനുള്ള സാധ്യതകൾ പരിഗണിച്ചുള്ള മേഖലാ വിഭജനം. അതായത് മഴവെള്ളം സംഭരിക്കുന്നതിന് പാരമ്പര്യ ജലസംഭരണികൾ ഇല്ലാത്തിടങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി കൃത്രിമ ജലസംഭരണമേഖലകൾ ഉണ്ടാക്കാൻ തീരുമാനിക്കാം.

**3. മലിനജലസംസ്ക്കരണ പുനരുപയോഗമേഖലകൾ**

മലിനജലം സംസ്ക്കരണ പുനരുപയോഗത്തിന് പ്രകൃതിദത്ത സംവിധാനമോ കൃത്രിമ സംവിധാനമോ ഉണ്ടെങ്കിൽ അവ അഥവാ സാധ്യമെങ്കിൽ അവ പരിഗണിച്ചുകൊണ്ടുള്ള മേഖലാ വിഭജനം. പാഴ്ജലപുനരുപയോഗത്തിന്റെ ഗുണദോഷവശങ്ങൾ മനസ്സിലാക്കി വേണം ഈ മേഖലകളെ നിർണ്ണയിക്കാൻ.

**പാഴ്ജലം - ഒരു വിഭവം**

- കൃഷിക്കാശ്രയിക്കാവുന്ന സ്ഥിരമായ ജലലഭ്യത
- ധാതുലവണങ്ങൾ സംരക്ഷിച്ച് വളചെലവ് കുറക്കാം
- പാഴ്ജലം കൈയ്യൊഴിക്കാൻ ചെലവു കുറഞ്ഞ ഉപാധി
- ശുദ്ധജലസ്രോതസ്സുകൾ മലിനമാക്കാതെ വഴിതിരിച്ചു വിട്ടുകൊണ്ടുള്ള സംസ്ക്കരണവും പുനരുപയോഗവും.

**പാഴ്ജലം - ഒരു പ്രശ്നം**

- കർഷകർക്കും ഗുണഭോക്താക്കൾക്കും അയൽ സമൂഹങ്ങൾക്കും പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത
- ഭൂഗർഭജലം മലിനപ്പെടാൻ സാധ്യത

• ദീർഘകാലം പാഴ്ജലം ഉപയോഗിച്ചാൽ മണ്ണും മലിനപ്പെടും

• സാമൂഹിക സാമ്പത്തിക ഭദ്രതക്കു ദോഷകരമാകും.

**4. നിർഗ്ഗമന തടസ്സ മേഖലകൾ**

ചില സ്ഥലങ്ങളിലെ ശിഷ്ടജലം വെള്ളക്കെട്ടുപോലുള്ള കാരണങ്ങളാൽ തുടർച്ച നഷ്ടപ്പെട്ടു ഒഴുക്കു നിലച്ചുപോകുന്ന സ്ഥലങ്ങളുണ്ട്. മാലിന്യങ്ങൾ അടിഞ്ഞു കൂടുന്നത്പോലുള്ള പ്രശ്നസാധ്യതകൾ ഇവിടെ അപരിഹാര്യമായി തുടരുന്നുണ്ടാവാം.

ഇത്തരം നിശ്ചലജല മേഖലകളുടെ വലിപ്പം പരമാവധി കുറച്ചു കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിഗണിച്ചാവണം മറ്റ് മേഖലകൾ നിർണ്ണയിക്കുന്നത്.

**5. പാരിസ്ഥിതിക ദുർബല മേഖലകൾ**

ജലത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം, ആവശ്യകത, പ്രത്യേക പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട ഇടങ്ങൾ. (ഉദാ. തണ്ണീർത്തടങ്ങൾ) കേന്ദ്രീകരിച്ചുള്ള മേഖല നിർണ്ണയം.

**6. അന്തിമജലോപയോഗ മേഖലകൾ**

കൃഷിയാവശ്യത്തിന് ജലസേചനം നടത്തുന്ന ജലം അധികപങ്കും ബാഷ്പീകരണം വഴി അന്തരീക്ഷത്തിലേക്കും കുറച്ചു ജലാംശം മണ്ണിലും ചെടികളിലുമായ് ഉപയോഗിച്ചു തീരുന്ന പ്രദേശങ്ങൾ അന്തിമ ജലോപയോഗ മേഖലകളായി തിരിക്കാം.

**പ്രശ്നവിശകലനം:- പൊതുവായവയിൽ നിന്ന് ഉചിതമായത് കണ്ടെത്തുക**

നാം പ്രതിപാദിച്ച വർത്തമാന കാല അവസ്ഥാ സൂചകങ്ങളെ കേന്ദ്രജലനയത്തിന്റെ (കരട്) ചുവട് പിടിച്ചുകൊണ്ട് വിശകലനം ചെയ്താൽ താഴെ പറയും പ്രകാരം പട്ടികപ്പെടുത്താം. ഇപ്രകാരം നമ്മുടെ നഗരസഭാ പ്രദേശത്തും വിവരശേഖരണം നടത്തി വിശകലനം ചെയ്ത് നമുക്ക് ആവശ്യമാകുന്ന തുടർ നടപടികൾ എന്തെന്ന് പരിശോധിക്കാവുന്നതാണ്.

1) കൂടുതൽ പ്രദേശങ്ങൾ വരൾച്ച ബാധിതങ്ങളായി തീരുന്നു. ത്വരിതഗതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന ജലാവശ്യത്തിലെ വർദ്ധന ജലസുരക്ഷക്ക് ഭീഷണിയായി മാറുന്നു. ജനസംഖ്യ വർദ്ധനവ്, നഗരവത്ക്കരണം, മാറുന്ന ശൈലികൾ മുതലയാവയാണ്, ജലാവശ്യ വർദ്ധനവിന് കാരണമാകുന്നത്.

2) ജലവിഭവ പരിപാലനത്തിലെ പ്രശ്നങ്ങൾ വേണ്ടവിധം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ജലവിഭവ പരിപാലന വൈകല്യങ്ങൾ (mismanagement) മൂലം മിക്കസ്ഥലങ്ങളിലും സങ്കീർണ്ണമായ അവസ്ഥാ വിശേഷമാണുള്ളത്.

3) സ്ഥലകാലവ്യത്യാസം ജലലഭ്യതയുടെ കാര്യത്തിൽ വർദ്ധിച്ചു വരുന്നു. ഇത് കാലാവസ്ഥാ വ്യതിയാനം മൂലം കൂടുതൽ രൂക്ഷമാകാനിടയുണ്ട്. വരൾച്ചയും വെള്ളപൊക്കവും തുടർഫലങ്ങളാകാനും സാധ്യതയുണ്ട്.

4) സമുദ്രനിരപ്പിനെ കാലാവസ്ഥ വ്യതിയാനം ബാധിക്കുക വഴി തീരപ്രദേശങ്ങളിലെ കുടിവെള്ള പ്രോജക്ടുകൾ ഉപ്പുരസമുള്ളതാകാനും ആവാസ വ്യവസ്ഥകളേയും, കൃഷി യേയും വ്യവസായത്തെയും ബാധിക്കാനും ഇടയുണ്ട്.

5) ശുദ്ധജലക്ഷാമം മൂലം വ്യത്യസ്ത ആവശ്യങ്ങൾക്കും ഉപഭോക്താക്കൾക്കും തുല്യ അളവിൽ ജലം ലഭിക്കാതെ വരുന്നത് സാമൂഹിക അരക്ഷിതാവസ്ഥക്ക് കാരണമാകാം.

6) ഭൂഗർഭജലം പ്രകൃതിയിലെ ജലചംക്രമണ ചക്രത്തിന്റെ ഭാഗവും ഒരു പൊതു/സാമൂഹ്യ വിഭവവും ആണെന്നിരിക്കലും ഇപ്പോഴും അത് ഒരു സ്വകാര്യ സ്വത്താണ് എന്ന നില യിൽ കരുതപ്പെടുകയും സാമൂഹ്യ അനീതി വർദ്ധിച്ചുകൊണ്ടുള്ള ദുരുപയോഗത്തിന് ഇടവരുത്തുകയും ചെയ്യാറുണ്ട്.

7) വിവിധ മേഖലകളിലെ വൈവിധ്യങ്ങളും താത്പര്യ വിഭാഗങ്ങളും പരിഗണിച്ചുള്ളതാ വണം ജലവിഭവ വികസന പദ്ധതികൾ എന്നിരിക്കിലും പരമാവധി പ്രയോജനക്ഷമ തയും പാരിസ്ഥിതിക സുസ്ഥിരതയും സമഗ്രതയും ഉറപ്പാക്കും വിധം ആസൂത്രണ നിർവ്വഹണ നടപടികളിൽ ഏകോപനം സാധ്യമാകുന്നില്ല.

8) പ്രാദേശികതല തദ്ദേശസ്ഥാപനതലങ്ങളിൽ ജലവിഭവം പങ്കുവെക്കുന്നതിലും പ്രശ്ന പരിഹാരങ്ങളിലും ശാസ്ത്രീയമായ വിവരാടിസ്ഥാനത്തോടെയുള്ള നീർത്തടാധിഷ്ഠിത ജലവിഭവ പദ്ധതികളുടെ ആസൂത്രണം സാധ്യമാകുന്നില്ല.

9) ജലസേചന പദ്ധതികളുടെ പരിപാലന വൈകല്യം മൂലമുണ്ടാക്കുന്ന വിഭവ ദുർവിനി യോഗവും നഷ്ടങ്ങളും കൂടിവരുന്നു.

10) കൈയേറ്റവും പരിവർത്തനങ്ങളും നിമിത്തം പ്രകൃതി ദത്ത തണ്ണീർത്തടങ്ങളും ജല മാർഗ്ഗങ്ങളും അടഞ്ഞു ഭൂഗർഭജലപരിപോഷണം ഗുരുതരമാംവിധം തടസ്സപ്പെട്ടിരിക്കുന്നു.

11) കൂടികൊണ്ടിരിക്കുന്ന ജലമലിനീകരണം നിമിത്തം പരിസ്ഥിത ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിക്കുന്നു.

12) ശുചിത്വാവശ്യങ്ങൾക്കുള്ള വെള്ളത്തിന്റെ ലഭ്യതകുറവും ഈ ആവശ്യങ്ങൾക്ക് ശേഷ മുണ്ടാകുന്ന മലിനജലം സംസ്ക്കരിക്കാൻ കഴിയാത്തതുമൂലവുമുണ്ടാകുന്ന ജലമലി നീകരണവും പ്രശ്നങ്ങളാണ്.

13) പൊതു സമൂഹത്തിന് ജലസാക്ഷരതയും പരിസ്ഥിതി അവബോധവും ഇല്ലാതെ വരി കയാൽ " ജലം പാഴാക്കുന്നതും ദുരുപയോഗം ചെയ്യുന്നതും" കൂടുന്നു.

14) കാര്യക്ഷമമായ ജലവിഭവപരിപാലനത്തിന് വേണ്ട മനുഷ്യ വിഭവശേഷിയില്ലായ്മ എല്ലാ തലങ്ങളിലും അനുഭവേദ്യമാണ്.

15) സമഗ്ര സമീപനം ജലവിഭവ വിനിയോഗ സമീപനത്തിൽ ഉണ്ടാകുന്നില്ല.

16) സാമൂഹ്യ നീതിയും സുതാര്യതയും ഉറപ്പാക്കും വിധം ജലവിഭവ വിനിയോഗ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ശാസ്ത്രീയ വിവരങ്ങൾ അടിസ്ഥാനമാക്കാൻ അധികാരസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

17) ജലസ്രോതസ്സുകളുടെ സ്വഭാവത്തിലും ഗുണത്തിലും അളവിലും മാറ്റം വരുത്തുന്ന വിധമുള്ള മാനുഷിക ഇടപെടലുകൾ ജലവിഭവശേഷിയിൽ പ്രവചനാതീതമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

**നഗരജലവിഭവ പരിപാലനപദ്ധതി ആസൂത്രണ നടപടികൾ**

മേൽചേർത്ത വിധമുള്ള വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭാതലത്തിൽ ആവശ്യമാകുന്ന നടപടികൾ നിർണ്ണയിച്ച് മുൻപറഞ്ഞവിധം മേഖലകൾ തിരിച്ച് നഗരജല വിഭവ പരിപാലന പദ്ധതി തയ്യാറാക്കണം. ആയതിലേക്ക് ആവശ്യമാകുന്ന നടപടികൾ കൂടെ ചുരുക്കമായി നിദ്ദേശിക്കുന്നു.

നഗരജലവിഭവ പരിപാലനപദ്ധതി തയ്യാറാക്കൽ -

**ഘട്ടം 1. മുന്നൊരുക്കം**

1. വികസന സ്റ്റാന്റിംഗ് കമ്മറ്റി ചേർന്ന് - പദ്ധതി തയ്യാറാക്കുന്നതിന് കൗൺസിലിന്റെ അംഗീകാരത്തിനായി പ്രമേയം തയ്യാറാക്കുക.
2. കൗൺസിൽ അംഗീകാരം വാങ്ങുക
3. സംഘാടക സമിതി രൂപീകരണ നടപടികൾ സ്വീകരിക്കുക.

**ഘട്ടം 2. വിവരശേഖരണ നടപടികളും ആസൂത്രണ നടപടികളും**

മണ്ണ്-ജല-ജൈവ വൈവിധ്യ-മേഖലകളിലെ വിദഗ്ധരെയും, ഉദ്യോഗസ്ഥരേയും സന്നദ്ധപ്രവർത്തകരെയും പ്രത്യേകം ക്ഷണിച്ചു, പ്രാഥമിക ആലോചന നടത്തുക. (സംഘാടക സമിതി)

1. വിപുലമായ പൊതുയോഗത്തിന് വ്യാപകപ്രചാരണ നടപടികൾ തീരുമാനിക്കുക.
2. അടിസ്ഥാന വിവരശേഖരണം - അനിവാര്യമായും വേണ്ട വിവരങ്ങൾ
   - ആകെ ജലസംഖ്യ-അടിസ്ഥാന ജലാവശ്യം
   - തദ്ദേശസ്ഥാപനതല ജലവിഭവ ലഭ്യത - ഉറവിടങ്ങൾ ഇനംതിരിച്ച്
   - അവസ്ഥാ വിശകലനവും പ്രശ്നസാധ്യതകൾ നിർണ്ണയിക്കലും
3. നയസമീപന രൂപീകരണം
4. വിശദമായ വിവരശേഖരണം, കലണ്ടറും നടപടിക്രമങ്ങളും

താഴെപറയുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്; ഫോർമാറ്റുകൾ നിർണ്ണയിക്കലും ശേഖരണവും.

a. സ്ഥലവിനിയോഗ വിവരങ്ങൾ

- താമസസ്ഥലങ്ങൾ
- കാർഷികാവശ്യങ്ങൾ
- വ്യാവസായികാവശ്യങ്ങൾ
- പൊതു സ്ഥലങ്ങൾ
- വനങ്ങൾ, സുരക്ഷിതവനങ്ങൾ

b. ജലസ്രോതസ്സുകൾ

നദികൾ, നീരുറവകൾ, കുളങ്ങൾ, കിണറുകൾ, കുഴൽകിണറുകൾ, സ്വകാര്യജലസേചന സംവിധാനങ്ങൾ

c. പൊതുജലസേചന പദ്ധതികൾ

d. പൊതു കുടിവെള്ള പദ്ധതികൾ

e. മാലിന്യം - ഖരമാലിന്യ സംഭരണം, സംസ്ക്കരണം, തോടുകൾ, കുളങ്ങൾ, ചതുപ്പുകൾ, മലിനജലം, ഓടകൾ

f. മലിനീകരണം - മലിനജലം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

g. നഷ്ടമായ ജലസ്രോതസ്സുകൾ സംബന്ധിച്ച കാരണങ്ങൾ, വിവരങ്ങൾ, പുനരുജ്ജീവന സാധ്യതകൾ

h. മഴവെള്ള സംഭരണ സാധ്യതകൾ - കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ etc

i. അഴുക്കുവെള്ള സംഭരണ, സംസ്ക്കരണ-പുനരുപയോഗ സാധ്യതകൾ.

j. ജല - മലിനീകരണ ശോഷണ കാരണങ്ങൾ - സാധ്യമാകുന്ന പരിഹാരങ്ങൾ

5) വിപുലമായ പൊതുയോഗത്തിലും പരിശീലനങ്ങളിലും പങ്കാളികളെ നിർണ്ണയിക്കൽ

രാഷ്ട്രീയ സാമുദായിക, സാംസ്ക്കാരിക സന്നദ്ധപ്രവർത്തകർ, വിദ്യാഭ്യാസ സ്ഥാപനങ്ങളും, നാഷണൽ സർവ്വീസ് സ്കീം, നേച്ചർക്ലബ്ബ്, സയൻസ് ക്ലബ്ബ് തുടങ്ങിയ സംഘടനാപ്രതിനിധികൾ

6) പരിശീലന മൊഡ്യൂളും കലണ്ടറും നിർണ്ണയിച്ചു നടപ്പാക്കൽ

7) പൊതുയോഗവും വിവരശേഖരണ കലണ്ടർ തയ്യാറാക്കലും

- വിശദമായ വിവരശേഖരണത്തിനുള്ള ബഹുജനപങ്കാളിത്തവും പിന്തുണയും തുടർനടപടികൾക്കുള്ള സഹകരണം മുതലായവ ഉറപ്പുവരുത്തൽ

8) വിവരശേഖരണം

9) വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

a. പശ്ചാത്തലം

b. ലക്ഷ്യം

c. ഇന്നത്തെ അവസ്ഥ

1. നഗരസഭക്കുള്ളിലെ പാരമ്പര്യ ജലസ്രോതസ്സുകൾ - നദി, തടാകം, കുളം, തണ്ണീർത്തടങ്ങൾ
2. ഉപരിതല ജലസ്രോതസ്സുകൾ
3. ജലവിതരണ, ജലസേചനപദ്ധതികളുടേയും സ്രോതസ്സുകളുടേയും വിവരങ്ങൾ
4. ഭൂഗർഭജലം
5. മലിനജലം
6. ഖര, ദ്രവ മാലിന്യങ്ങൾ

d. പ്രശ്നങ്ങൾ - വിവിധ മേഖലകളിൽ

e. പരിഹാരങ്ങൾ

f. തദ്ദേശീയതലത്തിൽ ആവശ്യമാകുന്ന പദ്ധതി നിർദ്ദേശങ്ങൾ

7. സംയോജന സാധ്യതകൾ - ഏർപ്പെടുത്തേണ്ട നിയന്ത്രണാവശ്യങ്ങൾ, നിയന്ത്രണാഘാത വിഷയങ്ങൾ

**ഘട്ടം 3 പദ്ധതി നയപ്രഖ്യാപനവും നടപ്പിലാക്കലും**

ജലവിഭവസംരക്ഷണ കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് പദ്ധതി പ്രഖ്യാപിച്ചു നടപ്പിലാക്കുക.

അധിക വായനയും പഠനവും - ശുപാർശകൾ

1) www.IWMICGI.org
2) www.CWC.NIC.in
3) www.WRMIN.NIC.in
4) www.KWA.kerala.gov.in
5) www.groundwater.kerala.gov.in
6) www.envfor.nic,in
7) www.mdws.gov.in
8) പരിസ്ഥിതി നിയമങ്ങൾ - ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

9) കേന്ദ്ര ജല നയം കരട് 2012 (Central draft Water Policy)
10) കേരളാ ജലനയം (Kerala Water Policy 2008)
11) നമുക്ക് നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കാം - കില കൈപുസ്തകം
12) The Kerala Irrigation and Water Conservation Act 2003 (Act 31 of 2003).
13) കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റ് - 2008
14) കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ - 2008
15) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് 2001
16) കേരള നദീതീര സംരക്ഷണവും മണൽവാരൽ ചട്ടങ്ങൾ - 2002

# VI

# മൃഗസംരക്ഷണവും ക്ഷീരവികസനവും

## ആമുഖം

ദേശീയ വരുമാനത്തിലും തൊഴിൽ മേഖലയിലും വലിയ സംഭാവന നൽകുന്ന മേഖലകളാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. മുനിസിപ്പൽ നിയമമനുസരിച്ച് നഗരസഭകൾക്ക് പ്രധാന ഉത്തരവാദിത്തവും സേവന ചുമതലയും ഉള്ള മേഖലയാണ് ഇവ രണ്ടും. കൃഷിയും മൃഗസംരക്ഷണവും ചേർന്ന പ്രാഥമിക മേഖല ജനങ്ങളുടെ ജീവിതത്തിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നു. മൃഗസംരക്ഷണ മേഖലയുടെ പ്രാധാന സംഭവനകൾ;

1. മനുഷ്യന്റെ ഘടനാപരമായ വളർച്ചയ്ക്ക് അത്യാവശ്യമായ മാംസ പ്രാധാന്യ ഭക്ഷണ പദാർത്ഥങ്ങളായ പാൽ, മുട്ട, മാംസം എന്നിവ ലഭ്യമാകുന്നു.
2. കാർഷിക മേഖലയ്ക്കാവശ്യമായ ജൈവവളവും കൃഷിപ്പണിക്കും, ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തിയേയും ലഭ്യമാകുന്നു.
3. വ്യാവസായികാവശ്യത്തിനുള്ള തുകൽ, രോമം, എല്ല്, കൊഴുപ്പ് എന്നിവ ലഭ്യമാകുന്നു.
4. ഔഷധ പ്രാധാന്യമുള്ള വസ്തുക്കളുടെ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു.
5. മനുഷ്യന്റെ സാമൂഹികവും മാനസികവുമായ ആവശ്യങ്ങൾ പലപ്പോഴായി നിറവേറ്റുന്ന അവന്റെ വളർത്തു മൃഗങ്ങളുടേയും ഓമനമൃഗങ്ങളുടേയും പരിരക്ഷ ഉറപ്പാക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ഗണ്യമായ സംഭാവന നൽകുന്ന ഈ മേഖല വഴി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ വലിയ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ മൃഗസംരക്ഷണം ഇന്ന് ഉപതൊഴിൽ എന്ന സ്ഥിതിയിൽ നിന്ന് മാറി ഉപജീവനമാർഗ്ഗമായി തന്നെ മാറിയിരിക്കുന്നു. 93 ശതമാനത്തിലധികം സങ്കരയിനം കറവ മാടുകൾ, പഞ്ചായത്ത് - നഗരസഭകൾതോറുമുള്ള മൃഗചികിത്സാ ശൃംഖല, രോഗനിയന്ത്രണത്തിനുള്ള വിപുലമായ പദ്ധതികൾ, വിപുലമായ രോഗനിർണ്ണയ സൗകര്യങ്ങൾ, ഉൽപ്പാദന ശേഷി കൂടിയ മികച്ചയിനം കറവപ്പശുക്കളെയും എരുമകളെയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, മേൽത്തരം ബീജം ഉൽപ്പാദിപ്പിക്കപ്പെടുന്ന സെമൻബാങ്കുകൾ, കോഴി, മുട്ട, പാൽ ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള മികച്ച സംവിധാനങ്ങൾ, സംഭരണ

വിതരണ രംഗങ്ങളിലെ സഹകരണ മേഖലയുടെ സജീവ സാന്നിദ്ധ്യം തുടങ്ങിയവ കേരളത്തിലെ മൃഗസംരക്ഷണമേഖലയ്ക്ക് മുതൽ കൂട്ടാണ്.

മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് ഒട്ടേറെ സവിശേഷതകളുണ്ട്.

1. ചുരുങ്ങിയ കാലയളവിൽ കുറഞ്ഞ മുതൽ മുടക്കിൽ കുടുംബവരുമാനം മെച്ചപ്പെടുത്താൻ സഹായകരമായ തൊഴിൽ മേഖലയാണിത്.
2. ആളോഹരി ഭൂമി ലഭ്യത കുറവുള്ള നമ്മുടെ സംസ്ഥാനത്ത് അനുയോജ്യവും ആദായകരവുമായ തൊഴിൽ മേഖലയാണ്.
3. ഉൽപ്പാദനത്തിൽ ഏറിയ പങ്കും സംസ്ഥാനത്തിനകത്ത് തന്നെ ഉപയോഗിക്കുന്നതിനാൽ വിപണിക്കുള്ള സാധ്യതയേറെയാണ്.
4. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ നൂതന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രയോഗത്തിൽ വരുത്തി ദ്രുതഗതിയിൽ ഉൽപ്പാദനവർദ്ധനവ് സാധ്യമാക്കുന്നു.

## നഗരസഭയുടെ ചുമതലകൾ

മൃഗസംരക്ഷണ ക്ഷീരോൽപ്പാദന മേഖലയിൽ നഗരസഭകളുടെ ചുമതലകൾ മുൻസിപ്പൽ നിയമത്തിലെ ഒന്നാം പട്ടികയിൽ നൽകിയിട്ടുണ്ട്. അവ

1. കന്നുകാലി വികസന പരിപാടികൾ നടപ്പിലാക്കുക
2. ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുക.
3. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക.
4. മൃഗാശുപത്രികൾ നടത്തുക
5. ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ നടത്തുക.
6. മൃഗങ്ങൾക്കുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ ആവിഷക്കരിച്ച് നടപ്പിലാക്കുക.
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക.
8. പ്രത്യുൽപ്പാദനക്ഷമത-വികസന പരിപാടികൾ നടപ്പാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക
10. മൃഗപോളിക്ലീനിക്കുകളും കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളും നടത്തുക.
11. മൃഗസംരക്ഷണത്തിൽ പ്രത്യേക സേവനങ്ങൾ നൽകുക.
12. കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുക.

എന്നിവയാണ്. കൂടാതെ അനിവാര്യ ചുമതലകളിൽ

1. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന നിയന്ത്രിക്കുക
2. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക എന്നിവയും ഉൾപ്പെടുന്നു.

## പന്ത്രണ്ടാം പദ്ധതി നിർദ്ദേശങ്ങൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണനയായി

1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തൽ
2. മുഖ്യതൊഴിലായോ ഉപതൊഴിലായോ ചെയ്യുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
3. വകുപ്പുതല പരിപാടികളുടെ ഇരട്ടിപ്പാകാതെ, മുൻപിൻ ബന്ധങ്ങൾ ഉറപ്പാക്കി പദ്ധതികൾ തയ്യാറാക്കൽ, എന്നിവയും നൽകിയിട്ടുണ്ട്.

മുനിസിപ്പൽ നിയമത്തിൽ അനുബന്ധമായി നൽകിയിട്ടുള്ള മേഖലാ ചുമതലകൾ ഏതൊക്കെ രീതിയിൽ നമുക്ക് നിർവ്വഹിക്കാൻ സാധിക്കും. അതുമായി ബന്ധപ്പെട്ട് നിലവിലുള്ള സാധ്യതകൾ എന്തൊക്കെ എന്നും പരിശോധിക്കാം.

## കന്നുകാലി വികസന പരിപാടികൾ

സംസ്ഥാനത്തെ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരും കർഷക തൊഴിലാളികളുമാണ്. ഈ രംഗത്തെ സ്ത്രീ പങ്കാളിത്തം അറുപത് ശതമാനത്തിലേറെയാണ്. പാൽ- പാലുൽപ്പന്നങ്ങൾ, മാംസം എന്നിവയുടെ ആവശ്യം നിറവേറ്റുന്നതിനും ഒരു തൊഴിൽ മേഖല എന്ന നിലയിലുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നഗരസഭാതലത്തിൽ കന്നുകാലി വികസന പരിപാടികൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. നഗരത്തിലെ പാൽ, മാംസ ഉൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ആദ്യപടിയായി അടിസ്ഥാന വിവരശേഖരണം നടത്തണം. ഈ വിവരങ്ങൾ ഓരോ വർഷവും പരിഷ്ക്കരിക്കുകയും വേണം.

അടിസ്ഥാന വിവരശേഖരണത്തിൽ ഉൾപ്പെടുത്തി:-

1. **മൃഗസമ്പത്തിന്റെ സ്ഥിതി സംബന്ധിച്ച വിവരം.**

   ഇതിൽ പശു, എരുമ, ആട് എന്നിവയുടെ എണ്ണം, മറ്റു വളർത്തു മൃഗങ്ങളുടെ എണ്ണം, കോഴി, കാട, താറാവ് തുടങ്ങിയ പക്ഷികളെ വളർത്തുന്നതിന്റെ വിവരങ്ങൾ, മുട്ട, ഇറച്ചി എന്നിവയുടെ ലഭ്യത, വിപണനം എന്നിവ സംബന്ധിച്ച വിവരം ആവശ്യമാണ്.

**2. പ്രത്യുൽപ്പാദനശേഷി കണക്കാക്കാൻ പര്യാപ്തമായ വിവരങ്ങൾ**

പ്രജനന യോഗ്യമായ കറവമാടുകൾ, സങ്കര വർഗത്തിൽപ്പെട്ടവ, നാടൻ ഇന ത്തിൽപ്പെട്ടവ, വന്ധ്യതാ നിരക്ക്, കൃത്രിമ ബീജാധാന സൗകര്യങ്ങൾ - സ്വീകാര്യ ത, കർഷകരുടെ വൈജ്ഞാനിക നില തുടങ്ങിയ വിവരങ്ങൾ ശേഖരിക്കണം.

**3. ചികിത്സാ സേവനങ്ങളുടെ സ്ഥിതി**

രോഗനിർണ്ണയ ചികിത്സാ സൗകര്യങ്ങൾ, സേവന ദായക സ്ഥാപനങ്ങളുടെ അവ സ്ഥ, സാധാരണ കാണപ്പെടുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, വീട്ടുപടിക്കൽ സേവ നമെത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ.

**4. തീറ്റയുടെ ലഭ്യത, സ്ഥിതി**

മേച്ചിൽ സ്ഥലങ്ങളുടെയും പച്ചപ്പുല്ലിന്റേയും ലഭ്യത, പ്രാദേശികമായി ഉപയോഗി ക്കുന്ന മിശ്രിത കാലിത്തീറ്റയുടെ അളവ്, ഫോഡർ കൃഷിക്ക് ഉപയുക്തമാക്കുവാൻ പറ്റിയ സ്ഥലങ്ങൾ തുടങ്ങിയവ.

**5. ഉൽപ്പാദന വിപണന സ്ഥിതി**

പാൽ സംഭരണ വിപണന സാധ്യതകൾ, സംഘങ്ങളിൽ ശേഖരിക്കപ്പെടുന്ന പാലിന്റെ അളവ്, ഗാർഹിക ഉപഭോഗം, പുറത്ത് നിന്നുള്ള പാലിന്റെ വരവ്, ബൂത്തു കൾ വഴിയുള്ള പാൽ വിൽപ്പന.

ഇത്തരത്തിൽ നടക്കുന്ന സമഗ്ര വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പാൽ, മാംസം എന്നിവയുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്യേണ്ടതുണ്ട്.

a. ഗുണമേൻമയുള്ള കന്നുകാലികളെ വികസിപ്പിക്കൽ

നഗരസഭാ പ്രദേശത്ത് ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള കന്നുകാലികളെ വികസി പ്പിക്കുന്നതിനുള്ള സംവിധാനം വെറ്ററിനറി സബ്സെന്റർ വഴി ഒരുക്കുക. നഗരസഭാ പ്രദേശത്ത് അനധികൃത ബീജാധാന കേന്ദ്രങ്ങൾ നിരോധിക്കുകയും കർഷകർക്കാ വശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

b. വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ

നഗരസഭാ പ്രദേശത്ത് വിവിധ ഭാഗങ്ങളിൽ വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘ ടിപ്പിക്കുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്യുക.

c. കന്നുകുട്ടി പരിപാലനം

കൃത്രിമ ബീജധാനം വഴി പിറക്കുന്ന കന്നുകുട്ടികളുടെ ആരോഗ്യ പരിരക്ഷ നടത്തി ഉയർന്ന ഉൽപ്പാദനക്ഷമത ഉറപ്പു വരുത്തൽ, കന്നുകുട്ടികളെ പരിപാലിക്കുന്ന കർഷ കർക്ക് പ്രോത്സാഹനം നൽകുക.

d. ഗർഭകാല - വറ്റുകാല സംരക്ഷണം.

കന്നുകാലികളെ ഗർഭകാലത്തും, വറ്റുകാലത്തും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. സൗജന്യ നിരക്കിൽ തീറ്റ ലഭ്യമാക്കൽ, ഔഷധങ്ങൾ ലഭ്യമാക്കൽ, പരിപാലന മുറകളെ കുറിച്ചുള്ള ശാസ്ത്രീയ പരിശീലനം കർഷകർക്ക് ലഭ്യമാക്കൽ.

e. അകിടുവീക്ക നിയന്ത്രണം

കന്നുകാലികളുടെ ഉൽപ്പാദനക്ഷമതയെ ബാധിക്കുന്ന രോഗമായ അകിടുവീക്കം നിയന്ത്രിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ.

f. എരുമ വളർത്തൽ പ്രോത്സാഹനം

ഉയർന്നരോഗ പ്രതിരോധശേഷിയും ഉൽപ്പാദനശേഷിയും ഉള്ള ഉരു എന്ന രീതിയിൽ എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കൽ

g. വിപണന സംവിധാനം ഒരുക്കൽ

നഗരസഭാ പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന പാൽ, മാംസം എന്നിവയുടെ വിപണനത്തിനാവശ്യമായ സംവിധാനം ഒരുക്കൽ

ഡയറി യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കൽ നഗരസഭാ പ്രദേശത്ത് സംഘടിതമായി കന്നുകാലി വളർത്തലിനും പാലുൽപ്പാദനത്തിനും തയ്യാറുള്ളവരുടെ കൂട്ടായ്മകൾ സംഘടിപ്പിക്കൽ

h. പോഷകാഹാരം

കന്നുകാലി വികസനത്തിന്റെ അടിസ്ഥാന ഘടകമെന്ന നിലയിൽ തീറ്റപ്പുൽകൃഷി, അസോളകൃഷി പ്രോത്സാഹനം, നഗരസഭാ പ്രദേശത്ത് വിറ്റഴിക്കുന്ന കാലിത്തീറ്റകളുടെ ഗുണമേന്മ, പഴക്കം എന്നിവയുടെ പരിശോധന

i. മാതൃകാ തൊഴുത്ത് നിർമ്മാണം.

സംഘടിതമായി കന്നുകാലികൾ വളർത്തുന്ന യൂണിറ്റുകൾക്ക് മാതൃകാ തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള പ്രോത്സാഹനം

## ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുക

കേരളത്തിന്റെ ഉപജീവനമാർഗ്ഗമായി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന ഒരു മേഖലയാണ് ക്ഷീരവികസനം. ഇത് സംസ്ഥാനത്തിന്റെ മൊത്തം കാർഷിക ഉൽപ്പാദനത്തിന്റെ 40 ശതമാനം സംഭാവന നൽകുന്നു. കാർഷിക വിളകളുടെ ഉൽപ്പാദനവും പശുവളർത്തലും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. അതുകൊണ്ട് കാർഷിക മേഖലയുടെ വളർച്ചക്കും സുസ്ഥിരതക്കും ക്ഷീരവികസന മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ക്ഷീരവികസനമേഖലയുടെ വികസനത്തിന് ചില അനുകൂലഘടകങ്ങൾ ഉണ്ട്. അവ

1. ചെറുകിട നാമമാത്ര കർഷകരും കർഷകതൊഴിലാളികളും പശുവളർത്തൽ ഒരു പ്രധാന തൊഴിലായോ ഉപതൊഴിലായോ സ്വീകരിച്ചിട്ടുണ്ട്.
2. സാങ്കേതിക വൈദഗ്ധ്യം താരതമ്യേന കുറഞ്ഞ തൊഴിലാണിത്. കുറഞ്ഞ മുതൽ മുടക്കിൽ പെട്ടെന്ന് തന്നെ വരുമാനം തരുന്ന മേഖലയായതിനാൽ അയൽകൂട്ടങ്ങൾ, സ്വാശ്രയ ഗ്രൂപ്പുകൾ, സ്വയംതൊഴിൽ സംരംഭകർ എന്നിവ ഈ മേഖലയെ വ്യാപകമായി ആശ്രയിക്കുന്നു.
3. ക്ഷീര സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നു.
4. ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിനേക്കാൾ കൂടുതൽ പാൽ കേരളത്തിൽ വിറ്റഴിക്കപ്പെടുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ ഇറക്കുമതി ചെയ്യേണ്ട സ്ഥിതിയാണുള്ളത്.
5. വനിതകൾക്കും, പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കും അനുയോജ്യമായ തൊഴിലായതുകൊണ്ട് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കാൻ നഗരസഭകൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ സാധിക്കും. സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം, ഗുണഭോക്തൃ വിഹിതം, ക്ഷീരസഹകരണ സംഘങ്ങളുടെ വിഹിതം, തനത്ഫണ്ട്, ബാങ്ക് വായ്പ, സന്നദ്ധ സേവനം എന്നിവയ്ക്ക് പുറമെ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളെയും പ്രയോജനപ്പെടുത്താൻ സാധിക്കും. ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകരെ സംസ്ഥാന സർക്കാർ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

തീറ്റപ്പുൽകൃഷി വികസനം, കാലിതൊഴുത്ത് നിർമ്മാണം, കന്നുകാലികളുടെ ആരോഗ്യ പരിപാലനം, വിജ്ഞാന വ്യാപനപരിപാടികൾ, പാലിന്റെ ഗുണനിലവാര വർദ്ധനക്കാവശ്യമായ പ്രവർത്തനങ്ങൾ എന്നിവ നഗരസഭക്ക് ഏറ്റെടുക്കാവുന്ന പദ്ധതികളാണ്.

ദീർഘകാല പദ്ധതിയെന്ന നിലയിൽ കന്നുകുട്ടി പരിപാലന പദ്ധതി, കാമധേനു ഇൻഷുറൻസ്, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി, ക്ഷീരസംഘങ്ങൾക്ക് ഭൗതീക സൗകര്യമൊരുക്കൽ, ലാബോറട്ടറി സൗകര്യം മെച്ചപ്പെടുത്തൽ എന്നിവയും ഏറ്റെടുക്കാവുന്നതാണ്. കൂടാതെ പാൽ ഉപയോഗിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള ക്ഷീരോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നഗരസഭകൾക്ക് മുൻകയ്യെടുക്കാൻ സാധിക്കും.

പാലിന്റെ ഉൽപ്പാദനം അമ്പത് ശതമാനം വർദ്ധിപ്പിക്കാനും ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി പാൽസംഭരണത്തിനും വിപണത്തിനും പുതിയ മേഖലകൾ കണ്ടെത്താനും പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഒന്നോ അതിലധികമോ പശു/എരുമയെ വളർത്തുകയും ഒരു വർഷം ഏറ്റവും കുറഞ്ഞത് 500 ലിറ്റർ പാൽ ക്ഷീരസംഘത്തിൽ വിപണനം നടത്തുകയും ചെയ്യുന്ന ക്ഷീരകർഷ

കർക്ക് അംഗങ്ങളായ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പെൻഷൻ ഉൾപ്പെടെയുള്ള നിരവധി ആനുകൂല്യങ്ങൾ നൽകി വരുന്നു.

## കോഴി, പന്നി, തേനീച്ച, ആട്, മുയൽ വളർത്തൽ

**കോഴി:** ആദ്യകാലങ്ങളിൽ നാടൻ കോഴികളേയും മുട്ടയുൽപ്പാദനം കഴിഞ്ഞ പിടക്കോഴികളേയുമാണ് ഇറച്ചിക്കായി ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് ശാസ്ത്രീയ പ്രജനന പ്രക്രിയകൾ വഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇറച്ചിക്കോഴികളേയാണ് ഇറച്ചിക്കായി ഉപയോഗിക്കുന്നത്. ഇറച്ചിക്കോഴി വളർത്തൽ ഒരു സ്വയം തൊഴിൽ മേഖലയായി മാറിക്കഴിഞ്ഞിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളും വ്യാപകമായി കാണാൻ കഴിയും.

**പന്നി:** അനുദിനം വർദ്ധിച്ചു വരുന്ന മാംസാഹാരാവശ്യം നിറവേറ്റുന്നതിന് വളരെയധികം ആശ്രയിക്കുന്ന മേഖലയാണ് പന്നിവളർത്തൽ, നാടൻ പന്നികളോടൊപ്പം വിദേശ ജനുസ്സുകളായ യോർക്ക് ഷയർ, ലാന്റ് റോഡ്, ഡ്യൂറോക്ക്, ലാർജുവൈറ്റ് എന്നിവയും ഈ മേഖലയിലേക്ക് കടന്നു വന്നിട്ടുണ്ട്. മാംസോൽപ്പാദന വർദ്ധനവ് ലക്ഷ്യമിടുന്ന ഈ മേഖലയും ധാരാളം തൊഴിലവസരങ്ങൾക്ക് സാധ്യതയുള്ളതാണ്.

**ആട്:** പരിമിതമായ ഭൗതീക സാഹചര്യങ്ങളിലും മെച്ചപ്പെട്ട ഉൽപ്പാദനം നൽകുവാനുള്ള കഴിവുള്ളത് കൊണ്ട് ആട് വളർത്തൽ ഒരു പ്രധാനതൊഴിലായി മാറിയിട്ടുണ്ട്. ലളിതമായ പാർപ്പിടം, ഉയർന്ന പ്രജനനശേഷി, ഉയർന്ന രോഗ പ്രതിരോധശക്തി പരിപാലനത്തിനാവശ്യമായ കുറഞ്ഞ സ്ഥലസൗകര്യം എന്നിവയും ആടിന്റെ പ്രത്യേകതകളാണ്. ആടിന്റെ എല്ലാ ഭാഗവും ഉപയുക്തമായതിനാൽ ഒരു കൽപ്പമൃഗമായും ആടിനെ വിശേഷിപ്പിക്കാം. കേരളത്തിന്റെ തനത് ജനുസ്സായ ' മലബാറി' ആടുകൾ അട്ടപ്പാടി പ്രദേശത്ത് കാണുന്ന കറുത്ത നിറമുള്ള ആടുകൾ, ദക്ഷിണാഫ്രിക്കയിൽ ഉരുത്തിരിഞ്ഞ ഇറച്ചിക്ക് വേണ്ടി വളർത്തുന്ന 'ബോയർ'എന്നിവയാണ് കേരളത്തിൽ പ്രധാനമായും പ്രചാരത്തിലുള്ളത്.

**മുയൽ:** ഇറച്ചിക്കും മൃദുരോമ ചർമ്മത്തിനും വേണ്ടിയാണ് മുയലുകളെ സാധാരണയായി വളർത്തുന്നതെങ്കിലും കൗതുകത്തിന് വേണ്ടി വളർത്തുന്നവരും ഉണ്ട്. ഗുണമേന്മയേറിയ മാംസലഭ്യത, ചുരുങ്ങിയ മുതൽ മുടക്ക്, ഉയർന്ന വളർച്ചാ നിരക്ക് പരിമിതമായ പോഷകാവശ്യങ്ങൾ എന്നിവ മുയൽ വളർത്തലിന് സഹായകരമായ ഘടകങ്ങൾ ആണ്. നാടൻ ഇനങ്ങളോടൊപ്പം ചില സങ്കരയിനം മുയലുകളേയും വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

**തേനീച്ച:** തേനീച്ച വളർത്തലും ഒരു സ്വയംതൊഴിൽ സംരംഭമായി ഏറ്റെടുത്ത ധാരാളം പേർ നഗരപ്രദേശങ്ങളിൽ കാണാൻ സാധിക്കും.

കോഴി, തേനീച്ച, പന്നി, ആട്, മുയൽ എന്നിവ വളർത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നിരവധി പ്രോത്സാഹനങ്ങൾ നൽകി വരുന്നുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര

പദ്ധതിയുടെ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിൽ അവ വ്യക്തമാക്കിയിട്ടുണ്ട്. മാംസോൽപ്പാദന രംഗത്ത് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. കോഴി, പന്നി, മുയൽ, ആട്, താറാവ് എന്നിവ വളർത്തുന്ന കർഷകർക്ക് ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ ലഭ്യമാക്കൽ.
2. തീറ്റ, പ്രതിരോധ മരുന്നുകൾ എന്നിവ കുറഞ്ഞ ചെലവിലും ഗുണമേന്മയിലും ലഭ്യമാക്കൽ.
3. കർഷകർക്ക് വായ്പാ സംവിധാനം ഒരുക്കികൊടുക്കാൻ
4. വിപണനത്തിനുള്ള സംവിധാനം ഒരുക്കൽ
5. ശാസ്ത്രീയവും ആധുനികവുമായ അറവുശാലകൾ പ്രവർത്തിപ്പിക്കൽ
6. കർഷകർക്ക് ആവശ്യമായ പരിശീലനം നൽകൽ
7. നഗരസഭാതലത്തിൽ കർഷകരുടെ കൂട്ടായ്മ രൂപീകരിക്കൽ
8. മാംസ സംസ്ക്കരണ യൂണിറ്റുകൾക്ക് സാങ്കേതിക സഹായം നൽകൽ.

## മൃഗാശുപത്രികൾ

കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും മൃഗാശുപത്രികളും, കൃത്രിമബീജധാന കേന്ദ്രങ്ങളും ഉള്ള സംസ്ഥാനമാണ് കേരളം. മുനിസിപ്പൽ നിയമമനുസരിച്ച് മൃഗാശുപത്രികളും, കൃത്രിമ ബീജധാന കേന്ദ്രങ്ങളും, പോളിക്ലിനിക്കുകളും നഗരസഭകൾക്ക് കൈമാറിയിരിക്കുകയാണ്. മൃഗാശുപത്രികളുടെ കാര്യക്ഷമമായ നടത്തിപ്പ് നഗരസഭകളുടെ ചുമതലയിൽപ്പെടുന്നു.

മൃഗാശുപത്രി നൽകുന്ന സേവനങ്ങൾ

1. പക്ഷി മൃഗാദികളുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ട രോഗപരിശോധന, ചികിത്സ, ഔഷധവിതരണം.
2. രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തൽ
3. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കൃത്രിമ ബീജധാന സൗകര്യം ലഭ്യമാക്കൽ
4. കൃത്രിമബീജസങ്കലനം നടത്തിയ ഉരുക്കളിൽ 60 ദിവസങ്ങൾക്ക് ശേഷം സൗജന്യ ഗർഭപരിശോധന നടത്തൽ
5. കന്നുകാലികളിൽ വന്ധ്യതാ ചികിത്സ നടത്തൽ, ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കൽ
6. ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ

7. ഓമന മൃഗങ്ങളുടെ ചികിത്സ ഏറ്റെടുക്കൽ
8. പക്ഷിമൃഗാദികളെ ഇൻഷ്വർ ചെയ്യുന്നതിന് കർഷകരെ സഹായിക്കൽ
9. സ്വയംതൊഴിൽ രംഗത്ത് കർഷകർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകൽ.
10. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

ഒരു മൃഗാശുപത്രിയിൽ സാധാരണയായി വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ പാർട്ട്ടൈം സ്വീപ്പർ എന്നിവരാണ് ജീവനക്കാരായി ഉണ്ടാവുക. മൃഗാശുപത്രിക്കാവശ്യമായ ഭൗതീക സൗകര്യം ഒരുക്കി കൊടുക്കേണ്ട ഉത്തരവാദിത്വം നഗരസഭയുടേതാണ്. പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായും, നിർവ്വഹണ ഉദ്യോഗസ്ഥനായും പ്രവർത്തിക്കേണ്ട ഉത്തരവാദിത്വം വെറ്റിനറി സർജൻ, സീനിയർ വെറ്ററിനറി സർജൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ് എന്നിവരിൽ നിക്ഷിപ്തമാണ്.

## ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ

ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ ഭാഗമായുള്ള കേന്ദ്രങ്ങൾ (ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ) നഗരസഭക്ക് കൈമാറിയ സ്ഥാപനങ്ങളാണ്. ഗുണമേന്മയുള്ള ഉരുക്കളെ പ്രജനനം നടത്തുന്നതിനുള്ള കൃത്രിമ ബീജധാന കേന്ദ്രങ്ങളാണ് ഇവ. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട്ട് ടൈം സ്വീപ്പറുമാണ് ഇവിടത്തെ ജീവനക്കാർ. കൃത്രിമ ബീജധാനത്തിന് പുറമെ കന്നുകാലികൾക്കാവശ്യമായ പ്രാഥമിക ശുശ്രൂഷകളും നടത്തുന്നത് ഐ.സി.ഡി.പി ഉപകേന്ദ്രങ്ങളിൽ നിന്നാണ്.

## മൃഗങ്ങൾക്കുള്ള പ്രതിരോധ ആരോഗ്യപരിപാടികൾ

പക്ഷിമൃഗാദികളിൽ രോഗാതുരത കുറയുകയോ ഒഴിവാക്കുകയോ ചെയ്യുന്ന പ്രവർത്തനമാണ് പ്രതിരോധ ആരോഗ്യപരിപാടി. താഴെ പറയുന്ന ലക്ഷ്യങ്ങളാണ് ഈ പരിപാടിക്കുള്ളത്.

1. രോഗം പിടിപെടുന്നതിൽ നിന്നും പക്ഷിമൃഗാദികളെ രക്ഷിക്കുക
2. ഉൽപ്പാദന ശോഷണം വഴിയുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കുക
3. ജീവഹാനി ഒഴിവാക്കുന്നതിലൂടെ ജന്തുസമ്പത്തിന്റെ സുരക്ഷ ഉറപ്പാക്കുക.

**പക്ഷിമൃഗാദികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ**

1. കന്നുകാലി രോഗങ്ങൾ

   കുളമ്പുരോഗം (Foot and mouth disease)

   കുരലടപ്പൻ

   അടപ്പൻ, കരിങ്കാൽ, പരാദരോഗം

2. കോഴിരോഗങ്ങൾ

   കോഴിവസന്ത, ഗംബോറോ രോഗം, താറാവു വസന്ത

3. ശ്വാനരോഗങ്ങൾ

   പേവിഷബാധ, ഡിസ്റ്റംബർരോഗം, പാർവ്വോ രോഗം

രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി പക്ഷിമൃഗാദികളുടെ വിഭവസമ്പത്ത് വിന്യസിക്കുന്ന വിഭവ ചിത്രം തയ്യാറാക്കൽ, ആശുപത്രി രേഖാ പഠനം, രോഗപരിവേഷണ സർവെ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായ ചാർട്ട് തയ്യാറാക്കേണ്ടതുണ്ട്. തുടർന്ന് ആവശ്യകത, നടത്തിപ്പ്, പ്രവർത്തനക്രമം എന്നിവയെ സംബന്ധിച്ചുള്ള വ്യാപകമായ ബോധവൽക്കരണ പ്രവർത്തനവും നടത്തണം. പ്രതിരോധ കുത്തിവെപ്പുകളിലൂടെ നിയന്ത്രണം സാധ്യമാകുന്ന രോഗങ്ങൾക്ക് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കാം. രോഗം പരത്തുന്ന ജീവികളായ കൊതുക്, ഈച്ച, ഒച്ച് എന്നിവയുടെ നിയന്ത്രണം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവക്കാവശ്യമായ പ്രവർത്തനങ്ങൾ സമാന്തരമായി നടത്തേണ്ടതുണ്ട്. രോഗം ബാധിച്ച മൃഗങ്ങളെ ചികിത്സിച്ച് രോഗം പരക്കുന്നത് തടയുന്ന പ്രവർത്തനവും രോഗനിയന്ത്രണ പ്രവർത്തനത്തിന്റെ ഭാഗമാക്കേണ്ടതാണ്.

രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ശേഷം രോഗപ്രതിരോധശേഷി നിർണ്ണയിക്കൽ, രോഗം വീണ്ടും ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിക്കൽ, നിയന്ത്രണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ മോണിറ്ററിംഗിന്റെ ഭാഗമായി നടത്തേണ്ടതാണ്.

## മൃഗങ്ങളോടുള്ള ക്രൂരത തടയൽ

നഗരസഭാ പരിധിക്കകത്ത് മൃഗങ്ങളെ അശാസ്ത്രീയമായി അറവ് നടത്തുന്നത് കർശനമായി തടയേണ്ടതാണ്. ആധുനികരീതിയിലുള്ള അറവുശാലകളിൽ മാത്രമെ മൃഗങ്ങളെ അറവ് നടത്താൻ പാടുള്ളു എന്ന കാര്യം പ്രത്യേകം പരസ്യപ്പെടുത്തേണ്ടതുണ്ട്. നഗരസഭാ പരിധിയിൽ കൂടി വാഹനങ്ങളിൽ അനുവദനീയമായ പരിധിക്ക് മുകളിൽ മൃഗങ്ങളെ കയറ്റിക്കൊണ്ടുപോകുന്നതിനെതിരായ നടപടികളും നഗരസഭയ്ക്ക് സ്വീകരിക്കാം.

മൃഗങ്ങൾക്കെതിരായുള്ള ക്രൂരത തടയുന്നതിനുള്ള ബോധവൽക്കരണം വിവിധ ജനകീയ സംഘടനാ സംവിധാനങ്ങൾ വഴി ഏറ്റെടുക്കാൻ കഴിയണം. മൃഗങ്ങളോടുള്ള ക്രൂരത തടയൽ (അറവുശാല) ചട്ടങ്ങൾ 2000, ഇത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയും സുപ്രീംകോടതിയും പുറപ്പെടുവിച്ച ഉത്തരവുകൾ, ആധുനികരീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള സർക്കാർ 2010 ൽ പുറപ്പെടുവിച്ച സർക്കുലർ എന്നിവ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. ( ഉത്തരവ് അനുബന്ധത്തിൽ നൽകിയിട്ടുണ്ട്.)

## മൃഗജന്യരോഗങ്ങൾ നിയന്ത്രിക്കുക

പക്ഷിമൃഗാദികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങൾ കണ്ടെത്തി കൃത്യമായും നിർണ്ണയം നടത്തി, ആവശ്യമായ ചികിത്സ നൽകേണ്ടത് അത്യാവശ്യമാണ്. രോഗികളുമായി ആശയ വിനിമയ സാധ്യത ഇല്ലാത്തതിനാൽ കൃത്യമായ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഉയർന്ന സാങ്കേതിക വൈദഗ്ദ്യം അത്യാവശ്യമാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ വഴിയാണ് രോഗനിർണ്ണയ ചികിത്സാ സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാകുന്നത്. രോഗം ബാധിച്ച മൃഗത്തെ ചികിത്സ ക്കായി ആശുപത്രിയിൽ എത്തിക്കുക എന്നത് പ്രായോഗികമല്ലാത്തതിൽ ചികിത്സാ സൗകര്യം കൃഷിക്കാരന്റെ വീടുകളിൽ എത്തിക്കേണ്ടത് ആവശ്യമായി വരുന്നു. യഥാസമയം ചികിത്സ ലഭ്യമാക്കാൻ സാധിക്കാതെ വന്നാൽ കനത്ത ഉൽപ്പാദന നഷ്ടം, ഭാരിച്ച ചികിത്സാ ചെലവ്, കന്നുകാലികളുടെ മരണം എന്നിവയും സംഭവിക്കുന്നു.

ആധുനിക രീതിയിൽ രോഗനിർണ്ണയവും ചികിത്സയും നൽകുന്നതിനാവശ്യമായ കെട്ടിടം, ലബോറട്ടറി, മരുന്ന്, ഓപ്പറേഷൻ തിയ്യറ്റർ എന്നിവ എല്ലാ സ്ഥലത്തും ലഭ്യമല്ല. വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവും കർഷകനെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഈ പരിമിതികൾ മറികടക്കു ന്നതിന്;

1. സുസജ്ജമായ രോഗനിർണ്ണയ ചികിത്സാ സ്ഥാപനങ്ങൾ സ്ഥാപിക്കണം. എല്ലാതരം സൗകര്യങ്ങളും ഏർപ്പെടുത്തി ഏത് അടിയന്തിര സാഹചര്യവും നേരിടാൻ തക്ക വണ്ണം ഈ സ്ഥാപനങ്ങളെ മാറ്റിയെടുക്കേണ്ടതുണ്ട്.
2. രോഗ നിർണ്ണയ ചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്ന സംവിധാനം ഉണ്ടാകണം.
3. രോഗനിർണ്ണയ ചികിത്സാ ചെലവുകൾ ലഘൂകരിക്കാൻ ആവശ്യമായ ക്രമീകരണ ങ്ങൾ ചെയ്യേണ്ടതാണ്.
4. രോഗങ്ങൾ, ചികിത്സാരീതി, ചികിത്സിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ വ്യക്തമാ ക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
5. സങ്കീർണ്ണമായ രോഗ ചികിത്സ, വന്ധ്യതാ ചികിത്സ, ശസ്ത്രക്രിയ, എക്സറെ, അൾട്രാ സൗണ്ട് സ്കാനിംഗ്, മൊബൈൽ സേവനം, ആംബുലൻസ് സേവനം എന്നിങ്ങനെ യുള്ള സ്പെഷലിസ്റ്റ് സേവനങ്ങൾ വെറ്ററിനറി പോളി ക്ലീനിക്കുകളോട് അനുബ ന്ധിച്ച് ഒരുക്കേണ്ടതാണ്.
6. രോഗങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ മരുന്നുകൾ മൃഗാശുപത്രിയിലും, വെറ്ററിനറി പോളീക്ലീനിക്കിലും ലഭ്യമല്ലാതെ വരുന്ന സന്ദർഭങ്ങളിൽ നഗരസഭാ ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങിക്കാവു ന്നതാണ്.

# മത്സ്യമേഖല

## ആമുഖം

കേരളത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മത്സ്യമേഖല. സംസ്ഥാന ജനസംഖ്യയുടെ 3.62 ശതമാനം പേർ മത്സ്യതൊഴിലാളികളാണ്. 590 കി.മീ. വരുന്ന കടൽ തീരവും വലുതും ചെറുതുമായ 45 കായലുകളും അഴിമുഖങ്ങളും പൊഴികളും ഉൾപ്പെടെ ഏകദേശം 65000 ഹെക്ടർ ഓരു ജലാശയങ്ങളും മുപ്പതോളം ജലസംഭരണികളും 44 നദികളും നിരവധി ചിറകളും തടാകങ്ങളും കുളങ്ങളും ഉൾപ്പെടെ ഏകദേശം 1,58,358 ഹെക്ടർ ശുദ്ധജലാശയങ്ങളും കേരളത്തിൽ ഉണ്ട്.

മത്സ്യമേഖല എന്നാൽ കടൽ മത്സ്യമേഖല എന്നാണ് പൊതു ധാരണ. എന്നാൽ കടൽ സാമീപ്യമുള്ള സ്ഥലങ്ങളും ഉൾനാടൻ ജലാശയങ്ങൾ ഉള്ള മേഖലകളും മത്സ്യമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ ഉള്ള മറ്റ് പ്രദേശങ്ങളും മത്സ്യമേഖലയിൽപെടും.

മത്സ്യോൽപ്പാദനത്തിന്റെ കാര്യത്തിൽ ദേശീയതലത്തിൽ ഇന്നും മുഖ്യപങ്ക് വഹിക്കുന്ന സംസ്ഥാനമാണ് കേരളം. മത്സ്യമേഖലയെ മുഖ്യമായും ആശ്രയിച്ചു കഴിയുന്ന 1.61 ലക്ഷം മത്സ്യതൊഴിലാളി കുടുംബങ്ങളിലായി 11 ലക്ഷത്തോളമാണ് മത്സ്യതൊഴിലാളി ജനസംഖ്യ. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് മത്സ്യതൊഴിലാളി സമൂഹം. സംസ്ഥാന പ്രതിവർഷ വരുമാനവും മത്സ്യതൊഴിലാളികളുടെ പ്രതിശീർഷ വരുമാനവും തമ്മിൽ വലിയ വ്യത്യാസം കാണാൻ സാധിക്കും. വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ കേരളത്തിൽ മൊത്തത്തിലുള്ള പുരോഗതി മത്സ്യമേഖലയിൽ ഇല്ലെന്ന് കാണാം. കടലോര മേഖലയിൽ അധിവസിക്കുന്ന മത്സ്യതൊഴിലാളി കുടുംബത്തിൽ 25% പേർ ഇന്നും വാസയോഗ്യമല്ലാത്ത ഭവനങ്ങളിലാണ് കഴിയുന്നത്.

### നഗരസഭകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേഗദതിയിലൂടെ നഗരസഭകൾക്ക് കൈവന്നിട്ടുള്ള അധിക ചുമതലകളുടേയും അധികാരങ്ങളുടേയും പ്രധാന ദൗത്യം പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിൽ നഗരസഭകളുടെ ചുമതലകൾ പ്രതിപാദിച്ചിട്ടുണ്ട്. നിയമപരമായി ലഭ്യമായിട്ടുള്ള ഈ ചുമതലകൾ നിറവേറ്റാൻ നഗരസഭകൾക്ക് അധികാരങ്ങളും ബാദ്ധ്യതയുമുണ്ട്.

നഗരസഭകളുടെ ചുമതലകളിൽ അനിവാര്യ ചുമതലകൾ, പൊതു ചുമതലകൾ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ അനിവാര്യ ചുമതലകൾ നഗരസഭയുടെ മൊത്തത്തിലുള്ള വികസനവും അതിലൂടെ സാമൂഹ്യ നീതിയും ഉറപ്പു വരുത്തുന്നവയുമാണ്. എങ്കിലും മത്സ്യമേഖല പൊതുവേയും മത്സ്യതൊഴിലാളി ജനവിഭാഗം പ്രത്യേകിച്ചും അഭിമുഖീകരിച്ചു വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പൊതു ചുമ

തലകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളും ഉപകരിക്കും. ഉദാഹരണമായി പൊതുമാർക്കറ്റുകൾ പരിപാലിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലയാണ്. ഈ അനിവാര്യ ചുമതലാ നിർവ്വഹണത്തിൽ മത്സ്യമാർക്കറ്റുകൾക്ക് മുൻഗണന നൽകാൻ സാധിക്കും. അതുപോലെ പൊതുചുമതലയിൽ പെടുന്നതാണ് പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നത്. കടൽക്ഷോഭം, സുനാമി, ഉൾനാടൻ മേഖലയിൽ വെള്ളപ്പൊക്കം എന്നീ അവസരങ്ങളിൽ പുനരധിവാസം നൽകുക എന്നത് ഈ ചുമതലയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.

മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ നാലാമതായാണ് മത്സ്യബന്ധനം ഉൾപ്പെടുത്തിയിട്ടുള്ളത്. എട്ട് ചുമതലകളാണ് നൽകിയിട്ടുള്ളത്.

1. കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മത്സ്യം വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക
2. മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക
3. മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
4. മത്സ്യവിപണനത്തിനുള്ള സഹായം നൽകുക
5. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക
6. മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക.
7. പരമ്പരാഗത കടവുകൾ വികസിപ്പിക്കുക
8. ഫിഷറീസ് സ്കൂളുകളുടെ ഭരണ നിയന്ത്രണം നടത്തുക.

നഗരസഭകൾക്ക് കൈമാറിയ ചുമതലകളും അധികാരങ്ങളും മത്സ്യമേഖലയിലെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ പര്യാപ്തമാണ്. അശാസ്ത്രീയമായ വിഭവചൂഷണത്തിൽ സാമൂഹിക നിയന്ത്രണം കൊണ്ടുവരണം. മത്സ്യമേഖലയിലെ കീഴ്തല സേവനപ്രദാന സൗകര്യങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നഗരസഭകൾക്ക് കഴിയും. അതുപോലെ തന്നെ ദാരിദ്ര്യ ലഘൂകരണത്തിൽ നഗരസഭകൾക്കുള്ള നിർണ്ണായകമായ പങ്ക് പാവപ്പെട്ട മത്സ്യതൊഴിലാളി കുടുംബങ്ങളുടെ ഉപജീവന സുരക്ഷിതത്വം ഉറപ്പുവരുത്താനും സാധിക്കും. മത്സ്യതൊഴിലാളികളുടെ പരമ്പരാഗത അറിവുകളും നൈപുണികളും നഗരസഭയുടെ പദ്ധതികളുമായി സംയോജിപ്പിക്കാനും സാധ്യതകൾ ഏറെയാണ്.

കടൽ-ഉൾനാടൻ ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതും മത്സ്യസംസ്ക്കരണ ശാലകളിൽ നിന്നുള്ള മലിനജലവും അവശിഷ്ടങ്ങളും ജലാശയങ്ങളിൽ ഒഴുകുന്നതും നിരോധിക്കേണ്ട പ്രവർത്തനങ്ങളാണ്. തീരദേശ പരിപാലന നിയമങ്ങൾക്ക് വിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ചതുപ്പുപ്രദേശങ്ങൾ, ദേശാടന

പക്ഷി സങ്കേതങ്ങൾ എന്നിവക്ക് കോട്ടം വരുത്തുന്ന രീതിയിലുള്ള വികസനപ്രവർത്തന ങ്ങളും നിരോധിക്കേണ്ടത് ഈ മേഖലയുടെ വികസനത്തിന് അത്യാവശ്യമാണ്.

**നഗരസഭയുടെ വികസന സമീപനം**

നഗരസഭയുടെ അധികാരങ്ങളും ചുമതലകളും മനസ്സിലാക്കി മത്സ്യമേഖലയുടെ വികസ നപ്രവർത്തനങ്ങൾ എന്തായിരിക്കണം എന്ന് സൂചിപ്പിക്കുന്ന വികസന സമീപനത്തിന് രൂപം കൊടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ വികസന സമീപനത്തിൽ ഉൾപ്പെടുത്താവുന്നവ

1. മൊത്തത്തിലുള്ള പുരോഗതിയും സ്ഥായിയായ നിലനിൽപ്പും ഉൾക്കൊണ്ടുള്ള ആവാസ വ്യവസ്ഥാ സമീപനം (Eco-System approach)
2. മത്സ്യസമ്പത്തിന്റെ പരിപാലനത്തിനും ചൂഷണത്തിനും സന്തുലനം ഉറപ്പുവരുത്തി മത്സ്യ സമ്പത്തിന്റെ സ്ഥായിയായ നിലനിൽപ്പ്.
3. വ്യക്തികൾക്കും സമൂഹത്തിന് മൊത്തമായും ഉപയോഗപ്രദമായ പദ്ധതികൾ
4. മത്സ്യോൽപ്പാദന കേന്ദ്രീകൃതം എന്നതിന് പകരം മത്സ്യതൊഴിലാളി കേന്ദ്രീകൃതം. പര മ്പരാഗത മത്സ്യതൊഴിലാളിക്കും ജീവിത നിലവാരവും സാഹചര്യങ്ങളും മെച്ചപ്പെടുത്തൽ.

ഈ വികസന സമീപനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ.

- കൃത്രിമ ആവാസ വ്യവസ്ഥ നിർമ്മാണം - സങ്കേതങ്ങൾ
- കണ്ടൽകാടുകൾ പുനരുജ്ജീവനം - വ്യാപനം
- ഉൽപ്പാദനോപാദികളായ ചെറുവഞ്ചി, ഗിൽ, നെറ്റ്, വീശുവല മുതലായവ ലഭ്യമാക്കൽ
- മത്സ്യങ്ങളുടെ മൂല്യ വർദ്ധന-ചെറുകിട ഉൽപ്പാദന സംരംഭങ്ങളിലൂടെ
- മത്സ്യോൽപ്പന്നങ്ങളുടെ വൈവിധ്യ വൽക്കരണം
- കല്ലുമ്മക്കായ്, മുരിങ്ങ, തെങ്ങ് ,ചിപ്പി, കടൽപ്പായൽ തുടങ്ങിയ ജലകൃഷി സാധ്യതകൾ പ്രയോജനപ്പെടുത്തുക.
  - ഓരുജല-ശുദ്ധജലകൃഷി - വീട്ടുവളപ്പിൽ കൃഷിക്ക് മുൻഗണന
  - തുറന്ന ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ
  - മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ
  - മത്സ്യബന്ധനയാനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ
  - കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ
- ചെറുകിട ശീതികരണ സൗകര്യങ്ങൾ

- സൂക്ഷിപ്പ് കേന്ദ്രങ്ങൾ/ശീതികരണ കേന്ദ്രങ്ങൾ

  കടൽത്തീര സംരക്ഷണം,

  ജൈവ കടൽഭിത്തി

  തീരദേശ നടപ്പാതകൾ
- വ്യക്തിഗത ഭവനപദ്ധതി (Housing Cluster ന് മുൻഗണന നൽകണം)
- കുടിവെള്ള സൗകര്യം-മഴവെള്ള സംഭരണി -പരമ്പരാഗത കുടിവെള്ള സ്രോതസ്സ് സംരക്ഷണം
- തീരദേശ വിദ്യാഭ്യാസ പരിപാടി - കൊഴിഞ്ഞുപോക്ക് തടയാൻ പൂരക വിദ്യാഭ്യാസ പദ്ധതി
- സമ്പൂർണ്ണ ഭവന വൈദ്യുതീകരണം - സുരക്ഷിത കക്കൂസുകൾ, കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ
- വ്യക്തിഗത പാർപ്പിട ശുചിത്വ സൗകര്യങ്ങൾ

  ഫിഷറീസ് ഡിസ്പെൻസറി - ഭൗതീക പശ്ചാത്തല സൗകര്യമൊരുക്കൽ
- തീരദേശ സ്കൂൾ, അംഗൻവാടി, പി.എച്ച്.സി - സേവന ഗുണമേന്മ മെച്ചപ്പെടുത്തൽ, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ
- ലൈബ്രറികൾ ശക്തിപ്പെടുത്തൽ, കളിസ്ഥലങ്ങൾ നിർമ്മിക്കൽ

**സംയോജന സാധ്യതകൾ**

ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്, അഡാക്ക്, ഫിർമ, നിഫാം, മത്സ്യകർഷക വികസന ഏജൻസികൾ, തീരദേശ വികസന കോർപ്പറേഷൻ, കടാശ്വാസ കമ്മീഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളാണ്. നഗരസഭാ പദ്ധതികളും ഈ ഏജൻസികൾ ഏറ്റെടുക്കുന്ന പദ്ധതികളും പരസ്പരം സംയോജിപ്പിക്കാനുള്ള സാധ്യതകളും ആരായാൻ സാധിക്കും.

**മത്സ്യഭവൻ**

മത്സ്യമേഖലയുടെ പുരോഗതിക്ക് മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ഏകോപിപ്പിച്ച പ്രവർത്തനം നടക്കുന്നത് മത്സ്യഭവൻ വഴിയാണ്. മത്സ്യഭവനുകൾ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വ്യാപിപ്പിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. പ്രാദേശികതലങ്ങളിൽ മത്സ്യമേഖലാ വികസനം, പരിപാലനം, മത്സ്യതൊഴിലാളികളുടെ ജീവിത സുരക്ഷ, സാമൂഹിക സാമ്പത്തിക ഉന്ന

മനം തുടങ്ങിയ കാര്യങ്ങളിൽ ബഹുജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ഒരു പ്രാദേശിക കേന്ദ്രം എന്ന നിലയിലാണ് മത്സ്യഭവനുകൾ പ്രവർത്തിക്കുന്നത്.

**മത്സ്യഫെഡ്**

മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ സംസ്ഥാന തല അപ്പെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്, കടൽമത്സ്യമേഖലയിൽ മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയാണ് സർക്കാർ പദ്ധതികൾ നടപ്പാക്കി വരുന്നത്. മത്സ്യബന്ധനത്തിനാവശ്യമായ വളം, വല, എഞ്ചിൻ എന്നിവ മത്സ്യതൊഴിലാളി കൾക്ക് നൽകുന്നത് മത്സ്യഫെഡ് വഴിയാണ്. മത്സ്യവിപണനവുമായി ബന്ധപ്പെട്ട പദ്ധതി കളും മത്സ്യഫെഡ് വഴി നടപ്പിലാക്കണം. ഇവ കൂടാതെ ധാരാളം തൊഴിൽ ദാനപദ്ധതി കളും മത്സ്യമേഖലയിൽ നടപ്പാക്കി വരുന്നു.

**മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്**

മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് അഥവാ മത്സ്യബോർഡ്. മത്സ്യ മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി ഈ സ്ഥാപനം ധാരാളം ക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നു. നഗരസഭയുടെ പദ്ധതിയുമായി ഇവ സംയോജിപ്പിച്ചു നടപ്പാക്കാൻ സാധിക്കും. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി, മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം, പെൺകുട്ടി കളുടെ വിവാഹധനസഹായം, വാർദ്ധക്യകാല പെൻഷൻ, എസ്എസ്.എൽ.സി പരീക്ഷ യിൽ ഉന്നതവിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്, രോഗ ചികിത്സാ പദ്ധതി, സാനി ട്ടേഷൻ പദ്ധതി, നേത്രജ്യോതി, പ്രസവ ശുശ്രൂഷക്ക് ധനസഹായം, ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവ ക്ഷേമ പദ്ധതിക ളിൽ ഉൾപ്പെടുന്നു.

സംസ്ഥാനതല ജലകൃഷിവികസന ഏജൻസി (അഡാക്ക്) (Agency for Development of Aqua Culture in Kerala)

കേരളത്തിലെ ജലകൃഷി സാധ്യതയുള്ള പ്രദേശങ്ങൾ സർവെ ചെയ്ത് തിട്ടപ്പെടുത്തുക, ജലകൃഷിക്ക് പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കുക, വിവിധതരം ജല കൃഷി സംരംഭ ങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാനസൗകര്യങ്ങൽ ഉണ്ടാക്കുക, കർഷകർക്ക് ജല കൃഷി പദ്ധതികളിൽ പരിശീലനം നൽകുക, ഉൽപ്പാദന ഘടകങ്ങൾ, ഉപകരണങ്ങൾ എന്നിവ മത്സ്യകർഷകർക്ക് വിതരണം ചെയ്യുക, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ കർഷ കർക്ക് ലഭ്യമാക്കുക തുടങ്ങിയ പദ്ധതികൾ സംസ്ഥാന ജലകൃഷി വികസന ഏജൻസി വഴി നടന്നു വരുന്നു. ജലകൃഷി സമുദ്ധാരണത്തിനുള്ള പ്രാദേശികതല പ്രൊജക്ടുകൾ നഗരസ ഭകൾ ഏറ്റെടുത്താൽ അത്തരം പ്രൊജക്ടുകൾക്ക് സാങ്കേതിക സഹായം ' അഡാക്ക്' നൽകു ന്നതാണ്.

## മത്സ്യകർഷക വികസന ഏജൻസികൾ

ശുദ്ധജല മത്സ്യകൃഷിയും കൊഞ്ചുകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ പരിശീലിപ്പിക്കുന്നതിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള ജില്ലാതല സ്വതന്ത്ര ഏജൻസിയാണ് മത്സ്യ കർഷക വികസന ഏജൻസി അഥവാ എഫ്.എഫ്.ഡി.എ. അതുപോലെ ഓരുജല മത്സ്യകൃ ഷിയും, ചെമ്മീൻകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ പരിശീലിപ്പിക്കുന്നതിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള മേഖലാടിസ്ഥാനത്തിലുള്ള സ്വതന്ത്ര ഏജൻസിയാണ് ഓരുജല മത്സ്യകർഷക വികസന ഏജൻസി അഥവാ ബി.എഫ്.എഫ്.ഡി.എ (Brakish water Fish Farmers Development Agency) ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന 14 എഫ്.എഫ്.ഡി.എ. കളുടേയും മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബി.എഫ്.എഫ്.ഡി.എ കളുടേയും പ്രവർത്തനം സംസ്ഥാനതലത്തിൽ മത്സ്യവകുപ്പ് ഏകോപിപ്പിക്കുന്നു.

## ഫിഷറീസ് റിസോർസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ)

മത്സ്യമേഖലാ വികസനകാര്യങ്ങളിൽ ഫിഷറീസ് വകുപ്പിനും സർക്കാരിനും ആവശ്യ മായ സാങ്കേതിക ഉപദേശം നൽകുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മത്സ്യമേഖലാ വികസനത്തിന് ആവശ്യമായ സാങ്കേതിക കാര്യങ്ങളിൽ ഗൈഡൻസും' കൺസൾട്ടൻസിയും നൽകുന്നതിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള സ്വതന്ത്ര സ്ഥാപനമാണ് 'ഫിർമ'. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് 'ഫിർമ'യിൽ നിന്ന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാണ്.

## മത്സ്യസഭ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ (2012-17) പരമ്പരാഗത മത്സ്യത്തൊഴി ലാളികളുടെ സജീവ പങ്കാളിത്തം ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ ഉറപ്പുവരു ത്തുന്നതിന് മത്സ്യസഭകൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രദേശികാസൂത്രണത്തിൽ മത്സ്യത്തൊഴിലാളികളുടെ സൃഷ്ടിപരവും ക്രിയാത്മകവുമായ പങ്കാളിത്തം ഉറപ്പുവരുത്തു കയാണ് മത്സ്യസഭയുടെ ഉദ്ദേശം. ഓരോ തീരദേശവാർഡിലും ഒരു മത്സ്യസഭ എന്നരീതി യിലാണ് രൂപീകരിക്കുക. വാർഡ് കൗൺസിലർ മത്സ്യസഭയുടെ ചെയർപേഴ്സണും മത്സ്യ മേഖലാ നിർവ്വഹണ ഉദ്യോഗസ്ഥൻ മത്സ്യസഭയുടെ കൺവീനറും ആയിരിക്കും. മത്സ്യമേഖ ലയിലെ ത്രയങ്ങളായ മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം മത്സ്യസഭയിൽ നിർബന്ധമാണ്. പരമ്പരാഗത മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന അംഗങ്ങൾ ഉള്ള കുടുംബ ങ്ങളാണ് മത്സ്യസഭയുടെ നിർദ്ദേശങ്ങൾ വാർഡ് സഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

## പന്ത്രണ്ടാം പദ്ധതി

മത്സ്യവിഭവത്തിന്റെ സുസ്ഥിരതയും പരിപോഷണവും, പരമ്പരാഗത മത്സ്യതൊഴിലാളി ജനവിഭാഗത്തിന്റെ ഉപജീവനവും സ്ഥായിയായ നിലനിൽപ്പും ഉറപ്പു വരുത്തുകയാവണം

മത്സ്യമേഖലാ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ ഊന്നൽ എന്ന് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പറയുന്നു. മത്സ്യഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന തദ്ദേശഭരണസ്ഥാപനങ്ങളിൽ ആശ്രയാ മാതൃകയിൽ മത്സ്യതൊഴിലാളി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വികസന സമീപനം ആണ് ലക്ഷ്യമിടുന്നത്.

ശുദ്ധജല മത്സ്യകഷി, ഓരുജല മത്സ്യകൃഷി, സമുദ്രജല മത്സ്യകൃഷി, ഉൾനാടൻ മത്സ്യകൃഷി, ചെമ്മീൻകൃഷി, ചിപ്പികൃഷി, മുരിങ്ങകൃഷി, ഞണ്ട്കൃഷി, അലങ്കാര മത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, റാബിംഗ്, വിപണനം, അടിസ്ഥാന സൗകര്യവികസനം എന്നിവയാണ് മത്സ്യമേഖലയിലെ പ്രധാന ഉപമേഖലകളായി നൽകിയിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിനായി പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് മത്സ്യമേഖലയ്ക്കായി രൂപീകരിക്കണം. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർപേഴ്സണല്ലാത്ത അംഗമായിരിക്കും വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാൻ. മത്സ്യവകുപ്പ് ഉദ്യോഗസ്ഥരിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള സീനിയർ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായിരിക്കും. കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള സീനിയർ ഉദ്യോഗസ്ഥനായിരിക്കും കൺവീനർ. നഗരസഭകളിൽ സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് എന്നിവരായിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ.

### സബ്സിഡി നിബന്ധനകൾ

സമുദ്ര മേഖലയിൽ ചിപ്പി ശേഖരിക്കുന്നതിനുള്ള ഡിങ്കി, ഗിൽനെറ്റും ഡിങ്കിയും, കട്ടമരം, കടൽസുരക്ഷാ ഉപകരണം, വല, ഔട്ട്ബോർഡ്, എഞ്ചിൻ എന്നിവ ഉൾപ്പെടെ ഡിങ്കി എന്നിവക്ക് സബ്സിഡി നൽകുന്നതാണ്. അതുപോലെ ഉൾനാടൻ മത്സ്യമേഖലയിൽ അലങ്കാരമത്സ്യം വളർത്തലും വിപണനവും അക്വേറിയം രൂപകൽപ്പനയും, മത്സ്യം വളർത്തുന്നതിനുള്ള ഉൽപ്പാദനോപാദികൾ, ചിപ്പികൃഷി, കടൽമുരിങ്ങ കൃഷി, ഞണ്ട്കൃഷി, സംയോജിത മത്സ്യകൃഷി എന്നിവക്കും സബ്സിഡി നൽകുന്നതാണ്. മത്സ്യ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നൽകാനും സാധിക്കുന്നതാണ്.

# VII

# വ്യവസായ - സഹകരണ മേഖല

## ആമുഖം

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 30-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ നഗരസഭകളുടെ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവചിക്കപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത ചുമതലകളും ഉത്തരവാദിത്വങ്ങളും ടി.ആക്ടിലെ ഒന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ളതാണ്. അതിലെ മേഖലാ ചുമതലകളാണ് പ്രധാനമായും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ചുമതലയായി വിഭാവനം ചെയ്തിരിക്കുന്നത്.

ഇപ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിലേക്ക് അതത് മേഖലയിലെ സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും സർക്കാർ നഗരസഭകൾക്ക് കൈമാറാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യവസായ മേഖലയിൽ ഓരോ നഗരസഭയിലേക്കും ഒരു വ്യവസായിക വികസന ഓഫീസറെയാണ് ഇത്തരത്തിൽ കൈമാറ്റം ചെയ്തിട്ടുള്ളത്.

## നഗരസഭകളുടെ ചുമതലകൾ

മുനിസിപ്പൽ ആക്ടിലെ ഒന്നാം പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ക്രമനമ്പർ VI - ചെറുകിട വ്യവസായങ്ങൾ' എന്ന ശീർഷകത്തിൽ ഇതുമായി ബന്ധപ്പെട്ട എട്ടു ചുമതലകലാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

1. കുടിൽ, ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക
4. മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
5. എസ്.എസ്.ഐ പരിധിയുടെ മൂന്നിനൊന്നു നിക്ഷേപം വരുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
6. വ്യവാസായിക മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.
7. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
8. വ്യവസായ സംരംഭ വികസന പരിപാടികൾ നടപ്പാക്കുക

മേൽ പ്രസ്താവിച്ച വിഷയങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള വികസനപദ്ധതികൾക്കാവണം നഗരസഭകൾ രൂപം നൽകേണ്ടത്

## കുടിൽ വ്യവസായം

ഓരോ നഗരസഭാ പ്രദേശത്തും കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഒറ്റപ്പെട്ട കുടുംബങ്ങളും ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ചില പ്രത്യേകതരം കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ട് ഉപജീവനം കഴിച്ചുവരുന്ന കുടുംബങ്ങളുടെ ക്ലസ്റ്ററുകളും നിലവിലുണ്ട്. ഇവർക്ക് ആവശ്യമായ വിദഗ്ധ പരിശീലനം നൽകുന്നത് കൂടാതെ അസംസ്കൃത വസ്തുക്കൾ വാങ്ങാനുള്ള സഹായം വിപണി സാദ്ധ്യതകൾ വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി സഹായം നൽകേണ്ടതാണ്. വ്യക്തി അധിഷ്ഠിത പദ്ധതികളേക്കാളും ഗ്രൂപ്പടിസ്ഥാനത്തിലുള്ള പദ്ധതികൾക്കാണ് ഊന്നൽ നൽകേണ്ടത്.

ഈ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഇത്തരം കുടിൽ വ്യവസായങ്ങളിലും കൈത്തൊഴിലുകളിലും ഏർപ്പെട്ടിട്ടുള്ള ജനവിഭാഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകി അവരുടെ ഉന്നമനത്തിനായുള്ള പ്രോജക്ടുകൾ, സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി, തയ്യാറാക്കുന്നതിനും അവ ഫലപ്രദമായി നടപ്പാക്കുന്നതിനും നേതൃത്വം കൊടുക്കുന്ന ചുമതല വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി നിർവ്വഹിക്കണം.

കേവലം തൊഴിൽ പരിശീലനങ്ങൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനു പകരം സംരഭത്വശേഷി വർദ്ധിപ്പിക്കുന്നതും ഭാവിയിൽ ഉൽപ്പാദന പ്രക്രിയയിൽ ഫലപ്രദമായി ഏർപ്പെട്ട് ഉപജീവനം ഉറപ്പുവരുത്താനും വിപണിയുടെ ആവശ്യങ്ങൾക്കനുസൃതവും ലാഭകരവുമായി തൊഴിലിൽ ഏർപ്പെട്ടു മുന്നോട്ടുപോകാൻ പ്രാപ്തമാക്കുന്നതുമായിരിക്കണം പദ്ധതികൾ.

## സ്വയം തൊഴിൽ പദ്ധതികൾ

സ്വയംതൊഴിലിനു പ്രോജക്ടുകൾ വ്യക്തിഗതവും ഗ്രൂപ്പടിസ്ഥാനത്തിലും നടപ്പാക്കാവുന്നതാണ്.

നഗരപ്രദേശങ്ങളിൽ പൊതുവിഭാഗത്തിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വ്യക്തിഗത സ്വയംതൊഴിൽ സംരംഭകർക്ക്, എസ്.ജെ.എസ്.ആർ.വൈ പദ്ധതികൾക്ക് ബാധകമായ നിരക്കിൽ പ്രോജക്ട് അടങ്കലിന്റെ 25% വരെ - പരമാവധി 50,000 രൂപ വരെ - സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട്. 25,000/- രൂപ വരെ വാർഷിക വരുമാനമുള്ള ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ സംരംഭകർക്ക് വാർഷിക പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകാവുന്നതാണ്.

3 വർഷമെങ്കിലും നഗരസഭയിൽ സ്ഥിരതാമസക്കാരനും 18 വയസ്സ് തികഞ്ഞ തൊഴിൽ രഹിതനും ആയിരിക്കേണ്ടതാണ്. സ്വയം തൊഴിൽ സംരംഭത്തിനായി മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും സർക്കാർ ധനസഹായം ലഭിച്ചവർക്ക് നഗരസഭ സബ്സ്ഡി നൽകാൻ

പാടില്ല. വായ്പാ ബന്ധിത പ്രോജക്ടായിരിക്കേണ്ടതും സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക്-എൻഡഡ് (Back ended) ആയി നൽകേണ്ടതുമാണ്.

തൊഴിൽ പരിശീലനങ്ങൾ നൽകേണ്ടത് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനായി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചവർക്കും 18 നും 35 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ അന്വേഷകരായി രജിസ്റ്റർ ചെയ്തിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്കും മാത്രമായിരിക്കണം.

## ഗ്രൂപ്പ് സംരംഭങ്ങൾ

താഴ്ന്ന വരുമാനക്കാരായ സ്വയംതൊഴിൽ സംരംഭകരുടെ കാര്യത്തിൽ കൂടുതൽ ഫലപ്രദമായ രീതി ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത് തന്നെയാണ്. കുറഞ്ഞത് 10 സംരംഭകർ വേണ്ടതാണ്. ശാരീരിക വൈകല്യമുള്ളവർ മാത്രമുള്ള ഗ്രൂപ്പുകളിൽ 5 അംഗങ്ങൾ മതിയാകും. ഒരംഗത്തിനു പരമാവധി 20,000 രൂപ സബ്സിഡി എന്ന നിരക്കിൽ പരമാവധി രണ്ടു ലക്ഷം രൂപ സബ്സിഡി, പ്രോജക്ട് അടങ്കൽ തുകയുടെ 50% കവിയാതെ നൽകാൻ വ്യവസ്ഥയുണ്ട്. സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങളിൽ കുറഞ്ഞത് 5 പേർ ഉണ്ടായിരിക്കേണ്ടതും പരമാവധി 50% തുക എന്ന പരിധിക്ക് വിധേയമായി 3 ലക്ഷം രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞു നടക്കുന്ന ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കേണ്ടതും ഗ്രൂപ്പിന്റെ സാമ്പത്തിക ഇടപാടുകൾ ഒരൊറ്റ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതുമാണ്. വായ്പാധിഷ്ഠിതമായ പ്രോജക്ട് ആണെങ്കിൽ സബ്സിഡി ബാങ്കിൽ അടക്കണം.

## പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം

ഓരോ നഗരപ്രദേശത്തും പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തി വൈവിദ്ധ്യവൽക്കരണത്തിലും യന്ത്രവൽക്കരണത്തിലും ഊന്നിയതും വിപണിയിലെ മത്സരത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതുമായ തൊഴിൽ പരിശീലനങ്ങൾ നൽകിയും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനു ഒറ്റത്തവണ ധനസഹായം നൽകിയും ഈ വിഭാഗങ്ങളുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കാൻ കഴിയണം.

ഒരംഗത്തിനു പരമാവധി 5000 രൂപ നിരക്കിൽ ഒരു ഗ്രൂപ്പിനു പരമാവധി 25000/- രൂപ വരെ സബ്സിഡി നൽകാൻ പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വരുമാന പരിധി 25,000/- രൂപയിൽ കവിയാത്തവരും അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരുമായിരിക്കണം (ഈറ്റ തൊഴിലാളികൾ, മൺപാത്രനിർമ്മാണം, കയർ പിരിക്കൽ, തുടങ്ങിയവ ഉദാഹരണം) ഗ്രൂപ്പ് സംരംഭങ്ങൾക്ക് 5 പേർ വേണം. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും ഒറ്റത്തവണ ധനസഹായം ഗ്രൂപ്പിനു നൽകാവുന്നതാണ്. വായ്പാബന്ധിത പ്രോജക്ടാണെങ്കിൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം.

## മറ്റ് സ്വയംതൊഴിൽ പദ്ധതികൾ

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ സ്വയംതൊഴിൽ എന്ന നിലയിൽ ഓട്ടോറിക്ഷ/പിക് അപ്പ് ഓട്ടോറിക്ഷകൾ വാങ്ങി ഉപജീവനം കഴിക്കാൻ സബ്സിഡി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് 40,000/- രൂപ വരെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 50,000/- രൂപ വരെയും സബ്സിഡി നൽകാവുന്നതാണ്. വരുമാന പരിധി 25,000 രൂപയായിരിക്കും. ഡ്രൈവിംഗ് ടെസ്റ്റും ബാഡ്ജും ലഭിച്ചവർ ആയിരിക്കണം. സബ്സിഡി വായ്പയുടെ അവസാന ഗഡുവിൽ അഡ്ജസ്റ്റ് ചെയ്യുന്ന വിധത്തിൽ ബാക്ക് എൻഡഡ് (Back ended) ആയി ബാങ്കിലേക്ക് നൽകണം.

ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസത്തിനായി പെട്ടിക്കട സ്ഥാപിക്കാൻ 25,000/- രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലം നഗരസഭ കണ്ടെത്തണം. റോഡ് പുറമ്പോക്കിൽ സ്ഥാപിക്കരുത്. നടത്തിപ്പിനായുള്ള അവകാശം മാത്രമെ നൽകാവൂ. പെട്ടിക്കട നിർമ്മിച്ച് നൽകിയ ഏജൻസിക്ക് നഗരസഭ ഓവർസീയർ/എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ പ്രകാരമായിരിക്കണം തുക അനുവദിക്കേണ്ടത്.

## വ്യവസായ സഹകരണ സംഘങ്ങൾ

ചെറുകിട വ്യവസായങ്ങളിലും സംരംഭങ്ങളിലും ഏർപ്പെട്ടിട്ടുള്ളവരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആധുനികവൽക്കരണത്തിനും വിപുലീകരണത്തിനും വിപണി വികാസത്തിനുമായി പ്രോജക്ടുകൾക്ക് രൂപം നൽകാൻ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആധുനികവൽക്കരണത്തിനും (Modernisation) വിപുലീകരണത്തിനും (Expansion) ആവശ്യമായ യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങുന്നതിനും മൊത്തം വിലയുടെ മൂന്നിൽ ഒന്നു (പരമാവധി 2.50 ലക്ഷം രൂപ) വരെ ഓരോ സംഘത്തിനും സബ്സിഡിയായി നൽകാവുന്നതാണ്.

കൂടാതെ സ്ഥിരമായ വിപണനകേന്ദ്രങ്ങൾ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കാവുന്നതാണ്.

ഇപ്രകാരമുള്ള സഹകരണ സംഘങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി പ്രവർത്തിക്കുന്നവയും ശമ്പളംപ്പറ്റി പ്രവർത്തിക്കുന്ന മുഴുവൻ സമയ സെക്രട്ടറി പ്രവർത്തിക്കുന്നതും വിപണി ശൃംഖല സ്വന്തമായി ഉള്ളതുമായിരിക്കണം. കൂടാതെ സംഘത്തിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ യഥാർത്ഥ നഷ്ടം, പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ പകുതിയിൽ അധികമാകാൻ പാടില്ല.

പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കും പ്രോത്സാഹനമെന്ന നിലയിൽ കൈത്തറി സഹകരണ സംഘങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും ലക്ഷ്യങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നടത്തിപ്പും പഠിച്ചശേഷം നഗരസ

ഭയുടെ പദ്ധതികളുമായി ഇവയെ സംയോജിപ്പിക്കാനും കഴിയാനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതടക്കമുള്ള കാര്യങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങൾ നേതൃത്വപരമായ പങ്ക് ഏറ്റെടുക്കണം.

വ്യവസായമേഖലയിൽ നിലവിലുള്ള ഏതാനും കേന്ദ്രാവിഷ്കൃത പദ്ധതികളെ പരിചയപ്പെടാം.

1. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതി:

   2005–06 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ്. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനാണ് നിർവ്വഹണ ഏജൻസി. ഗുണഭോക്താക്കളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചാണ് നിർവ്വഹണം. പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.

2. പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP):

   2008 ൽ പ്രാബല്യത്തിൽ വന്നു. നഗര-ഗ്രാമ പ്രദേശങ്ങളിൽ സൂക്ഷ്മസംരംഭങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നഗരങ്ങളിൽ പൊതുവിഭാഗത്തിനും 15% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവുമാണ് വ്യവസ്ഥ ചെയ്ട്ടുള്ളത്.

   സ്ത്രീകൾ, എസ്.സി/എസ്.ടി, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് 25% സബ്സിഡിയും 05% ഗുണഭോക്തൃ വിഹിതവും. നിർമ്മാണ മേഖലയിൽ പ്രോജക്ട് അടങ്കൽ 25 ലക്ഷം വരെയും സേവനമേഖലയിൽ 10 ലക്ഷം വരെയും ആകാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം വഴിയാണ് നടപ്പാക്കുന്നത്. 18 വയസ്സിനു മുകളിൽ പ്രായമുള്ള ഏത് വരുമാന പരിധിയിൽപ്പെട്ടവർക്കും ഈ പദ്ധതിയിൽ അപേക്ഷിക്കാം.

3. എക്സ്പോർട്ട് ഇൻസെന്റീവ് സ്കീം:-

   ഖാദി ഗ്രാമീണ ഉൽപ്പനങ്ങൾ നിർമ്മിച്ചു കയറ്റുമതി ചെയ്യുന്ന സംരംഭകരെ സഹായിക്കാനുള്ള പദ്ധതി.

4. ജനശ്രീ ബീമായോജന:-

   ഖാദിമേഖലയിലെ തൊഴിലാളികൾക്കായി രൂപവൽക്കരിച്ച ഇൻഷുറൻസ് പദ്ധതി. ഖാദി തൊഴിലാളികളെ മുഴുവൻ ഈ സ്കീമിൽ അംഗമാക്കാൻ കഴിയണം.

5. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായി ക്ലസ്റ്റർ വികസന പരിപാടി ( Micro & Small Enterprises Cluster Development Programme – MSE-CDP)

   സൂക്ഷ്മ ചെറുകിട യൂണിറ്റുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കുന്നു. പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുകയും വിദഗ്ധത, ഗുണമേന്മ, വിപണി, മൂല

ധനം എന്നിവ ഉറപ്പു വരുത്തി, സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ സുസ്ഥിരതയും വളർച്ചയും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം

6. മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് - (വിപണി വികസന സഹായം)

പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണി വികസിപ്പിക്കുന്നതിനും സൂക്ഷ്മ ചെറുകിട കയറ്റുമതിക്കാരെ സഹായിക്കുക എന്നതാണു ലക്ഷ്യം. ഈ പദ്ധതിയെക്കുറിച്ച് സംരംഭകർക്ക് അറിവു കൊടുക്കുക വിപണനമേളകളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് നഗരസഭയുടെ പങ്ക്.

7. മറ്റ് പദ്ധതികൾ

a. സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY):- നെഹ്റു റോസ്ഗാർ യോജന (NRY) അർബൻ ബേയ്സ്ക്ക് സർവ്വീസസ് ഫോർ പുവർ (UBSP), പ്രൈംമിനിസ്റ്റേഴ്സ് ഇന്റഗ്രേറ്റഡ് അർബൻ പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം (PMIUPEP) എന്നീ പദ്ധതികൾ സംയോജിപ്പിച്ച് 1997 ൽ ആരംഭിച്ച പദ്ധതി. സ്വയംതൊഴിൽ പദ്ധതി, സ്ത്രീകൾക്കുള്ള സ്വയംസഹായ പദ്ധതി, തൊഴിൽ വൈദഗ്ധ്യ പരിശീലനം, വേയ്ജ് എംപ്ലോയ്മെന്റ് പദ്ധതി എന്നിവയാണ് ഈ പദ്ധതിയിൽ വരുന്നത്.

നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി അയൽക്കൂട്ടങ്ങളും, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികളും രൂപീകരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത്.

b. നഗരസ്വയംതൊഴിൽ പദ്ധതി (Urban Self Employment Programme -USEP )

സ്വയം തൊഴിൽ ചെയ്യുന്നതിന് യൂണിറ്റുകൾക്ക് സഹായം നൽകുന്ന പദ്ധതി. സബ്സിഡി 25% (പരമാവധി 50,000 രൂപ) ബി.പി.എൽ വിഭാഗത്തിന്, ഗുണഭോക്തൃ വിഹിതം 5%.

c. നഗരങ്ങളിലെ സ്ത്രീകൾക്കായി സ്വയം സഹായ പദ്ധതി (Urban Woman Self Help Programme – UWSP)

സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭം) തുടങ്ങാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കുള്ള പദ്ധതി. 5 പേരുടെ ഗ്രൂപ്പുകൾക്ക് പരമാവധി 3 ലക്ഷം രൂപ വരെ സബ്സിഡി, (പദ്ധതി ചെലവിന്റെ 35% എന്ന പരിധിക്ക് വിധേയം) 5% ഗുണഭോക്തൃ വിഹിതം വേണം.

d. നഗരവാസികളെ ജോലിക്ക് പ്രാപ്തരാക്കൽ, തൊഴിൽ വൈദഗ്ധ്യ പരിശീലനം (Skill Training for Employment Promotion Amongst Urban Poor – STEP-UP)

വിദഗ്ദ തൊഴിൽ പരിശീലനം, 10,000 രൂപ ഒരു പരിശീലനത്തിന്. കുടുംബശ്രീയാണ് നിർവ്വഹണം നടത്തുന്നത്. ബി.പി.എൽ വിഭാഗത്തിന്. ഗുണഭോക്താക്കളിൽ 30% സ്ത്രീകളും വികലാംഗരും വേണം. എസ്.സി/എസ്.ടി വിഭാഗത്തെയും ഉൾപ്പെടുത്തണം.

ഇവിടെ സൂചിപ്പിച്ച എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളെയും നഗരസഭകളുടെ പദ്ധതികളുടെ ഭാഗമാക്കാം. കുടുംബശ്രീയുടെ കർമ്മപദ്ധതികൾക്കും നഗരസഭകളുടെ മറ്റ് സ്വയം തൊഴിൽ പദ്ധതികൾക്കും വേണ്ട ഗുണഭോക്താക്കളെ വാർഡു സഭ വഴി തിരഞ്ഞെടുക്കാം.

## സഹകരണം

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടികയിലെ മേഖലാ ചുമതലക ളിൽ 19-ാമതായി ' സഹകരണം' ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ രണ്ടു കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്.

1. മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക

2. സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുക.

ഈ ചുമതലകൾ നിർവഹിക്കുന്നതിനായി ജില്ലാ ആസ്ഥാനത്തുള്ള നഗരസഭയിലേക്ക് ഒരു സഹകരണ ഇൻസ്പെക്ടറുടെ സേവനം സർക്കാർ വിട്ടു നൽകിയിട്ടുണ്ട്.

വളരെയധികം സാദ്ധ്യതകൾ ഉള്ള മേഖലയാണെങ്കിലും നഗരസഭകളുടെ ശ്രദ്ധ വേണ്ടത്ര ഉണ്ടായിട്ടില്ലാത്ത വിഷയമേഖലയാണ് സഹകരണ മേഖല.

97-ാം ഭരണഘടന ഭേദഗതിയിലൂടെ സഹകരണ സംഘം തുടങ്ങുന്നത് മൗലീകാവകാ ശമായി മാറിയിരിക്കുകയാണ്. ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ നിയമത്തിൽ കാതലായ മാറ്റമാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. സഹകരണ സംഘങ്ങളെ മൂന്നായി തരംതിരിക്കുന്നു, പുതിയ നിയമത്തിൽ :- 1. സർക്കാർ സഹായ മുള്ള സംഘങ്ങൾ 2. അംഗങ്ങളുമായി മാത്രം ഇടപാടുള്ള മിസല്ലേനിയസ് അഥവാ ഇതര സഹകരണ സംഘങ്ങൾ 3.സ്വയം സഹായ സംഘങ്ങൾ.

ഭരണഘടനാ ഭേദഗതിയുടെയും പുതിയ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സഹായത്തോടു കൂടിയതോ അല്ലാത്തതോ ആയ സഹകരണ സംഘങ്ങളും സ്വയം സഹായ സംഘങ്ങളും രൂപീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെറുതല്ലാത്ത ഒരു പങ്കു വഹിക്കാൻ കഴിയും. ആ നിലയ്ക്കുള്ള അന്വേഷണങ്ങളും പഠന ങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ വ്യവസായ സഹകരണ സംഘങ്ങൾ, കൈത്ത റി, കയർ, ഖാദി, മത്സ്യ, ക്ഷീര, പട്ടികജാതി/പട്ടികവർഗ്ഗ, കർഷക സഹകരണ സംഘങ്ങൾക്ക് രൂപം നൽകുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും ഇടപ്പെട്ടു പ്രവർത്തി ക്കുന്നതിനുള്ള അധികാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്.

നിലവിലുള്ള ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ, കൈതൊഴിലിൽ ഏർപ്പെട്ടിരി ക്കുന്നവരുടെ സഹകരണ സംഘങ്ങൾ എന്നിവയുടെ ആധൂനിക വത്ക്കരണത്തിനും (Modernisation) വിപുലീകരണത്തിനും (Expansion) ആവശ്യമായ യന്ത്രങ്ങൾ/ഉപകരണ ങ്ങൾ വാങ്ങുന്നതിനും, നഗരസഭയുടെ സ്വന്തം സ്ഥലത്ത് കൈത്തറി/കർഷക സഹകരണ സംഘങ്ങളുടെ സ്ഥിരമായ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ ആവിഷ് ക്കരിക്കാവുന്നതാണ്.

മേൽപറഞ്ഞ സഹകരണ സംഘങ്ങളിലെ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണത്തോടൊപ്പം, തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സർക്കാർ നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ ആവിഷ്ക്കരിക്കാം.

**സഹകരണ സംഘങ്ങൾക്ക് ധനസഹായം**

സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുന്നതിനു പുറമെ, നഗര പ്രദേശത്ത് നിലവിലുള്ള, ഇനി പറയുന്നതായ സഹകരണ സംഘങ്ങൾക്ക്, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി (G.O.(MS)248/2012/ തസ്വഭവ. തിയതി 28.9.12) നഗരസഭകൾക്ക് ധനസഹായം നൽകാവുന്നതാണ്.

1) ക്ഷീരസഹകരണ സംഘങ്ങൾ
2) മത്സ്യസഹകരണ സംഘങ്ങൾ
3) വ്യവസായ സഹകരണ സംഘങ്ങൾ
4) കൈത്തറി സഹകരണ സംഘങ്ങൾ
5) കയർ സഹകരണ സംഘങ്ങൾ
6) ഖാദി സഹകരണ സംഘങ്ങൾ
7) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ
8) കർഷക സഹകരണ സംഘങ്ങൾ
9) പൊതുവായ സഹകരണ സംഘങ്ങൾ

സംസ്ഥാന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേകഘടക പദ്ധതി (SCP), പട്ടികവർഗ്ഗ ഉപപദ്ധതി (TSP), ദാരിദ്ര്യ നിർമാർജ്ജന ഉപപദ്ധതി, വനിതാഘടക പദ്ധതി etc ) നടപ്പിലാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടേയും, ഉൽപാദനമേഖലയിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെയും കൂട്ടായ പ്രവർത്തനങ്ങളും പദ്ധതി സംയോജനവും ഉറപ്പു വരുത്തി സഹകരണമേഖലയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ നേതൃത്വപരമായ പങ്ക് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

# VIII

# സാമൂഹ്യവനവൽക്കരണം.

വനങ്ങളുടെ പരിധിയിൽ വരാത്ത, മനുഷ്യവാസം ഉള്ള സ്ഥലങ്ങളിൽ, അവിടെ വസിക്കുന്ന ജനങ്ങൾക്ക് വിറക്, ഉരുപ്പടി, കാലിത്തീറ്റ മുതലായ അനിവാര്യമായ ആവശ്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി അനുയോജ്യമായ വൃക്ഷങ്ങൾ നട്ടുവളർത്തുന്ന പ്രക്രിയയാണ് സാമൂഹ്യവനവൽക്കരണം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ഗ്രാമീണ ജനങ്ങളും തങ്ങളുടെ ദൈനംദിന ഗാർഹിക തൊഴിൽ ആവശ്യങ്ങൾക്ക് മരങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇപ്രകാരമുള്ള ആവശ്യങ്ങൾ സാമൂഹിക വനവൽക്കരണത്തിലൂടെ നിർവ്വഹിക്കപ്പെടുന്നത് വഴി നിലവിൽ ഉള്ള വനങ്ങളിൽ ഗ്രാമീണജനതയുടെ ആശ്രയത്വവും ചൂഷണവും ഒഴിവാക്കുകയും അത് വഴി നമ്മുടെ രാജ്യത്തിന്റെ വനസമ്പത്ത് നിലനിർത്തുവാൻ കഴിയുകയും ചെയ്യും. എന്നു മാത്രമല്ല, നിലവിൽ ഉപയോഗശൂന്യവും തരിശുമായി കിടക്കുന്ന ഭൂമി ക്രിയാത്മകമായി ഉപയോഗപ്പെടുത്തുവാനും ഇത് വഴി സാധിക്കുന്നു. ' സാമൂഹ്യവനവൽക്കരണം' എന്ന പദം1976 ൽ ദേശീയ കൃഷി കമ്മീഷനാണ് ആദ്യമായി ഉപയോഗിച്ചത്. തുടർന്ന് സാമൂഹ്യവനവൽക്കരണം ഒരു ദേശീയ പദ്ധതിയായി ഏറ്റെടുക്കപ്പെട്ടു. നിലവിലുള്ള വനഭൂമിയുടെ ശോഷണം തടയുന്നതിനും, ഉപയോഗിക്കാതെ കിടക്കുന്നതും തരിശുമായ ഭൂമികൾ ഉപയോഗപ്പെടുത്തുന്നതിനും, ഗ്രാമീണ ജനതയുടെ ആവശ്യങ്ങൾ നിറവേറ്റി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് ഈ പദ്ധതി തുടർന്ന് വരുന്നു.

## സാമൂഹ്യ വനവൽക്കരണത്തിന്റെ ലക്ഷ്യങ്ങൾ

### 1) നിലവിലുള്ള വനഭൂമിയുടെ സംരക്ഷണം:

വനങ്ങളോട് ചേർന്ന് ജീവിക്കുന്ന ഗ്രാമീണ ജനതയുടെ ചൂഷണം മൂലം നിലവിലുള്ള വനഭൂമി ശുഷ്കമാവാതെ വനസമ്പത്ത് സംരക്ഷിക്കുക എന്നതാണ് സാമൂഹ്യവനവൽക്കരണത്തിന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം. അന്താരാഷ്ട്ര മാനദണ്ഡങ്ങൾപ്രകാരം ഓരോ രാജ്യവും ഖരഭൂമിയുടെ മൂന്നിൽ ഒരു ഭാഗം വനഭൂമിയായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഇന്ത്യയുടെ കാര്യത്തിൽ 19 ശതമാനം മാത്രമെ വനങ്ങൾ ഉള്ളു. നൂറ്റാണ്ടുകളായി തുടർന്നു പോരുന്ന വിവേചനരഹിതമായ ചൂഷമണത്തിന്റെ ഫലമായാണ് നമ്മുടെ വനസമ്പത്ത് ഇത്രത്തോളം ശുഷ്കമാവാൻ കാരണം. 130 കോടിയോളം ജനസംഖ്യയുള്ള ഇന്ത്യപോലൊരു രാജ്യത്ത് വനഭൂമിയുടെ അളവ് ഗണ്യമായി വർദ്ധിപ്പിക്കുക എന്നത് വളരെ ശ്രമകരമായ ഒരു ദൗത്യം തന്നെയാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള വനഭൂമി ഒട്ടും ശോഷണം സംഭ

വിക്കാതെ പരിപാലിക്കുക എന്നത് പരമപ്രധാനമാണ്. സാമൂഹ്യ വനവൽക്കരണത്തിന്റെ പരമമായ ലക്ഷ്യവും ഇത് തന്നെയാണ്.

**2) ഉപയോഗിക്കപ്പെടാതെയും തരിശായും കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്രദമാക്കുക**

നിലവിൽ ഉപയോഗിക്കാതെയും തരിശായും കിടക്കുന്ന സ്ഥലങ്ങളിൽ മരങ്ങൾ നട്ട് വളർത്തി ഇത്തരം സ്ഥലങ്ങൾ ഉപയോഗപ്രദമാക്കുവാൻ സാമൂഹിക വനവൽക്കരണത്തിലൂടെ സാധിക്കുന്നു. ലോകത്തിലെ ആകെ ഭൂവിസ്തൃതിയുടെ 2.4 ശതമാനം മാത്രമുൾക്കൊളളുന്ന അതേ സമയം ലോകത്തിലെ ആകെ ജനസംഖ്യയുടെ 16.5 ശതമാനം ഭാരം പേറുന്ന ഇന്ത്യ പോലൊരു രാജ്യത്ത് ലഭ്യമായിട്ടുള്ള ഭൂമി മുഴുവനായി ഉപയോഗപ്പെടുത്തുക എന്നത് വളരെ പ്രധാനമാണ്. സാമൂഹ്യവനവൽക്കരണത്തിലൂടെ ഇത് ഗണ്യമായി നിറവേറ്റപ്പെടുന്നു.

**3) ഗ്രാമീണജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക**

ഇന്ത്യയുടെ ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന ഗ്രാമീണ ജനങ്ങൾ തങ്ങളുടെ ഗാർഹികവും തൊഴിൽപരവുമായ ആവശ്യങ്ങൾക്ക ഇന്നും മരങ്ങളെയാണ് വലിയൊരളവ് വരെ ആശ്രയിക്കുന്നത്. നിർമ്മാണ ഉരുപ്പടികൾ, ഭക്ഷണാവശ്യങ്ങൾക്കുള്ള വിറക്, കാലികൾക്കുള്ള ആഹാരം മുതലായ ജീവിതത്തിന്റെ ഒഴിച്ചു കൂടാനാകാത്ത ആവശ്യങ്ങൾ മരങ്ങളിലൂടെയാണ് നിറവേറ്റപ്പെടുന്നത്. സാമൂഹ്യ വനവൽക്കരണത്തിലൂടെ കൂടുതൽ മരങ്ങൾ വളർത്തപ്പെടുകയും അത് വഴി ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും അതിലൂടെ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്യുന്നു.

**4) തൊഴിൽ സൃഷ്ടി**

മരങ്ങൾ വർദ്ധിക്കുന്നതിലൂടെ ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ഇതിലൂടെ ലഭിക്കുന്ന വരുമാനം വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഗ്രാമീണർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉണ്ടാകുന്നതിനും വഴി ഒരുക്കപ്പെടുന്നു.

**5) പ്രകൃതി സംരക്ഷണം**

അക്ഷരാർത്ഥത്തിൽ മരം ഒരു വരം തന്നെയാണ്. സൂര്യപ്രകാശത്തിന്റെ സഹായത്താൽ ആഹാരപദാർത്ഥങ്ങൾ ഉൽപാദിപ്പിക്കാൻ സസ്യങ്ങൾക്കേ കഴിയു. ഈ പ്രക്രിയയിലൂടെ അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡിനെ വലിച്ചെടുത്ത് ഓക്സിജനെ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുക വഴി ശുദ്ധവായുവിന്റെ ലഭ്യത മരങ്ങൾ ഉറപ്പാക്കുന്നു. അന്തരീക്ഷത്തിലെ ഊഷ്മാവിന്റെ അളവ് വർദ്ധിപ്പിച്ച് മഴലഭ്യത കൂട്ടുന്നു. മണ്ണൊലിപ്പ് തടഞ്ഞ് മേൽമണ്ണ് സംരക്ഷിച്ച് മണ്ണിന്റെ വളക്കൂറ് നിലനിർത്തുന്നു. വെള്ളം ഒഴുകിപോകാതെ മണ്ണിലേക്കിറങ്ങാൻ അവസരമൊരുക്കുന്നത് വഴി ഭൂഗർഭജലം പുഷ്ടിപ്പെടുത്തുന്നു. കുടിവെള്ള ലഭ്യതക്ക് മരങ്ങൾ അത്യന്താപേക്ഷിതമാണ്. അത്പോലെ അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളെ വലിച്ചെടുത്ത് ഭൗമതാപം പിടിച്ചു നിർത്തുവാനും മരങ്ങൾക്കേ കഴിയു.

കൂടുതൽ മരങ്ങൾ നട്ട് വളർത്തുന്നത് വഴി പ്രകൃതിയേയും ഭൂമിയെത്തന്നെയും നമ്മൾ സംരക്ഷിക്കുകയാണ്.

**5) വാസമേഖലകളുടെ ഹരിതവൽക്കരണം**

ജനവാസകേന്ദ്രങ്ങളിൽ മരങ്ങൾ നട്ട് വളർത്തുന്നത് വഴി ഈ പ്രദേശങ്ങൾ ഹരിതവൽക്കരിക്കപ്പെടുകയും സൗന്ദര്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നു.

**6) കൃഷി സംരംക്ഷണം**

കൃഷിഭൂമിയുടെ പാർശ്വങ്ങളിൽ മരങ്ങൾ നട്ട് വളർത്തുന്നത് വഴി ശക്തമായ കാറ്റിനെ തടഞ്ഞ് വിളകൾ സംരക്ഷിക്കുന്നതിനും, കാർഷിക വിളകൾക്ക് തണലേകി അവയെ അമിത ചൂടിൽ നിന്ന് പരിപാലിക്കുവാനും സഹായിക്കുന്നു.

## സാമൂഹ്യ വനവൽക്കരണം കേരളത്തിൽ

ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനങ്ങളിലൊന്നായ കേരളം ജനസാന്ദ്രതകൊണ്ട് വീർപ്പ് മുട്ടുകയാണ്. ഇക്കാരണംകൊണ്ട് തന്നെ കേരളത്തിൽ നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയെന്നത് ദുഷ്കരമാണ്. ഈ സാഹചര്യത്തിൽ സാമൂഹിക വനവൽക്കരണത്തിന് ഏറെ പ്രസക്തിയുണ്ട്. കേരളത്തിൽ നടപ്പാക്കി വരുന്ന പ്രധാനപ്പെട്ട സാമൂഹ്യവനൽക്കരണപദ്ധതികൾ.

## കേരളത്തിൽ നടപ്പാക്കി വരുന്ന പ്രധാനപ്പെട്ട സാമൂഹികവനവൽക്കരണ പദ്ധതികൾ

**1) ' എന്റെ മരം' പദ്ധതി**

ഈ പദ്ധതി പ്രകാരം കേരളത്തിലെ 6261 സ്കൂളുകളിലെ അഞ്ച് മുതൽ ഒമ്പതാം ക്ലാസ്സു വരെ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും ഒരു വൃക്ഷത്തൈ വീതം നൽകികൊണ്ട്, ഈ തൈകൾ സ്വന്തം വീടുകളിൽ നട്ട് പരിപാലിക്കുവാൻ ചുമതലപ്പെടുത്തി. 50 ലക്ഷത്തോളം വൃക്ഷതൈകൾ ഈ പദ്ധതിപ്രകാരം വിതരണം ചെയ്തു. ഇളം മനസ്സുകളിൽ പ്രകൃതി സ്നേഹം വളർത്തുന്നതിനും ഈ പദ്ധതി ഉതകുന്നു.

**2) ' വഴിയോര തണൽ പദ്ധതി'**

തീരസംരക്ഷണം ലക്ഷ്യംവച്ചുള്ളതാണ് ഈ പദ്ധതി. സുനാമി, കടൽകയറ്റം, ചുഴലിക്കാറ്റ് മുതലായ പ്രകൃതിക്ഷോഭങ്ങൾ തടഞ്ഞ് തീരദേശത്തെ സംരക്ഷിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശം. ഇതിനായി മണ്ണിനെ പിടിച്ചു നിർത്തുന്ന വേരുകളുള്ള പ്രത്യേകതരം വൃക്ഷവർഗ്ഗങ്ങൾ (ഉദാ. കാസ്വാറിനാ എക്വിസെറ്റ് ഫോളിയ) തീരപ്രദേശങ്ങളിൽ നട്ട് വളർത്തുന്നു.

## സാമൂഹികവനവൽക്കരണവും തദ്ദേശസ്ഥാപനങ്ങളും

സാമൂഹിക വനവൽക്കരണം പ്രാവർത്തികമാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കുവാൻ സാധിക്കും. തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ ഉപയോഗിക്കാതെയും തരിശായും കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഉപയോഗപ്രദമായ വൃക്ഷതൈകൾ നട്ടുവ ളർത്താവുന്നതാണ്. കൂടാതെ പാതയോരങ്ങളിലും, കൈമാറിയ സ്ഥാപനങ്ങളിലും ലഭ്യ മായ സ്ഥലത്തൊക്കെ വൃക്ഷതൈകൾ നടണം. വെള്ളായണി ഫോറസ്ട്രി കോളേജിൽ നിന്നോ മേന്മയുള്ള വൃക്ഷതൈകൾ ശേഖരിച്ച്, തദ്ദേശസ്ഥാപനങ്ങളിലെ തൊഴിലാളികളെ ഉപയോഗിച്ചോ, കുടുംബശ്രീ അംഗങ്ങൾ വഴിയോ, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടു ത്തിയോ തൈകൾ നടാവുന്നതാണ്. പാതയോരങ്ങളിൽ നടുന്ന തൈകൾക്ക് മരകൂടുകൾ (treeguard) സ്ഥാപിക്കണം. പരസ്യം വയ്ക്കുവാൻ അനുവാദം നൽകിയാൽ മരക്കൂടുകൾ സ്പോൺസർഷിപ്പിലൂടെ ലഭിക്കുവാൻ എലുപ്പമാകും. വൃക്ഷതൈകളുടെ ചെലവും, നടു വാനും പരിപാലിക്കുവാനുള്ള കൂലിയും, മരക്കൂടുകളുടെ ചെലവും വാർഷിക പദ്ധതിയി ലുൾപ്പെടുത്തിയും തദ്ദേശസ്ഥാപനങ്ങൾക്ക് നടപ്പിലാക്കാം. പ്രകൃതിസംരക്ഷണത്തിന്റെ ഏറ്റവും ശ്ലാഘനീയമായ ഉദ്യമവും, വരുംതലമുറകൾക്ക് നാം നൽകുന്ന അമൂല്യമായ ഒരു സംഭാവനയുമായിരുക്കും സാമൂഹിക വനവൽക്കരണത്തിലൂടെ നാം സൃഷ്ടിക്കുന്ന വൃക്ഷ സമ്പത്ത്.

# IX

# സ്ഥാപനമാനേജ്മെന്റ്

## ആമുഖം

എഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി 30.05.1994 ൽ നിലവിൽ വന്ന കേരള നഗരപാലികാ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1995 ഒക്ടോബർ 2മുതൽ നഗരസഭയിൽ 19 വിഷയ മേഖലയുമായി ബന്ധപ്പെട്ട അധികാരങ്ങൾ ലഭിക്കുകയുണ്ടായി. വിവിധ വിഷയമേഖലയിലെ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, ചുമതലകൾ തുടങ്ങിയവയെല്ലാം നഗരസഭയുടെ നിയന്ത്രണാധികാരത്തിൽ വന്നു. നഗരസഭയുടെ ചുമതലകളുടെ നിർവഹണം നടക്കുന്നത് കൈമാറ്റം ചെയ്ത് കിട്ടിയതടക്കമുള്ള സ്ഥാപനങ്ങളിലൂടെയാണ്. പ്രവർത്തനങ്ങളുടെ ആസുത്രണം, നിർവഹണം, ജനങ്ങൾക്ക് ബന്ധപ്പെടുവാനുള്ള കേന്ദ്രമായി മാറുക എന്നിങ്ങനെ ഒട്ടനവധി ഉത്തരവാദിത്വങ്ങൾ ഓരോ സ്ഥാപനത്തിന്റെയും ഓഫീസുകളെ അടിസ്ഥാനമാക്കിയാണ് നിർവഹിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ ഓരോ സ്ഥാപനതല സംവിധാനത്തിനും പ്രാധാന്യം ഉണ്ടാവുകയും സ്ഥാപനതല മാനേജ്മെന്റ് പ്രത്യേകം പരിഗണിക്കേണ്ട വിഷയമാവുകയും ചെയ്യുന്നു.

നഗരസഭയുടെ നിയന്ത്രണാധികാരത്തിലുള്ള സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങൾ, ഭരണപരമായ പ്രവർത്തനങ്ങൾ, മാനവ വികസനത്തിനായുള്ള ആസൂത്രണവും പ്രവർത്തനങ്ങളും, സാമ്പത്തിക വികസനത്തിനായുള്ള ആസൂത്രണവും പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്യേണ്ടതുണ്ട്. കൗൺസിലർമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും കാര്യപ്രാപ്തി വർദ്ധിപ്പിക്കുമ്പോഴാണ് സ്ഥാപനത്തിന്റെ ശേഷി വർദ്ധിക്കുക. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സ്ഥാപനപ്രവർത്തനങ്ങളിൽ ബന്ധപ്പെടുത്താവുന്നവർ തുടങ്ങിയവരെയെല്ലാം സ്ഥാപനതല പ്രവർത്തനങ്ങളിൽ കൂട്ടിയോജിപ്പിക്കണം. ഇങ്ങനെ കൂട്ടിയോജിപ്പിക്കുന്ന പ്രക്രിയയിൽ ഫലപ്രദമായി ഇടപെടാൻ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ് കഴിയുക.

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയങ്ങളും സ്ഥാപനങ്ങളും

## വിഷയങ്ങൾ

1. കൃഷി
2. മൃഗസംരക്ഷണം
3. സാമൂഹ്യവനവൽക്കരണം

4. മണ്ണ് സംരക്ഷണം
5. ക്ഷീരവികസനം
6. ചെറുകിട ജലസേചനം
7. ചെറുകിട വ്യവസായം
8. സഹകരണം
9. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്

## സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ

**1. കൃഷി വകുപ്പ്**

സ്ഥാപനം - കൃഷിഭവൻ

ഉദ്യോഗസ്ഥർ - കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, പാർട്ട് ടൈം ജീവനക്കാർ, ജനസംഖ്യ 50000 വും കൂടുതലുമുള്ള നഗരസഭകളിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും സ്റ്റാഫും

**2. മൃഗസംരക്ഷണ വകുപ്പ്**

സ്ഥാപനം - വെറ്ററിനറി സബ്സെന്റർ, വെറ്ററിനറി ഡിസ്പൻസറി, വെറ്ററിനറി പോളി ക്ലിനിക്ക് എന്നിവ

ഉദ്യോഗസ്ഥർ - സീനിയർ വെറ്ററിനറി സർജൻ, ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ്, അറ്റന്റർ, പി.ടി.എസ് തുടങ്ങിയവർ

**3. ക്ഷീരവികസന വകുപ്പ്**

സ്ഥാപനം - ഇല്ല

ഉദ്യോഗസ്ഥർ - ഡെപ്യൂട്ടി ഡയറക്ടർ & സ്റ്റാഫ്

**4. ഫിഷറീസ്**

സ്ഥാപനം - മത്സ്യഭവൻ

ഉദ്യോഗസ്ഥർ - ഫിഷറീസ് സബ് ഇൻസ്പെക്ടർ

**5. വ്യവസായ വകുപ്പ്**

സ്ഥാപനം - ഇല്ല

ഉദ്യോഗസ്ഥർ - വ്യവസായ വികസന ഓഫീസർ

## കൈമാറിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പൊതുകാര്യങ്ങൾ

1. സ്ഥാപനങ്ങൾ നഗരസഭയുടെ നിയന്ത്രണാധികാരത്തിലായിരിക്കും

2. സ്ഥാപനങ്ങൾ നഗരസഭയുടെ പേരിനാൽ അറിയപ്പെടേണ്ടതാണ്. സ്ഥാപന ബോർഡ് നഗരസഭയുടെ പേര് ചേർത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
3. സ്ഥാപനത്തിനോടനുബന്ധിച്ചുള്ള വസ്തു വകകൾ നഗരസഭയുടെ നിയന്ത്രണാധികാരത്തിലാണ്.
4. സ്ഥാപനങ്ങൾ, വസ്തുവകകൾ, വിൽക്കാനോ അന്യാധീനപ്പെടുത്തുവാനോ നഗരസഭയ്ക്ക് അധികാരമില്ല.
5. സ്ഥാപനങ്ങളുടെ വസ്തുവകകൾ പ്രസ്തുത സ്ഥാപനങ്ങളുടെ ആവശ്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല
6. സ്ഥാപനങ്ങളുടെ വസ്തു വകയിൽ നിന്ന് ലഭിക്കുന്ന ആദായം സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതുമാണ്.
7. കൈമാറികിട്ടിയതും അല്ലാതെയുമുള്ള എല്ലാതരം ആസ്തികളുടെയും വിവരം നിർദ്ദിഷ്ട രജിസ്റ്ററുകളിൽ എഴുതി സൂക്ഷിച്ചു പോരേണ്ടതുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ഇത് വർഷാവർഷം പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.
8. സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്ലാൻ വർഷാവർഷം തയ്യാറാക്കണം. മെയിന്റനൻസ് ചെയ്യുന്നുണ്ട് എന്നത് വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തണം.
9. ആസ്തികളുടെ സംരക്ഷണം നഗരസഭയുടെ ചുമതലയിൽപ്പെട്ടതാകയാൽ ഓരോ വർഷവും ആസ്തിസംരക്ഷണ പദ്ധതി തയ്യാറാക്കിയത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം.
10. സ്ഥാപനങ്ങളുടെ വൈദ്യുതീകരണം, ചുറ്റുമതിൽ, കുടിവെള്ള സംവിധാനം, ഫർണീച്ചർ റിപ്പയർ ചെയ്യൽ, ടോയിലറ്റ് നിർമ്മാണം, കെട്ടിട നിർമ്മാണം, ഓഫീസ് ചെലവ്, വാടക നൽകൽ തുടങ്ങിയവ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ട് എന്ന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തണം.
11. നഗരസഭയ്ക്ക് കൈമാറി ലഭിച്ച ഉദ്യോഗസ്ഥരുടെ മേൽനോട്ടവും നിയന്ത്രണവും നഗരസഭയ്ക്കാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മോണിറ്ററിംഗ് നടത്താവുന്നതാണ്. പ്രശ്നങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.
12. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തന ഏകോപനവും മേൽനോട്ടവും നടത്തുക.
13. പാടശേഖരസമിതികൾ, കൃഷി വികസന സമിതികൾ, മൃഗാശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവ വിളിച്ച് ചേർക്കാനും, പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് സ്ഥാപനഗുണനിലവാരം മെച്ചപ്പെടുത്താൻ പരിപാടികൾ തയ്യാറാക്കണം.

## ഉദ്യോഗസ്ഥ ജനപ്രതിനിധി ബന്ധം

നഗരസഭയുടെ നിയന്ത്രണാധികാരത്തിൽ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അവർ കൈകാര്യം ചെയ്യുന്ന സംഗതികളിൽ ഉപദേശം നൽകുന്നതിനുള്ള അവകാശം സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട്. തൊഴിൽപരമായ സ്വാതന്ത്ര്യവും നിയമപരമായ അവകാശവും സംരക്ഷിക്കാൻ കൗൺസിലർമാരും ജീവനക്കാരും തമ്മിലുള്ള ബന്ധം എങ്ങിനെയായിരിക്കണമെന്ന് നിയമപരമായി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നഗരസഭയെ സംബന്ധിച്ച് ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്.

- കൗൺസിലറും ഉദ്യോഗസ്ഥരും അവരവരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിർവഹിക്കുന്നതിലും സൗഹാർദ്ദപരമായ സഹവർത്തിത്വം പുലർത്തേണ്ടതാണ്.
- കൗൺസിലർമാരും ഉദ്യോഗസ്ഥരും അധികാരങ്ങൾ വിനിയോഗിക്കുന്നതിലും നിർവഹിക്കുന്നതിലും അവരവരുടെ നിയമാധിഷ്ഠിത പരിധികൾ ലംഘിക്കാൻ പാടില്ല.
- നിയമങ്ങളോ ചട്ടങ്ങളോ നിയമപരമായ ഉത്തരവുകളോ നിർദ്ദേശങ്ങളോ ലംഘിക്കുന്ന തരത്തിലുള ഇടപെടലുകൾ ഒഴിവാക്കേണ്ടതാണ്.
- നിയമാനുസൃതമായ നിർദ്ദേശങ്ങൾ തന്റെ അധികാര പരിധിയ്ക്ക് വിധേയമായി ഒരു ഉദ്യോഗസ്ഥന് നൽകാൻ കൗൺസിലർ/ചെയർമാന് അധികാരമുണ്ടായിരിക്കും.
- വാക്കാൽ നൽകുന്ന നിർദ്ദേശങ്ങൾ രേഖാമൂലം സ്ഥിരീകരിച്ച് നൽകാൻ ചെയർമാന്/കൗൺസിലറുടെ ഉത്തരവാദിത്വമാണ്. ഉദ്യോഗസ്ഥന് വാക്കാൻ നിർദ്ദേശം നടപ്പിലാക്കുന്നതിന് മുൻപായി രേഖാമൂലം സ്ഥിരീകരിക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.
- നിയമപരമായി തടസ്സമില്ലാത്ത ഏതൊരു ഔദ്യോഗിക വിവരങ്ങളും ഉദ്യോഗസ്ഥൻ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ കൗൺസിലർക്കോ നൽകേണ്ടതാണ്.
- ഉദ്യോഗസ്ഥരിൽ നിന്നും ഫയലുകൾ, റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് ആവശ്യപ്പെടാനും കാണാനും അധികാരമുണ്ട്. കൗൺസിലർമാർക്ക് ആവശ്യപ്പെടാൻ അധികാരമില്ല. എന്നാൽ കൗൺസിലർമാർ രേഖകൾ ആവശ്യപ്പെടാനും കാണാനും ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ കഴിയും. കൗൺസിലർ ആവശ്യമുള്ള കാര്യങ്ങൾ രേഖാമൂലം എഴുതി ചെയർമാൻ മുഖേന സെക്രട്ടറിക്ക് അപേക്ഷ നൽകിയാൽ സെക്രട്ടറി ഓഫീസ് സമയത്ത് പ്രസ്തുത രേഖ കാണിക്കാൻ, നൽകാനും സംവിധാനം ഉണ്ടാക്കേണ്ടതുണ്.
- വികസന പ്രവർത്തനങ്ങളെയോ അതുപോലുള്ള മറ്റ് കാര്യങ്ങളെയോ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് നിയോജക മണ്ഡലത്തിലെ കൗൺസിലർമാർക്ക് നൽകുന്നതിന് ഉദ്യോഗസ്ഥൻ ബാധ്യസ്ഥരാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് അധികൃതമായി തിരുത്താനോ മിനുട്ട്സ് രേഖപ്പെടുത്താനുള്ള ഉദ്യോഗസ്ഥന്റെ അവകാശം തടസ്സപ്പെടുത്താനോ പാടില്ല.

- ഔദ്യോഗിക കൃത്യനിർവഹണ സമയത്ത് കൗൺസിലർമാരും ഉദ്യോഗസ്ഥരും പരുഷമായ ഭാഷയും ആംഗ്യവും ഒഴിവാക്കണം. പരസ്പരം ബഹുമാനപൂർവ്വം പെരുമാറേണ്ടതുമാണ്.
- ലഹരിപദാർത്ഥങ്ങൾ, പാനീയങ്ങൾ ഉപയോഗിച്ചുകൊണ്ട് കൗൺസിലർമാരോ ഉദ്യോഗസ്ഥരോ ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഏർപ്പെടരുത്. പങ്കെടുക്കാനും പാടില്ല.
- ഔദ്യോഗിക കൃത്യനിർവഹണത്തിനുള്ള ഉത്തരവുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് രേഖാമൂലം നൽകേണ്ടതാണ്.
- കൗൺസിലർ, ഉദ്യോഗസ്ഥർ, ജീവനക്കാർ, പെരുമാറ്റചട്ടം ലംഘിച്ചാലുള്ള പരാതി ഓംബുഡ്സ്മാന് പരിഗണിക്കുകയും അതിന്മേലുള്ള റിപ്പോർട്ട് തുടർനടപടിക്കായി സർക്കാരിന് അയച്ചു നൽകുകയുമാണ് ചെയ്യുക.
- ഔദ്യോഗിക യോഗങ്ങളിലും കൂടിക്കാഴ്ചകളിലും സംബന്ധിക്കുന്ന കൗൺസിലർമാരും ഉദ്യോഗസ്ഥരും അന്തസ്സും പദവിയും അന്യോന്യം മാനിച്ച് യോഗനടപടികളിലും ചർച്ചകളിലും പങ്കെടുക്കേണ്ടതാണ്.
- ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

## സ്ഥാപനമാനേജ്മെന്റ് കമ്മിറ്റി

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന സ്ഥാപനങ്ങളിൽ മാനേജ്മെന്റ് കമ്മിറ്റിയോ തതുല്യമായ കമ്മിറ്റിയോ പ്രവർത്തിച്ചു വരുന്നതുണ്ട്.

## കൃഷി ഭവൻ

കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകിയ കാർഷിക സമിതികൾ കൃഷി ഭവൻ തലത്തിൽ പ്രവർത്തിച്ചു വരുന്നു. കൃഷി ഓഫീസർ കൺവീനറും നഗരസഭാ ചെയർമാൻ ചെയർമാനുമായ സമിതിയിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അംഗമായിപ്രവർത്തിക്കുന്നു.

സാമ്പത്തിക വർഷത്തിൽ മാസത്തിൽ ഒരു പ്രാവശ്യംകാർഷിക വികസനസമിതി യോഗങ്ങൾ കൂടമണെന്നാണ് നിയമം.

## കാർഷിക വികസന സമിതി അംഗങ്ങൾ

1. എം.പി. മാർ
2. എം.എൽ.എ മാർ
3. കേരകർഷകൻ
4. ഏഴ് കർഷക പ്രതിനിധികൾ

5. അംഗീകൃത കർഷക തൊഴിലാളി സംഘടനയുടെ ഓരോ പ്രതിനിധിയും (പരമാവധി 5 പേർ)
6. നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി
7. പ്രാഥമിക സഹകരണ ബാങ്ക്/വാണിജ്യ ബാങ്ക് പ്രതിനിധി
8. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ
9. വെറ്ററിനറി സർജൻ
10. ക്ഷീരവികസന ഓഫീസർ
11. കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ ഒരു പ്രതിനിധി
12. മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥൻ
13. കൃഷി അസിസ്റ്റന്റ് ഡയറക്ടർ
14. മൈനർ ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ

## ചുമതലകൾ

- സമഗ്ര വികസനത്തിനുതകുന്ന പ്ലാൻ, പ്രോജക്ടുകൾ തയ്യാറാക്കൽ
- കർഷകർ, കൃഷി രീതികൾ, മണ്ണ് എന്നിവയുടെ സ്ഥിരവിവര കണക്കുകളുടെ വിവരം ശേഖരിക്കൽ.
- അതത് പ്രദേശത്തിന് അനുയോജ്യമായും കാർഷിക വികസനത്തിന് ഉതകുന്നതുമായ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളെ മാനദണ്ഡമനുസരിച്ച് തിരഞ്ഞെടുക്കുക.
- പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിര സഹായം എത്തിക്കുന്നതിന് കൂട്ടായ നടപടികൾ സ്വീകരിക്കുക.
- ഗുണനിലവാരമുള്ള ജൈവവളങ്ങളുടെ ലഭ്യത തിട്ടപ്പെടുത്തൽ

## പൊതുവ്യവസ്ഥകൾ

- കമ്മിറ്റി ക്വാറം മൂന്നിൽ ഒന്നാണ്
- ഭൂരിപക്ഷ അംഗങ്ങളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം തീരുമാനം എടുക്കുന്നത്.
- മൂന്ന് തവണ സമിതിയിൽ പങ്കെടുക്കാതിരുന്ന അനൗദ്യോഗിക അംഗത്തിനെ സമിതികളിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

- അടിയന്തിര ഘട്ടങ്ങളിൽ കൺവീനർക്ക് യോഗം വിളിച്ച് കൂട്ടാവുന്നതാണ്.
- എല്ലാ യോഗങ്ങളും ആരംഭിക്കേണ്ടത് മുൻയോഗ തീരുമാനങ്ങൾ അംഗീകരിച്ചതിന് ശേഷമായിരിക്കണം.
- അനൗദ്യോഗിക അംഗങ്ങൾക്ക് സമിതികളിൽ പങ്കെടുക്കുന്നതിന് 100 രൂപ സിറ്റിംഗ് ഫീസായി നൽകാവുന്നതാണ്.

G.O. (Ms) 208/12/കൃഷി തിയതി 25/8/2012 അനുസരിച്ച് ഒരു യോഗത്തിന് പരമാവധി 500 രൂപ ചിലവഴിക്കാവുന്നതാണ്.

## വെറ്ററിനറി ഡിസ്പൻസറി/പോളിക്ലിനിക്ക്

മുനിസിപ്പൽ ചെയർമാൻ ചെയർമാനും, വെറ്ററിനറി ഡോക്ടർ കൺവീനറും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അംഗവുമായ മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. മാസത്തിലൊരിക്കലെങ്കിലും കമ്മിറ്റി വിളിച്ച് ചേർത്ത് സ്ഥാപനതല പ്രവർത്തനങ്ങൾ, വികസന കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

## സ്ഥാപനതലപ്രവർത്തന റിപ്പോർട്ടുകൾ

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അതത് സ്ഥാപന മാനേജാമെന്റ് കമ്മിറ്റികൾ തയ്യാറാക്കണം. ഇതിന് നേതൃത്വം നൽകേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. കൃഷിഭവന്റേത് വികസനകമ്മിറ്റി തയ്യാറാക്കണം.

പ്രവർത്തന റിപ്പോർട്ടിൽ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടണം.

1. സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ, അവയിൽ നേടാൻ കഴിഞ്ഞവ, കഴിയാതെ പോയവ
2. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധ്യമാകുന്നതിനായി നടത്തിയ ഇടപെടലുകൾ അവയുടെ ഫലം
3. സേവന ഗുണനിലവാരം ഉയർത്താൻ നടത്തിയ പ്രവർത്തനങ്ങൾ, അവയുടെ ഫലം.
4. വന്ന പരാതികൾ, പരിഹരിച്ചവ, നടപടികൾ
5. മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗങ്ങളുടെ എണ്ണം, ഹാജർ നില
6. സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ലഭിച്ച പിന്തുണകൾ
7. വാർഡ് സഭയിൽ വന്ന നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ സംബന്ധിച്ചുള്ളത്.
8. സേവന ഗുണത സംബന്ധിച്ച കാര്യങ്ങൾ
9. വാർത്താബോർഡ്, ഹാജർ ബോർഡ് എന്നിവയുടെ പരിപാലനം
10. പരാതികൾ കൈകാര്യം ചെയ്യുന്ന രീതി, കൃത്യത

11. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് - വിശദാംശങ്ങൾ
12. ഫീൽഡ് ജീവനക്കാരുടെ പെർഫോമൻസ്

സ്ഥാപനതലത്തിൽ തയ്യാറാക്കുന്ന ഇത്തരം റിപ്പോർട്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് ചെയ്യുന്നു. കൗൺസിൽ മുമ്പാകെ വരുകയും ചെയ്യണം

**പൗരാവകാശരേഖ**

ഓരോ സ്ഥാപനത്തിന് വേണ്ടിയും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്താവുന്നതാണ്.

1. സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ
2. ലഭ്യമാകുന്ന സേവനങ്ങൾ
3. സേവനം ലഭ്യമാകുന്ന ഉദ്യോഗസ്ഥൻ
4. സേവനം ലഭ്യമാക്കാൻ അപേക്ഷിക്കേണ്ട വിധം
5. നിബന്ധനകളും ഫീസ് നിരക്കും കാലയളവും
6. ഫോൺ നമ്പർ, ഇ-മെയിൽ വിവരങ്ങൾ
7. പരാതി പരിഹാര സംവിധാനങ്ങൾ
8. അപേക്ഷകളുടെ മാതൃക

മേൽ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പൗരാവകാശരേഖ വാർഡ് സഭയിൽ വിതരണം ചെയ്യണം.

## നഗരസഭാതല പൊതുയോഗം

ഓരോ വർഷവും സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടേയും കൗൺസിലർമാരുടേയും പൊതുയോഗങ്ങൽ നഗരസഭാതലത്തിൽ വിളിച്ച് ചേർക്കണം. പ്രസ്തുതയോഗത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വത്തിൽ തയ്യാറാക്കിയ സ്ഥാപനതല റിപ്പോർട്ടുകൾ പൊതുയോഗത്തിൽ അവതരിപ്പിക്കണം. ഏറ്റവും നല്ല പെർഫോമൻസ് കാഴ്ചവെച്ച സ്ഥാപനത്തിനും ഉദ്യോഗസ്ഥർക്കും അവാർഡ് നൽകുന്നത് ആലോചിക്കാവുന്നതാണ്.

സ്ഥാപനതല ഗുണനിലവാരം ഉയർത്തുന്നതിൽ പ്രവർത്തിച്ചവർക്ക് പ്രചോദനം നൽകുന്ന പരിപാടിയായി യോഗം മാറണം. വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെടുത്തുണം. ഈ പ്രഖ്യാപനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും കൗൺസിലിന്റെയും ഭാഗമായി ചെയർപേഴ്സണും പ്രഖ്യാപിക്കണം. വാർഡ് സഭകളിൽ പ്രഖ്യാപിക്കുകയും വേണം.

നഗരപാലികാ നിയമത്തിന്റെ അന്തസത്ത ചോർന്നുപോകാതെ അധികാരം ജനങ്ങളിലേക്ക് എന്നത് സാക്ഷാൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ വരുന്ന നാളുകളിൽ ഇത്തരം പ്രവർത്തനങ്ങൾക്കൊണ്ട് കൈവരിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

# X

# ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്

## മുഖവുര

1992 ലെ 74-ാം ഭരണഘടനാ ഭേദഗതിയോടുകൂടി ഇന്ത്യയിലെ നഗരഭരണ സംവിധാനം ഭണഘടനയുടെ ഭാഗമായി തീർന്നു. ടി ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994 ൽ പുതിയ കേരളാ മുനിസിപ്പൽ ആക്ട് നിയമസഭ പാസാക്കി. ഈ നിയമത്തിന്റെ തുടർച്ചയായി തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളായി അവയെ മാറ്റുന്നതിനുംവേണ്ടിയുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനായ് കേരളസർക്കാർ നിയോഗിച്ച സെൻ കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 1999 ൽ കെ. എം. ആക്ട് വീണ്ടും സമൂലമായി പരിഷ്ക്കരിച്ചു. ഇതോടെ കേന്ദ്രവും സംസ്ഥാനവും എന്നതുപോലെ കേരളത്തിലെ നഗരസഭകളും സ്വയംഭരണാവകാശമുള്ള പ്രാദേശിക സർക്കാരുകളായി മാറി. അതുവരെ സംസ്ഥാന സർക്കാർ കൈകാര്യം ചെയ്തിരുന്ന വിവിധ വികസന വകുപ്പുകളുടെ അധികാരങ്ങളും ചുമതലകളും നഗരസഭകൾക്ക് കൈമാറി കിട്ടി. ടി ചുമതലകൾ നിർവ്വഹിക്കാൻ ആവശ്യമായ സ്ഥാപനങ്ങളേയും ജീവനക്കാരേയും നഗരസഭകൾക്ക് ലഭ്യമായി. മറ്റൊരർത്ഥത്തിൽ നഗരപ്രദേശങ്ങളുടെ വികസനപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും നടപ്പാക്കുകയും ചെയ്യുക നഗരസഭകളുടെ പൂർണ്ണ ഉത്തരവാദിത്വമായി മാറി. നഗരസഭയിൽ അതിന്റെ ചാലകശക്തിയാവേണ്ടത് വികസനകാര്യ സ്ഥിരം സമിതിയും.

## നഗരവത്ക്കരണം

ലോകത്തെമ്പാടും എന്നതുപോലെ ഇന്ത്യയിലും കേരളത്തിലും അതിവേഗം മുന്നേറുന്ന ഒരു പ്രക്രിയയാണ് നഗരവത്ക്കരണം. ലോകജനസംഖ്യയിൽ പകുതിയോളം നഗരങ്ങളിലാണ് ജീവിയ്ക്കുന്നത്. ഇന്ത്യയിലെ നഗരജനസംഖ്യ 1991 ൽ 25.7 ശതമാനമായിരുന്നത് 2001 ആവുമ്പോൾ 27.8 ശതമാനമായി ഉയർന്നു. സംഖ്യ കണക്കിൽ യഥാക്രമം 27.9 കോടിയും 28.5 കോടിയും. 10 വർഷത്തിനിടയിൽ 60 ലക്ഷത്തിന്റെ വർദ്ധനവ്. ദശവാർഷിക ജനസംഖ്യ വളർച്ച നിരക്കിലും നഗരങ്ങൾ വളരെ മുന്നിലായിരുന്നു. ഗ്രാമങ്ങളിൽ അത് 17.9 ശതമാനമായിരുന്നു എങ്കിൽ നഗരങ്ങളിൽ 31.2 ശതമാനമായിരുന്നു. ഇതനുസരിച്ച് വരുംനാളുകളിൽ നഗരജനസംഖ്യ ക്രമാതീതമായി ഉയരും എന്നതിൽ തർക്കമില്ല. ചില പഠനങ്ങൾ അനുസരിച്ച് ഇന്ത്യയിലെ നഗരജനസംഖ്യ 2021 ൽ 47.3 കോടിയും 2051 ൽ 82 കോടിയും ആയി ഉയരും. വികസനരംഗത്ത് നഗരങ്ങൾ അഭിമുഖീകരിക്കാൻ പോകുന്ന വെല്ലുവിളിക

ളുടെ വൈപുല്യം ഓർമ്മിപ്പിക്കുന്നതാണ് ഈ വിശകലനങ്ങൾ അഥവാ ഈ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ പുതിയ നഗരവികസന പരിപ്രേക്ഷ്യത്തെ നമുക്ക് അഭിമുഖീകരിക്കാൻ കഴിയു.

## വികസനവെല്ലുവിളികൾ

വർദ്ധിച്ചുവരുന്ന നഗരജനസംഖ്യയുടെ ആവശ്യങ്ങൾ അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ നഗരത്തിൽ വർദ്ധിക്കുന്നില്ല എന്നതാണ് വികസനരംഗം അഭിമുഖീകരിക്കുന്ന ഇന്നത്തെ ഏറ്റവും വലിയ വെല്ലുവിളി. അതോടൊപ്പം നിലവിലുള്ള സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നില്ല എന്നതും പ്രശ്നമാണ്. ചില വികസനപ്രവർത്തനങ്ങളാവട്ടെ പരിസ്ഥിതയുടേയും പ്രകൃതിവിഭവങ്ങളുടേയും രംഗത്ത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ വെല്ലുവിളികൾ കണക്കിലെടുത്തു കൊണ്ടേ പുതിയ വികസന സംരംഭങ്ങൾക്ക് രൂപം നൽകാൻ ആവു.

## ബജറ്റു വികസനവും

ഒരു നഗരസഭയെ സംബന്ധിച്ചിടത്തോളം വരാനിരിക്കുന്ന വികസനപദ്ധതികളുടെ അടിസ്ഥാന രൂപരേഖയാണ് അതിന്റെ ബഡ്ജറ്റ്. കാരണം ഒരു നഗരത്തിൽ ബഡ്ജറ്റ് വർഷത്തിൽ നടപ്പാക്കാൻ ആലോചിക്കുന്ന എല്ലാ വികസന പദ്ധതികളും ബഡ്ജറ്റിൽ ഉണ്ടായേ മതിയാവൂ. ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടില്ലാത്ത ഒരു പദ്ധതിയും നിയമപരമായി നടപ്പാക്കാൻ കഴിയില്ല. വികേന്ദ്രീകൃതാസൂത്രണ പ്രകാരമുള്ളതുപോലെതന്നെ കേന്ദ്രാവിഷ്കൃത പദ്ധതികളും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കപ്പെട്ടിരിക്കണം. തനതുഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്കും ബഡ്ജറ്റ് അലോട്ട്മെന്റ് ഉണ്ടാവണം.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഇന്ത്യൻ നഗരങ്ങളുടെ അടിസ്ഥാനമേഖലയിലെ വികസനപ്രവർത്തനങ്ങൾ ഇന്ന് പ്രധാനമായും നടക്കുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയാണ്. കേരളത്തിന്റെ സ്ഥിതിയും അതിൽ നിന്ന് ഭിന്നമല്ല. പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളെപ്പറ്റിയുള്ള നഖ ചിത്രങ്ങളാണ് വരും പേജുകളിൽ കൊടുത്തിട്ടുള്ളത്.

### ജെ.എൻ.എൻ.യു.ആർ.എം

നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പുതിയ സൗകര്യങ്ങൾ നിർമ്മിച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന രീതിയിൽ നഗരങ്ങളെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജവഹർലാൽ നെഹ്റു നാഷ്ണൽ അർബൻ റിനോവൽ മിഷൻ എന്ന പരിപാടി കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്നത്. 10 ലക്ഷത്തിൽ അധികം ജനസംഖ്യമുള്ള നഗരങ്ങളെയാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ തലസ്ഥാന നഗരങ്ങൾ, മറ്റ് ചില പ്രത്യേകതകൾ ഉള്ള നഗരങ്ങൾ എന്നിവയേയും ഉൾപ്പെടുത്തി

യിരിയ്ക്കുന്നു. മറ്റു ചെറു നഗരങ്ങളെ കൂടി ഉൾപ്പെടുത്തുന്ന രീതിയിൽ ഈ പദ്ധതിയെ പുനരാവിഷ്ക്കരിക്കാൻ കേന്ദ്രസർക്കാർ ആലോചിച്ച് വരുന്നുണ്ട്.

### ഘടകങ്ങൾ

നഗരപശ്ചാത്തല വികസനം, നഗരങ്ങളിലെ പാവപ്പെട്ടവർക്കുള്ള അടിസ്ഥാന സേവനങ്ങൾ എന്നീ രണ്ട് ഘടകങ്ങളിലായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ജലവിതരണം, ശുചിത്വ പരിപാലനം, ഖരമാലിന്യ സംസ്ക്കരണം, അഴുക്കുചാൽ നിർമ്മാണം, റോഡ്, ബസ്സ് സ്റ്റേഷനുകൾ, പൈതൃക സ്വത്തുകളുടെ സംരക്ഷണം തുടങ്ങിയവ പശ്ചാത്തല വികസനത്തിൽ ഉൾപ്പെടുമ്പോൾ ദരിദ്രർ തിങ്ങിപാർക്കുന്ന ചേരി പ്രദേശങ്ങളുടെ സമഗ്ര വികസനമാണ് പാവപ്പെട്ടവർക്കുള്ള അടിസ്ഥാന സേവനങ്ങൾ പ്രധാനം ചെയ്യുന്നതിലൂടെ ലക്ഷ്യമാക്കുന്നത്.

### നോഡൽ ഏജൻസി

കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി കേരള സുസ്ഥിര നഗരവികസന പ്രോജകട് (കെ.എസ്.യു.ഡി.പി) ആണ്.

### ഫണ്ട്

തലസ്ഥാനനഗരങ്ങളുടെ പദ്ധതികൾക്ക് 80% കേന്ദ്രവിഹിതം ലഭിക്കുമ്പോൾ 10% വീതം സംസ്ഥാനസർക്കാരും കോർപ്പറേഷനുകളും വഹിക്കണം. മറ്റ് നഗരങ്ങൾക്ക് 50% കേന്ദ്രവിഹിതവും 30% സംസ്ഥാന സർക്കാരും 20% കോർപ്പറേഷനുകളും വഹിക്കണം.

### പ്രോജക്ട്

അടിസ്ഥാന വികസന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നത് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്കനുസരണമായി സമർപ്പിക്കുന്ന പ്രോജക്ടുകൾ അനുസരിച്ചായിരിക്കും. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി കോർപ്പറേഷനുകൾ 20 വർഷത്തേയ്ക്കെങ്കിലുമുള്ള വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു സിറ്റി ഡവലപ്പ്മെന്റ് പ്ലാൻ (സി.ഡി.പി) തയ്യാറാക്കണം. തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) രൂപപ്പെടുത്തണം. ഇത് മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കണം.

ബി.എസ്.യു.പി സമഗ്രമായ ചേരി വികസനത്തിന് ഉതകുന്ന രീതിയിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, ചേരി നിവാസികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ, ക്ലസ്റ്ററുകളിലെ അടിസ്ഥാന സൗകര്യവികസനം, ഓടകൾ, അഴുക്കു ചാലുകൾ, ചേരികളിലെ ഖരമാലിന്യ സംസ്ക്കരണം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

### നോഡൽ ഏജൻസി

ഈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീ മിഷനാണ്.

### പ്രോജകട്

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശത്തിനുള്ളിൽ നിന്നുകൊണ്ട് ചേരി തിരിച്ച് പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കണം. ഈ പ്രോജകട് കുടുംബശ്രീക്ക് സമർപ്പിക്കുകയും

അവർ അത് ഹഡ്ക്കോയ്ക്ക് സമർപ്പിക്കുകയും ചെയ്യും. ഹഡ്ക്കോ പരിശോധനയ്ക്ക് ശേഷം സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശുപാർശ കുറിപ്പോടെ അംഗീകാരത്തി നായി കേന്ദ്ര-പാർപ്പിട ലഘൂകരണ മന്ത്രാലയത്തിന് അയക്കുന്നു.

## യു.ഐ.ഡി.എസ്.എസ്.എം.ടി

ജെനറം പദ്ധതിയിൽ ഉൾപ്പെടാത്ത ചെറുകിട ഇടത്തരം പട്ടണങ്ങളുടെ അടിസ്ഥാന വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കുടിവെള്ളം, അഴുക്കുചാൽ, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടും.

### നോഡൽ ഏജൻസി

കെ.എസ്.യു.ഡി.പി

### ഫണ്ട്

80% കേന്ദ്രം 10% വീതം സംസ്ഥാന സർക്കാരും ലോക്കൽ ബോഡിയും

### നടപടിക്രമം

കേന്ദ്രനഗരവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് വിശദ മായ പ്രോജകട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി കെ.എസ്.യു.ഡി.പി മുഖാന്തിരം അപേക്ഷിക്കണം.

കെ.എസ്.യു.ഡി.പി പരിശോധനയ്ക്ക് ശേഷം സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി ശുപാർശ യോടെ കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് അംഗീകാരത്തിന് സമർപ്പിക്കുന്നു.

## ഐ.എച്ച്.എസ്.ഡി.പി

ചേരികളിലെ നിവാസികൾക്ക് പര്യാപ്തമായ താമസസൗകര്യവും അടിസ്ഥാനസൗകര്യ ങ്ങളും ലക്ഷ്യമാക്കുന്നതിലേക്ക് രൂപപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം. നിലവിലുണ്ടായിരുന്ന ദേശീയ ചേരിവികസന പരി പാടി (എൻ.എസ്.ഡി.പി)യും വാത്മീകി അംബേദ്ക്കർ ആവാസ് യോജനയും സംയോജി പ്പിച്ചുകൊണ്ടാണ് ഈ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ക്ലസ്റ്റർ സമീപനമാണ് സ്വീകരി ച്ചിരിക്കുന്നത്. ഒരു ക്ലസ്റ്ററിൽ കുറഞ്ഞത് 15 കുടുംബങ്ങളെങ്കിലും ഉണ്ടാവണം.

## നോഡൽ ഏജൻസി

കുടുംബശ്രീ മിഷൻ

## ഫണ്ട്

80% കേന്ദ്രവിഹിതം ബാക്കി 20% സംസ്ഥാന-നഗരസഭകൾ സ്വരൂപിക്കണം

## നടപടിക്രമം

കേന്ദ്ര-പാർപ്പിട-നഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർക്ഷരേഖയനുസരിച്ച് വിശദമായ പ്രോജക്ടുകൾ ചേരി തിരിച്ച് തയ്യാറാക്കി കുടുംബശ്രീ മിഷന് അയക്കണം. പ്രാഥമിക പരിശോധനയ്ക്ക് ശേഷം അത് ഹഡ്ക്കോയുടെ പരിശോധനയ്ക്ക് നൽകും. അവിടെ നിന്ന് ഐ.എച്ച്.എസ്.ഡി.പി യ്ക്കുവേണ്ടി ഉള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് സമർപ്പിക്കും. അവരുടെ ശുപാർശയോടെ അംഗീകാരത്തിനായി കേന്ദ്ര നഗര മന്ത്രാലയത്തിന് സമർപ്പിക്കണം.

# കെ.എസ്.യു.ഡി.പി

ദ്രുതഗതിയിലുള്ള നഗരവത്ക്കരണ പ്രക്രിയ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ നഗരസഭകളെ പ്രാപ്തമാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ കേരള സർക്കാർ ഏഷ്യൻ വികസന ബാങ്കിന്റെ വായ്പാ സഹായത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി. ജനറത്തിൽ ഉൾപ്പെടാത്ത കോർപ്പറേഷനുകൾക്കാണ് ഈ പദ്ധതി അനുവദിച്ചിട്ടുള്ളത്.

## ഘടകങ്ങൾ

നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് പ്രധാനലക്ഷ്യം. ശുദ്ധജല വിതരണം, അഴുക്കുചാൽ നിർഗമന-ശുചീകരണം, ഓവുചാലുകൾ, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡ് ഗതാഗതം തുടങ്ങിയ കാര്യങ്ങൾക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താം. കൂടാതെ ദാരിദ്ര്യ നിർമ്മാർജ്ജനം ഒരു ഘടകമാണ്.

## നിർവ്വഹണം

ഒരു പ്രത്യേക നിർവ്വഹണ സംവിധാനം തന്നെ ഈ പദ്ധതിയ്ക്കുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

## എംപവേർഡ് കമ്മിറ്റി

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർപേഴ്സണായുള്ള ഈ കമ്മിറ്റി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു.

## കോ-ഓർഡിനേഷൻ കമ്മിറ്റി

പ്രൊജക്ടുകളുടെ സംയോജനം, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും കെ.എസ്.യു.ഡി.പി പ്രൊജക്ട് ഡയറക്ടർ കൺവീനറുമായിട്ടുള്ള ഈ കമ്മിറ്റിയും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു.

## സിറ്റിലവൽ സ്റ്റിയറിംഗ് കമ്മിറ്റി

മേയർ ചെയർപേഴ്സണായി കോർപ്പറേഷൻ തലത്തിൽ പ്രവർത്തിക്കുന്ന ഈ കമ്മിറ്റിയുടെ കൺവീനർ കോർപ്പറേഷൻ സെക്രട്ടറിയാണ്.

## പി.എം.യു

സംസ്ഥാനതലത്തിൽ പദ്ധതി നിർവ്വഹണത്തിന് നേതൃത്വം നൽകാൻ ഒരു പ്രൊജക്ട് ഡയറക്ടറും അതാത് വിഷയങ്ങളിലെ സാങ്കേതിക വിഗദ്ധരും ഉൾപ്പെടുന്ന ഉദ്യോഗസ്ഥ സംവിധാനം തലസ്ഥാനത്ത് പ്രവർത്തിക്കുന്നു.

## പി.ഐ.യു

അതത് മുനിസിപ്പൽ കോർപ്പറേഷനുകളിൽ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിന് കോർപ്പറേഷൻ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രൊജക്ട് മാനേജരും സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന ഉദ്യോഗസ്ഥ സംവിധാനം പ്രവർത്തിക്കുന്നു.

## ഭരണ പരിഷ്ക്കാരങ്ങൾ

മേൽ പറഞ്ഞ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലേയും അവിഭാജ്യ ഘടകമായി ചില ഭരണപരിഷ്ക്കാര പദ്ധതികൾ കൂടി കേന്ദ്രസർക്കാർ മുന്നോട്ട് വയ്ക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം നിലവിലുള്ള അക്കൗണ്ടിംഗ് സിസ്റ്റം സമൂലം മാറ്റി അക്രൂവൽ ബേയ്സഡ് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കുക എന്നതാണ്. ഇത് മിക്കവാറും നഗരസഭകളിൽ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പുതിയ സാമ്പത്തിക നയങ്ങൾക്കനുസരണമായുള്ള മറ്റ് പരിഷ്ക്കാരങ്ങളും ഈ പദ്ധതികൾ ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

മേൽപറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിലെ നഗരങ്ങളുടെ മുഖച്ഛായ തന്നെ മാറ്റുന്ന രീതിയിലുള്ള വലിയ വികസന പദ്ധതികൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.

## ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്

ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് പ്രധാനമായും നഗരസഭകൾ ഏറ്റെടുത്ത് നടത്തുന്ന തനതു പദ്ധതികളോട് ബന്ധപ്പെട്ടാണ് പ്രസക്തമാവുന്നത്. നഗരസഭകളുടെ തനതു പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തേണ്ടത് അവരുടെ സ്വന്തം വരുമാനത്തിൽ നിന്നാണ്. എന്നാൽ വലിയ പ്രൊജക്ടുകൾക്ക് ആവശ്യമായി വരുന്ന വലിയ സാമ്പത്തിക ബാദ്ധ്യത പലപ്പോഴും നഗര

സഭകളുടെ പരിമിതമായ തനതു ഫണ്ടിൽ നിന്ന് കണ്ടെത്താൻ കഴിയില്ല. ഈ അവസര ത്തിൽ നഗരസഭകൾക്ക് ചെയ്യാൻ കഴിയുന്നത് വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുകയാണ്. അതിന് കഴിയുന്ന ഏജൻസികളെ കണ്ടെത്തുകയും വായ്പ ല' ്യ മാക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ചുമതല വിക സന സ്ഥിരം സമിതിയിൽ നിക്ഷിപ്തമാണ്. അപ്രകാരമുള്ള ചില പ്രധാനപ്പെട്ട ഏജൻസി കളെപ്പറ്റിയാണ് ഇനിപ്പറയുന്നത്.

## ഹഡ്കോ

കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഹഡ്കോ എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഹൗസിംഗ് ആന്റ് അർബൻ ഡവലപ്മെന്റ് കോർപ്പറേഷൻ. ഡൽഹി കേന്ദ്ര ആസ്ഥാനമായുള്ള ഈ സ്ഥാപനത്തിന് വിവിധ സംസ്ഥാന തലസ്ഥാനങ്ങ ളിൽ പ്രാദേശികാസ്ഥാനങ്ങളുണ്ട്. ഹഡ്കോ വായ്പ എടുക്കുവാൻ ആദ്യമായി ചെയ്യേണ്ട ത് അതിനുവേണ്ടിയുള്ള കൗൺസിൽ തീരുമാനമെടുക്കുകയാണ്. തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാം. ഇതിന് നിശ്ചിത ഫീസ് നൽകി വിദഗ്ധരെ ചുമത ലപ്പെടുത്താൻ നഗരസഭകൾക്ക് അധികാരമുണ്ട്. ഇപ്രകാരമുള്ള പ്രൊജക്ട് ഹഡ്ക്കോയുടെ പ്രാദേശിക കേന്ദ്രത്തിന് സമർപ്പിക്കുകയും അവരുടെ പരിശോധനയ്ക്ക് ശേഷം യോഗ്യ മായ പ്രൊജക്ടാണെങ്കിൽ ഹെഡ് ഓഫീസിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഹഡ്ക്കോ പ്രൊജക്ട് അംഗീകരിച്ചു കഴിഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനം ഹഡ്കോയുമായി നിശ്ചിത എഗ്രിമെന്റിൽ ഏർപ്പെടുകയും തുടർന്ന് വായ്പ അനുവദിക്കപ്പെടുകയും ചെയ്യും. ഹഡ്ക്കോ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം ബാദ്ധ്യസ്ഥമാണ്.

## കെ.യു.ആർ.ഡി.എഫ്.സി.

കേരള സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ധനകാര്യസ്ഥാപനം. നേരത്തെ ഉണ്ടായിരുന്ന കെ.യു.ഡി.എഫ്.സി യും റൂറൽ ഡവലപ്മെന്റ് ബോർഡും പരസ്പരം ലയി പ്പിച്ചാണ് കെ.യു.ആർ. ഡി.എഫ്.സി യ്ക്ക് രൂപം നൽകിയത്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ കേരളത്തിലെ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ടി കോർപ്പറേഷൻ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായ്പ നൽകുന്നു. റമ്യൂണറേറ്റീവ് എന്നും നോൺ റമ്യൂണ റേറ്റീവ് എന്നും രണ്ടായി തിരിച്ചാണ് പ്രോജക്ടുകൾക്ക് വായ്പ നൽകുക. രണ്ടു പ്രോജക്ടു കൾക്കും ചുമത്തുന്ന പലിശ നിരക്കിൽ വ്യത്യാസമുണ്ട്.

വായ്പ എടുക്കുവാനുള്ള കൗൺസിൽ തീരുമാനം ഉണ്ടായാൽ ഉടൻ പ്രോജക്ടുകൾ തയ്യാറാക്കി പ്രാഥമികാംഗീരാത്തിനായി കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് നൽകണം. അതിന് അംഗീകാരം ലഭ്യമായാൽ വിദഗ്ധരെകൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി. ആർ) തയ്യാറാക്കിക്കുകയും അത് കൗൺസിൽ അംഗീകരിക്കുകയും വേണം. തുടർന്ന് വീണ്ടും കെ.യു.ആർ.ഡി.എഫ്.സി ഡയറക്ടർ ബോർഡിന്റെ അവസാന അംഗീകാരത്തിന് നൽകു

കയും അംഗീകാരം ലഭ്യമായാൽ കമ്പനിയുമായി ലോക്കൽബോഡി എഗ്രിമെന്റിൽ ഏർപ്പെടുകയും വേണം. തുടർന്ന് വായ്പകൾ ലഭ്യമാവും.

## ബാങ്കുകൾ

ഇപ്പോൾ നാഷ്ണലൈസ്ഡ് ബാങ്കുകൾ വഴിയും നഗരസഭകൾക്ക് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ വായ്പകൾ ലഭ്യമാവുന്നുണ്ട്. ഇവിടേയും പ്രാഥമികമായി ചെയ്യേണ്ടത് കൗൺസിൽ തീരുമാനം ഉണ്ടാവുകയാണ്. തുടർന്ന് ബാങ്കുകളുടെ നിബന്ധനകൾക്കനുസരണമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകാരത്തിന് നൽകുന്നു. അംഗീകാരം ലഭ്യമായി കഴിഞ്ഞാൽ ബാങ്കുമായി നേരിട്ട് എഗ്രിമെന്റ് വയ്ക്കാൻ നഗരസഭകൾക്ക് കഴിയും.

### റൂൾ 3 അനുമതി

ലോക്കൽ ബോഡികൾ വായ്പ എടുക്കുന്നത് നിയന്ത്രിച്ചുകൊണ്ട് കേരള ലോക്കൽ ബോഡീസ് ലോൺ ആക്ട് എന്നൊരു നിയമം നിലവിലുണ്ട്. ഏത് ലോക്കൽ ബോഡിയും ധനകാര്യ ഏജൻസികളിൽ നിന്ന് വായ്പ എടുക്കണമെങ്കിൽ ഈ നിയമപ്രകാരമുള്ള സർക്കാർ അനുമതി തദ്ദേശസ്വയം‘ രണസ്ഥാപനം വാങ്ങേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനം തീരുമാനമെടുത്ത് അപേക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് റൂൾ 3 സാംഗ്ഷൻ എന്നു പറയുന്ന ഈ അനുമതി സർക്കാർ അനുവദിക്കുന്നത്.